
കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്


ജനകീയാസൂത്രണം
















സമഗ്രവികസന റിപ്പോർട്ട്

ഒൻപതാംപദ്ധതി ജനകീയപദ്ധതി

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

സമഗ്രവികസനരേഖ



മുഖചിതം..
ഗണേഷ്കുമാർ, കുഞ്ഞിമംഗലം

ഉള്ളടക്കം

ആമുഖം	7
സാമൂഹ്യസാംസ്കാരിക ചരിത്രപശ്ചാത്തലം	8
ഭൂപ്രകൃതി	12
സാമൂഹ്യ സാമ്പത്തിക മേഖലകൾ	16
കൃഷിയും ജലസേചനവും	17
മൃഗസംരക്ഷണം, മത്സ്യബന്ധനം	23
വ്യവസായം	26
വിദ്യാഭ്യാസം	29
കുടിവെള്ളവും പൊതുജനാരോഗ്യവും	38
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	42
പാർപ്പിടവും സാമൂഹ്യക്ഷേമവും	47
സംസ്കാരം	57
വനിത	63
സഹകരണം	65
പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	69
വിഭവസമാഹരണം	72
ടൂറിസം	78

വികസന റിപ്പോർട്ട്
തയ്യാറാക്കുന്നതിനു വേണ്ടി പ്രവർത്തിച്ചവർ

1. എം.വി. ജാനകി. (ചേർമാൻ)
2. കെ. കുഞ്ഞിമാമൻ. (കൺവീനർ)
3. ടി.ടി. ഗോപാലൻ . (വൈസ് ചേർമാൻ)
4. കെ.പി. ലക്ഷ്മണൻ
5. കെ.വി. ശ്രീധരൻ മാസ്റ്റർ
6. വി. ശങ്കരൻ
7. കെ. കുഞ്ഞിക്കൃഷ്ണൻ
8. ടി.വി. മുസ്തഫ മാസ്റ്റർ
9. പി. ഇന്ദിര
10. വൈ.വി. കണ്ണൻ മാസ്റ്റർ
11. എം. വിജയൻ മാസ്റ്റർ
12. പി.പി. രാജൻ
13. എ. ശ്രീധരൻ മാസ്റ്റർ
14. സി.പി. ജയരാജൻ മാസ്റ്റർ
15. എം.വി. ഗോപാലൻ
16. ടി.വി. ഗോപാലൻ മാസ്റ്റർ
17. വി. നാരായണൻ
18. ടി.വി. വിജയൻ മാസ്റ്റർ
19. കെ.പി. മുകുന്ദൻ
20. പി.കെ. പ്രദീപ് കുമാർ
21. കെ. ദാമോദരൻ മാസ്റ്റർ
22. സി. കെ. തേജ മാസ്റ്റർ

ഡി.ടി.പി. & ലേഔട്ട്
ഗോൾഡ്സ്റ്റാർ, കണ്ണൂർ .8
ഫോൺ: 501980

പ്രിന്റിങ്ങ്:
സ്റ്റാർ പ്രസ്സ്, കണ്ണൂർ 1
ഫോൺ: 507089

ചുരുക്കത്തിൽ.....

1995 ഒക്ടോബർ 2 ന് പുതിയ പഞ്ചായത്തു ഭരണസമിതി നിലവിൽ വന്നു. പഞ്ചായത്തിന്റെ അധികാര പരിധിയിൽ നിന്നു കൊണ്ട് നിലവിലുള്ള ഭരണസംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിന് നേതൃത്വം കൊടുത്തുവരികയാണ്.

കേന്ദ്രീകൃതാസൂത്രണത്തിന്റെ വൈകല്യം മനസിലാക്കിക്കൊണ്ട്, വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ജനപങ്കാളിത്തത്തിലൂടെ 9ാം പഞ്ചാവത്സര പദ്ധതി നടപ്പിലാക്കാനുള്ള സംസ്ഥാന സർക്കാരിന്റേയും ആസൂത്രണ ബോർഡിന്റെയും പ്രവർത്തനവുമായും കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തും, പഞ്ചായത്തിലെ ജനങ്ങളും അവരുടേതായ കടമ നിർവ്വഹിക്കുന്നനതിൽ സജീവ താല്പര്യം കാണിച്ചുവരുന്നു.


സപ്തംബർ 3,4,5 തിയ്യതികളിൽ കരിമ്പത്തു വെച്ച് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ജില്ലാതല പരിശീലന കേമ്പിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, സിക്രട്ടറി എന്നിവരടക്കം പഞ്ചായത്തിൽ നിന്നും 7 പേർ പങ്കെടുത്തു. തുടർന്ന് സപ്തംബർ 14ന് പഞ്ചായത്ത് തല പരിശീലനം കുഞ്ഞിമംഗലം ഗവ. സെൻട്രൽ യു.പി. സ്കൂളിൽ വെച്ച് നടത്തി. പരിശീലനകേമ്പിൽ 113 പേർ പങ്കെടുത്തു ഈ കേമ്പിൽ വെച്ച് 42 പേരടങ്ങുന്ന കോർ ഗ്രൂപ്പ് രൂപീകരിച്ചു. സപ്തംബർ 15,22,28,29 ഒക്ടോബർ 2 എന്നീ തീയതികളിൽ ഗ്രാമസഭകൾ ചേർന്നു. ഒക്ടോബർ 12,18തീയതികളിൽ പഞ്ചായത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിന്റെ പ്രകൃതി, ജലലഭ്യത, വിഭവവൈവിദ്യം എന്നിവ മനസിലാക്കുന്നതിന് പഞ്ചായത്തിൽ മുഴുവൻ തലങ്ങും വിലങ്ങും ടക്കുകയുണ്ടായി. അതോടൊപ്പം തന്നെ ദ്വിതീയ വിഭവ ശേഖരണം, ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി ഗ്രാമവികസന സർവ്വെ നടത്തുകയും ചെയ്തു. ഈ പരിപാടികളിൽ പഞ്ചായത്തിലെ 9 വാർഡുകളിൽ 95 സ്കാഡുകൾ പ്രവർത്തിച്ചു.

പഞ്ചായത്ത്തല 2ാം ഘട്ട പരിശീലനം 10-11-96ന് കുഞ്ഞിമംഗലം ഗോപാൽ യു.പി. സ്കൂളിൽ വെച്ചു നടന്നു. വികസനസെമിനാറിൽ ചർച്ചയ്ക്കു വെക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടത്തി. വികസന സെമിനാർ വിജയകരമായി നടത്തുന്നതിന് വിപുലമായ ഒരു സ്വാഗതസംഘം 17-11-96 ന് കുഞ്ഞിമംഗലം ഗവ. സെൻട്രൽ യു.പി. സ്കൂളിൽ വിളിച്ചുചേർത്തു. വിവിധ സബ്കമ്മറ്റികൾ രൂപീകരിച്ചു.

മുൻ പഞ്ചായത്തു പ്രസിഡന്റുമാർ



യു. കുഞ്ഞിരാമൻ



സി.വി. ദാമോദരൻ


ഭരണസമിതി



എം.വി. ജാനകി
(പ്രസിഡണ്ട്)




ടി.ടി. ഗോപാലൻ
(വൈ. പ്രസിഡന്റ്)




വി. ശങ്കരൻ
(സ്റ്റാന്റിങ്ങ് കമ്മറ്റി ചേർമ്മാൻ)




വി. ലീല




വി.ടി. അമ്പു



എം. കുഞ്ഞിരാമൻ



ടി.പി. മുസ്ഥഫ



കെ.പി. ലക്ഷ്മണൻ



സി. ചന്ദ്രിക

ആമുഖം

ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ജനങ്ങളാണ് പരമാധികാരികൾ. അവകാശങ്ങളേയും കടമകളേയും സംബന്ധിച്ച ബോധം ജനാധിപത്യരാഷ്ട്രത്തിലെ ജനങ്ങൾക്ക് തീർച്ചയായും വേണം. എന്നാൽ രാഷ്ട്രത്തിലെ വികസന പ്രവർത്തനങ്ങളുടെ ദിശ നിർണ്ണയിക്കുന്നതിനുള്ള അധികാരവും അതിൽ പങ്കാളികളാവാനുള്ള അവസരവും ജനങ്ങൾക്ക് ലഭിക്കുമ്പോൾ മാത്രമേ ജനാധിപത്യം സാർത്ഥകമാകൂ. 9ാം പദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്താനുള്ള കേരള ഗവൺമെന്റിന്റെ തീരുമാനം ശ്ലാഘനീയം തന്നെ.

കേരളത്തിലെ മറ്റു ഗ്രാമങ്ങൾക്കെന്ന പോലെ കുഞ്ഞിമംഗലം ഗ്രാമത്തിനും പ്രശ്നങ്ങൾ നിരവധിയാണ്. ഒരു പഞ്ചവത്സര പദ്ധതിയിലൂടെ മാത്രം തീർക്കാവുന്നവയല്ല നമ്മുടെ പ്രശ്നങ്ങൾ. എന്നാൽ ഈ ആസൂത്രണ പ്രക്രിയയിലൂടെ നമ്മുടെ വികസനപ്രശ്നങ്ങളുടെ മുൻഗണനാക്രമം നമ്മുടെ തന്നെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെടാനും അതു പ്രകാരം വിഭവങ്ങൾ നീക്കിവെക്കപ്പെടാനും പോവുകയാണ്. സമയബന്ധിതമായ പ്രവർത്തനങ്ങൾ അതിനുവേണ്ടി നമുക്ക് നടത്തേണ്ടതുണ്ട്.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്: കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ് : കുഞ്ഞിമംഗലം റവന്യൂ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: കുഞ്ഞിമംഗലം

ബ്ലോക്ക് പഞ്ചായത്ത്	:	പയ്യന്നൂർ
താലൂക്ക്	:	കണ്ണൂർ
ജില്ല	:	കണ്ണൂർ
വിസ്തീർണം	:	15.44 ച. കി.മി.
ജനസംഖ്യ	:	18866
വാർഡുകൾ	:	9
പ്രസിഡന്റ്	:	എം. വി. ജാനകി.
വൈസ് പ്രസിഡന്റ്	:	ടി.ടി. ഗോപാലൻ

സ്റ്റാന്റിംഗ്കമ്മറ്റി ചെയർമാൻ: വി. ശങ്കരൻ
ബ്ലോക്ക്പഞ്ചായത്ത് മെമ്പർ: പി.പി. തമ്പായി
സിക്രട്ടറി: ടി.വി. കുഞ്ഞിരാമൻ

പഴയ ചിറയ്ക്കൽ താലൂക്കിൽ 76 അംശം ഉണ്ടായിരുന്നതിൽ ഒരംശമായിരുന്നു കുഞ്ഞിമംഗലം. മലബാർ ജില്ലയിൽ രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളിലൊന്നാണ് ചെറുതാഴം-കുഞ്ഞിമംഗലം പഞ്ചായത്ത്. 1962ൽ ഈ പഞ്ചായത്ത് വിഭജിക്കപ്പെട്ടപ്പോൾ കുഞ്ഞിമംഗലം പ്രദേശത്തെ ഏഴു വാർഡുകൾ ഉൾപ്പെടുത്തി കുഞ്ഞിമംഗലം പഞ്ചായത്ത് നിലവിൽ വന്നു. 1963 അവസാനം നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് 1964 ജനുവരിയിൽ പുതിയ ഭരണസമിതി നിലവിൽ വന്നു. ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. യു. കുഞ്ഞിരാമൻ ആയിരുന്നു.

കിഴക്ക് ചെറുതാഴം പഞ്ചായത്തും വടക്കും പടിഞ്ഞാറും പെരുമ്പപ്പുഴയും തെക്ക് ചെറുതാഴം പഞ്ചായത്തിൽ ഉൾപ്പെട്ട തെക്കേകൈട്ട് പ്രദേശവും കുഞ്ഞിമംഗലം പഞ്ചായത്തിന് അതിരിടുന്നു.

സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം.

ചരിത്രാതീതകാലമായ മഹാശിലാ സംസ്കാരത്തിന്റെ ഘട്ടം മുതൽ ജനവാസം നിലനില്ക്കുന്ന പ്രദേശമാണ് കുഞ്ഞിമംഗലം. കുഞ്ഞിമംഗലത്തിന്റെ പരിസരപ്രദേശങ്ങളിൽ ശിലാനിർമ്മിത ഗുഹകൾ, തൊപ്പിക്കല്ല് തുടങ്ങിയ മഹാശിലായുഗാവശിഷ്ടങ്ങൾ ഇന്നും കാണാം. B.C.300നും A.D.ഒന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിനും ഇടയ്ക്കാണ് ഈ കാലഘട്ടമെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഒരു കാലത്ത് ഏഴിമല രാജ്യത്തിൽപ്പെട്ടതായിരുന്നു ഈ പ്രദേശം. പിന്നീട് കോലത്തിരിയുടെ കീഴിലായി. കേരളോല്പത്തിയിൽ പറയുന്ന 32 തുളു ഗ്രാമങ്ങളിലൊന്ന് കുഞ്ഞിമംഗലമാണ്. കുഞ്ഞിമംഗലം എന്ന ഗ്രാമപ്പേരുമായി ബന്ധപ്പെട്ട് ഒരു ഐതിഹ്യം ഇവിടെ നിലനിൽക്കുന്നുണ്ട്. കുഞ്ഞാങ്ങലം ഇല്ലക്കാരായിരുന്നുവത്രെ ഒരു കാലത്ത് ഈ പ്രദേശത്തെ ഭരണാധികാരികൾ. (കുഞ്ഞാങ്ങലം മനയാണെന്നും അഭിപ്രായമുണ്ട്.) ക്രമേണ ആ ഇല്ലത്തിൽ സന്താനമില്ലാതായി. ഒടുവിൽ ഒരമ്മയും മകനും മാത്രം ശേഷിച്ചു. ഒരുനാൾ പിതൃക്കൾക്ക് പിണ്ഡംവെക്കാനായി ആ അമ്മയും മകനും കാവേരിയിലേക്ക് പോയി. മടക്കത്തിൽ ഗാഡിക്കുഴിക്കുന്നിനു മുകളിൽ നിന്ന് നോക്കിയപ്പോൾ ചിറക്കൽ തമ്പുരാന്റെ സൈന്യം കുഞ്ഞാങ്ങലം കീഴടക്കി കൊടി പാറിച്ചിരിക്കുന്നതായിക്കണ്ടു. അമ്മയും മകനും തീയിൽ ചാടി ആത്മഹത്യ ചെയ്തു. അമ്മ ഉഗ്രമൂർത്തിയായ ദേവിയായി-വീരചാമുണ്ടിയായി, മകൻ വീരൻ ദൈവമായി. വീരചാമുണ്ടിയും വീരനും ചിറക്കൽ കോവിലകം ചുട്ടുപൊട്ടിക്കാൻ തുനിഞ്ഞപ്പോൾ സർവ്വേശ്വരിയായ മാടായിക്കാവിലച്ചി-തിരുവർക്കാട്ട് ഭഗവതി- തടുത്തു. എന്നിട്ടും കോവിലകത്ത് ദുർന്നിമിത്തങ്ങൾ ഏറെയുണ്ടായി. പ്രശ്നചിന്ത നടത്തിയപ്പോൾ വീരചാമുണ്ടിയമ്മയുടെ രോഷാഗ്നിജ്വാല തെളിഞ്ഞുകണ്ടു. ചിറക്കൽ തമ്പുരാൻ വീരചാമുണ്ടിയമ്മയുടെ ആരാധനയ്ക്കായി 'കുഞ്ഞിമംഗലം മോലോം' പണികഴിപ്പിച്ചു. അമ്മയുടെ വലഭാഗത്ത് വീരനും പൂജകളേറ്റു വാങ്ങി. കുഞ്ഞിമംഗലം എന്ന വീട്ടുപേര് നാട്ടുപേരായി. കുഞ്ഞാങ്ങലത്തമ്മയായ വീരചാമുണ്ടി കുഞ്ഞിമംഗലത്തെ നാട്ടുപരദേവതയായി. "വീരചാമുണ്ടിയമ്മേരേം തൃപ്പാണിക്കരപ്പന്റേം മേനിവട്ട"മാണ് കുഞ്ഞിമംഗലം.

ഒരു കാലത്ത് സ്വയംസമ്പൂർണ ഗ്രാമമായിരുന്നു കുഞ്ഞിമംഗലം. അദ്ധ്വാനശീലരായ നമ്മുടെ പൂർവ്വികർ പറമ്പുകളിലും പാടങ്ങളിലും നിന്ന് ചക്കയും മാങ്ങയും തേങ്ങയും മഞ്ഞളും മുളകും ഇഞ്ചിയും കുരുമുളകും നെല്ലും പയറും പച്ചക്കറിയും വിളയിച്ചിരുന്നു. ഓട്ടു പാത്രങ്ങൾ മൂശാരിക്കൊവ്വലിൽ നിന്നും, വസ്ത്രങ്ങൾ കുഞ്ഞിമംഗലം തെരുവിൽ നിന്നും, മൺപാത്രങ്ങൾ കൊയപ്പാറയിൽ നിന്നും, പുരകെട്ടിമേയാനുള്ള പുല്ല് എടാട്ടുനിന്നും വരുമായിരുന്നു.

ജാതി ജന്മി നാടുവാഴി മേധാവിത്തം ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഇവിടെ കൊടികുത്തി വാഴുകയായിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ കുഞ്ഞിമംഗലത്തെയും ഉണർത്തി. ഉത്തരമലബാറിലെ കർഷകപ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളികളായ വിഷ്ണു ഭാരതീയനും, കെ. എ കേരളീയനും ഈ ഗ്രാമത്തിന്റെ വീര സന്താനങ്ങളാണ്.

ബ്രിട്ടീഷ് ഗവണ്മെന്റ് തുർക്കി രാജ്യത്തെ വിഭജിക്കുകയും തുർക്കി സുൽത്താന്റെ മതപരമായ നേതൃത്വത്തെ നിഷേധിച്ചുകൊണ്ട് നടപടികളെടുക്കുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് മഹാത്മജിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അലയൊലി ഇങ്ങ് കുഞ്ഞിമംഗലത്തുമെത്തി. കുഞ്ഞിമംഗലം ഖിലാഫത്ത് കമ്മറ്റിയുടെ സിക്രട്ടറി വിഷ്ണുഭാരതീയനായിരുന്നു.

ജാലിയൻവാലാബാഗിലെ മൃഗീയമായ കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് കുഞ്ഞിമംഗലത്ത് ചേർന്ന യോഗത്തിലെ മുഖ്യപ്രാസംഗികൻ താഴക്കാട്ടുമനയി ഉണ്ണിക്കൃഷ്ണൻ തിരുമുമ്പായിരുന്നു.

ജനങ്ങളെ രാഷ്ട്രീയ സാമൂഹ്യ വിദ്യാഭ്യാസ രംഗങ്ങളിൽ ബോധവൽക്കരിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച മഹാനായിരുന്നു കുഞ്ഞിമംഗലത്തെ കുപ്പാക്കത്ത് ചന്തുക്കുട്ടി നമ്പ്യാർ എന്ന കെ. സി. നമ്പ്യാർ. ഇദ്ദേഹം AICCഅംഗമായിരുന്നു.

കൂർഗ്ഗിൽ നിന്ന് അച്ചടിച്ച സ്വതന്ത്രഭാരതം പത്രം

കുഞ്ഞിമംഗലത്തും പരിസരപ്രദേശത്തും പ്രചരിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചത് ശ്രീ. പി. കെ.നാരായണപ്പണിക്കരായിരുന്നു.

1936ലെ ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരം കുഞ്ഞിമംഗലത്തും അനുരണനം സൃഷ്ടിച്ചു. കുഞ്ഞിമംഗലത്തു നടന്ന ക്ഷേത്രപ്രവേശന വിളംബരയോഗത്തിൽ ചിറക്കൽ ടി. ബാലകൃഷ്ണൻ നായരായിരുന്നു ഉദ്ഘാടകൻ.

കുഞ്ഞിമംഗലത്തെ ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനത്തിനു വേണ്ടി ഏറെ ത്യാഗം സഹിക്കേണ്ടിവന്നു. പള്ളിക്കോൽ കുഞ്ഞിരാമൻ, കൃഷ്ണൻ മുണ്ടയാട്ട്, പി.സി. അപ്പുണ്ണി നമ്പ്യാർ, എടമന ഗോപാലൻ, എടമന മാധവൻ എന്ന അഗസ്ത്യൻ എന്നിവർ ഹരിജനോദ്ധാരത്തിനുവേണ്ടി ഏതു ത്യാഗവും സഹിക്കാൻ തയ്യാറായി ഇറങ്ങിത്തിരിച്ചവരാണ്. സ്വാമി ആനന്ദതീർത്ഥന്റെ പ്രവർത്തന രംഗം കൂടിയായിരുന്നു കുഞ്ഞിമംഗലം. സ്വാമിക്കു അതിക്രൂരമായ മർദ്ദനം ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട്. വെള്ളുവ കൃഷ്ണൻ, വെള്ളുവ കുമാരൻ, എം കണ്ണൻ, കാവുട്ടൻ ഗോപി, എടമന മാധവൻ, എ.കെ. ആനന്ദകൃഷ്ണൻ മാസ്റ്റർ എന്നിവർ ക്ഷേത്രപ്രവേശനത്തിനു വേണ്ടി ഭീകരമായ മർദ്ദനം സഹിച്ചവരാണ്.

1943-44 കാലഘട്ടത്തിൽ കോളറ എന്ന മഹാമാരി മലബാറിനെ പിടിച്ചുകുലുക്കി. ആധുനിക ചികിത്സാ സൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന കാലം. മനുഷ്യർ ഒന്നൊന്നായി ചത്തൊടുങ്ങാൻ തുടങ്ങി. അന്ന് ദൈവദൂതനെപ്പോലെ ഒരാൾ മലബാറിലെ നാട്ടിടകളിൽ കൂടി ഒരോ കുടിലിലും ആശ്വാസ വാക്കുമായെത്തി. സൗജന്യ വൈദ്യസഹായം നല്കി പലരേയും മരണക്കയത്തിൽനിന്ന് രക്ഷിച്ചു. അത് കുഞ്ഞിമംഗലത്തിന്റെ വീര സന്താനമായ വി..ആർ. നായനാരായിരുന്നു. യുദ്ധക്കെടുതിയിലും വെള്ള പ്പൊക്കകെടുതിയിലും ജനങ്ങളോടൊപ്പം നായനാരുണ്ടായി രുന്നു. കോഴിക്കോട്ടും പൊന്നാനിയിലും ധർമ്മടത്തും പഴ യങ്ങാടിയിലും അനാഥമന്ദിരങ്ങൾ സ്ഥാപിച്ച് അഗതികളായ പിഞ്ചുകുഞ്ഞുങ്ങളെ അദ്ദേഹം പുനരധിവസിപ്പിച്ചു. ഹരിജ നോദ്ധാരണം അദ്ദേഹത്തിന് ജീവിതവ്രതമായിരുന്നു. നൂൽനൂൽക്കാനും, കയർപിരിക്കാനും, പായനെയ്യാനും പരി ശീലിപ്പിക്കുന്ന കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനുമെതിരെ പട പൊരുതാനും മുന്നിട്ടിറങ്ങിയ ആ മഹാന്റെ പ്രവർത്തനം നമുക്ക് മാതൃകയാകേണ്ടതാണ്.

കുഞ്ഞിമംഗലം ജമാ-അത്ത് കമ്മറ്റിയുടെ നേതൃത്വ ത്തിൽ നടന്ന പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്. ക്ഷയവും കോളറയും നാടടക്കി വാഴുന്നകാലം. തെക്കൻ പ്രദേശങ്ങളിൽ നിന്ന് പരിയാരം ടി.ബി. സാനിറ്റോറിയത്തിൽ എത്തുന്ന രോഗികളിൽ പലരും ഒരു ഘട്ടത്തിൽ ബന്ധുക്ക ളാൽ കയ്യൊഴിക്കപ്പെട്ടിരുന്നു. സാനിറ്റോറിയത്തിൽ അനാ ഥമായിക്കിടന്ന ശവശരീരങ്ങൾ കുഞ്ഞിമംഗലം ജമാ-അത്തിന്റെ ശവപ്പറമ്പിൽ എത്തിച്ച് സംസ്കരിക്കുന്നതിൽ ജ: അബ്ദുൾ അസീസ് മൗലവിയുടെ നേതൃത്വത്തിൽ ത്യാഗപൂർണ്ണ മായ പ്രവർത്തനമാണ് നടന്നത്. രണ്ടും മൂന്നും ദിവസം പഴകിയ ശവശരീരം ചുമലിലേറ്റി പരിയാരത്തുനിന്ന് കുഞ്ഞി മംഗലത്തേക്ക് നടന്നെത്തിയ വളണ്ടിയർമാരുടെ സേവനത്തെ എത്ര പ്രകീർത്തിച്ചാലാണ് മതിയാവുക.

സർവ്വോദയത്തിന്റെ സന്ദേശവുമായി ജയപ്രകാശ് നാരായണൻ കേരളത്തിൽ വന്നപ്പോൾ കുഞ്ഞിമംഗലത്തും വന്നിട്ടുണ്ട്; കൂടെ പ്രഭാവതി ദേവിയുമുണ്ടായിരുന്നു. ഇന്നത്തെ കുഞ്ഞിമംഗലം ഗവ. ഹൈസ്കൂൾ സ്ഥിതിചെ യ്യുന്ന സ്ഥലത്തിനടുത്താണ് അന്ന് യോഗം നടന്നത്.

1944-45 കാലത്ത് കള്ളപ്പറ തുടങ്ങിയ ജന്മിത്തത്തിന്റെ അക്രമപിരവുകൾക്കെതിരായ പ്രക്ഷോഭം കർഷകസംഘ ത്തിന്റെ നേതൃത്വത്തിൽ കുഞ്ഞിമംഗലത്തും നടക്കുകയു ണ്ടായി 1951ൽ ആദ്യത്തെ വിദ്യർത്ഥി സമരം ഗോപാൽ യു.പി.സ്കൂളിൽ നടന്നു. 1954ൽ മറുപാട്ടം പൊളിച്ചെഴുത്തി നെതിരേയും കൃഷിഭൂമിയിൽ നിന്ന് കർഷകനെ ഒഴിപ്പിക്കു ന്നതിനെതിരേയുമുള്ള സമരം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും കർഷകസംഘത്തിന്റെയും നേതൃത്വത്തിൽ നടന്നു. കിഴക്കേ പാണയിൽ നിന്ന് ചാലിൽ കണ്ണൻ നായരെ വാരം പാട്ടബാ ക്കിയുടെ പേരിൽ ഒഴിപ്പിക്കാൻ ജന്മി മഞ്ഞേരി മായിപ്പാടി കുടുംബം കോടതിവിധി സമ്പാദിച്ചു. ആമീനേയും കൂട്ടി പാണയിലെത്തിയ ജന്മി കണ്ടത് തമ്പാൻ വൈദ്യരുടെയും മാമ്പറ്റ ബാലന്റെയും നേതൃത്വത്തിൽ കർഷക സംഘത്തിന്റെ ഒരു ജാഥ പാണയിലേക്ക് കുതിക്കുന്നതാണ്. ജന്മിയും ആമീനും അക്ഷരാർത്ഥത്തിൽ ഓടി രക്ഷപ്പെടുകയാണുണ്ടാ യത്. അതുപോലെ കർഷക കർഷകതൊഴിലാളി സംഘ ത്തിന്റെ ആഭിമുഖ്യത്തിൽ 1970 ജനുവരി ഒന്നാം തീയതി നടന്ന കുടികിടപ്പു സമരം എടുത്തു പറയേണ്ടതാണ്.

1948ൽ കർഷകസംഘം- കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകരെ വേട്ടയാടാൻ സാമുവൽ ആറോന്റെ ഗുണ്ട കൾ കുഞ്ഞിമംഗലത്തിറങ്ങി. പി.വി. ശ്രീധരൻ, പടോളിക ണ്ണൻ, മത്ത്യാരി കുഞ്ഞപ്പു, തുന്നൽക്കാരൻ കുഞ്ഞിരാമൻ, ഖാൻ അബ്ബാസ്, കുതിരുമ്മൽ കേളന്റെ ചവിണ്യൻ, വര യിൽ കൃഷ്ണൻ, പി.വി. കരുണൻ, പുതിയപുരയിൽ കൃഷ്ണൻ, കിഴക്കേ പുരയിൽ കുമാരൻ എന്നു തുടങ്ങി നിരവധി ആളു കൾക്ക് ഭീകരമായ മർദ്ദനങ്ങളും പീഡനങ്ങളും അനുഭവി ക്കേണ്ടി വന്നിട്ടുണ്ട്. അക്രമികളെ പിന്തിരിപ്പിക്കുന്നതിൽ വലിയ പങ്കു വഹിച്ചത് മഞ്ചക്കൽ ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരിയായിരുന്നു. അതുപോലെ ബീഡിത്തൊഴിലാളി കളെ സംഘടിപ്പിക്കുകയും സംഘടനാ പ്രവർത്തനം നടത്തു കയും ചെയ്തതിന്റെ പേരിൽ കൊടിയ മർദ്ദനവും ജയിൽ വാസവും അനുഭവിക്കേണ്ടി വന്ന ഒരാളാണ് തായമ്പത്ത് കുഞ്ഞിക്കണ്ണൻ.

1953 മുതൽ ജനാധിപത്യ യുവക് സംഘം എന്നപേ രിൽ ഒരു യുവജന സംഘം കുഞ്ഞിമംഗലത്ത് പ്രവർത്തിച്ചു വന്നിരുന്നു. ഈ സംഘം ശ്രമദാനം വഴി ചില നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ഗ്രാമത്തിന്റെ വിവിധ ഭാഗ ങ്ങളിൽ വിവിധ വിഷയങ്ങളെ കുറിച്ച് ചർച്ചാ ക്ലാസുകൾ നടത്തുകയും ചെയ്തിരുന്നു. യുവക് സംഘത്തിന്റെ സിക്രെ ട്ടറി സി.വി. ദാമോദരനും പ്രസിഡന്റ് മാമ്പറ്റ ബാലനും ആയി

രുന്നു. ഒരു കൊച്ചു ഗ്രന്ഥാലയവും ഈ സംഘം നടത്തി. 1955 വരെ ഈ സംഘം പ്രവർത്തിച്ചു.

കർഷകസംഘം കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളെ ആശയപരമായി ആയുധമണിയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച താത്വികാചാര്യനായിരുന്നു സി.പി. നാരായണൻ നമ്പ്യാർ. അദ്ദേഹത്തോടൊപ്പം സംഘം പ്രവർത്തനത്തിന് സി. കണ്ണൻ, യു. കുഞ്ഞിരാമൻ തുടങ്ങിയവരും ഉണ്ടായിരുന്നു. കുഞ്ഞിമംഗലത്തെ ജനമുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത മറ്റൊരു വ്യക്തി ടി.പി. അബ്ദുൾ കാദറാണ്(സത്ത്). ആണ്ടാംകൊവ്വലിൽ നിന്ന് കൊവ്വപ്പുറത്തേക്കുള്ള റോഡുപണി അബ്ദുൾകാദറിന്റെ നേതൃത്വത്തിലാണ് നടന്നത്. വലിയ എതിർപ്പ് നേരിടേണ്ടി വന്ന ഒരു വ്യക്തിയാണ് അദ്ദേഹം. പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയ ഇദ്ദേഹം നിരന്തരമായ വായനക്കും പഠനത്തിനും സമയം കണ്ടെത്തി. ഇ.കെ. നമ്പ്യാർ, കെ.ജി. മല്ലർ, എം.ഇ. പരമേശ്വരൻ നമ്പൂതിരി, മുണ്ടയാടൻ കൃഷ്ണൻ നമ്പ്യാർ, വി.പി. അസിനാർ, പി.കെ. നാരായണപ്പണിക്കർ, പി.കെ. ഗോപാലകൃഷ്ണൻ നമ്പ്യാർ, ചെറാട്ട് എം.പി. കൃഷ്ണൻ നായർ തുടങ്ങിയവർ കോൺഗ്രസ് നേതാക്കൾ എന്ന നിലയിൽ ആ ഗ്രാമത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ സേവനമനുഷ്ഠിച്ചവരാണ്.

ശ്രമദാനം വഴി ഈ ഗ്രാമത്തിൽ എത്രയോ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ് തെക്കുമ്പാട് ഭാഗത്തെ എരങ്ങാട് ബണ്ട് നിർമ്മാണം. 1957ൽ തെക്കേവയലിൽ ഉപ്പു വെള്ളം കയറുന്നതിനെതിരെ കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ പരിപൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ബണ്ട് നിർമ്മാണം പൂർത്തിയാക്കിയത്. തമ്പാൻ വൈദ്യർ നേതൃത്വം കൊടുത്തു.

ജന്മിത്വത്തിനെതിരായ അതിരൂക്ഷമായ സമരം സ്വാതന്ത്ര്യത്തിനു ശേഷവും നടന്നു. ക്രമേണ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും യുവജന പ്രസ്ഥാനങ്ങളും രൂപം കൊണ്ടു. 1957 മുതൽ 1971 വരെയുള്ള കാലങ്ങളിൽ വിവിധ ഭൂപരിഷ്കരണ നിയമങ്ങൾ രൂപം കൊണ്ടു. ഭൂപരിഷ്കരണം നാടിന്റെ മുഖച്ഛായ മാറ്റി. ജന്മിത്തം അപ്രത്യക്ഷമായി. 1951ൽ 10% പേർക്കു പോലും കൃഷിഭൂമി സ്വന്തമായുണ്ടായിരുന്നില്ല. ഭൂപരിഷ്കരണത്തിലൂടെ 1000ത്തോളം കുടിയാൻമാർക്കും കുടികിടപ്പുകാർക്കും ഈ ഗ്രാമത്തിൽ സ്വന്തമായി ഭൂമി ലഭിച്ചു. ഭൂവുടമ ബന്ധങ്ങളിൽ വന്ന മാറ്റം സവർണ്ണ മേധാവിത്തത്തിന്റെ അടിത്തറ ഇളക്കി. കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും ആത്മവിശ്വാസം വർദ്ധിച്ചു. തൊഴിലാളിയുടെ വിലപേശൽ ശേഷി ഉയർന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ സ്ഥാപിക്കപ്പെട്ട ബോർഡ് ഹിന്ദു എലിമെന്ററി സ്കൂൾ (ഇന്നത്തെ ഗവ. സെന്ട്രൽ യുപി സ്കൂൾ), ഗവ. എൽ.പി. സ്കൂൾ, ശ്രീ സി.വി. ഗോപാലൻ നമ്പ്യാരുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട ഗോപാൽ യു.പി സ്കൂൾ, പിലാങ്കു മാസ്റ്ററുടേയും മകൻ രാഘവൻ മാസ്റ്ററുടേയും നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട എടനാട് വെസ്റ്റ് എൽ.പി. സ്കൂൾ, കുതിരുമ്മൽ ചോരൻ മാസ്റ്റർ സ്ഥാപിച്ച എടനാട് ഈസ്റ്റ് എൽ.പി.സ്കൂൾ, വി.വി. ചിണ്ടൻ കുട്ടി നായനാരുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട എടനാട് യു.പി. സ്കൂൾ എന്നീ വിദ്യാദാന കേന്ദ്രങ്ങൾ നാടിന്റെ മുഖച്ഛായ തന്നെ മാറ്റി. സവർണ്ണന്റേയും അവർണ്ണന്റേയും അധ:കൃതന്റേയും കുട്ടികൾ ഒന്നിച്ചിരുന്ന് പഠിക്കാൻ തുടങ്ങി. ഈ ഗ്രാമത്തിലെ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി കുഞ്ഞിമംഗലം ഗവ. ഹൈ സ്കൂൾ സ്ഥാപിതമായി. തുടർന്ന് പയ്യന്നൂർ കോളേജ് സ്ഥാപിക്കപ്പെട്ടു.

ആരോഗ്യ രംഗത്തും പ്രകടമായ മാറ്റങ്ങൾ കാണാൻ തുടങ്ങി. ശിശു മരണ നിരക്ക് കുറഞ്ഞു. പൊതുജനങ്ങളുടെ ജീവിത നിലവാരം ഉയർന്നു. കുഞ്ഞിമംഗലത്തിന്റെ മുഖച്ഛായ മാറ്റുന്നതിൽ കർഷക സംഘവും മറ്റു ബഹുജന പ്രസ്ഥാനങ്ങളും വഹിച്ച പങ്ക് നിസ്തുലമാണ്.

ഇന്ന് പുതിയ പലപ്രശ്നങ്ങളുമാണ് നാം അഭിമുഖീകരിക്കുന്നത്. ഈ പ്രശ്നങ്ങളെ അപഗ്രഥിച്ച് മനസ്സിലാക്കി അവയെ ശാസ്ത്രീയമായി കൈകാര്യം ചെയ്തുകൊണ്ടേ നമുക്ക് മുന്നേറാൻ പറ്റൂ.

കാർഷിക മേഖലയിലെ മുരടിപ്പ്, തൊഴിലില്ലായ്മ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൊതുക്ഷേമ മേഖലയിലെ ഗുണനിലവാര തകർച്ച, സ്ത്രീകളുടെ പിന്നോക്കാവസ്ഥ, സാംസ്കാരിക രംഗത്തെ പ്രശ്നങ്ങൾ, ഇങ്ങനെ നാം നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

1963 മുതൽ 1979 വരെ

1. യു. കുഞ്ഞിരാമൻ (പ്രസിഡന്റ്)
2. കെ.പി.പി. അബ്ദുള്ള (വൈസ് പ്രസിഡന്റ്)
3. സി.കെ. നാരായണൻ നമ്പ്യാർ
4. എം.ഇ. പരമേശ്വരൻ നമ്പൂതിരി
5. ടി.പി. ഇബ്രാഹിം കുട്ടി
6. പി. തമ്പാൻ വൈദ്യ
7. [illegible]



1979 [illegible]

1. യു. കുഞ്ഞിരാമൻ (പ്രസിഡന്റ്)
2. ഹുസൈൻ .എ. (വൈസ് പ്രസിഡന്റ്)
3. ടി.ടി. ഗോപാലൻ
4. പി. കാർത്യായനി
5. എ. ഗോവിന്ദൻ
6. സി.വി. ദാമോദരൻ
7. കെ.വി. ഭാസ്കരൻ
8. കെ. ഗോപാലൻ

1988 മുതൽ 1995 വരെ

1. സി.വി. ദാമോദരൻ (പ്രസിഡന്റ്)
2. ടി.ടി. ഗോപാലൻ (വൈസ് പ്രസിഡന്റ്)
3. വി.ടി. അമ്പു

4. കെ.വി. ഭാസ്കരൻ
5. ടി.വി. കുഞ്ഞിരാമൻ
6. യം.വി. ജാനകി
7. കെ. യശോദ
8. യം.പി. നാരായണൻ
9. വി. സുകുമാരൻ

1995 മുതൽ

1. യം.വി. ജാനകി (പ്രസിഡന്റ്)
2. ടി.ടി. ഗോപാലൻ (വൈസ് പ്രസിഡന്റ്)
3. വി. ശങ്കരൻ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
4. വി.ടി. അമ്പു
5. കെ.പി. ലക്ഷ്മണൻ
6. യം. കുഞ്ഞിരാമൻ
7. ടി.പി. മുസ്തഫ
8. വി. ലീല
9. സി. ചന്ദ്രിക



ത്തിന്റെ ഭൂരിഭാഗം പ്രദേശ

ഭൂപ്രകൃതി

കുഞ്ഞിമംഗലം ഗ്രാമപഞ്ചാത്ത് 15.44 ച.കി.മി. വിസ്തൃതിയിൽ വടക്ക്-കുന്നിനുകിഴക്ക്, ചെറാട്ട്. പടിഞ്ഞാറ്-തീരപ്രദേശങ്ങളാലും(കുതിരുമ്മൽ, മൂശാരിക്കൊവ്വൽ, പുതിയപുഴക്കര), കിഴക്ക്-മല്ലിയോട്, പാണച്ചിറ, കൊയപ്പാറ പ്രദേശങ്ങളും, തെക്ക്-തെക്കുമ്പാട്, തെക്കേവയൽ പ്രദേശങ്ങളാലും ചുറ്റപ്പെട്ടു കിടക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ അയൽപ്രദേശങ്ങൾ വടക്ക്-പയ്യന്നൂർ മുനിസിപാലിറ്റിയിൽ പെട്ട കോറോം, തെക്കുകിഴക്ക്-ചെറുതാഴം, തെക്കുപടിഞ്ഞാറ്-രാമന്തളി പഞ്ചായത്തിലെ കുന്നരു പ്രദേശം, പടിഞ്ഞാറ് പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട കണ്ടങ്കാളി, പയ്യന്നൂർ എന്നിവ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ മൂന്നു ഭാഗങ്ങളും പുഴകളാൽ വേർതിരിക്കപ്പെട്ടുകിടക്കുന്നു.

പഞ്ചായത്തിന്റെ വടക്ക്-കുന്നിനുകിഴക്ക് പ്രദേശം കുന്നിൻ മണ്ടയായും, പയ്യന്നൂർ കോളേജ് ഉൾപ്പെടുന്ന പ്രദേശം ചെറിയ ചരിവായും പറമ്പത്ത്, കണ്ടംകുളങ്ങര സമതലമായും കാണാം. കൂടാതെ, ചെറാട്ട്വയൽ നൊടിച്ചേരിവയൽ എന്നിവ ചെറുതാഴ്വാരയായും ആനിച്ചേരി, വള്ളുവകോളനി, തുരുത്തി, താമരംകുളങ്ങര, മൂശാരിക്കൊവ്വൽ, പടിഞ്ഞാറ് ഭാഗം പുതിയപുഴക്കരവരെ തീര സമതലങ്ങളായും കാണപ്പെടുന്നു. കുഞ്ഞിമംഗലം ഹൈസ്കൂൾ ഉൾപ്പെടുന്ന പ്രദേശം, മല്ലിയോട് പ്രദേശം തെക്കുകിഴക്കായി അല്പം ചരിഞ്ഞു കിടക്കുന്നു. പാണച്ചിറ, തലായി, കൊയപ്പാറ, കൊവ്വപ്പുറം, തെക്കുമ്പാട്, മൂശരിക്കൊവ്വൽ, കുതിരുമ്മൽ, അങ്ങാടി എന്നീ പ്രദേശങ്ങൾ സമതലങ്ങളായും കാണപ്പെടുന്നു.

ചെറാട്ട് വയൽ, കോറവയൽ, പാണാവയൽ, പള്ളിവയൽ, തെക്കേവയൽ, പടിഞ്ഞാറെവയൽ എന്നിവ പ്രധാന നെൽവയലുകളിൽപ്പെടുന്നു. ഏകദേശം 400 ഏക്കർ വിസ്തൃതിയിലുള്ള തെക്കേവയൽ പഞ്ചായത്തിലെ ഏറ്റവും വലിയ നെൽപ്പാടമാണ്.

മനോഹാരിതയാലും, പ്രകൃതിസമ്പത്തിനാലും നിറഞ്ഞു നില്ക്കുന്ന ഗ്രാമമാണ് കുഞ്ഞിമംഗലം.

കാലാവസ്ഥ

YEAR — 1993

	JAN	FEB	MAR	APR	MAY	JUN	JUL	AUG	SEP	OCT	NOV	DEC
						ഞ്ഞിൽ ആരംഭിച്ച ചില						
Rainfall (m.m)	0.0	0.0	9.2	0.0	62.8	1003.4	1074.5	472.0	46.9	303.6	66.2	77.9
Temperature (°C)												
Maximum	31.6	31.9	32.7	33.2	33.4	30.6	31.0	29.3	30.4	30.4	31.4	31.5
Minimum	18.7	20.4	23.3	24.4	25.7	24.0	23.3	23.0	23.6	23.8	23.0	21.0
Relative Humidity (%)												
Morning	95.8	92.8	86.8	87.0	87.2	95.8	95.6	98.4	94.7	96.5	90.7	93.4
Evening	57.7	56.5	63.3	65.2	65.8	83.8	89.7	83.9	74.7	79.0	72.3	64.7
Evaporation (m.m/day)	4.6	4.9	5.6	6.2	5.4	2.8	2.3	3.4	4.4	3.5	3.9	3.7
Sunshine Hours (Hrs/day)	9.6	10.6	9.8	10.4	9.1	4.7	2.8	5.1	7.1	6.1	7.5	8.1
Average Wind Speed (km./hr.)	—	—	—	—	—	—	—	—	—	—	—	—

YEAR — 1994

	JAN	FEB	MAR	APR	MAY	JUN	JUL	AUG	SEPT	OCT	NOV	DEC
Rainfall (m.m)	0.0	0.0	9.2	154.5	106.2	1445.5	1609.7	793.2	139.9	469.7	73.6	0.0
Temperature (°C)												
Maximum	31.9	31.9	32.1	32.0	31.9	28.1	27.6	28.1	29.1	30.2	31.6	31.8
Minimum	20.7	22.2	23.8	24.8	25.6	23.8	23.2	23.6	23.3	23.8	22.5	19.6
Relative Humidity (%)												
Morning	89.7	91.8	89.8	90.0	86.0	98.6	96.6	97.0	94.9	95.9	94.9	93.1
Evening	55.1	61.8	62.6	68.0	69.1	90.0	89.2	79.9	73.2	79.3	62.8	50.2
Evaporation (m.m/day)	4.0	5.4	5.6	5.3	5.9	2.0	1.8	2.7	4.1	3.1	4.1	4.9
Sunshine Hours (Hrs/day)	9.3	10.3	9.5	9.1	8.3	2.0	1.2	4.1	7.8	5.6	7.9	10.3
Average Wind Speed (km./hr.)	2.4	1.4	3.4	3.2	3.8	2.9	2.2	2.4	2.8	1.9	2.2	2.2

YEAR — 1995

	JAN	FEB	MAR	APR	MAY	JUN	JUL	AUG	SEPT	OCT	NOV	DEC
Rainfall (m.m)	0.0	0.0	0.0	32.3	150.0	907.2	1172.8	543.9	202.1	174.8	68.7	0.0
Temperature (°C)												
Maximum	31.4	32.0	32.5	33.4	32.8	30.1	27.8	28.9	29.5	30.7	31.0	31.3
Minimum	19.8	22.3	23.4	25.6	25.4	26.9	23.5	24.8	24.5	23.8	22.8	18.7
Relative Humidity (%)												
Morning	92.0	92.3	88.3	81.6	87.5	94.5	99.2	98.5	97.1	97.9	93.3	91.7
Evening	54.9	60.6	61.1	60.0	67.9	80.7	91.4	85.3	78.6	70.2	71.0	49.7
Evaporation (m.m/day)	4.7	5.0	5.5	6.2	5.5	3.2	2.5	2.7	3.4	3.6	4.1	3.8
Sunshine Hours (Hrs/day)	9.8	10.4	10.3	10.1	8.2	3.8	1.5	4.0	7.0	7.6	8.7	10.3
Average Wind Speed (km./hr.)	—	—	—	—	—	—	—	—	—	—	—	—


കൃഷി

കുഞ്ഞിമംഗലത്തിന്റെ ഭൂരിഭാഗം പ്രദേശത്തും പ്രധാനമായും നെല്ല്, തെങ്ങ് എന്നിവ കൃഷിചെയ്തുവരുന്നു. തുരുത്തി, വള്ളുവകോളനി പ്രദേശം, തീരപ്രദേശം, ചെറാട്ട്, കുന്നിൻകിഴക്ക്, എടനാട്, കിഴക്കാനി, കണ്ടംകുളങ്ങര, കുതിരുമ്മൽ, മൂശാരികൊവ്വൽ, മല്ലിയോട്, അങ്ങാടി, തലായി, കൊയപ്പാറ, കൊവ്വപ്പുറം, തെക്കുമ്പാട്, പുതിയപുഴക്കര എന്നിവിടങ്ങളിൽ തെങ്ങുകൃഷിയും പെരുമ്പപുഴയ്ക്ക് സമീപം ആനിച്ചേരി, തൊടിച്ചേരി, പൊയത്തോട്, കണ്ണാംകുഴി, ചെറാട്ടുവയൽ, താമരംകുളങ്ങര പടിഞ്ഞാറെവയൽ, കോറവയൽ, പള്ളിവയൽ, താമരക്കുളം പാണവയൽ, തെക്കേവയൽ എന്നിവിടങ്ങഴിൽ നെൽകൃഷിയും നടത്തുന്നു. ചെറാട്ട്, കുന്നിന്കിഴക്ക്, എടനാട്, പറമ്പത്ത്, കിഴക്കാനി പ്രദേശങ്ങളിൽ കശുമാവും കൃഷിചെയ്തു വരുന്നു. എന്നാൽ, നെൽകൃഷിപ്രദേശങ്ങൾ ചില സ്ഥലത്ത് ഉപ്പുനഞ്ച്മൂലം കൃഷിനശിക്കുന്നു. അതോടൊപ്പം തന്നെ ഇടവിളയായി എടുക്കുന്ന പയർ കൃഷി, ഉഴുന്നു കൃഷി എന്നിവ പഴയതു പോലെ ഫലപ്രദമല്ല. തെക്കുമ്പാട് ഭാഗങ്ങളിൽ കുഞ്ഞിമംഗലം മാവും കൃഷിചെയ്തു വരുന്നു.

പഞ്ചായത്തിലെ ജലസ്രോതസ്സുകളെ അനുയോജ്യമായി ഉപയോഗപ്പെടുത്തിയും ഉപ്പു നഞ്ച്, മലനഞ്ച് എന്നിവയുടെ ഭീഷണി തടയുകയും ചെയ്താൽ കാർഷികോൽപാദനം മെച്ചപ്പെടുത്താൻ സാധിക്കും.

മൺതരം

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ തുരുത്തി, വള്ളുവകോളനി, കണ്ണങ്ങാട്-ഒരു ഭാഗം മാത്രം-മണൽ മണ്ണും തീരപ്രദേശങ്ങളിൽ ഏക്കൽ മണ്ണും കണ്ടുവരുന്നു. ആനിച്ചേരി, കണ്ണാങ്കുഴി, ചെറാട്ട് വയൽ, കൊയക്കോട്ട് വയൽ നെടിച്ചേരി വയൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ചെളിമണ്ണും, നെടി



ചേരി-ചിലഭാഗങ്ങൾ-ചെറാട്ട്, കുന്നിനു കിഴക്ക്, എടനാട്, എടനാട് ഈസ്റ്റ്, പറമ്പത്ത് പ്രദേശങ്ങളിൽ ചുമന്ന മണ്ണും കാണപ്പെടുന്നു. താമരംകുളങ്ങര കണ്ടംകുളങ്ങര മണൽമ ണ്ണും തീരപ്രദേശങ്ങളിൽ ചെളിമണ്ണും മൂശാരിക്കൊവ്വൽ, കുതി രുമ്മൽ തെരു, അങ്ങാടി, മല്ലിയോട്ട്, പാണച്ചിറ, കൊയപ്പാറ, കൊവ്വപ്പുറം, തലായി, തെക്കുമ്പാട്, പുതിയപുഴക്കര, തെക്കെ വയൽ പ്രദേശങ്ങളിൽ മണൽ മണ്ണും തീരപ്രദേശങ്ങളിൽ ചെളിമണ്ണും കണ്ടുവരുന്നു.

ഫലഭൂയിഷ്ടമായ മണ്ണിനെ ശാസ്ത്രീയമായി ഉപയോ ഗപ്പെടുത്തുവൻ ശ്രമിക്കേണ്ടതാണ്.

ജലലഭ്യത

നമ്മുടെ പഞ്ചായത്തിലെ ശുദ്ധജലലഭ്യത പരിശോ ധിച്ചുനോക്കുമ്പോൾ ഒന്നാം വാർഡിലെ തുരുത്തി, കോളനി പ്രദേശങ്ങൾ നഞ്ച് ഭീഷണി നേരിടുന്നു. എടനാട്, പറ മ്പത്ത് പ്രദേശങ്ങളിൽ വളരെയധികം ആഴത്തിൽ മാത്രം വെള്ളം കണ്ടുവരുന്നു. കൂടാതെ മാർച്ച് മാസത്തോടെ വരൾച്ച അനുഭവപ്പെടുകയും ചെയ്യുന്നു.

താമരംകുളങ്ങര, പടിഞ്ഞാറൻ പുഴയോര മേഖല, കണ്ണാടതോടിന്റെ ഇരു വശങ്ങളും തീരദേശ റോഡിന് സമീപം മൂശാരി കൊവ്വൽ-റെയിൽവേ സ്റ്റേഷൻ റോഡിന് പടിഞ്ഞാ റുഭാഗം, ആനപ്പെട്ടിത്തോടിന് ഇരുവശങ്ങളും, തലായികൊ യപ്പാറയിലെ ഹരിജൻ വീടുകൾ സ്ഥിതിചെയ്യുന്ന പ്രദേശ ങ്ങൾ, പാണച്ചിറ പഞ്ചായത്ത് വായനശാലക്ക് പടിഞ്ഞാറു ഭാഗം മുതൽ വടക്ക് പഞ്ചായത്തു കിണർ വരെയുള്ള പ്രദേ ശങ്ങൾ-നഞ്ചുഭീഷണിയെ നേരിടുന്നു. പുതിയപുഴക്കര ഹരി ജൻ കോളനി ഉൾപ്പെടുന്ന പ്രദേശങ്ങളിലും നഞ്ച് ഭീഷണി ഉണ്ട്. മറ്റു പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാണ്.

ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുക എന്നത് പഞ്ചായത്ത് പ്രധാന പ്രശ്നമായി ഏറ്റെടുക്കേണ്ടതാ ണ്. അതുപോലെ കണ്ടംകുളം, താമരക്കുളം. പുതുക്കുളം എന്നിവ കാർഷിക വികസനത്തിന് ഉപയുക്തമാക്കേണ്ടതാ ണ്.

ജലസ്രോതസ്സുകൾ

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ മിക്കകുളങ്ങളും കിണറുകളും സ്വകാര്യസമ്പത്താണ്. 13- ഓളം പൊതു കിണ റുകളും 2 കുഴൽകിണറുകളും കൂടാതെ കേരള വാട്ടർ അതോ റിറ്റിയുടെ ഒരു കിണറും വിവിധ ഭാഗങ്ങളിലായി സ്ഥിതിചെ യ്യുന്നു. പ്രധാന കുളങ്ങളായ കണ്ടംകുളം കണ്ടംകുളങ്ങര യും താമരക്കുളം തലായിലും പുതുക്കുളം തെക്കുമ്പാടും സ്ഥിതി ചെയ്യുന്നു. ചെറുതും വലുതുമായ ഏതാനും കുളങ്ങൾ വേറേയും വിവിധ പ്രദേശങ്ങളിലായി സ്ഥിതിചെയ്യുന്നു. തോടുകളും ഏറെയുണ്ട്.

പലതോടുകളും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരി ക്കയാണ്. നിലവിലുള്ള തോടുകളുടെ ഉൽഭവസ്ഥാനം കണ്ടെ ത്തുകയും അതുപോലെ കാലപ്പഴക്കത്താൽ നികത്തപ്പെട്ടവ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരികയും ചെയ്യേണ്ടതുണ്ട്. അതു വഴി കാർഷികാവശ്യങ്ങൾക്ക് പുറമേ കുടിവെള്ളം ലഭിക്കു ന്നതിനും സാധ്യമാക്കുന്ന രീതിയിലുള്ള ആസൂത്രണം നട ത്തേണ്ടതുണ്ട്.

മത്സ്യ സമ്പത്ത്

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊ ന്നാണ് മത്സ്യസമ്പത്ത്. പുല്ലംകോട്, പേരുപുഴ ഏട്ടാവാൾ എന്നിവിടങ്ങളിൽ യഥേഷ്ടം മത്സ്യബന്ധനം നടക്കുന്നു. പ്ര ത്യേകിച്ചും വിദേശ നാണയം നേടിത്തരുന്ന ചെമ്മീൻ. തെക്കേ വയലിന് തീരപ്രദേശത്ത് ചെമ്മീൻ കൃഷി ആരംഭിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നുണ്ട്. കൂടാതെ ഇവിടെവിജയക രമായി സ്വകാര്യ ശുദ്ധജലമത്സ്യക്കൃഷി ചെയ്തുവരുന്നുണ്ട്. ഏട്ടവാൾ പുഴക്ക് പടിഞ്ഞാറ് ഭാഗം പുതിയകൈപ്പാട് എന്ന പ്രദേശത്ത് കോട്ടിക്കണക്കിന് രൂപ മുതൽമുടക്കിൽ ചെമ്മീൻ വളർത്തുകേന്ദ്രം പ്രവർത്തിക്കുന്നു. ഇത് സ്വകാര്യ മേഖല യിലാണ്. മത്സ്യക്കൃഷിക്ക് പഞ്ചായത്തിൽ ഏറെ സാധ്യത കൾ ഉണ്ട്.


പരിസ്ഥിതി


കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ തുരുത്തി, പുതിയകൈപ്പാട് പ്രദേശത്ത് ചെമ്മീൻ കൃഷി ചെയ്യുന്ന സ്ഥലം എന്നിവിടങ്ങളിൽ വ്യാപകമായ തോതിൽ കണ്ടൽകാടുകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇത് വളരെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്ന് വിവിധ പഠനങ്ങൾ വെളിവാക്കുന്നു. വിവിധ ഇനം മത്സ്യങ്ങളുടെ പ്രജനനസാധ്യത, അപൂർവതരം പക്ഷികളുടെ ചേക്കേറൽ എന്നിവ അന്യമാകുന്ന ഒരവസ്ഥ നിലനിൽക്കുന്നു. തുരുത്തി പ്രദേശത്തെ കരയിടിച്ചിൽ പോലുള്ള വിപത്ത് പഞ്ചായത്തിന്റെ മറ്റു തീര പ്രദേശങ്ങളിലും അനുഭവപ്പെടുന്നു.

കുന്നിനുകിഴക്ക് കുന്നിൻമണ്ടയിൽ കരിങ്കൽ പൊട്ടിക്കുന്നത് ചില പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി പരിസരവാസികൾ അഭിപ്രായപ്പെടുന്നു. ആനിച്ചേരി, മൂശാരിക്കൊവ്വൽ, പാണച്ചിറ പ്രദേശങ്ങളിൽ നീർക്കെട്ടനുഭവപ്പെടുന്നതിനാൽ കൃഷിനാശം സംഭവിച്ചു കൊണ്ടിരിക്കുന്നു.

പാണാവയലിൽ കുളക്കോഴികളുടെ ആക്രമണം മൂലം നെൽക്കൃഷി നശിച്ചുപോകുന്നതായി കൃഷിക്കാർക്കു പരാതിയുണ്ട്. പെരുമ്പപ്പുഴയിൽ പയ്യന്നൂർ ടൗണിൽ നിന്നും ഇറച്ചിയുടേയും മറ്റും അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനാൽ വള്ളുവകോളനി നിവാസികൾക്ക് പുഴയിൽ നിന്നും കുളിക്കുവാൻ പ്രയാസം നേരിടുന്നു. കൂടാതെ മണൽ വാരി ഉപജീവനം കഴിക്കുന്ന കോളനി നിവാസികൾക്ക് തൊഴിലെടുക്കുവാൻ ഏറെപ്രയാസങ്ങൾ ഉണ്ടാക്കുന്നു.

പഞ്ചായത്തിനകത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.





സാമൂഹ്യ സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

കുറ്റിക്കാടുകളും വിശാലമായ പുൽമേടുകളും ഉള്ള വടക്കു കിഴക്കു ഭാഗം, തെങ്ങും മാവും പ്ലാവും മറ്റു മരങ്ങളും നിറഞ്ഞ പറമ്പുകൾ, വളരെ വിസ്തൃതമായ നെൽപാടങ്ങൾ, ഇതു നമ്മുടെ ഗ്രാമത്തിന്റെ പഴയ മുഖം.

നെല്ല്, തെങ്ങ്, കുരുമുളക് എന്നിവയായിരുന്നു പ്രധാന കൃഷി. പാടങ്ങൾ ഭൂരിഭാഗവും ഇരിപ്പൂ നിലങ്ങളായിരുന്നു. ഒറ്റ വിളയെടുക്കുന്ന വയലുകളിൽ കൊയ്ത്തിനു ശേഷം ഉഴുന്ന്, മുതിര, പയർ എന്നീ ധാന്യങ്ങളും മധുരക്കിഴങ്ങും പച്ചക്കറിയും ചിലയിടങ്ങളിൽ വാഴയും കൃഷിചെയ്തിരുന്നു. നമ്മുടെ ഗ്രാമത്തിന്റെ തെക്കേയറ്റത്തു വ്യാപകമായും മറ്റു ഭാഗങ്ങളിൽ ചെറിയ തോതിലും മാവ് (കുഞ്ഞിമംഗലം മാവ്) ഉണ്ടായിരുന്നു. ഇന്നും കാര്യമായ നാശങ്ങളൊന്നും ഏൽക്കാതെ തലയുയർത്തി തന്നെ നിൽക്കുന്നുണ്ട്. മറ്റു നാടൻ മാവിനങ്ങളെ അപേക്ഷിച്ചു ഈ മാവിൽ നിന്നുള്ള മോശമല്ലാത്ത ആദായം തന്നെയാണ് അതിന്റെ നിലനിൽപ്പിനുള്ള കാരണം. പറമ്പുകളിൽ എള്ള്, മുത്താറി, ചാമ എന്നിവയും ചിലയിടങ്ങളിൽ നെല്ല്, വര് എന്നിവ ഒന്നിച്ചും കൃഷി ഇറക്കാറുണ്ട്.

കൃഷിയെ ഒരു മഹത്തായ കർമ്മമായി നാം കണക്കാക്കിയിരുന്നു. മണ്ണിനോടും, പ്രകൃതിയോടുമുള്ള ആദരവ് കൃഷിയുടെ തുടക്കം മുതൽ ഒടുക്കം വരെ പ്രകടമാണ്. മുഹൂർത്തം, വേലിയേറ്റം എന്നിവ കാർഷിക വൃത്തിയുടെ ഒരോ ഘട്ടത്തിലും പരിഗണിച്ചിരുന്നു. കൈവിത്തിടൽ(പോതുകൊണ്ടൽ), നിറ, പുത്തരി പോലുള്ള അനുഷ്ഠാനങ്ങൾ പലതും അന്യം നിന്നു പോയിട്ടുണ്ടെങ്കിലും ചിലത് ഇന്നും നിലനിൽക്കുന്നുണ്ട്. ഓരോ സ്ഥലത്തിന്റേയും പ്രത്യേകതകൾക്കും ജലലഭ്യതകൾക്കും അനുസരിച്ച് വ്യത്യസ്ത വിത്തിനങ്ങൾ കൃഷിക്കുപയോഗിച്ചിരുന്നു. അല്ലിക്കണ്ണൻ, തവളകണ്ണൻ, കയമ, മാലക്കാരൻ, മലയെടുമ്പൻ, കരിഞ്ചൻ, കോഴിവാലൻ, നഗരിപ്പുഞ്ച, ചിറ്റേനി, തൊണ്ണൂറാൻ, തൗവ്വൻ തുടങ്ങി വൈവിധ്യമുള്ള വിത്തിനങ്ങൾ കൃഷിചെയ്തിരുന്നു. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച ഈ വിത്തിനങ്ങളിൽ പലതും കുറ്റിയറ്റു പോയിട്ടുണ്ട്.

ഭൂമി ബ്രഹ്മസ്വമോ ദേവസ്വമോ ആയിരുന്നു. കർഷകർ പാട്ടക്കുടിയാൻമാരും. കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും കൂട്ടായ്മ വളരെ പ്രകടമായിരുന്നു. പാടങ്ങൾ ഉഴുവുന്നതിനും, വിത്തിടുന്നതിലും, പക്ഷികളുടെ അക്രമണത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിലും ഈ കൂട്ടായ്മ കാണാവുന്നതാണ്. നെൽ കൃഷിയുമായി ഏറെ ബന്ധമുള്ള സമൂഹമായിരുന്നു വയലുകളുടെ മദ്ധ്യത്തിലുള്ള കുതിരുകളിൽ ചാള കെട്ടി താമസിച്ചിരുന്ന ഹരിജനങ്ങൾ. ഇവർ കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും വളരെ സജീവമായിരുന്നു. വയലുകളിൽ ആവശ്യമായ തോതിൽ വെള്ളം കെട്ടി നിർത്തുക, കീടങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും കൃഷിയെ സംരക്ഷിക്കുക പോലുള്ള ജോലിക്ക് പൂർണ്ണമായും ആശ്രയിച്ചിരുന്നത് ഇവരെയായിരുന്നു. ഈ ജോലിക്ക് അവർക്ക് പ്രത്യേകം വേതനം ലഭിച്ചിരുന്നില്ലെങ്കിലും ചില അവകാശങ്ങളുണ്ടായിരുന്നു. കൊയ്ത്തിനു മുമ്പായി വരമ്പിനു സമീപമുള്ള ഭാഗങ്ങളിൽ നിന്നും കതിരു മുറിച്ചെടുക്കുക, വയലിന്റെ ഒരു ഭാഗം അവർക്കു മാത്രമായി മാറ്റി വെക്കുക പോലുള്ള അവകാശങ്ങൾ അടുത്ത കാലം വരെ നിലനിന്നിരുന്നു.

രോഗപ്രതിരോധശേഷി കൂടുതലുള്ള പഴയ വിത്തിനങ്ങൾക്ക് കുമി കീടങ്ങളുടെ ശല്യം കുറവായിരുന്നു. ഓല ചുരുട്ടി പുഴുവിനെ മുറം കൊണ്ടു വീശിയാണ് നശിപ്പിച്ചിരുന്നത്. പച്ചക്കറി തോട്ടങ്ങളിൽ ചൂട്ടു കത്തിച്ചും മുണ്ടക്കൈ കുത്തിയും ചില കീടങ്ങളെ നശിപ്പിച്ചിരുന്നതായി പഴയ കർഷകർ പറയുന്നു. ജലസേചനത്തിന് തോടുകളിൽ വെള്ളം കെട്ടിനിർത്തി വയലുകളിലേയ്ക്ക് തിരിച്ചു വിട്ടിരുന്നു. കൂടാതെ തോടുകളിൽ നിന്നും കുളങ്ങളിൽ നിന്നും ഓവുതോണി, ഏത്തം എന്നിവ ഉപയോഗിച്ചും ജലസേചനം നടത്തിയിരുന്നു.

കർഷക തൊഴിലാളികൾക്ക് കൂലി നിരക്ക് വളരെ കുറവും ജോലി സമയം കൂടുതലുമായിരുന്നു. കർഷകനും തൊഴിലാളിയും തമ്മിലുള്ള ബന്ധം ദൃഢമായിരുന്നു. പണ്ടു വയലുകളിൽ നിന്ന് ഈണത്തിൽ പാടിക്കേൾക്കാമായിരുന്ന നാട്ടിപ്പാട്ടുകളും തേക്കു പാട്ടുകളും രാവിലെ മുതൽ അന്തിമയങ്ങുന്നതുവരെ പാടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആയാസവും ആശ്വാസവും നൽകിയിട്ടുണ്ടാവണം. പുത്തരി പോലുള്ള ആഘോഷങ്ങൾക്ക് ആവശ്യമായ നെല്ല് തന്റെ തൊഴിലാളികൾക്ക് കർഷകൻ നൽകാറുണ്ടായിരുന്നു.

പാട്ടക്കുടിയാൻമാരായിരുന്ന കർഷകൻ ജന്മിക്ക് വിള വിന്റെ സിംഹഭാഗവും നൽകണമായിരുന്നു. വാരം, പാട്ടം, വാശി, നുരി പോലുള്ള ചൂഷണ വ്യവസ്ഥകൾ വളരെ സജീ വമായിരുന്നു. നമ്മുടെ ഗ്രാമത്തിന്റെ സമീപ പ്രദേശങ്ങളിൽ കർഷകരും ജന്മിമാരും തമ്മിലുള്ള ശക്തമായ ചേരി തിരിവ് അതിശക്തമായ കർഷക സമരങ്ങൾക്ക്വരെ കാരണമായിട്ടു ണ്ട്. എങ്കിലും നമ്മുടെ ഗ്രാമത്തിൽ ശക്തമായ ചേരി തിരിവുകൾ ഉണ്ടായിട്ടില്ല. നീരസങ്ങളും വിഷമങ്ങളും മന സിലടക്കിവെച്ച് ചിലപ്പോൾ അവർ വിധിയെ പഴിച്ചിട്ടുണ്ടാ വും.

ഭൂപരിഷ്ക്കരണ നിയമം ഭൂവുടമ വ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതുവരെ പാട്ടക്കുടി യാൻമാരായിരുന്ന കർഷകർക്ക് ഭൂമി സ്വന്തമാക്കാനും ജന്മി മാരുടെ കൊടിയ ചൂഷണത്തിൽ നിന്നു രക്ഷനേടാനും കഴി ഞ്ഞു. അന്നുവരെ കർഷകനു തന്റെ വയലുകളെ നിക ത്താനോ തെങ്ങു വെക്കാനോ അവകാശം ഉണ്ടായിരുന്നില്ല. ജന്മിമാരുടെ താല്പര്യത്തിനു വിരുദ്ധമായി കർഷകർ തെങ്ങു വച്ചിട്ടുണ്ടെങ്കിൽ ജന്മിമാരുടെ ആൾക്കാർ വന്ന് പിഴുതു മാറ്റിയ സംഭവം വരെ ഉണ്ടായിട്ടുണ്ട്.

ഹരിത വിപ്ലവം നമ്മൾ പിന്തുടർന്നു പോന്ന കൃഷി രീതികളിൽ വലിയമാറ്റം വരുത്തിയിട്ടുണ്ട്. പഴയ വിത്തിന ങ്ങൾക്കു പകരം ഏറെ പ്രചരണത്തോടെ പുതിയ വിത്തിന ങ്ങൾ കർഷകനു മേൽ കെട്ടിയേൽപ്പിച്ചു. ഓരോ സ്ഥല ത്തിന്റെയും പ്രത്യേകതകൾക്കും, ജലലഭ്യതക്കും അനുസരിച്ച് വ്യത്യസ്ത വിത്തിനങ്ങൾ രംഗത്തുവന്നു. കർഷകനു പകരം കിട്ടിയതു ഒരേ തരത്തിലുള്ള വിത്തിനങ്ങളായിരുന്നു. ഇവ യ്ക്ക് അത്യുൽപ്പാദന ശേഷിയുണ്ടെങ്കിലും പഴയവിത്തിന ങ്ങളെ പോലെ രോഗപ്രതിരോധശേഷിയോ, അങ്കുരണ ശേഷി യോ, കാലാവസ്ഥാവ്യതിയാനങ്ങളെ ചെറുക്കാനുള്ള കഴിവോ ഇല്ലായിരുന്നു. ഇത് രാസവളങ്ങളുടെയും കീടനാശിനികളു ടെയും വ്യാപകമായ ഉപയോഗത്തിലേക്ക് നയിച്ചു. ഹരിത വിപ്ലവം കൊണ്ട് ഉൽപ്പാദനക്ഷമതയിൽ താത്ക്കാലിക വർദ്ധ നവുണ്ടായെങ്കിലും അതുണ്ടാക്കിയ പാരിസ്ഥിതിക പ്രശ്നം പരി ഗണിച്ചു മാത്രമേ ഹരിത വിപ്ലവം വിലയിരുത്തപ്പെടാവൂ.

വിളചേരുവ

നെൽപാടങ്ങൾ തെങ്ങു കൃഷിക്ക് വഴിമാറിയതിനാൽ ഇന്ന് പഞ്ചായത്തിലെ പ്രധാന കൃഷി തെങ്ങാണ്. മാത്രവു മല്ല കൃഷിക്കുപയോഗ്യമായ നല്ലൊരു ഭാഗം തരിശിട്ടിരിക്കു കയാണ്. ഓരോ വിളയെയും സംബന്ധിച്ച വിവരങ്ങൾ പട്ടിക 1-1, 1-2 കൊടുത്തിരിക്കുന്നു.

റബ്ബർ കൃഷി മൂന്നാം വാർഡിൽ വളരെ ചെറിയൊരു സ്ഥലത്ത് ഒതുങ്ങി നിൽക്കുന്നു. തെക്കേവയൽ, വടക്കെ പാണ, പാണ, പള്ളിവയൽ, പടിഞ്ഞാറെ വയൽ, കോറവ യൽ, ചെറാട്ട്, കുന്നിനുകിഴക്ക് എന്നിവയാണ് പ്രധാന പാട ശേഖരങ്ങൾ. നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ പാണ പോലുള്ള സ്ഥലങ്ങൾ തരിശിടുന്നുണ്ട്. ഒരുപ്പൂനില

പട്ടിക - 1-1

ഇനം	വിസ്തീർണ്ണം
ജലസേചന സൗകര്യമുള്ള കൃഷിയിടം	185.76.70 ഹെ.
ജലസേചനമില്ലാത്തവ	1074.7670 ഹെ.
മൊത്തം കൃഷിചെയ്യുന്ന സ്ഥലം	1259.7670 ഹെ.
കൃഷിയോഗ്യതരിശ്	118.18.41 ഹെ.
കൃഷിയോഗ്യമല്ലാത്ത തരിശ്	156.22.44 ഹെ.
മൊത്തം	1534.17.15 ഹെ.

ഭൂവിനയോഗം

പട്ടിക 1-2

വിനിയോഗം	വിസ്തൃതി	ശതമാനം
നെല്ല് ..1ംവിള	200 ഹെ.	13.04%
നെല്ല് ..2ംവിള	50 ഹെ.	3.23%
തെങ്ങ്	1060 ഹെ.	69.1%
കുരുമുളക്	7 ഹെ	0.456%
കശുമാവ്	16 ഹെ.	1.04%
മാവ്	45 ഹെ.	2.92%
കവുങ്ങ്	5 ഹെ.	0.323%
പച്ചക്കറി	10 ഹെ.	0.647%
വാഴ	8 ഹെ.	0.52%
പ്ലാവ്	2 ഹെ.	0.13%

ങ്ങളാണെങ്കിലും അവ പൂർണ്ണമായും പ്രയോജനപ്പെടുത്തു ന്നില്ല. പുഴയോരങ്ങളിലെ 'കൈപ്പാട്ടു കൃഷി' നിലവിലില്ല എന്നുതന്നെ പറയാം. ഒന്നാം വിളയ്ക്ക് ശേഷം വയലുക ളിൽ മുമ്പത്തേതു പോലെ വ്യാപകമായല്ലെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. ധാന്യങ്ങളുടെ കൃഷിയും വളരെയ ധികം കുറഞ്ഞിട്ടുണ്ട്. നാടൻ മാവിനങ്ങൾ പലതും അപ്ര ത്യക്ഷമായികൊണ്ടിരിക്കുകയാണ്. നമ്മുടെ ഗ്രാമത്തിന്റെ തനത് സംഭാവനയായ കുഞ്ഞിമംഗലം മാവിന്റെ സാധ്യത കൾ വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല.

ഉൽപ്പാദനക്ഷമത

മിക്ക ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനക്ഷമത നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം ഉൽപ്പാദനക്ഷമതയുമായി താര തമ്യം ചെയ്യുമ്പോൾ വളരെ പിന്നിലാണ്. ഓരോ ഉൽപ്പന്നത്തിന്റെയും ഉൽപ്പാദനക്ഷമതയും പട്ടിക 2-1ൽ കൊടു ത്തിരിക്കുന്നു.

ചില പ്രദേശങ്ങളിലെ മണ്ണിന്റെ ഭൗതിക-രാസഘടനയിലുള്ള മാറ്റം കൃഷിക്കനുയോജ്യമല്ലാതായിട്ടുണ്ട്.

പട്ടിക 2-1

ഇനം	വിസ്തൃതി	ഉല്പാദനം	ഉല്പാദനക്ഷമത
നെല്ല് ..1ാംവിള	200 ഹെ.	480 MT	2.4 MT/H
നെല്ല് ..2ാംവിള	50 ഹെ.	100 MT	2 MT/H
തെങ്ങ്	1060 ഹെ.	57.2 MT	30തേങ്ങ/1തെങ്ങ്
കുരുമുളക്	7 ഹെ	17.5 MT	2.5 MT/H
കശുമാവ്	16 ഹെ.	16.8 MT	8കി.ഗ്രാം/മാവ്
മാവ്	45 ഹെ.	700 MT	150കി.ഗ്രാം/മാവ്
കവുങ്ങ്	5 ഹെ.	3 ലക്ഷം അടക്ക	500എണ്ണം/കവുങ്ങ്
പച്ചക്കറി	10 ഹെ.	90 MT	9 MT/H
വാഴ	8 ഹെ.	100 MT	12.5 MT/H
പ്ലാവ്	2 ഹെ.	10 MT	100 kg/പ്ലാവ്

സ്ഥലത്തിന്റെ പ്രത്യേകതയെ പരിഗണിക്കാതെയുള്ള കൃഷി രീതികൾ (മണ്ണ് അറിയാതെയുള്ള കൃഷി), മണ്ണിലെ ജൈവാംഷത്തിന്റെ കുറവ്, തുണ്ടുതുണ്ടായുള്ള കൃഷി, രോഗകീടങ്ങളുടെ ആധിക്യം, കാർഷികോൽപ്പന്നങ്ങളുടെ വിലകുറവ്, ജലസേചന സൗകര്യങ്ങളുടെ പരിമിതി, കർഷകന്റെ സാമ്പത്തിക പരിമിതി, യഥാസമയം കൃഷിയിറക്കുന്നതിന് വേണ്ടത്ര കർഷകതൊഴിലാളികളെ ലഭിക്കായ്ക, എല്ലാറ്റിനുമുപരി കാർഷിക വൃത്തിയോടുള്ള വിമുഖത എന്നിവ ഉൽപ്പാദനക്ഷമത കുറയാനുള്ള കാരണങ്ങളാണ്.

ജലസേചന സൗകര്യങ്ങൾ

മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയാണ് നിലവിലുള്ളതെങ്കിലും രണ്ടാം വിളയ്ക്ക് ജലസേചനത്തിന് തോടുകളിലൂടെ ഒഴുകിപോകുന്ന ജലത്തിന്റെ ചെറിയൊരു ഭാഗം തടയണകൾകെട്ടി ഉപയോഗിക്കുന്നുണ്ട്. കോറവയൽ ജലസേചനത്തിന് നിർമ്മിച്ച കണ്ടംകുളത്തിലും പടിഞ്ഞാറെവയലിലുള്ള തോരാനികുളത്തിലും ഉള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്താതെ നശിച്ചു പോകുന്നു. 38ഹെക്ടർ ആയക്കെട്ട് വിസ്തീർണ്ണമുള്ള ഏട്ടവാൾ ചിറയിലും 20ഹെക്ടർ ആയക്കെട്ട് വിസ്തീർണ്ണമുള്ള കൊളാളി ചിറയിലും നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യം വച്ചിട്ടുള്ളത് കൃഷിഭൂമി നനക്കുന്നതിനാണ്. എന്നാൽ അത് ഉദ്ദേശിച്ച ഫലം ചെയ്തില്ല. താമരകുളത്തിലെ ജലസേചന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. പറമ്പുകൾ നനക്കുന്നതിന് പമ്പുസെറ്റുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ചില പ്രദേശങ്ങളിലെ ജലദൗർലഭ്യം ജലസേചനം കാര്യക്ഷമമാക്കുന്നതിന് തടസമായി നിൽക്കുന്നു.

ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും

നമ്മുടെ പഞ്ചായത്തിലെ പ്രധാന ഉൽപ്പന്നങ്ങളായ കൊപ്ര, കുരുമുളക്, അടക്ക, കശുവണ്ടി എന്നിവയുടെ വിപണി പയ്യന്നൂരാണ്. സഹകരണ ബാങ്കിനോട് അനുബന്ധിച്ചുള്ള കൊപ്ര സംഭരണ കേന്ദ്രത്തിൽ ചിലപ്പോൾ കർഷകരിൽ നിന്നും കൊപ്ര സംഭരിക്കാറുണ്ട്. വളരെ പ്രധാനപ്പെട്ട ഉൽപ്പന്നമായ കുഞ്ഞിമംഗലം മാങ്ങ വിപണനം ചെയ്യുന്നതിനോ സംസ്കരിക്കുന്നതിനോ സൗകര്യങ്ങൾ ഇല്ലാത്തതു കൊണ്ട് ഇടത്തട്ടുകാരൻ നിശ്ചയിക്കുന്ന വിലയ്ക്ക് പാട്ടം കൊടുക്കേണ്ടി വരുന്നു. പച്ചക്കറി കൃഷിക്കാർ അവരുടെ ആവശ്യത്തിൽ കവിഞ്ഞ് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഏറെ പ്രയാസപ്പെടുന്നുണ്ട്.

കാർഷിക ബന്ധങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗവും നാമമാത്ര കർഷകരാണ്. മാത്രവുമല്ല കൃഷിയിടങ്ങൾ പല ഭാഗങ്ങളിലായി തുണ്ടുതുണ്ടായിട്ടാണുള്ളത്. കർഷകരുടെ ഭൂവുടമസ്ഥതയെ കുറിച്ചുള്ള വിവരങ്ങൾ പട്ടിക 3-1 ൽ കൊടുത്തിരിക്കുന്നു.

നെൽകൃഷിക്കാരുടെ ഭൂഉടമസ്ഥത

പട്ടിക 3-1

ഇനം	എണ്ണം	ശതമാനം
10 സെന്റിൽ താഴെ	868	49.9%
10 മുതൽ 20 സെന്റു വരെ	651	37.7%
20 സെന്റ് മുകളിൽ	217	12.4%
മൊത്തം	**1736**	

നാമമാത്ര കർഷകർ അവരുടെ തുണ്ടു ഭൂമികളിൽ തനിച്ചോ കർഷകത്തൊഴിലാളികളോടൊന്നിച്ചോ കൃഷി ചെയ്യുന്നു. അതായത്, നാമമാത്ര കർഷകനും കർഷക തൊഴിലാളിയും തമ്മിൽ കൃത്യമായൊരു വേർതിരിവ് മിക്കപ്പോഴും കാണാൻ കഴിയുന്നില്ല. വൻ കിട കൃഷിക്കാരിൽ ഒരു വിഭാഗം പഴയതു പോലെ ഭൂമിയിൽ പണിയോടുക്കുന്നവരല്ല. ഇവർ കൃഷിയിറക്കുന്നതിന് കർഷകത്തൊഴിലാളികളെ ആശ്രയിക്കുന്നു. അതിന് കഴിയുന്നില്ലെങ്കിൽ ഭൂമി തരിശിടുന്നു.

കൂലി-സേവന വ്യവസ്ഥകൾ

കൂലി കൂടുതലിനു വേണ്ടി കാര്യമായ സമരങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടില്ലെങ്കിലും സമീപപ്രദേശവുമായി താരതമ്യം ചെയ്യുമ്പോൾ മോശമല്ലാത്തൊരു വേതന നിരക്ക് നിലവിലുണ്ട്. ജോലി സമയത്തിലും, വേതനനിരക്കിലും ചെറിയ ഏറ്റക്കുറച്ചിലുകൾ ചില പ്രദേശങ്ങളിലുണ്ട്. കർഷകത്തൊഴിലാളികൾക്ക് നൽകുന്ന വേതന നിരക്ക് പട്ടിക 4-1 ൽ കൊടുത്തിരിക്കുന്നു. ഭക്ഷണച്ചെലവ് വേതനത്തിനു പുറമേയാണ്.

പട്ടിക 4-1

ഇനം	കൂലി
പവർഗ്രില്ലർ (1 മണിക്കൂറിന്)	80-100 രൂ. വരെ
ഉഴവുകാള	120 രൂ.
കിളയ്ക്കാൻ (ഉച്ചവരെ)	50 രൂ.
ഞാറു നടൽ (ഉച്ചവരെ)	25 രൂ.
ഞാറുനടൽ (വൈകുന്നേരം വരെ)	30 രൂ.
കൊയ്ത്ത്	12ന് ഒരു പതം
തേങ്ങയിടൽ	75 രൂ.+4 തേങ്ങ

വളപ്രയോഗം

നമ്മുടെ പഞ്ചായത്തിൽ രാസവള വിൽപ്പന കേന്ദ്രങ്ങളില്ലാത്തതിനാൽ രാസ വളത്തിന്റെ ഉപയോഗം കൃത്യമായി എത്രയുണ്ട്ന്ന് നിർണ്ണയിക്കുക പ്രയാസമാണ്. പ്രധാനമായും ജൈവവളമാണ് ഉപയോഗിക്കുന്നതെങ്കിലും രാസ വളവും നേരിയ തോതിൽ ഉപയോഗിക്കുന്നുണ്ട്. ഭൂരിഭാഗവും സമ്മിശ്രവളപ്രയോഗ മാണ് നടത്തുന്നത്. കർഷകരുടെ വള ഉപയോഗം പട്ടിക 5-1 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 5-1

ഇനം	എണ്ണം
ജൈവവളം ഉപയോഗിക്കുന്ന കർഷകർ	493
ജൈവവളവും രാസവളവും ഉപയോഗിക്കുന്നവർ	931
രാസവളം മാത്രം ഉപയോഗിക്കുന്നവർ	37

രോഗ കീടങ്ങൾ

തെങ്ങിന് ചെന്നീരൊലിപ്പ്, കൂമ്പു ചായൽ, കൊമ്പൻ ചെല്ലി എന്നീ കീടങ്ങളുടെ ആക്രമണങ്ങളാണ് പ്രധാനമായും കണ്ടു വരുന്നത്. ഇതിൽ തുരുത്തി ഭാഗങ്ങളിൽ ചെന്നീരൊലിപ്പ് രോഗം വളരെ വ്യാപകമാണ്. ഓല ചുരുട്ടിപുഴുവും ചാഴിയും നെല്ലിന്റെ പ്രധാന ശത്രുക്കളാണ്. കശുമാവിന് തണ്ടു തുരപ്പൻ പുഴുവിന്റേയും, തേയില കൊതുകിന്റേയും ശല്യമുണ്ട്. തേയില കൊതുകുകൾ മാവിന്റെ ഉൽപ്പാദന ശേഷിയിൽ ഗണ്യമായ കുറവ് വരുത്തുന്നുണ്ട്.

വായ്പാ സൗകര്യങ്ങൾ

കർഷകർ പ്രധാനമായും വായ്പാ സൗകര്യത്തിന് സഹകരണ ബാങ്കുകളെയാണ് ആശ്രയിക്കുന്നത്. ഗ്രാമീണ ബാങ്കിന്റെ ശാഖ ഉണ്ടെങ്കിലും വായ്പ കിട്ടുന്നതിനുള്ള താമസവും കർശനമായ വ്യവസ്ഥകളും കാരണം കർഷകർ ഇതിനെ ആശ്രയിക്കുന്നതിന് വിമുഖതകാണിക്കുന്നുണ്ട്. കൃഷി ഭവൻ മുഖേന വിതരണം ചെയ്ത വായ്പകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 6-1 ൽ കൊടുത്തിരിക്കുന്നു.

കാർഷിക വികസന പ്രവർത്തനങ്ങൾ

ഒരു പൂനിലങ്ങളെ ഇരുപ്പു നിലങ്ങളാക്കുന്നതിന് ആവശ്യമായ ജലസേചനം ലഭ്യമാക്കാൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കൃഷിക്കാരുടെ താൽപര്യക്കുറവു മൂലം ചിലത് പ്രവർത്തന രഹിതമാണ്. (ഉദാ: കണ്ടം കുളം) ബാക്കി ഉള്ളതാകട്ടെ കർഷകർ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നുമില്ല. കാർഷിക വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ട കൃഷിഭവനുകളെ വേണ്ട രീതിയിൽ

പട്ടിക 6-1

	ഹ്രസ്വകാല വായ്പകൾ	മധ്യകാല വായ്പകൾ	ദീർഘകാല വായ്പകൾ
1991-92	കാർഷികം 945800	IRDP 104850	പമ്പ് കിണർ 96372
	മറ്റുള്ളവ 1916500		
1992-93	കാർഷികം 818000	IRDP 18325	പമ്പ് കിണർ 13660
	മറ്റുള്ളവ 2811500	കറവ് മാടുകൾ 18850	
1993-94	കാർഷികം 901450	IRDP 34758	പമ്പ് കിണർ 50986
	മറ്റുള്ളവ 3729900		
1994-95	കാർഷികം 938600	IRDP 92750	265500
	മറ്റുള്ളവ 5437000	മറ്റുള്ളവ 70000	
1995-96	കാർഷികം 1045500	IRDP 216148	186500
	മറ്റുള്ളവ 6976500		

പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം കിണർ കുഴിക്കുന്നതിനും പമ്പു സെറ്റ് സ്ഥാപിക്കുന്നതിനും ധന സഹായം നൽകുന്നുണ്ട്. കുരുമുളക് പുനരുദ്ധാരണ പദ്ധതി പ്രകാരം കർഷകർക്ക് രാസ വളവും സഹായ ധനവും വിതരണം ചെയ്തിട്ടുണ്ട്. നെൽകൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി കർഷകർക്ക് പ്രോൽാഹന തുകകൾ നൽകാറുണ്ട്. സമഗ്ര കശുമാവ് വികസന പദ്ധതി പ്രകാരം വളവും കീടനാശിനിയും വാങ്ങുന്നതിന് കർഷകർക്ക് ധന സഹായം നൽകിയിട്ടുണ്ട്. ഉഴവുകാളകളുടെ ക്ഷാമം നേരിടുന്ന നമ്മുടെ പഞ്ചായത്തിൽ 3 പാടശേഖര സമിതിക്ക് പവർ ടില്ലറുകൾ വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതി പ്രകാരം നിലവിലുള്ള തെങ്ങുകൾക്കും കവുങ്ങുകൾക്കും രാസവളം വിതരണം ചെയ്യു. കൂടാതെ പരിമിതമായ തോതിലെങ്കിലും നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്. വിവിധതരം പദ്ധതികൾ നിലവിലുണ്ടെങ്കിലും അർഹരായ പല കർഷകരും ആനുകൂല്യങ്ങൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

കാർഷിക സംരംഭങ്ങൾ.

ആകെയുള്ള പാടശേഖരസമിതികളിൽ തെക്കേവയൽ, കോറവയൽ, പടിഞ്ഞാറേവയൽ എന്നീ മൂന്നു പാടശേഖരങ്ങളുടെ പ്രവർത്തനം തൃപ്തികരമാണെന്നു പറയാം. ഏറ്റെടുത്ത് നടത്താനുള്ള പുതിയ പദ്ധതികൾ ഇല്ലാത്തതിനാൽ കേരകർഷക സമിതി വേണ്ടത്ര സജീവമല്ല. പഞ്ചായത്ത് കാർഷിക വികസന സമിതിയുടെ പ്രവർത്തനം തൃപ്തികരമാണെന്നു പറയാം.

പ്രശ്നങ്ങൾ

1. ഒന്നാം വാർഡിലെ മുതുവാക്കൽ പോലുള്ള പ്രദേശം, നാലാം വാർഡിൽ പടിഞ്ഞാറേവയലിലെ തീരദേശ റോഡിന് കിഴക്കു ഭാഗം, ആറാം വാർഡിന് തെക്കും വടക്കും ഭാഗങ്ങൾ, ഏഴാം വാർഡിൽ വടക്കേപൊണ, കണ്ടംകുളം എട്ടാം വാഡിൽ തട്ടാംകിള, താമരക്കുളം, ഒമ്പതാം വാർഡിന്റെ പടിഞ്ഞാറു ഭാഗത്തുള്ള പുഴയോര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നീർക്കെട്ടുണ്ട്. വെള്ളം വാർന്നു പോകാത്തതുമൂലം ഇവിടങ്ങളിൽ കൃഷി നാശം ഉണ്ടാകുന്നു.

2. ഒന്നും രണ്ടും വാർഡിലെ പുഴയോര പരദേശങ്ങളിലും ഒമ്പതാം വാർഡിലെ തെക്കേ വയലിന്റെ തെക്കേയറ്റത്തും ഉപ്പു വെള്ളം കയറി കൃഷി നശിക്കുന്നു. ചെറാട്ട് ക്രോസ് ബാറിന്റെ പണി മുക്കാൽ ഭാഗം മാത്രമേ പൂർത്തിയായിട്ടുള്ളു. പണി പൂർണ്ണമായാൽ മാത്രമേ അതു കൊണ്ടുള്ള പ്രയോജനം കർഷകർക്കു ലഭിക്കൂ.

3. മൂന്നാം വാർഡിൽ കോറ വയലിന്റെ കിഴക്കു ഭാഗം ഒഴികെ എല്ലാ വയലുകളിലും പടിഞ്ഞാറെ വയലിൽ ചിലയിടങ്ങളിൽ നഞ്ച് (പുളിരസം) ബാധിച്ചിട്ടുണ്ട്. പുല്ലംങ്കോട്ട് പുഴയിൽ വെള്ളം കെട്ടി നിർത്തി മത്സ്യം പിടിക്കുന്നതു മൂലമാണ് സമീപ പ്രദേശ വയലുകളിൽ നഞ്ച് വ്യാപകമാവാൻ കാരണമെന്ന ധാരണ കൃഷിക്കാരിൽ ചിലരിലുണ്ട്. ശാസ്ത്രീയമായ പരീക്ഷണത്തിലൂടെ സംശയ നിവർത്തി വരുത്തേണ്ടതുണ്ട്.

4. നമ്മുടെ പഞ്ചായത്തിൽ തന്നെ നെൽകൃഷിക്ക് എറ്റവും അനുയോജ്യമായ പാണപോലുള്ള പ്രദേശങ്ങൾ തരിശിട്ടിരിക്കുന്നു.

5. കൊയപ്പാറ,കൊവ്വപ്പുറം, കടവത്തു വയൽ പോലുള്ള പ്രദേശങ്ങ പൊതുവെ ഫലപുഷ്ടികുറഞ്ഞ പ്രദേശങ്ങളാണ്. മറ്റു പ്രദേശങ്ങളിലേയും മണ്ണിലെ ജൈവാംശത്തിന്റെ അളവ് കുറഞ്ഞുവരുന്നതായാണ് കണ്ടു വരുന്നത്.

6. മുമ്പു കൃഷിചെയ്തിരുന്ന പല വയലുകളും നികത്തി പറമ്പുകളാക്കുകയും വീട് നിർമ്മിക്കുകയും ചെയ്തു. ഒരുപ്പു നിലങ്ങളാണ് ഇങ്ങനെ വ്യാപകമായ ആക്രമണത്തിന് വിധേയമാവുന്നത്.

7. കണ്ടംകുളം, തോരാനികുളം എന്നിവിടങ്ങളിൽ ജല സേചന സൗകര്യം മുമ്പുണ്ടായിരുന്നുവോങ്കിലും അവ സംരക്ഷിക്കപ്പെടാതെ പോയതിനാൽ പമ്പുസെറ്റുകൾ ഉപയോഗ ശൂന്യമായിരിക്കുന്നു. ശുദ്ധജല ലഭ്യത ഏറെയുള്ള താമര കുളത്തിന്റെ സാധ്യതയും ഉപയോഗപ്പെടുത്തിയിട്ടില്ല.

8. ജലസേചനത്തിന് വൈദ്യുത കണക്ഷന് അപേക്ഷ നൽകിയിട്ടും കണക്ഷൻ ലഭിക്കാത്തതു കൊണ്ട് ജലസെചനം നടത്താൻ കഴിയുന്നില്ല. തെങ്ങ് കൃഷിക്ക് തീരെ അനുയോജ്യമല്ലാത്ത പ്രദേശങ്ങളിൽ പോലും പാടം നികത്തി വ്യാപകമായി തെങ്ങു കൃഷി ചെയ്യുന്നുണ്ട്.

9. മുൻകാലങ്ങളിൽ കൊയ്ത്തിനു ശേഷം പാടങ്ങളിൽ പച്ചക്കറി, ധാന്യങ്ങൾ, മധുരക്കിഴങ്ങ് എന്നിവയുടെ കൃഷി വ്യാപകമായിരുന്നു. എന്നാൽ ഇത്തരം കൃഷിയുടെ വിസ്തൃതിയിൽ വളരെയധികം കുറവനുഭവപ്പെടുന്നുണ്ട്.

10. ജൈവവളങ്ങളുടേയും പച്ചിലവളങ്ങളുടേയും ദൗർലഭ്യം മണ്ണിന്റെ ഫലപുഷ്ടിയെ പ്രതികൂലമായി ബാധിക്കുന്നു.

11. സംരക്ഷിത വനങ്ങളില്ലെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഒട്ടും മോശമല്ലാത്ത തോതിൽ കണ്ടൽ വനങ്ങളുണ്ട്. കണ്ടൽ വനങ്ങൾ വ്യാപകമായി നശിപ്പിക്കപ്പെടുന്നത് പല പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാവുന്നു.

12. ലാഭകരമായ മറ്റു തൊഴിൽ മേഖലകളിലേയ്ക്ക് പോകുന്നതിനാൽ കാർഷിക വൃത്തിക്ക് ആവശ്യമായ തൊഴിലാളികളുടെ എണ്ണം കുറയുന്നു.

13. 3 പവർ ട്രല്ലറുകൾ ഉണ്ടെങ്കിലും യഥാസമയം നിലമൊരുക്കാൻ കഴിയുന്നില്ല. മറ്റു ഭാഗങ്ങളിൽ കൂടി ട്രില്ലറുകൾ വിതരണം ചെയ്ത് പ്രശ്നം പരിഹരിക്കേണ്ടതാണ്.

14. കൃഷിഭവനുകളിൽ നിന്നുള്ള നിർദേശങ്ങളും സഹായങ്ങളും യഥാസയം കൃഷിക്കാരനു ലഭിക്കുന്നില്ല. നടീൽ വസ്തുക്കളും വിത്തുകളും ആവശ്യമായ തോതിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

15. കാർഷിക ഉൽപന്നങ്ങൾ വിൽക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങളുടെ അഭാവം.

16. നമ്മുടെ നാടിന്റെ തനത് ഉൽപ്പന്നമായ കുഞ്ഞിമംഗലം മാങ്ങ സംസ്കരിക്കുന്നതിനോ വിപണനം നടത്തുന്നതിനോ സൗകര്യങ്ങളില്ലാത്തതുകൊണ്ട് കർഷകന് യഥാർത്ഥത്തിൽ കിട്ടേണ്ടുന്ന ആദായം കിട്ടുന്നില്ല.

17. പെരുമ്പ പുഴയുടെ പടിഞ്ഞാറ് ഭാഗത്തുള്ള തുരുത്തിപോലുള്ള പ്രദേശങ്ങളിൽ കരയിടിച്ചൽ മൂലം തെങ്ങു കൃഷിക്ക് നാശം വരുന്നുണ്ട്.

സാധ്യതകൾ

1. കൃഷിക്ക് അനുയോജ്യമായിട്ടുള്ളതും എന്നാൽ തരിശിടുന്നതുമായ സ്ഥലങ്ങൾ കൃഷിയിറക്കുന്നതിന് കർഷകരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുക.
2. നിലവിലുള്ള ജലസേചന പദ്ധതികൾക്ക് ആവശ്യമായി വരുന്ന ചെലവുകൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കുക.
3. ജലലഭ്യതയുള്ള പ്രദേശങ്ങളിൽ കുളങ്ങളും കിണറുകളും കുഴിച്ച് ജലസെചനസൗകര്യം ഉണ്ടാക്കുക. കോറ വയലിന്റെ കിഴക്കു ഭാഗത്ത് കുളം കുഴിച്ച് ജലസേചനത്തിന് സൗകര്യം ഉണ്ടാക്കാം. അതുപോലെ താമരകുളത്തിലെ ജലലഭ്യത വിനിയോഗിക്കാൻ കഴിയുന്നവിധത്തിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.
4. മെച്ചപ്പെട്ട നടീൽ വസ്തുക്കൾ ആവശ്യത്തിനു ലഭിക്കുന്ന വിധത്തിൽ നഴ്സറി സ്ഥാപിക്കുക.
5. ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്ന പ്രദേശങ്ങളിൽ ക്രോസ് ബാറുകളോ മൺചിറകളോ കെട്ടി കൃഷിയെ സംരക്ഷിക്കുക.
6. പടിഞ്ഞാറെ വയലിലെ തീരദേശറോഡിന് വേണ്ടത്ര ഓവു പാലങ്ങളോ നിലം പതികളോ നിർമ്മിച്ച് നീർക്കെട്ട് ഒഴിവാക്കുക. കൊയപ്പാററോഡിന് പടിഞ്ഞാറെ ഭാഗത്തുള്ള നീർകെട്ടൊഴിവാക്കുന്നതിന് നെടും [illegible]ാടിന്റെ ആഴം വർദ്ധിപ്പിക്കുക.
7. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
8. കൃഷിഭവന്റെയും പഞ്ചായത്തിന്റേയും നേതൃത്വത്തിൽ എല്ലാ വാർഡുകളിലും പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുക. അവർക്കാവശ്യമായ മെച്ചപ്പെട്ട വിത്തിനങ്ങൾ നൽകുക. കർഷകനുൽപ്പാദിപ്പിക്കുന്ന പച്ചക്കറി സംഭരിക്കാനും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിപണനം നടത്താനുമുള്ള സംവിധാനം ഉണ്ടാക്കുക.
9. തേങ്ങയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുക. തേങ്ങ, തൊണ്ട്, ചിരട്ട, കൊപ്ര എന്നിവയുമായി ബന്ധപ്പെട്ട വ്യവസായത്തിന് ഏറെ സാധ്യത നമ്മുടെ പഞ്ചായത്തിലുണ്ട്.
10. നമ്മുടെ പഞ്ചായത്തിന്റെ തനത് ഉൽപ്പന്നമായ കുഞ്ഞിമംഗലം മാങ്ങ സംസ്കരിക്കുന്നതിന് ആവശ്യമായ ഒരു സംസ്കരണശാല സ്ഥാപിക്കുകയാണെങ്കിൽ കർഷകന് മെച്ചപ്പെട്ട വിലയും കുറച്ചു പേർക്ക് തൊഴിൽ നൽകാനും കഴിയും.
11. ജൈവവളത്തിന്റേയും പച്ചിലവളത്തിന്റേയും ലഭ്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക. കമ്പോസ്റ്റ് നിർമ്മാണം, മണ്ണിര വളനിർമ്മാണം, ജൈവ കൃഷി, സസ്യവേലികളുടെ നിർമ്മാണം എന്നിവയ്ക്ക് പ്രോൽസാഹനം നൽകുക.
12. ഏകവിളതോട്ടങ്ങളേക്കാൾ ബഹുവിളത്തോട്ടങ്ങളാണ് പ്രകൃതിക്കനുയോജ്യമായിട്ടുള്ളത്. പുരയിടങ്ങളിൽ വിള വൈവിധ്യം നിലനിർത്തുന്നതിനാവശ്യമായ സഹായങ്ങളും പ്രേരണയും നൽകുക.
13. പുറം പോക്ക് സ്ഥലങ്ങളിൽ ഫല വൃക്ഷത്തൈ നട്ടു പിടിപ്പിക്കുക.
14. പാടങ്ങൾ നികത്തുന്നതിനെതിരെ ശക്തമായ സാമൂഹ്യ സമ്മർദ്ദം ഉയർത്തിക്കോണ്ടു വരുന്നതോടൊപ്പം നിലവിലുള്ള നിയമങ്ങളും കർശനമാക്കുക.
15. വർഷകാലത്തെ ശക്തമായ മഴയിൽ ഭൂരിഭാഗം ജലവും മണ്ണിലൂർന്നിറങ്ങാതെ ഒഴുകി പോകുകയാണ്. കയ്യാലകൾ കെട്ടിയും പറമ്പ് കിളച്ച് ഉറപ്പിച്ചും പരമാവധി ജലം മണ്ണിലൂർന്നിറക്കാൻ കഴിയും. ഭൂഗർഭ ജലത്തിന്റെ വിതാനം ഉയർത്താനും ഒരു പരിധിവരെ ജലദൗർലഭ്യം പരിഹരിക്കാനും ഇതുമൂലം കഴിയും. ജലം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെ കുറിച്ചുള്ള ബോധം ജനങ്ങളിൽ സൃഷ്ടിക്കുകയാണെങ്കിൽ മാത്രമേ നമുക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യു എന്ന് പറയാൻ കഴിയൂ.

കൃഷിയുടെ സമസ്ത മേഖലകളിലും ശക്തമായയ ഒരു മാറ്റമുണ്ടാകണമെങ്കിൽ നമ്മുടെ മനോഭാവം മാറിയേതീരൂ. ഉപഭോഗ സംസ്കാരത്തിൽനിന്നും ഉൽപ്പാദനസംസ്കാരത്തിലേക്കുള്ള മാറ്റം കൊണ്ടു മാത്രമേ ഇതു നമുക്ക് സാധ്യമാവൂ. അങ്ങനെ മെച്ചപ്പെട്ട ഉൽപ്പാദനം സാധ്യമായാൽ കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ ഊർജ്ജിതപ്പെടുത്തുക വഴി കാർഷിക മേഖലയെ മഹത്തായ ഒരു തൊഴിൽ രംഗമായി മാറ്റിയോടുക്കാവുന്നതാണ്.

കാർഷികമേഖല

നൽകൃഷി ചെയ്യുന്നവർ	തെങ്ങ്കൃഷി ചെയ്യുന്നവർ	(ഭാഗികമായി) കവുങ്ങ്കൃഷി ചെയ്യുന്നവർ	(ഭാഗികമായി) കുരുമുളക്കൃഷി ചെയ്യുന്നവർ	(ഭാഗികമായി) പച്ചക്കറികൃഷി ചെയ്യുന്നവർ	കാർഷികവരുമാനം കൊണ്ട്ജീവിക്കുന്ന കുടുംബം	മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവർ
849	1237	187	142	413	23	4

മൃഗസംരക്ഷണം, മത്സ്യബന്ധനം

പഴയ കാലത്ത് പലവീടുകളിലും നാലോ അതിലധികമോ പശുക്കളെ വളർത്തിയിരുന്നു. കൂടാതെ കാളകൾ, എരുമകൾ എന്നിവയും കൃഷിക്കാർ പ്രത്യേകിച്ചും വളർത്തിയിരുന്നു.. കാലികളെ ഇളക്കി മേയ്ക്കുന്ന പതിവാണുണ്ടായിരുന്നത്. കന്നുകാലികളെ തീറ്റുവാൻ ആവശ്യമായ പച്ചപുല്ലും മറ്റു തീറ്റ സൗകര്യങ്ങളും ധാരാളം ഉണ്ടായിരുന്നു. എല്ലാ വീടുകളിലും കോഴിയെ വളർത്തിയിരുന്നു. വീടുകളിലെ ഭക്ഷണാവശിഷ്ടങ്ങൾ മാത്രമായിരുന്നു അവയുടെ തീറ്റയിൽ പ്രധാനം. കന്നുകാലികളുടെ ഗർഭധാരണം കൃഷിക്കാരന്റെ ആലോചനാവിഷയം ആയിരുന്നില്ല. പാലിന്റെ ലഭ്യത കുറവാണെങ്കിൽ പോലും അത് വിറ്റഴിക്കാനുള്ള പ്രയാസം ഉണ്ടായിരുന്നില്ല.

അമിതമായ പാർപ്പിടവർദ്ധനവും കൃഷിയിടങ്ങളുടെ പരിമിതിയും കാരണം പശുക്കളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടി വന്നു. പ്രത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളിൽ നിന്നും ലഭുക്കുന്ന വരുമാനം എണ്ണത്തിൽ കൂടുതലുള്ള നാടൻ പശുക്കളിൽ നിന്നുള്ള വരുമാനത്തേക്കാൾ കൂടുതലാണ്.

കന്നുകാലി വളർത്തൽ ഇന്ന് ഒരു ഉപതൊഴിൽ മാത്രമായി മാറിയിരിക്കുന്നു. സങ്കരയിനം പശുക്കൾ പലതും തീറ്റ കൂടുതൽ വേണ്ടതുമാണ്. വർദ്ധിച്ചുവരുന്ന തീറ്റച്ചെലവ് കർഷകർക്ക് താങ്ങുവാൻ കഴിയാതെയായി. അതു കൊണ്ട് പശുവളർത്തൽ പരിമിതപ്പെട്ടു.

കൃഷിയിടങ്ങൾ ഉഴുതു മറിക്കുന്നതിന് കാളകളെ ഉപയോഗിച്ചിരുന്ന സ്ഥാനത്ത് കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞു വന്ന നിലക്ക് അവയുടെ സേവനവും കുറഞ്ഞുവന്നു. ഉദാഹരണമായി, ഇരുപതു വർഷങ്ങൾക്കു മുമ്പ് 22 ജോഡി കാളകൾ ഉള്ള പ്രദേശത്ത് ഇന്ന് 2 ജോഡി കാളകളെ മാത്രമേ കാണപ്പെടുന്നുള്ളൂ. അതോടൊപ്പം കാളപൂട്ട് തൊഴിലായി സ്വീകരിച്ചവരുടെ പ്രവൃത്തി ദിനങ്ങൾ കുറഞ്ഞു വരുന്നു. യന്ത്രവൽകരണത്തോടെ ഉഴവുജോലിക്ക് കാളകളെ ഉപയോഗിക്കുന്ന ഏർപ്പാട് വളരെ പരിമിതപ്പെട്ടു വരുന്നു.

എരുമകളെ വളർത്തലും ഏകദേശം നാമാവശേഷമായി. അവയെ വളർത്താനുള്ള അമിതമായ ചെലവ് കൃഷിക്കാരന് കറവയ്ക്കുള്ള ബുദ്ധിമുട്ട് ഇവകാരണം എരുമ വളർത്തൽ മിക്ക കർഷകരും ഉപേക്ഷിച്ചു.

വീടും പുരയിടവും വിസ്തൃതി വളരെ കുറഞ്ഞുവന്ന നിലക്ക് സ്വന്തം വീട്ടിൽ ഒന്നോ രണ്ടോ കോഴികളെ വളർത്തുക എന്നതിൽ നിന്നും വ്യക്തികൾ പിറകോട്ടു പോയ്കൊണ്ടിരിക്കുന്നു. അടച്ചിട്ട കൂടുകളിൽ കൃത്രിമ തീറ്റ നൽകി കോഴികളെ വളർത്തേണ്ട സാഹചര്യത്തിലേയ്ക്കാണ് എത്തി നിൽകുന്നത്.

സങ്കരയിനം കന്നുകാലികൾ ഇന്ന് 70% ത്തിലധികം ഉണ്ട്. അവക്ക് നാടൻ ഇനങ്ങളെ അപേക്ഷിച്ച് നമ്മുടെ കാലാവസ്ഥയുമായി പൊരുത്തപ്പെട്ടു പോകാൻ ബുദ്ധിമുട്ടുണ്ട്. രോഗപ്രതിരോധശേഷി അവക്കു കുറവാണ്. അതു കൊണ്ടു തന്നെ വെളിപ്രദേശങ്ങളിലും വയലുകളിലും കൊണ്ടു പോയി തീറ്റിക്കാൻ കഴിയുന്നില്ല. കൂടാതെ കൃത്രിമ ബീജസങ്കലത്തിനുപയോഗിക്കുന്ന ബീജത്തിന് പലപ്പെഴും പ്രജനന ശേഷികുറവാണെന്ന ധാരണയും കൃഷിക്കാരിലുണ്ട്. ആയതിനാൽ നാടൻ വിത്തു കാളകളെ ഉപയോഗിച്ചു പ്രജനനം നടത്തുന്നുണ്ട്.

പ്രശ്നങ്ങൾ

1. പിണ്ണാക്ക്, കാലിത്തീറ്റ, തീറ്റപുല്ല് എന്നിവയുടെ അമിതമായ വിലവർദ്ധനവ് കാരണം കാലിവളർത്തൽ ആദായകരമല്ല എന്ന രീതിയിൽ കൃഷിക്കാർ ചിന്തിക്കുന്നു.
2. ഉൽപാദിപ്പിക്കപ്പെടുന്ന പാലിന് മിതമായ വില കിട്ടുന്നില്ല എന്ന് അഭിപ്രായപ്പെടുന്നു.
3. സങ്കരയിനം പശുക്കൾക്ക് ബാധിക്കുന്ന മാരകമായ രോഗത്തെക്കുറിച്ച് കൃഷിക്കാർ ആശങ്കാകുലരാണ്.
4. നാടൻ, സങ്കരയിനം കോഴികളെ ബാധിക്കുന്ന മാരകമായ 'കോഴിവസന്ത' എന്ന പകർച്ചവ്യാധി ഈ രംഗത്ത് ഭീമമായ നഷ്ടമാണ് വരുത്തി വെക്കുന്നത്.

സാധ്യതകൾ

1. പരിമിതികളും പ്രയാസങ്ങളും ധാരാളമാണെങ്കിൽ പോലും ഈ രംഗത്തേയ്ക്ക് ധാരാളം ആളുകളെ ഉപതൊഴിൽ എന്ന നിലക്ക് ആകർഷിക്കുവാൻ അവർക്ക് പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായങ്ങളും, വിദഗ്ദ്ധോപദേശവും നൽകേണ്ടതാണ്.
2. കാലിവളർത്താൻ തയ്യാറായവർക്ക് തൊഴുത്തു നിർമിക്കുവാനും കാലികളെ വാങ്ങുവാനുള്ള സാമ്പത്തിക സഹായം നൽകേണ്ടതാണ്.
3. ശാസ്ത്രീയമായ ബീജസങ്കലനം ഫലപ്രദമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. തീറ്റപുല്ല് വളർത്തുവാനുള്ള വിത്തും മറ്റുപദേശങ്ങളും നൽകേണ്ടതാണ്. ഇതിനായി പയ്യന്നൂർ കോളേജിനോട് ബന്ധപ്പെട്ടു കിടക്കുന്ന 60 ഏക്കറോളം ഭൂമിയും, പഞ്ചായത്തിന്റെ വകയായുള്ള വാസയോഗ്യമല്ലാത്ത സ്ഥലങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്.
5. കാലിത്തീറ്റ സ്വന്തമായി നിർമ്മിക്കാനുള്ള ഉപദേശ നിർദ്ദേശങ്ങൾ കൃഷിക്കാർക്ക് നൽകിയാൽ നിലവിലുള്ള ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കാം.
6. പഞ്ചായത്തിലെ മുഴുവൻ ക്ഷീര കർഷകരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ക്ഷീരസഹകരണ സംഘം പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ഇന്നു നിലവിലുള്ള സംഘത്തിന്റെ പ്രവർത്തന ലേഖല വിപുലപ്പെടുത്തണം.
7. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുവാനായി എല്ലാ വീടുകളിലും ശാസ്ത്രീയമായ കോഴിക്കൂടുകൾ നിർമ്മിച്ചു നൽകി അത്യുൽപാദനശെഷിയുള്ള കോഴികുഞ്ഞുങ്ങളെ നൽകുക.
8. പഞ്ചായത്തിൽ തന്നെ കോഴിതീറ്റ, കാലിതീറ്റ എന്നിവയുടെ നിർമ്മാണത്തെപറ്റി ആലോചിക്കുക.
9. കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ ഒരു മൃഗാശുപത്രി അനുവദിച്ചു കിട്ടുനതിന് ഊർജ്ജിതശ്രമം നടത്തേണ്ടിയിരിക്കുന്നു.
10. കന്നുകാലികൾക്കും കോഴികൾക്കും ബാധിക്കുന്ന മാരകമായ രോഗങ്ങൾക്ക് എതിരായി പ്രതിരോധ കുത്തിവെപ്പുകൾ നടത്തേണ്ടതാണ്.

മത്സ്യബന്ധനം.

ഉദ്ദേശം 20 വർഷം മുമ്പു വരെ കുഞ്ഞിമംഗലത്തിന് സമീപമുള്ള ചെമ്പല്ലിക്കുണ്ട് പുഴയിൽ കുഞ്ഞിമംഗലം, ചെറുതാഴം, മാടായി പഞ്ചായത്തുകളിലെ വിവിധ ജാതി മത വിഭാഗത്തിൽപ്പെട്ടവർ വർഷത്തിൽ മുൻ നിശ്ചയിക്കപ്പെട്ട 3ദിവസങ്ങളിൽ ആലോചനപൂർവ്വം, ആചാരപൂർവ്വം, ചിട്ടപ്പെടുത്തിക്കൊണ്ടുള്ള "കാപ്പിൽ പിടി" എന്ന മത്സ്യബന്ധനം നടത്തിയിരുന്നു. അക്കാലത്ത് കടൽ മത്സ്യത്തിന്റെയും പുഴ മത്സ്യത്തിന്റെയും മാർക്കറ്റ് കേന്ദ്രീകരിച്ചുള്ള കച്ചവടം മുസ്ലീംജനവിഭാഗത്തിന്റെ മാത്രമായിരുന്നു. വെള്ളിയാഴ്ച മുസ്ലീങ്ങളുടെ പ്രത്യേക പ്രാർത്ഥനാ ദിവസമായതു കൊണ്ടായിരിക്കാം ഭക്ഷണാവശ്യത്തിനായി അന്നേ ദിവസം കൂട്ടായ മത്സ്യബന്ധനത്തിന് ഇന്നാട്ടുകാർ പോയിരുന്നത്. അക്കാലത്ത് നാടൻ നൂല് ഉപയോഗിച്ച് നാട്ടുകാർ കെട്ടിയ വല ഉപയോഗിച്ചാണ് മത്സ്യം പിടിച്ചിരുന്നത്. വല സ്വന്തമായി കെട്ടുന്ന തൊഴിലാളികൾ ഉണ്ടായിരുന്നു. മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച പ്രത്യേകം സമുദായം ഉണ്ടായിരുന്നു.

മത്സ്യബന്ധനത്തിന് പോയിരുന്നവർ നിരാശരായിരുന്നില്ല. കുത്തുടുകളും വെറുംകയ്യും ഉപയോഗിച്ച് മത്സ്യം പിടിക്കൽ സർവ്വസാധാരണമായിരുന്നു.

പലകാര്യത്തിനുമെന്ന പോലെ മത്സ്യബന്ധനത്തിനുള്ള കൂട്ടായ്മയും ഇന്നില്ലാതെ വന്നു. പഴയവലകളുടെ സ്ഥാനത്ത് നൈലോൺ, ടെങ്കീസ് വലകൾ സ്ഥാനം പിടിച്ചു. പ്രധാന ഭക്ഷ്യയോഗ്യമായ ഇളമ്പക്ക(കക്ക) വിപണന ആവ

വളർത്തുമൃഗങ്ങൾ -വാർഡ് തിരിച്ച്

വാർഡ്	പശു	ആട്	എരുമ	കാള	കോഴി	താറാവ്	പോത്ത്	പന്നി
1	168	06	—	—	190	—	—	—
2	190	06	01	02	453	—	—	—
3	156	59	02	02	315	11	—	—
4	169	06	04	04	311	—	—	—
5	140	02	06	01	177	—	—	—
6	45	—	01	08	132	—	—	—
7	172	11	02	06	258	05	—	—
8	179	15	08	08	255	—	—	—
9	179	10	02	04	206	—	—	—
ആകെ	**1408**	**115**	**26**	**35**	**2097**	**16**	**—**	**—**

അവലംബം ഗ്രാമവികസന സർവ്വെ

ശ്യത്തിനും ഗാർഹിക ആവശ്യത്തിനും ജനങ്ങൾ സംഭരിക്കുന്നുണ്ട്. പണ്ട് കാലത്ത് സുലഭമായിരുന്ന 'ചൂട്ട' 'പൂമീൻ' മുതലായ മത്സ്യങ്ങൾ ഇന്ന് അപ്രത്യക്ഷമായിരിക്കയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യ ബന്ധനം ഒഴിവാക്കി മത്സ്യകച്ചവടരംഗത്ത് ശ്രദ്ധിക്കുകയാണ്. രാത്രികാല മത്സ്യ ബന്ധനം നാട്ടുകാർ തീരെ ഒഴിവാക്കി. ഈ രംഗത്ത് മറ്റ് പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾ ധാരാളമായി പ്രവർത്തിക്കുന്നു. കാല്നാട്ടിക്കൊണ്ട് പുഴയിൽ മത്സ്യബന്ധനം നടത്തിവരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും തെക്കുവശത്തുള്ള തെക്കെ കെട്ടിലെ ചെമ്മീൻ കൊയ്ത്ത് ഇവിടുത്തെ ജനങ്ങളുടെ അവകാശമായി ഇന്നും കണക്കാക്കുന്നു. അതുകൊണ്ടു തന്നെ അവിടെ കൂട്ടായ മത്സ്യബന്ധനം നടന്നു വരുന്നുണ്ട്. ഇത് സ്വന്തം ആവശ്യത്തിനും വില്പനക്കും ഉപയോഗപ്പെടുത്തുന്നുണ്ട്.

പ്രശ്നങ്ങൾ

1. മത്സ്യബന്ധനത്തിനുള്ള പുഴകളുടെ ആഴവും വ്യാപ്തിയും കുറയുന്നു. അതുമൂലം കടലിൽ നിന്നും കയറിവരുന്ന മത്സ്യങ്ങൾക്ക് തങ്ങിനില്ക്കുവാനുള്ള സൗകര്യം കുറഞ്ഞു വരുന്നു.
2. കണ്ടൽ വനങ്ങൾ നശിപ്പിച്ചു കൊണ്ടുള്ള ചെമ്മീൻ കൃഷി ഒരു ഭാഗത്ത് നടന്നു വരുന്നുണ്ട്.
3. തെക്കെകെട്ട്, പുല്ലങ്കോട്, പേരാപ്പുഴ, ഏട്ടവാൾ എന്നീ വിസ്തൃതമായ പുഴകളിലെ മത്സ്യബന്ധനം പല പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
4. തോട്ട പൊട്ടിച്ചുകൊണ്ടുള്ള മത്സ്യബന്ധനം പുഴയോരത്തുള്ള കെട്ടിടത്തിനും, മത്സ്യ സമ്പത്തിനും ഭീഷണിയായി വരുന്നു.
5. പുഴയിൽ മത്സ്യബന്ധനത്തിനായി ലൈസൻസ് നല്കിയിട്ടുള്ള വ്യക്തികൾ കാലുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് മത്സ്യ ബന്ധനത്തിന് തടസ്സം നിൽക്കുന്നു.
6. മത്സ്യ വിപണന രംഗത്ത് ഇടത്തട്ടുകാരുടെ സ്വാധീനം ആശാവഹമല്ല.

നിർദ്ദേശങ്ങൾ

1. തെക്കെകെട്ട്, പുല്ലങ്കോട്, പേരാപ്പുഴ, ഏട്ടവാൾ എന്നീ പുഴകൾ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കാതെ മത്സ്യബന്ധനത്തിന് ഉപയോഗപ്പെടുത്തണം.
2. സ്വന്തമായ ചെമ്മീൻകൃഷിയും, ഓർജല മത്സ്യക്കൃഷിയും ചെയ്യുന്നവർക്കും പ്രോത്സാഹനവും, ശാസ്ത്രീയമായ സൗകര്യങ്ങളും നല്കണം.
3. ചങ്കൂരിച്ചാൽ പുഴയോട് തൊട്ടുള്ള രോഷ്നി സീ ഫുഡ്സ് സ്വകാര്യ മേഖല..എന്ന ബൃഹത്തായ ചെമ്മീൻഫാമിന്റെ ഇന്നത്തെ സ്ഥിതി പരിശോധിച്ച് അതിന്റെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നത് നല്ലതായിരുക്കും.
4. കൃഷിക്ക് യോഗ്യമായ ജലസേചന സൗകര്യമുള്ള..സ്വകാര്യവും പൊതുവുമായ ധാരാളം ശുദ്ധജല കുളങ്ങൾ ഉണ്ട് അവിടങ്ങളിൽ ശുദ്ധജല മത്സ്യം വളർത്തുവാനുള്ള സാധ്യതകൾ ആരായുന്നതു നല്ലതാണ് ഉദാ> താമരക്കുളം..പാണ
5. തെക്കേകെട്ട് എന്ന വിസ്തൃതമായ ജലാശയം മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലാണ്. അവിടെയുള്ള മത്സ്യസമ്പത്ത് കുഞ്ഞിമംഗലം, ചെറുതാഴം പഞ്ചായത്തിലെ നെൽകൃഷിക്കാർക്ക് ദോഷം വരാത്ത രീതിയിൽ സംഭരിക്കുവാനുള്ള സംവിധാനത്തെപറ്റി ഇറിഗേഷൻഡിപ്പാർട്ടുമെന്റുമായി ആലോചിക്കാവുന്നതാണ്.
6. പുതിയപുഴയിൽ നിന്നും വ്യാവസായികാവശ്യത്തിനായി വൻതോതിൽ കക്ക (ഇളമ്പക്ക) ശേഖരിക്കുന്നത് തടയേണ്ടതാണ് അല്ലെങ്കിൽ അതിന്റെ വംശനാശത്തോടൊപ്പം ഒരു ഭക്ഷ്യവിഭവം കൂടി നമുക്ക് നഷ്ടപ്പെടും.
7. തോട്ട ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനം നിർത്തലാക്കാൻ നടപടി സ്വീകരിക്കുക.
8. മത്സ്യബന്ധനത്തിന് നൽകിയിട്ടുള്ള കാലുകളുടെ ലൈസൻസ് ദുരുപയോഗപ്പെടുത്തുന്നുവോ എന്നു പിരശോധിക്കുക.
9. പ്രത്യേക സീസണിൽ മത്സ്യങ്ങൾക്ക് അനുഭവപ്പെടുന്ന വൈറസ് രോഗം നിയന്ത്രിക്കുക.
10. ചില്ലറ മത്സ്യവിൽപ്പനക്കുള്ള പൊതു കേന്ദ്രങ്ങൾ വാർഡുകൾതോറും ആരംഭിക്കുക.
11. വില നിയന്ത്രണത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കി ഉപഭോക്താവിനെയും മത്സ്യത്തൊഴിലാളിയേയും ചൂഷണംചെയ്യുന്നതൊഴിവാക്കുക.
12. മത്സ്യത്തൊഴിലാളി സഹകരണസംഘം പഞ്ചായത്തു കേന്ദ്രീകരിച്ച് ആരംഭിക്കുക.



വ്യവസായം

വ്യാവസായികമായി വളരെയേറെ പിന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. നാം ആഗ്രഹിച്ചതു പോലുള്ള ഒരു വ്യാവസായിക നയവും നമുക്കില്ലാതെ പോയി. അത് കൊണ്ട് തന്നെ നമ്മുടെ ജില്ലയും, നമ്മുടെ ഗ്രാമവും വ്യാവസായിക മുന്നേറ്റത്തിന് വേണ്ടി സജീവത കൈവരിക്കേണ്ട കാലഘട്ടമാണ് ഇത്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നമുക്കുണ്ടായിരുന്ന വ്യാവസായിക മേഖല തന്നെ നമുക്ക് നിലനിർത്താൻ കഴിയാത്ത സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്.

1946ൽ സ്ഥാപിതമായ ചേനോളി മിൽ കുഞ്ഞിമംഗലത്ത് തലയുയർത്തി നിന്ന ഒരു വ്യവസായ സ്ഥാപനമായിരുന്നു. 55പേർ ജോലിചെയ്തിരുന്നു. 1951ൽ ഇവിടെ ഒരു ട്രേഡ് യൂനിയൻ നിലവിൽ വന്നു. അന്നത്തെ യൂനിയൻ പ്രസിഡന്റ് യശഃശ്ശരീരനായ ശ്രീ തമ്പാൻ വൈദ്യർ, സിക്രട്ടറി ശ്രീ മാമ്പറ്റ ബാലൻ എന്നിവരായിരുന്നു. 1955ൽ ഒന്നാമത്തെ തൊഴിൽ സമരം നടന്നു. കൂലിക്കൂടുതൽ ആവശ്യപ്പെട്ടു കൊണ്ടുള്ള സമരത്തിൽ സ്ത്രീതൊഴിലാളികളുൾപ്പെടെ മുഴുവൻ തൊഴിലാളികളും അണിചേർന്ന സമരമായിരുന്നു. 4അണ കൂലികൂടുതൽ നൽകി 20 തൊഴിലാളികളെ മാനേജ്മെന്റ് കൂറുമാറ്റി. എന്നാൽ പിന്നീടവർ പിരിഞ്ഞുപോവുകയാണുണ്ടായത്. ബാക്കിയുള്ള തൊഴിലാളികൾ പിന്നീട് ജോലിയിൽ തുടർന്നു. ഏറ്റവും ഒടുവിൽ തൊഴിലാളികൾ മുഴുവൻ ആനുകൂല്യങ്ങളും വാങ്ങി പിരിഞ്ഞുപോയി. ഇപ്പോൾ പുതിയ മാനേജുമെന്റിൽ തൊഴിൽ നടക്കുന്നുണ്ട്. 1955ലെ പണിമുടക്ക് സമരകാലത്ത് കുഞ്ഞിമംഗലത്ത് നടത്തിയ പ്രകടനത്തിൽ സ്ത്രീകൾ പങ്കെടുത്തു എന്നത് എടുത്തു പറയാവുന്നതാണ്. സ്ത്രീകൾ പങ്കെടുത്ത ആദ്യത്തെ പ്രകടനവും ഇത് തന്നെ.

ഇവിടെ തീപ്പെട്ടികോൽ, വെളിച്ചെണ്ണ ഉൽപ്പാദനം എന്നിവ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു. ഇന്ന് തീപ്പെട്ടികോൽ നിർമ്മാണം മാത്രം നടക്കുന്നു. മാത്രമല്ല കേവലം 19 തൊഴിലാളികൾ ദിവസക്കൂലിയിൽ തൊഴിലെടുക്കുന്നു.

പരമ്പരാഗതമായ കൈത്തറി വ്യവസായം ഇവിടെ മെച്ചപ്പെട്ട രീതിയിൽ വളർന്നുവന്നതായിരുന്നു. ആ തൊഴിൽ കൊണ്ടു ഉപജീവന മാർഗ്ഗം കണ്ടെത്തിയ ധാരാളം കുടുംബങ്ങൾ നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം ആ മേഖലയിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കുറഞ്ഞ വേതന നിരക്ക് എന്നിവ കാരണം കൈത്തറി മേഖലയും പ്രതിസന്ധിയിലാണ്. രണ്ട് കൈത്തറി സഹകരണ സംഘങ്ങളാണ് ഇന്ന് നിലവിലുള്ളത്. ഇവിടെ ജോലിചെയ്യുന്നവർ കേവലം 36 പേർ മാത്രമാണ്. 6ാം വാർഡിൽ വീടുകളിലും കൈത്തറി നെയ്ത്തിൽ ഏർപ്പെട്ട കുടുംബങ്ങൾ ഉണ്ട്.

ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന 4 യൂനിറ്റുകൾ ഇവിയെയുണ്ട്. 2 നൂല്പ് കേന്ദ്രവും, 2 കുപ്പടം നെയ്ത്ത് യൂനിറ്റും. 107ഓളം പേർ ഇവിടെ ജോലിചെയ്യുന്നു. മെച്ചപ്പെട്ട വേതന ഘടനയും, ഉൽപ്പാദനത്തിൽ വൈവിധ്യവും ഉണ്ടായാൽ തൊഴിലവസരങ്ങൾക്ക് സാധ്യതയുള്ള മേഖലയാണ് കൈത്തറിയും ഖാദിയും.

കുഞ്ഞിമംഗലം ഗ്രാമത്തിന്റെ മാത്രം പ്രത്യേകതയുള്ളതും, അഖിലേന്ത്യാതലത്തിൽ അറിയപ്പെടുന്നതുമായ മറ്റൊരു പരമ്പരാഗത വ്യവസായമാണ് 'വെള്ളോട്' വ്യവസായം. കുടിൽ വ്യവസായമായി വളർത്തിയെടുക്കുവാൻ ഏറെ സാധ്യതയുള്ളതാണ് വെള്ളോട് പാത്രനിർമ്മാണം. പാത്രങ്ങൾ, വിളക്കുകൾ,-പ്രത്യേകിച്ചും തട്ട്വിളക്ക്, ലക്ഷ്മിവിളക്ക്-വട്ടിളം കൂടാതെ ബിംബങ്ങൾ, വിഗ്രഹങ്ങൾ എന്നിവയുടെ നിർമ്മാണം നമ്മുടെ ഗ്രാമത്തിന്റെ തന്നെ ഒരു പ്രത്യേകതയായിരുന്നു. ഇവിടെ ഈ മേഖലയിൽ ഒരു സഹകരണ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്-ബെൽമെറ്റൽ വർക്സ് സൊസൈറ്റി. എന്നാൽ വലിയ മുതൽമുടക്ക്ആവശ്യമുള്ള ഈ വ്യവസായത്തിന് ആവശ്യമായ മൂലധന നിക്ഷേപം ഇല്ലാത്തത് കൊണ്ട് ഇവിടെയും തൊഴിലവസരങ്ങൾ ഇല്ലെന്നു പറയാം. വീടുകളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ പഞ്ചായത്തിനപ്പുറത്ത് സ്വകാര്യ ഏജൻസികൾ വഴി കമ്പോളങ്ങളിൽ എത്തിക്കുകയാണ് പതിവ്. പഞ്ചായത്തിലെ 5ാം വാർഡിൽ മാത്രം കേന്ദ്രീകരിച്ച് വളർത്തിയെടുക്കുവാൻ സാധ്യതയുള്ള ഒരു വ്യവസായമാണിത്.

പരമ്പരാഗത മേഖലയിലെ മറ്റൊരു വ്യവസായമാണ് കയർ വ്യവസായം. ഇവിടെ ഒരു കയർ നിർമ്മാണ സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു. ഏറ്റവും കുറഞ്ഞ കൂലി

യാണ് ഇവിടെ തൊഴിലാളികൾക്കു ലഭിക്കുന്നത്. എന്നിട്ടും വ്യവസായം നഷ്ടത്തിലാണ്. ചകിരി പിരിക്കൽ ജോലി മാത്രമാണ് ഇവിടെ നടക്കുന്നത്. ചകിരികൊണ്ടു തന്നെ യുള്ള പായ, പരവതാനി, കുഷ്യൻ തുടങ്ങിയവ നിർമ്മിക്കുവാനും വിദഗ്ധരായ തൊഴിലാളികളെയും, പരിശീലകരെയും കണ്ടെത്തി, ആകർഷണീയമായ വേതനവും മറ്റാനുകൂല്യങ്ങളും നല്കുവാൻ കഴിഞ്ഞാൽ സ്ത്രീകൾക്ക് ഏറെ തൊഴിലവസരങ്ങൾ നല്കുവാൻ കഴിയും. പ്രത്യേകിച്ചും ഇവിടുത്തെ കൃഷി ഉൽപ്പന്നങ്ങളിൽ ഒന്നായ നാളികേരം. ഇതിന്റെ തൊണ്ടു സംസ്കരിച്ച് കയർ വ്യവസായം മെച്ചപ്പെടുത്തുവാൻ സഹായിക്കും.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു വ്യവസായമാണ് ബീഡി വ്യവസായം. ദിനേശ് ബീഡി വ്യവസായത്തിന്റെ ഒരു യൂനിറ്റ് ഇവിടെ പ്രവർത്തിച്ചു വരുന്നു. ആദ്യ ഘട്ടങ്ങളിൽ 100ഓളം പേർക്ക് തൊഴിൽ കൊടുക്കുവാൻ കഴിഞ്ഞിരുന്ന ഒരു സ്ഥാപനമായിരുന്നു ഇത്. എന്നാൽ ഇന്ന് ഇവിടെ 48 പേർ മാത്രമാണ് ജോലിചെയ്യുന്നത്. ഇവർക്ക് തന്നെ എല്ലാ ദിവസവും തൊഴിൽ നല്കുവാനുള്ള സാധ്യതകളും കുറഞ്ഞു വരികയാണ്. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, വിപണന മാന്ദ്യം എന്നിവ കാരണം ബീഡി വ്യവസായവും പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്ന വ്യവസായങ്ങളിലൊന്നാണ്. ഈ കാരണങ്ങളാൽ വേതന ഘടന ആകർഷണീയമല്ലാത്തതും ആയതിനാൽ പുരുഷതൊഴിലാളികൾ മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

കുഞ്ഞിമംഗലം ഗ്രാമത്തിൽ ഇന്ന് നിലനിന്നു വരുന്ന മറ്റൊരു വ്യവസായമാണ് കള്ള് ചെത്ത്. ഈ രംഗത്ത് ആദ്യകാലത്തുണ്ടായിരുന്ന തോതിൽ തൊഴിലാളികൾ ഇന്നീ രംഗത്തില്ല. മോശമല്ലാത്ത വേതനവും ബോണസ് ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും ഉണ്ടായിട്ടും ഈ രംഗത്ത് തൊഴിലെടുക്കാൻ യുവാക്കൾ മുന്നോട്ടു വരുന്നില്ല. തൊഴിലെടുക്കുന്നവരെ സംബന്ധിച്ചിടത്തോളം 'തെങ്ങ്' ആവശ്യത്തിന് കിട്ടുന്നില്ല എന്നതും പ്രതിസന്ധി ഉണ്ടാക്കുന്നു. 50ഓളം തൊഴിലാളികൾ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുണ്ട്.

കുടിൽ വ്യവസായ രംഗത്ത് നേരത്തെയുണ്ടായിരുന്ന 'അവലിടി', ഇന്ന് വീടുകളിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു. വർഷങ്ങൾക്ക് മുമ്പ് ഇവരുടെ ഒരു സഹകരണ സംഘം നിലവിൽ വന്നിരുന്നു. നെല്ല് സംഭരിക്കുകയും തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ തുടർന്ന് വേണ്ടത്രനെല്ല് സംഭരിക്കാൻ രഴിയാത്തതുകൊണ്ടും, തൊഴിലാളികൾ മറ്റ് തൊഴിൽ സ്വീകരിച്ചതിനാലും 'അവലിടി' സംരംഭം ഉപേക്ഷിച്ച് ബെയ്ക്കറി ഉൽപ്പാദനം ആരംഭിച്ചിരിക്കുന്നു.

പഞ്ചായത്തിലെ മറ്റ് കുടിൽ വ്യവസായങ്ങളായ പായ, കൊട്ട, ഓലമടയൽ, മൺപാത്ര നിർമ്മാണം എന്നിവ തളർച്ചയിലും തകർച്ചയിലുമാണ്. ആധുനിക രീതിയിലുള്ള മാർക്കറ്റിംഗ് സൗകര്യം സംരഭകർക്ക് വിപണന സൗകര്യമില്ലാത്തതു കൊണ്ടുള്ള ആത്മവിശ്വാസക്കുറവ്, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നിവ ഇതിന്റെ പിറകോട്ടു പോക്കിന് കാരണമായിത്തീർന്നു. സഹകരണ മേഖലയിൽ തൊഴിലാളികളെ സംഘടിപ്പിച്ചും മൂലധന നിക്ഷേപം ആവശ്യത്തിനുണ്ടാക്കി വിദഗ്ധ തൊഴിലാളികളെ കണ്ടെത്തിയും പരിശീലനം നല്കിയും നിലനിർത്താവുന്നതും, സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും സാധിക്കുന്ന ഒരു മേഖലയാണിത്.

ടെയ്ലറിംഗ് യൂനിറ്റ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവയും പ്രോത്സാഹിപ്പിക്കുവാൻ കഴിയും. പഞ്ചായത്തിൽ ഇപ്പോൾ 34 ചെറുകിട വ്യവസായ യൂനിറ്റുകൾ പ്രവർത്തിക്കുന്നു. വെൽഡിംഗ് എൻജിനിയറിംഗ്, ഇലക്ട്രോണിക്സ് റിപ്പേറിംഗ്, വർക്ക് ഷോപ്പ് ഗാരേജ്, കുഷ്യൻ നിർമ്മാണം, ടയർ റീസോളിംഗ്, സോഡ നിർമ്മാണം കൂടാതെ 5 ഓയിൽ മിൽ, 10റൈസ് ഫ്ലവർമിൽ, ഒരു തീപ്പെട്ടിക്കമ്പനി എന്നിവയും ഇതിൽ ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ചെറുതും വലുതുമായ 285 കച്ചവട സ്ഥാപനങ്ങൾ നിലവിലുണ്ട്.

ഓരോ കുടുംബത്തിനും സ്വന്തമായിചെയ്യുവാൻ പറ്റുന്ന മറ്റൊരു ചെറുകിട വ്യവസായമാണ് സെറികൾച്ചർ. ചുരുങ്ങിയ മുതൽ മുടക്കിൽ കുടുംബാഗങ്ങളുടെ ശ്രമം കൊണ്ടു തന്നെ സ്ഥിരമായ വരുമാനം ഉണ്ടാക്കുവാൻ കഴിയുന്ന ഗ്രാമീണമേഖലയിലെ ഒരു കാർഷിക വ്യവസായമാണ് സെറികൾച്ചർ. കഠിനാധ്വാനവും വലിയ സാങ്കേതി വൈദഗ്ധ്യവും ആവശ്യമില്ലാത്തതിനാൽ ഒരു വീട്ടിലെ വൃദ്ധ ജനങ്ങളുടെയും, സ്ത്രീകളുടെയും, കുട്ടികളുടെയും ശ്രമം ഇതിനായി പ്രയോജനപ്പെടുത്താം. മൾബറിക്കൃഷി ചെയ്ത് ആറു മാസം കൊണ്ടു തന്നെ വരുമാനം ലഭിക്കുന്നതാണ് ഇതിന്റെ പ്രത്യേകത.

ജലസേചന സൗകര്യമുള്ളതും അരയേക്കർ സ്ഥലമുള്ള ഏതൊരു വ്യക്തിക്കും മൾബറിക്കൃഷി ചെയ്യാവുന്നതാണ്. ഒരേക്കർ സ്ഥലത്തുനിന്ന് പ്രതിവർഷം 20000 രൂപ വരെ അധികവരുമാനമുണ്ടാക്കുവാൻ കഴിയുന്നു.

പരമ്പരാഗതമായ കൃഷികളിൽ നിന്നും വ്യത്യസ്തമാണ് സെറികൾച്ചർ. അതുകൊണ്ടുതന്നെ കേരള സർക്കാറിന്റെ ഉടമസ്ഥതയിൽ കേരളാ സ്റ്റേറ്റ് സെറികൾച്ചർ കോഃഓപ്. ഫെഡറേഷനിലൂടെ(സെറിഫെഡ്) നിരവധി സഹായങ്ങൾ കർഷകർക്ക് ചെയ്തു കൊടുക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. വ്യവസായങ്ങൾ തുടങ്ങുവാനുള്ള സ്ഥല സൗകര്യം പഞ്ചായത്തിൽ കുറവാണ്.
2. വൈദ്യുതി കണക്ഷന് കാലതാമസമുണ്ടാകുന്നു. കൂടാതെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
3. അസംസ്കൃത സാധനങ്ങൾ യഥേഷ്ടം ലഭ്യമല്ല.
4. വിദഗ്ധ തൊഴിലാളികളുടെ കുറവ് അനുഭവപ്പെടു

ന്നു.

5. പരമ്പരാഗത തൊഴിലാളികൾക്ക് കൂലിയിൽ ഗണ്യമായ കുറവ്.

6. വ്യാവസായിക ആവശ്യത്തിനുള്ള വായ്പാ സൗകര്യ കുറവ്.

7. പരമ്പരാഗത വ്യവസായങ്ങൾക്ക് മാർക്കറ്റ് കുറവ് അനുഭവപ്പെടുന്നു.

പട്ടിക എ

നമ്പർ	സ്ഥാപനങ്ങളുടെ പേര്	1998ൽ തൊഴിലാളികൾ	ഉദ്യോഗസ്ഥർ	ലാഭം/നഷ്ടം
1.	കേരള ദിനേശ് ബീഡി ബ്രാഞ്ച്-1	47	1	-
2.	കുഞ്ഞിമംഗലം വീവേർസ് സൊസൈറ്റി	21	2	നഷ്ടം
3.	കണ്ടംകുളങ്ങര വീവേർസ് സൊസൈറ്റി	12	1	നഷ്ടം
4.	കുഞ്ഞിമംഗലം കയർവ്യവസായ സഹകരണ സംഘം	11	1	നഷ്ടം
5.	ബെൽമെറ്റൽ വ്യവസായ സഹകരണ സംഘം	5	1	നഷ്ടം
6.	അവിൽ ഇടി തൊഴിലാളി സഹകരണ സംഘം	2	1	ലാഭം
7.	ക്ഷീര വ്യവസായ സഹകരണ സംഘം	1	-	-
8.	വനിത-സൊസൈറ്റി പ്രസ്സ്	11	-	-
9.	മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ബ്രാഞ്ച്	6	7	ലാഭം
10.	കുഞ്ഞിമംഗലം സർവ്വീസ് സഹകരണ ബാങ്ക്	5	10	ലാഭം
11.	പയ്യന്നൂർ ഖാദികേന്ദ്രം കുപ്പടം നെയ്ത്ത് യൂനിറ്റ് (2)	44	2	-
12.	പയ്യന്നൂർ ഖാദി കേന്ദ്രം നൂൽനൂല്പ് യൂനിറ്റ് (2)	60	2	-
13.	ചേനോളി മിൽ-തീപ്പെട്ടി വ്യവസായം (സ്വകാര്യം)	19	-	-

സാധ്യതകൾ

1. വ്യവസായ സംരംഭകരുടെ ആവശ്യാർത്ഥം പഞ്ചായത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

2. പരമ്പരാഗത വ്യവസായങ്ങളെ ആധുനിക രീതിയിൽ വളർത്തുവാനുള്ള ശ്രമമുണ്ടാകണം.

3. വ്യവസായ സംരംഭകർക്ക് വ്യവസായ പരിശീലനം നല്കുക.

4. പഞ്ചായത്തിനകത്തുനിന്ന് ലഭ്യമാക്കുവാൻ സാധിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് വ്യവസായം നടത്തുവാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

5. കുഞ്ഞിമംഗലത്ത് ലഭ്യമാകുന്ന തൊണ്ട് ശേഖരിച്ച് ചികരി സംസ്കരിച്ചെടുക്കുവാനും, ചകിരിച്ചോറ് ജൈവവളമാക്കുവാനുമുള്ള പരിജ്ഞാനവും സഹായവും നല്കുക.

6. പാൽ സംഭരണം, സോപ്പ് നിർമ്മാണം, വെളിച്ചെണ്ണ, കോഴിവളർത്തൽ, ബേക്കറി, മെഴുകുതിരി, ആണി എന്നിവ ഉൽപ്പാദിപ്പിക്കുവാനുള്ള സഹായങ്ങൾഉണ്ടാക്കുക.

7. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ചെരുപ്പ് നിർമ്മാണം എന്നിവ തുടങ്ങുവാനുള്ള സഹായം ലഭ്യമാക്കുക.

8. സെറി കൾച്ചർ-കാർഷിക വ്യവസായത്തിന് ആവശ്യമായ പരിശീലനവും സഹായവും ജില്ലാ സെറി ഫെഡ് ഓഫീസ് മുഖാന്തരം ലഭ്യമാണ്.

തൊഴിലില്ലാത്തവർ

പട്ടിക ബി

	പ്രായം 18നും 40നും ഇടയിൽ		പ്രായം 40നും 55നും ഇടയിൽ	
	പുരു.	സ്ത്രീ	പുരു.	സ്ത്രീ.
	1623	2837	549	940
ആകെ	1623	2837	549	940

ആകെ..5949

വിവിധ മേഖലയിൽ തൊഴിലെടുക്കുന്നവർ

	പുരു.	സ്ത്രീ.
സർക്കാർമേഖല	320	103
അർദ്ധസർക്കാർ മേഖല	136	45
കർഷകതൊഴിലാളി	611	784
നിർമ്മാണ തൊഴിലാളി	394	173
മറ്റു മേഖല	1815	438
ആകെ	**3276**	**1760 = 5036**

അവലംബം ഗ്രാമവികസന സർവ്വെ

വ്യാപാര വ്യവസായ സ്ഥാപനങ്ങൾ

പലചരക്കട	സ്റ്റേഷനറികട	തുണിക്കട	പച്ചക്കറിക്കട	മറ്റ്കച്ചവടം	ഓയൽമിൽ	റൈസ്& ഫ്ലോർ	തീപ്പെട്ടി	മറ്റ്
77	34	5	8	66	5	10	1	21

വിദ്യാഭ്യാസം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്തുതന്നെ കുഞ്ഞിമംഗലത്ത് ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വന്നിരുന്നു. എന്നാൽ അതിന് എത്രയോ മുമ്പു തന്നെ അക്ഷരസമ്പാദനത്തിനു വേണ്ടിയുള്ള ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നിരുന്നു. സ്വയം സമർപ്പിതരായ എഴുത്തച്ഛന്മാർ നേതൃത്വം നല്കിയ പ്രസ്തുത കേന്ദ്രങ്ങൾ 'കുടിപ്പള്ളിക്കൂടങ്ങൾ' ,'എഴുത്തൂട്' എന്നീ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. നിലത്തെഴുത്തിലൂടെയായിരുന്നു അവിടെ അക്ഷരാഭ്യസം. ഇതോടൊപ്പം അമരകോശം, മണിപ്രവാളം എന്നിവകൂടി അഭ്യസിച്ചിരുന്നതായി അത്തരം കേന്ദ്രങ്ങളിൽ പഠിച്ച ഇന്നും ജീവിച്ചിരിക്കുന്നവർ ഓർക്കുന്നു. പ്രത്യേകം വേതനം ഒന്നും ഇല്ലായിരുന്നെങ്കിലും പണം, നെല്ല്, തേങ്ങ തുടങ്ങിയവ ഗുരുദക്ഷിണയായി എഴുത്തച്ഛന്മാർക്ക് ലഭിച്ചിരുന്നു. നവമി കാലങ്ങളിൽ നടത്തുന്ന ആയുധപൂജ സമയത്താണ് 'കാര്യമായ' വരുമാനം അവർക്ക് ലഭിച്ചിരുന്നത്. കുടിപ്പള്ളിക്കൂടങ്ങൾക്കു പുറമെ പാണച്ചിറമ്മിലും വടക്കുമ്പാടും ഏതാനും നിശാ പാഠശാലകൾക്കൂടി പ്രവർത്തിച്ചിരുന്നു. ഇംഗ്ലീഷ് അക്ഷരമാലകൾ പരിചയപ്പെടാനുള്ള അവസരം അവിടെ നിന്ന് ലഭിച്ചതായി പഴമക്കാർ ഇന്നും ഓർക്കുന്നു.

കുഞ്ഞിമംഗലത്തെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം ഇന്നത്തെ കുഞ്ഞിമംഗലം ഗവ.എൽ.പി സ്കൂളാണ്. സ്വകാര്യ മാനേജുമെന്റിന്റെ കീഴിൽ തുടങ്ങിയ പ്രസ്തുത വിദ്യാലയം ആരംഭത്തിൽ കുറുവാട്ട് അമ്പലത്തിന്റെ പരിസരത്താണ് പ്രവർത്തിച്ചിരുന്നത്. 'പെണ്ണുസ്കൂൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ സ്കൂളിൽ അക്കാലത്ത് അദ്ധ്യാപികമാർ മാത്രമായിരുന്നു പഠിപ്പിച്ചിരുന്നത്. ഏതാണ്ട് ഇക്കാലത്തു തന്നെയാണ് കണ്ടംകുളങ്ങരയിൽ ഇന്നു കാണുന്ന ഗവ. സെൻട്രൽ യു.പി.സ്കൂൾ എലിമെന്ററി സ്കൂളായി ആരംഭിച്ചതും. സ്വകാര്യ മാനേജുമെന്റിന്റെ കീഴിൽ തുടങ്ങിയ ഈ സ്ഥാപനത്തിൽ 'പെണ്ണുസ്കൂളിൽ' നിന്നു വ്യത്യസ്തമായി 5ാം തരം വരെ പഠിക്കുവാനുള്ള സൗകര്യമുണ്ടായിരുന്നു. നാട്ടുകാരുടെ ശ്രമഫലമായി മലബാർ ഡിസ്ട്രിക്ട് ബോർഡ് പിൽക്കാലത്ത് ഇതിനെ ഒരു യു.പി. സ്കൂളായി ഉയർത്തി.

1914ൽ എൽ.പി. സ്കൂളായി ആരംഭിച്ച ഇന്നത്തെ ഗോപാൽ യു.പി. സ്കൂൾ തെക്കുമ്പാട് ശ്രീ വീരചാമുണ്ഡേശ്വരി ക്ഷേത്രത്തിന് പടിഞ്ഞാറു വശത്തായിരുന്നു ആരംഭിച്ചത്. ആ സ്ഥലം ഏറെക്കാലം 'സ്കൂൾ വളപ്പ്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. സ്വകാര്യ മാനേജുമെന്റിന്റെ കീഴിൽ തന്നെ ആരംഭിച്ച ഈ സ്കൂൾ 1946ൽ യു.പി. സ്കൂളായി ഉയർത്തപ്പെട്ടു. ESLC സമ്പ്രദായം നിലനിന്നിരുന്ന അക്കാലത്ത് എട്ടാം ക്ലാസുവരെ പഠിക്കുവാനുള്ള സൗകര്യമാണ് യു.പി. സ്കൂളിൽ നിലനിന്നിരുന്നത്. ഈ സൗകര്യം അന്ന് ഗോപാൽ യു.പി. സ്കൂളിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സമീപ പ്രദേശങ്ങളിലുള്ള വിദ്യാർത്ഥികൾ പോലും യു.പി. സ്കൂൾ വിദ്യഭ്യാസത്തിന് ഈ സ്കൂളിനെയാണ് ആശ്രയിച്ചിരുന്നത്.

എടനാട് വെസ്റ്റ് എൽ.പി. സ്കൂളിന് 1925ൽ ആണ് സർക്കാർ അംഗീകാരം ലഭിച്ചത്. എന്നാൽ അവിടെ നേരത്തെയുണ്ടായിരുന്ന 'എഴുത്തുവീടി'ന്റെ തുടർച്ചയായി 1920ൽ തന്നെ അനൗദ്യോഗികമായി ഈ വിദ്യാലയം ആരംഭിച്ചതായി കാണുന്നു. 1921ൽ ആയിരുന്നു ഗവ. മാപ്പിള എൽ.പി. സ്കൂൾ ആരംഭിച്ചത്. 1925ൽ എടനാട് ഈസ്റ്റ് എൽ.പി. സ്കൂളുമാരംഭിച്ചു. ഏഴിലോടുള്ള ചെറുതാഴം എൽ.പി. സ്കൂളിനെയും വിദ്യാഭ്യസത്തിന് വേണ്ടി ഈ പ്രദേശത്തുകാർ ആശ്രയിച്ചിരുന്നു.

1951ൽ എടനാട് യു.പി. സ്കൂൾ ആരംഭിച്ചു. ഒരു ഹൈസ്കൂൾ സ്ഥാപിച്ചു കിട്ടുന്നതിന് വേണ്ടി നമുക്ക് 1966 വരെ കാത്തുനിൽക്കേണ്ടി വന്നു. അതുവരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടി പയ്യന്നൂർ, മാടായി എന്നിവിടങ്ങളിലെ സ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ 1966ൽ പൂർണ്ണമായും നാട്ടുകാരുടെ ശ്രമഫലമായി ഒരു സർക്കാർ ഹൈസ്കൂൾ ആരംഭിച്ചതോടെ ഈ അവസ്ഥക്കു മാറ്റം വന്നു. സാമാന്യ വിദ്യാഭ്യാസം ഏറെക്കുറെ സാർവ്വത്രികമാക്കുന്നതിന് ഈ സ്ഥാപനം നൽകിയ സംഭാവന സ്തുത്യർഹമാണ്. എന്നാൽ 1965ൽ തന്നെ കുഞ്ഞിമംഗലത്ത് പയ്യന്നൂർ കോളേജ് സ്ഥാപിക്കപ്പെട്ടിരുന്നു. പയ്യന്നൂർ എഡുക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഈ കോളേജ് കുഞ്ഞിമംഗലത്താണെങ്കിലും ഇവിടുത്തെ വളരെ കുറച്ച് കുട്ടികൾക്കു മാത്രമേ ഉപരി പഠനത്തിന് പ്രയോജനപ്പെടുന്നുള്ളൂ. എങ്കിലും സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഈ സ്ഥാപനം ഒരു അനുഗ്രഹം തന്നെയാണ്. ഭൂരിഭാഗം കുട്ടി

കൾക്കും ഉപരിപഠനത്തിന് പയ്യന്നൂരും പരിസരങ്ങളിലുമുള്ള സമാന്തര കോളേജുകളെ ആണ് ആശ്രയിക്കേണ്ടി വരുന്നത്. ജൂനിയർ കോളേജായി ആരംഭിച്ച പയ്യന്നൂർ കോളേജിൽ ഇന്ന് വിവിധ വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ ചേർന്ന് പഠിക്കുവാനുള്ള അവസരമുണ്ട്.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഫലമായി സാമൂഹ്യ രംഗത്ത് കാര്യമായ മാറ്റങ്ങൾ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. അയിത്തവും, തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന അക്കാലത്ത് ജാതിഭേദമെന്യെ ഒന്നിച്ചിരുന്ന് പഠിക്കുവാനുള്ള സാഹചര്യം ഉണ്ടായിരുന്നു. ഇത് കുട്ടികളിലും അത് വഴി നാട്ടുകാരിലും ഇത്തരം അനാചാരങ്ങൾക്കെതിരായ മനോഭാവം വളർത്തുന്നതിൽ ഏറെ സഹായിച്ചിട്ടുണ്ട്. പെൺകുട്ടികളെ സ്കൂളിലയച്ച് വിദ്യാഭ്യാസം നൽകുന്നതിൽ രക്ഷിതാക്കൾ താൽപ്പര്യം എടുത്തിരുന്നു എന്നത് ശ്രദ്ധേയമാണ്. 'പെണ്ണുസ്കൂൾ'എന്ന പേരും അദ്ധ്യാപികമാർ മാത്രം പഠിപ്പിച്ചിരുന്നു എന്നതും ഇതിന് പ്രേരക ഘടകങ്ങളായിരിക്കാം. ദേവി ടീച്ചറും ഉമ്മു ടീച്ചറും പാഞ്ചു ടീച്ചറും ഇന്നും ഓർക്കപ്പെടുന്നു.


ഉപരിപഠനത്തിനുള്ള ഭൗതിക സാഹചര്യം മുൻകാലങ്ങളിൽ പരിമിതമായത് നമ്മുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് ഒരു പരിധിവരെ കാരണമായിട്ടുണ്ട്. എന്നാൽ ഇന്ന് ചിത്രം മാറി. പ്രശസ്തരായ ഡോക്ടർമാർ, ഇൻജിനിയർമാർ, അദ്ധ്യാപകർ, മറ്റുദ്യോഗസ്ഥൻമാർ, ബിരുദ ബിരുദാനന്തര പ്രൊഫഷണൽ ബിരുദം നേടി സ്വദേശത്തും വിദേശത്തും ജോലി നോക്കുന്ന ഒരുപാടാളുകൾ നമ്മുടെ വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങളാണ്. അഭ്യസ്തവിദ്യരായ ധാരാളം ചെറുപ്പക്കാരും നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലാതെയുണ്ടെന്ന കാര്യവും അംഗീകരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന കോട്ടമാണ് ഇതെന്ന കാര്യം വിസ്മരിച്ചു കൂടാ.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

നിലവിൽ സർക്കാർ മേഖലയിൽ ഒരു ഹൈസ്കൂളും ഒരു യു.പി. സ്കൂളും സ്വകാര്യ മേഖലയിൽ ഒരു കോളേജും രണ്ട് യു.പി. സ്കൂളും, രണ്ട് എൽ.പി. സ്കൂളും, അൺ എയ്ഡഡ് മേഖലയിൽ ഒരു യു.പി. സ്കൂളും, ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും(CBSEസ്കീം) ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിനു പുറമെ 11 അംഗൻവാടികളും 4 നഴ്സറി സ്കൂളും 2 ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും രണ്ട് പാരലൽ കോളേജുകളും ഒരു ട്യൂട്ടോറിയൽ സ്ഥാപനവും ഒരു കമ്പ്യൂട്ടർ സെന്ററും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ പട്ടിക ഒന്നിൽ കൊടുക്കുന്നു.

അദ്ധ്യാപകരുടെ യോഗ്യതകൾ

പ്രൈമറിയിലും ഹൈസ്കൂളിലും അടിസ്ഥാന യോഗ്യതകൾ യഥാക്രമം SSLC, TTCയും BA/BSC, B.Edഉം ആണെങ്കിലും അധിക യോഗ്യതകളുള്ള ധാരാളം അദ്ധ്യാപകർ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ചിത്രം ശ്രദ്ധിക്കുക.



കോളേജിലെ അധ്യാപകരുടെ യോഗ്യതയും എണ്ണവും

1.	M.A./MSc./MCom.	70
2.	MA/MSc. & MEd	2
3.	MA/MSc $ BEd	11
4.	MA/MSc & PhD	7
5.	MSc/MPhil	22
6.	MA, MPhil, PhD & Diploma in Russian	1
7.	M PEd & MPhil	1
8.	M PEd.	1
	Total	**115**

കഴിഞ്ഞ 10 വർഷത്തെ കുട്ടികളുടെ എണ്ണം നോക്കിയാൽ ഗോപാൽ യു.പി. സ്കൂൾ, ഗവ. സെൻട്രൽ യു.പി. സ്കൂൾ, ജി.എം. എൽ.പി. സ്കൂൾ, എടനാട് വെസ്റ്റ് എൽ.പി. സ്കൂൾ, എടനാട് ഈസ്റ്റ് എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. എടനാട് ഈസ്റ്റ് എൽ.പി. സ്കൂൾ ഇടക്കാലത്ത് അൺ ഇക്കണോമിക്ക് പോലുമായിട്ടുണ്ട്. അടുത്ത കാലത്തായി ഹൈസ്കൂളിലും നേരിയ കുറവ് അനുഭവപ്പെടുന്നുണ്ട്. അൺ എയ്ഡഡ് സ്കൂളിന്റെ സാമിപ്യം, പൊതുവിദ്യാലയങ്ങളിലെ നിലവാരത്തകർച്ച, ഇംഗ്ലീഷ് മീഡിയത്തോടുള്ള ഭ്രമം, കുടുംബാസൂത്രണം തുടങ്ങിയവയാണ് പൊതുകാരണങ്ങളായി ചൂണ്ടിക്കാണിക്കാനുള്ളത്.

ഭൗതിക സൗകര്യങ്ങൾ

സ്കൂളുകളും ഭൗതിക സൗകര്യങ്ങളും

പട്ടിക II

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ഡിവിഷൻ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനി ആവശ്യമുള്ള മുറികൾ	കെട്ടിടം നിർമ്മിക്കാൻ സ്ഥലം	മൂത്രപ്പുര എണ്ണം	മൂത്രപ്പുര ഒരേ സമയം എത്രപേർ ഉപയോഗിക്കുന്നു	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	കക്കൂസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസ്	കുടിവെള്ളം കിണർ/പൈപ്പ്	പാചകപ്പുര	സ്റ്റാഫ് റൂം	ആവശ്യത്തിന് ഫർണിച്ചർ	കമ്പസ്സിന്റെ വിസ്തീർണ്ണം	കളിസ്ഥലം.. വിസ്തീർണ്ണം	ബ്ലാക്ക് ബോർഡ് ആവശ്യത്തിന്	ചുറ്റുമതിൽ	ശൗചാലയം
			സ്ഥിരം	അസ്ഥിരം	താൽക്കാലികം	സ്ഥിരം	അസ്ഥിരം	താൽക്കാലികം																	
1.	എടനാട് വെസ്റ്റ് L.P.	6	1	3	-	3	6	-	-	ഉണ്ട്	2	10	2	ഇല്ല	-	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	1ഏ.	0.75ഏ.	ഉണ്ട്	ഇല്ല	ഇല്ല
2.	എടനാട് ഈസ്റ്റ് L.P.	4	3	-	-	3	-	-	-	ഇല്ല	1	5	1	ഇല്ല	-	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	18.5സ	ഇല്ല		ഇല്ല	ഇല്ല
3.	ഗവ. L.P.	4	1	-	-	-	-	4	-	ഇല്ല	2	2	4	1	-	പൈപ്പ്	ഉണ്ട്	ഇല്ല	ഇല്ല	0.48ഏ	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
4.	ഗവ. മാപ്പിള L.P.	7	2	-	-	-	-	-	-	-	2	2	-	1	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	-	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
5.	എടനാട് യു.പി.	6	2	-	-	5	-	-	-	-	2	10	1	1	-	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	1 ഏ	0.80	ഉണ്ട്	ഇല്ല	ഇല്ല
6.	ഗവ. സെൻട്രൽ യു.പി.	22	4	-	-	22	-	-	4	-	2	12	1	1	1	പൈപ്പ്	ഇല്ല	ഉണ്ട്	ഇല്ല	0.45		ഇല്ല	ഇല്ല	ഉണ്ട്
7.	ഗോപാൽ യു.പി.	19	8	2	-	5	-	-	-	-	2	20	-	1	-	കിണർ ഉണ്ട് ◇?	ഉണ്ട്	ഉണ്ട്	ഉണ്ട്	0.40		ഉണ്ട്	ഉണ്ട്	
8.	ഗവ. ഹൈസ്കൂൾ	32	4	-	1	19	5	-	14	ഉണ്ട്	3	20	2	2	1	കിണർ പൈപ്പ്	ഇല്ല	ഉണ്ട്	[illegible]	5.22	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
9.	പി.ഇ.എസ്.	20	3	-	-	27	-	-	-	ഉണ്ട്	2	20	-	2	-	പൈപ്പ്	ഇല്ല	ഉണ്ട്	ഉണ്ട്	-	-	ഉണ്ട്	ഇല്ല	ഇല്ല
10.	എ.എം.ഐ.എം.യു.പി.	3	1	-	-	4	-	-	3	ഉണ്ട്	1	10	-	1	-	കിണർ	ഇല്ല	ഇല്ല	ഉണ്ട്	1.73	1 ഏ	ഉണ്ട്	ഇല്ല	ഇല്ല

◇? വെള്ളം കുടിക്കാൻ കൊള്ളില്ല

കുട്ടികളെയും അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ

പട്ടിക 1

ക്രമ നമ്പർ	വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര്	ഉടമസ്ഥത	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			അദ്ധ്യാപക തസ്തികകളുടെ എണ്ണം	നിലവിലുള്ള ഒഴിവുകൾ	അദ്ധ്യാപകരുടെ യോഗ്യതകൾ					റിമാർക്സ്
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ			SSLC TTC	PDC TTC	BA/BSc. BEd	MA/MSc BEd.	മറ്റുള്ളവ	
1.	എടനാട് വെസ്റ്റ് എൽ.പി. എസ്	Aided	108	86	194	2	5	7	—	—	5	—	1	1	—	
2.	എടനാട് ഈസ്റ്റ് എൽ.പി. എസ്.	Aided	79	47	126	2	3	5	—	—	1	2	1	—	1	
3.	ഗവ. എൽ.പി. എസ്	Govt.	69	66	135	1	2	3	1	2	2	—	1	—	—	1 താല്കാലിക നിയമനം
4.	ജി.എം.എൽ.പി.എസ്	Govt.	102	94	196	3	4	7	—	—	6	—	—	—	1	
5.	എടനാട് യു.പി. എസ്	Aided	111	71	182	3	8	11	1	—	2	1	4	—	4	
6.	ഗവ. സെൻട്രൽ യു.പി.എസ്	Govt.	432	324	756	11	13	24	1	1	14	3	5	—	2	
7.	ഗോപാൽ യു.പി.എസ്	Aided	322	306	628	11	15	26	1	—	12	6	5	—	3	
8.	ഗവ. ഹൈ സ്കൂൾ	Govt.	699	658	1357	29	20	49	4	2	—	—	34	7	8	2 താല്കാലിക നയമനം
	ആകെ		**1922**	**1652**	**3574**	**62**	**70**	**132**	**8**	**5**	**42**	**12**	**51**	**8**	**19**	
1.	പി.ഇ.എസ്. എടാട്ട്	Un Aided	303	183	486			30	—	—	—	—	—	—	—	
2.	എ.എം.ഐ.എം.യു.പി.എസ് കൊയപ്പാറ	UnAided	51	58	109	4	1	5	—	—	1	—	3	—	1	
1.	പയ്യന്നൂർ കെളേജ്	Aided	1316	1272	2588	72	43	115	66	—	—	—	—	—	—	

ചെലവ് സംബന്ധിച്ച വിവരം (ആവർത്തന സ്വഭാവമുള്ളത്) 1995-96 വർഷം

പട്ടിക 5

ക്രമ നമ്പർ	വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര്	ചെലവ് (രൂപ)								A വരവ് (രൂപ)			B വരവ് (രൂപ)			
		കെട്ടിട അറ്റകുറ്റപ്പണി	ഫർണിച്ചർ അറ്റകുറ്റപ്പണി	ഉപകരണം/രാസവസ്തുക്കൾ	സ്റ്റോർട്ട്സ്	കല/വിനോദം	ലൈബ്രറി	ഉച്ചക്കഞ്ഞി	മറ്റിനം	സർക്കാർ	തദ്ദേശ സ്ഥാപനം	ആകെ	ഫീസിനം	എന്റോവ്മെന്റ്	പിടിഎ	മറ്റിനം
1.	എടനാട് W LPS	1500	1500	200	800	5000	300	3160	200	5,10,662	718.75	511380.75	.	500	3000	7164.25
2.	എടനാട് E LPS	3000	500	500	250	12000	3000	5825	370	193441	620.25	194061.25		400	1920	10000
3.	G.L.P.S	..	..	..	..	..	..	4130	..	274217	405.00	274622		910		
4.	G.M.L.P.S.							3688		486707	1000.00	487707		950	1055	
5.	എടനാട് U.P.S.	2500	1000	200	350	250	162	4162	150	591064	511.00	591575	1023		1500	
6.	GCUPS		500	1990	998	998	499	14755		842041	2015.00	846056	3980		10660	
7.	ഗോപാൽ U.P.S	2220			936		240	5200	1000	1016294	1084.00	107378	2997	1000		
8.	G.H.S.		762	4000	3345	5180	5000			2802062		2802062	17482	3510	45214	
	ആകെ		4262	6890	6679	23428	9201	40920	1720	6716488	6354	6722842	25482			
1.	PES വിദ്യാലയ	50000	2000	500	500	1000			65200				30000	3000	500	
2.	AMIMUPS			31298	5410		6998						512786			
1.	പയ്യന്നൂർകോളേജ്	50000		100000	30000	75000	50000		75000	10000000		10000000	300000	10000	100000	200000

A. അൺഎയ്ഡഡ് വിദ്യാലയങ്ങൾ ഒഴികെ ബാക്കിയുള്ള സ്കൂളുകൾ — പട്ടിക 4

	നിലവാരം ശതമാനരൂപത്തിൽ				
ക്ലാസ്	30%..ൽ താഴെ	30%..40%	40%..50%	50%..60%	60%..ന് മുകളിൽ
1 മുതൽ 10 വരെ	24.43	18.60	14.85	11.89	30.23
B. P.E.S. വിദ്യാലയം, എടാട്ട്.					
1 മുതൽ 10 വരെ	4.45	17.21	18.77	23.02	36.55
C. AMIMUPS, കൊയപ്പാറ.					
5 മുതൽ 7 വരെ	28.44	21.10	24.78	12.84	12.84

ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത,മിക്ക സ്കൂളുകളുടെയും പ്രവർത്തനത്തെ കാര്യമായ രീതിയിൽ തന്നെ ബാധിക്കുന്നുണ്ട്. കെട്ടിടം, പ്രത്യേകം മുറികൾ, ഫർണിച്ചർ, മൂത്രപ്പുരകൾ, കക്കൂസുകൾ, കളിസ്ഥലം, ലബോറട്ടറി, ലൈബ്രറി, സ്റ്റാഫ് റൂം തുടങ്ങിയവ ഒരു സ്കൂളിലും തൃപ്തികരമായി ഇല്ല എന്നുതന്നെ പറയാം(പട്ടിക 2-3ഇവ കാണുക).

പകുതിക്കുട്ടികൾക്കുമാത്രം പഠിക്കാവുന്ന സൗകര്യമേ കുഞ്ഞിമംഗലം ഹൈസ്കൂളിലുള്ളു. അവിടെ ഷിഫ്റ്റ് സമ്പ്രദായമാണ്. ഇത് പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. +2, VHS,കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവ മറ്റു ഹൈസ്കൂളുകളിൽ ഏർപ്പെടുത്തുമ്പോൾ ഇവിടുത്തെ ഭൗതിക സൗകര്യത്തിന്റെ അപര്യാപ്തത കാരണം ഇവിടെ അത് ലഭിക്കാതെ വരുന്നു. ഗോപാൽ യു.പി. സ്കൂളിലെ കുടിവെള്ള പ്രശ്നം ഗുരുതരമാണ്. അവിടത്തെ കിണറിൽ ശുദ്ധ ജലം ലഭ്യമല്ല. ഹൈസ്കൂളൊഴികെ മറ്റെല്ലാ സർക്കാർ സ്കൂളിനും വാടകകെട്ടിടമാണ്. ഉച്ചക്കഞ്ഞിയുള്ള പല സ്കൂളിലും പാചക മുറിയില്ലാത്ത പ്രശ്നമുണ്ട്.

പഞ്ചായത്തിലെ മിക്ക വാർഡുകളിലെയും വിദ്യാർത്ഥികൾക്ക് യു.പി, ഹൈസ്കൂൾ എന്നിവിടങ്ങളിൽ എത്തിച്ചേരുവാൻ ഒരു കിലോ മീറ്ററിൽ കൂടുതൽ യാത്ര ചെയ്യേണ്ടതുണ്ട്. ചെറുതാഴം പോലുള്ള സമീപ പഞ്ചായത്തുകളിൽ നിന്നും ധാരാളം കുട്ടികൾ കുഞ്ഞിമംഗലം ഹൈസ്കൂളിലേക്കും എടനാട് ഭാഗത്തെ കുറെ കുട്ടികൾ പയ്യന്നൂർ ഹൈസ്കൂളിലേക്കും പഠനത്തിനായി എത്തുന്നുണ്ട്. ഇതിനും പുറമെ പഞ്ചായത്തിലെ കുറെ കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്കും പയ്യന്നൂരിലുള്ള സ്വകാര്യ സ്കൂളുകളിലേക്കും പോകുന്നുണ്ട്.

പയ്യന്നൂർ കോളേജിൽ ഭൗതിക സൗകര്യങ്ങൾ പൊതുവെ തൃപ്തികരമാണ്. വൈദ്യുതിയുടെ അപര്യാപ്തത അവിടെ ഒരു പ്രശ്നമാണ്. 110 ഏക്കർ വിസ്തീർണ്ണമുള്ള കാമ്പസ്സിൽ ആവശ്യത്തിന് കളി സ്ഥലവും കഴിച്ച് 60 ഓളം ഏക്കർ സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നുണ്ട്.


അക്കാദമിക്ക് സൗകര്യം

അക്കാദമിക്ക് സൗകര്യം ഒരു സ്കൂളിലും തൃപ്തികരമല്ല. മിക്കവാറും എല്ലാ സ്കൂളിലും സയൻസ് കോർണർ/ലബോറട്ടറി പ്രവർത്തിക്കുന്നുണ്ടെങ്കിലും ആവശ്യത്തിന് ഉപകരണങ്ങൾ ഇല്ല. AMIMUP ഒഴികെ മറ്റെല്ലാ സ്കൂളിലും ലൈബ്രറി ഉണ്ടെങ്കിലും പത്രവായനാ സൗകര്യം, ലൈബ്രറി വിതരണം എന്നിവ കാര്യക്ഷമമല്ല. ഒരു റേഡിയോ എങ്കിലും ഉള്ളത് GHLPS,GMLPS,GCUPS,GHS എന്നിവിടങ്ങളിലാണെങ്കിലും അവ മിക്കതും ഉപയോഗശൂന്യമാണ്. ഒരു Black&white T.V. എങ്കിലും ഉള്ളത് GHS-ൽ മാത്രമാണ്. അതും തകരാറിലാണ്. സിനിമാ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ എന്നിവ GHSൽ മാത്രമാണുള്ളതെങ്കിലും അവയും തൃപ്തികരമായി ഉപയോഗിക്കാൻ പറ്റുന്നവയല്ല.

പയ്യന്നൂർ കോളേജിൽ അക്കാദമിക് സൗകര്യങ്ങൾ പൊതുവെ തൃപ്തികരമാണ്. ടി.വി., വി.സി.ആർ., ഓവർ ഹെഡ് പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, എപ്പിഡയാസ് സ്കോപ്പ് എന്നിവ ഉണ്ട്. ലൈബ്രറി, ലബോറട്ടറി എന്നിവ മെച്ചപ്പെട്ടതാണ്.

അക്കാദമിക് നിലവാരം

പഞ്ചായത്തിലെ മൊത്തം വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല. നാലിലൊന്ന് വിദ്യാർത്ഥിയുടെ നിലവാരം 30% ത്തിൽ താഴെയാണ്. മൂന്നിലൊന്ന് വിദ്യാർത്ഥിപോലും 60% നിലവാരത്തിന് മുകളിൽ എത്തിയിട്ടില്ല. പഞ്ചായത്തിൽ ഒരു വർഷം വിദ്യാഭ്യസത്തിനായി ചെലവഴിക്കുന്ന തുക കൂടി പരിഗണിച്ചാൽ പ്രശ്നത്തിന്റെ ഗൗരവം കൂടുതൽ ബോധ്യമാകും. 60%ത്തിൽ കൂടുതൽ നിലവാരമുള്ളവരെയെടുത്ത് പരിശോധിച്ചപ്പോൾ ഓരോ ക്ലാസ് കഴിയും തോറും നിലവാരം കുറഞ്ഞുവരുന്നതായി ക്കാണുന്നു.(പട്ടിക 4) ഇതും വിശദപഠനത്തിന് വിധേയമാക്കേണ്ടതാണ്. എൽ.പി. ക്ലാസുകളിൽ താരതമ്യേന മെച്ചപ്പെട്ട നിലവാരം ഉള്ളതായും കാണാം. ഗ്രാഫ് ശ്രദ്ധിക്കുക.



PES വിദ്യാലയ പരിഗണിച്ചിട്ടില്ല പട്ടിക കാണുക

SSLC വിജയശതമാനം

കഴിഞ്ഞ അഞ്ചു വർഷം പഞ്ചായത്തിലെ SSLC വിജയശതമാനം കൂടി പരിശോധിക്കാം. 1991-92 വർഷം 65% കുട്ടികൾ വിജയിച്ചതൊഴിച്ചാൽ ബാക്കി എല്ലാക്കാലത്തും ശരാശരി വിജയം 50% ആണെന്നു കാണാം. നിലവിലുള്ള ഭൗതിക സാഹചര്യങ്ങളും സമീപത്തുള്ള മറ്റു സർക്കാർ ഹൈസ്കൂളുകളിലെ ഫലവും പരിഗണിച്ചാൽ സംസ്ഥാന ശരാശരിക്ക് തുല്യമാകാവുള്ള ഈ വിജയം തൃപ്തികരമാണെന്ന് പറയാമെങ്കിലും സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാകുമെന്ന് തോന്നുന്നില്ല.(പട്ടിക 6 കാണുക).

കഴിഞ്ഞ 5 വർഷക്കാലത്തെ S.S.L.C. വിജയം പട്ടിക 6

കാലം	പരീക്ഷയ്ക്ക് ഇരുന്നവരുടെ എണ്ണം	വിജയിച്ചവർ	വിജയ%
1991-92	352	208	65
1992-93	348	170	49
1993-94	381	199	52
1994-95	375	187	50
1995-96	383	190	50

പയ്യന്നൂർ കോളേജിന്റെ സ്ഥിതി മെച്ചപ്പെട്ടതാണ്. SSLCക്ക് ഉയർന്ന മാർക്ക് ലഭിച്ചവർക്കാണ് അവിടെ കൂടുതലും പ്രവേശനം ലഭിക്കുന്നത്. പൊതുവെ തൃപ്തികരമായ ഭൗതിക സാഹചര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഉന്നത നിലവാരം പുലർത്തുവാൻ കോളേജിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തെ റിസൾട്ട് പ്രീ ഡിഗ്രിക്ക് 71%ത്തിനും 76%ത്തിനും ഇടയിലും ഡിഗ്രിക്ക് 77%ത്തിനും 92%ത്തിനും ഇടയിലാണ്. ഈ കാലയളവിൽ പത്തോളം റാങ്കുകൾ യൂനിവേഴ്സിറ്റി തലത്തിൽ നേടുവാനും കഴിഞ്ഞിട്ടുണ്ട്.

പാഠ്യേതര രംഗത്തുള്ള പ്രവർത്തനങ്ങൾ

യുവജനോത്സവം, ബാലകലോത്സവം, കായികമേള, ശാസ്ത്രമേള, ഗണിതശാസ്ത്രമേള, പ്രവൃത്തി പരിചയമേള തുടങ്ങി വിദ്യാഭ്യാസ വകുപ്പ് നേരിട്ടു നടത്തുന്ന പാഠ്യേതര പ്രവർത്തനങ്ങളിൽ ഉപജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം പ്രൈമറി വിഭാഗത്തിൽ 18 കുട്ടികൾ ജില്ലാ തലത്തിലും 2കുട്ടികൾ സംസ്ഥാനതലത്തിലും അംഗീകാരം നേടിയിട്ടുണ്ട്. കുഞ്ഞിമംഗലം ഗവ:ഹൈസ്കൂളിൽ 59 കുട്ടികൾക്ക് ജില്ലാതലത്തിലും 10കുട്ടികൾക്ക് സംസ്ഥാനതലത്തിലും അംഗീകാരം നേടാൻ കഴിഞ്ഞിട്ടുണ്ട്. PES വിദ്യാലയത്തിലെ ഒരു കുട്ടി ദേശീയ തലത്തിലുള്ള കിസ് മത്സരത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഇത്തരം മേളകൾക്ക് ആവശ്യമായി വരുന്ന ഭീമമായ ചെലവിന്റെ ചെറിയൊരംശം പോലും വിദ്യാലയങ്ങൾക്ക് ലഭിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്.

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന കുട്ടികളുടെ എണ്ണം

ഇനം	എണ്ണം	
	സ്കൂൾ	കോളേജ്
1. മെറിറ്റ് സ്കോളർഷിപ്പ്	4	12
2. ലംസംഗ്രാന്റ്	345	330
3. മുസ്ലീംഗേൾസ്സ്കോളർഷിപ്പ്	38	11
4. വികലാംഗ സ്കോളർഷിപ്പ്	-	9
5. ജവാൻമാരുടെ മക്കൾ	-	1
6. ബീഡിതൊഴിലാളി	5	10
7. മത്സ്യത്തൊഴിലാളി	9	15
8. മറ്റ്	6	4
ആകെ	362	382

അദ്ധ്യാപക രക്ഷാകർതൃസമിതി

വിദ്യഭ്യാസ രംഗത്തെ സാമൂഹ്യ ഇടപെടലിനുള്ള ഒരു മാധ്യമം എന്ന നിലയിൽ ഇതിന്റെ പ്രവർത്തനം വളരെ പ്രാധാന്യമർഹിക്കുന്നു. എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർതൃസമിതി സജീവമായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും നല്ലൊരു ഭാഗം ഇതിൽ തൽപ്പരരല്ല. ഈ വർഷം നടപ്പാക്കി വരുന്ന 'ഗുരുകുലം' വിദ്യാഭ്യാസ പദ്ധതിയിലെ 'അയൽക്കൂട്ടം' പോലുള്ള പരിപാടികൾ കൂടുതൽ രക്ഷാകർത്താക്കളെ വിദ്യാലയങ്ങളുമായി അടുക്കാൻ സഹായിക്കുന്നുണ്ട്. അതുപോലെതന്നെ തീരെ സജീവമല്ലാതിരുന്ന മാതൃസംഗമവും അൽപ്പാല്പമായി ഫലപ്രദമായി വരുന്നുണ്ട്. പല

പി.ടി.എ. കൾക്കും എടുത്തു പറയാവുന്ന നേട്ടങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. കുഞ്ഞിമംഗലം ഹൈസ്കൂളിലെ ജലവിതരണ പരിപാടി, ജൂബിലികെട്ടിടം, കാലാകാലങ്ങളിൽ നടന്നുവരുന്ന ഫർണിച്ചർ നന്നാക്കൽ MPസ്കീമിലുള്ള കെട്ടിടങ്ങൾ ഏറ്റെടുത്ത് നിർമ്മിക്കൽ, എടനാട് യു.പി.യിലെ ജലവിതരണ പരിപാടി എൻഡോവ്മെന്റ്, ഗോപാൽ യുപിയിലെ വൈദ്യുതീകരണം, വാട്ടർ ടാങ്ക്, എൻഡോവ്മെന്റ്, സെൻട്രൽ യു.പി.യിലെ ജലവിതരണം, വൈദ്യുതീകരണം, ക്ലാസ് പാർട്ടീഷൻ, മൈക്ക്സെറ്റ്, എടനാട് വെസ്റ്റ് എൽ.പി സ്കൂളിലെ എൻഡോവ്മെന്റ്, ഗവഃഎൽ.പി.യിലെ ജലവിതരണ പരിപാടി, സ്റ്റേജ്, കക്കൂസ്, ഓഫീസ് ഫർണിച്ചർ, എൻഡോവ്മെന്റ്, ജി.എം എൽ.പി.യിലെ വൈദ്യുതീകരണം, വാട്ടർടാങ്ക്, ഉച്ചക്കഞ്ഞിക്കുള്ള പാത്രങ്ങൾ, അലമാര തുടങ്ങിയവ അവയിൽ എടുത്തു പറയാവുന്നതാണ്.
വരവ് ചെലവ് സംബന്ധിച്ച വിവരം പട്ടിക അഞ്ച് കാണുക

അനൗപചാരിക വിദ്യാഭ്യാസം

ദേശീയപ്രസ്ഥാനത്തിന്റെയും നവോത്ഥാനത്തിന്റെയും സ്വാധീന ഫലമായി കേരളത്തിന്റെ അങ്ങോളമിങ്ങോളമുണ്ടായിട്ടുള്ള മാറ്റങ്ങൾ നമ്മുടെ പഞ്ചായത്തിലും ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കുഞ്ഞിമംഗലത്ത് ജനിച്ച വി.ആർ. നായനാർ, വിഷ്ണു ഭാരതീയൻ തുടങ്ങിയ മഹാന്മാരും സാമൂഹ്യമാറ്റത്തിന് കലയും സാഹിത്യവും ഉപയോഗിക്കാമെന്ന് പ്രായോഗികമായി തെളിയിച്ച തമ്പാൻ വൈദ്യരും നമ്മുടെ അഭിമാനമാണ്. കഥകളി ആചാര്യൻ ഗുരു ചന്തുപ്പണിക്കരും സ്മരണീയനാണ്. സാമൂഹിക പരിവർത്തനത്തിന് ജനകീയ ദാർശനിക നേതൃത്വമേകിയതിനുള്ള 'ശാന്തിഗ്രാം' പുരസ്കാരം നേടിയ കെ.വി. ഗോപിനാഥ് കുഞ്ഞിമംഗലത്തിന്റെ സന്തതിയാണ്.

ധാരാളം വായനശാലകളും ഗ്രന്ഥാലയങ്ങളും കലാസമിതികളും കൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. നല്ലനിലയിൽ പ്രവർത്തിക്കുന്ന ഏതാനും ഗ്രന്ഥാലയങ്ങളും കലാസമിതികളും അവിടെയുണ്ട്. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് ഇവ നൽകുന്ന സേവനങ്ങൾ നിസ്തുലമാണ്. എങ്കിലും ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ എത്തിപ്പെടാത്ത മേഖലകൾ ഇന്നും ഇവിടെയുണ്ട്.

സമ്പൂർണ സാക്ഷരതായജ്ഞം ഇവടെ പൂർണ്ണമായും ഫലപ്രദമായിരുന്നു. തുടർ പ്രവർത്തനത്തിന്റെ അഭാവത്തിൽ സാക്ഷരത നേടിയവർ തന്നെ നിരക്ഷരരായി മാറിയിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ശാസ്ത്രസാഹിത്യ പരിഷത്ത് വിദ്യാഭ്യാസ രംഗത്ത് നടത്തുന്ന വിജ്ഞാനോത്സവം തുടങ്ങിയ പ്രവർത്തനങ്ങൾ ഇവിടെയും നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 'ഗുരുകുലം' വിദ്യാഭ്യാസ പദ്ധതി നല്ല നിലയിലാരംഭിച്ചെങ്കിലും അതിന്റെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമല്ല.

വിദ്യാഭ്യാസരംഗം നേരിടുന്ന പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ നിലവാരം കുറഞ്ഞു വരുന്നു.
2. പൊതുവിദ്യാലയങ്ങളിൽ പൊതുവെ കുട്ടികളുടെ എണ്ണം കുറയുന്നു. അദ്ധ്യാപകരുടെ എണ്ണം കുറഞ്ഞുവരുന്നു. ചില സ്കൂളുകൾ അൺ ഇക്കണോമിക്ക് ആകുവാൻ സാധ്യത ഏറുന്നു.
3. ഭൗതിക സാഹചര്യം തൃപ്തികരമല്ല.
4. രക്ഷിതാക്കൾക്കിടയിലെ ഇംഗ്ലീഷ് ഭ്രമം.
5. നഗരങ്ങളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുമെന്ന ധാരണ.
6. അൺ എയ്ഡഡ് സ്കൂളിന്റെ സാന്നിദ്ധ്യം പൊതുവിദ്യാലയങ്ങൾക്ക് ഭീഷണി. അത്തരം സ്കൂളുകളിൽ കുട്ടികൾക്കു ഫീസ് കൊടുത്തു പഠിക്കേണ്ട സ്ഥിതി.
7. അദ്ധ്യാപക രക്ഷാകർതൃസമിതിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്.
8. മേളകൾ നടത്തുമ്പോഴുള്ള സാമ്പത്തിക പ്രയാസങ്ങൾ.
9. വോൾട്ടേജ് ക്ഷാമം-ടി.വി.യുടെ അമിതസ്വാധീനം.
10. ഉപരിപഠനത്തിന്, പ്രത്യേകിച്ച് സാങ്കേതിക തൊഴിൽ പരിശീലന സൗകര്യത്തിനുള്ള അപര്യാപ്തത.
11. കായിക വിദ്യാഭ്യാസം ഫലപ്രദമല്ല.
12. ചുറ്റുമതിലുകളുടെ അഭാവം.
13. സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമല്ല.

സാധ്യതകൾ

1. ഗുരുകുലം/ കോംപ്ലക്സ് പരിപാടി നിയമപരമായിത്തന്നെ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി കൂടുതൽ ഫലപ്രദമായി നടപ്പാക്കുക.
2. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.
3. സിലബസ്സിന്റെ ഭാരം കുറക്കുകയും ശാസ്ത്രീയമായി പരിഷ്കരിക്കുകയും ചെയ്യുക.
4. സ്കൂൾ തുറക്കുന്ന തീയ്യതിക്ക് തന്നെ അദ്ധ്യാപകരുടെ മുഴുവൻ ഒഴിവുകളും നികത്തണം.
5 പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ മുഴുവൻ കുട്ടികൾക്കും ലഭിച്ചുവെന്ന് ഉറപ്പുവരുത്തുക.
6. ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളുകൾ പൂർണ്ണമായും നിർത്തലാക്കുക. നേഴ്സറികളിലും അംഗൻവാടികളിലും അശാസ്ത്രീയമായ ബോധന രീതികൾ ഇല്ലെന്നുറപ്പു വരുത്തുക.
7. അയൽപക്ക സ്കൂൾ സമ്പ്രദായം നടപ്പിൽ വരുത്തുക.
8. അൺ എയ്ഡഡ് സ്കൂൾ അനുവദിക്കാതിരിക്കുക. കുട്ടികൾ ഫീസുകൊടുത്ത് പഠിക്കേണ്ട സ്ഥിതി പൂർണ്ണമായും ഒഴിവാക്കുക.
9. കുഞ്ഞിമംഗലം ഗവഃഹൈസ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുക.
10. കുഞ്ഞിമംഗലം ഹൈസ്കൂളിന് ആവശ്യമായ കെട്ടിടവും ഫർണിച്ചറും നൽകുക.
11. കുഞ്ഞിമംഗലം ഹൈസ്കൂളിൽ +2, VHS,കമ്പ്യൂട്ടർ കോഴ്സ് എന്നിവ അനുവദിക്കുക.
12. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ

സ്ഥാപനം അനുവദിക്കുക.

13. പഞ്ചായത്തിലെ കുട്ടികൾക്ക് ഉപരിപഠന സൗകര്യം ഉറപ്പാക്കുക. പയ്യന്നൂർ കോളേജിൽ സീറ്റുകൾ സംവരണം ചെയ്യുക.

14. എടനാട് ഈസ്റ്റ് എൽ.പി.സ്കൂൾ, വെസ്റ്റ് എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ ആവശ്യത്തിന് ഫർണിച്ചർ വേണം. മൂത്രപ്പുര, കക്കൂസ്, പാചകമുറി, സ്റ്റാഫ്റൂം, ക്ലാസുമുറികൾക്ക് പാർട്ടീഷൻ എന്നിവയും വേണം.

15. GMLPസ്കൂളിൽ ആവശ്യമായ ഫർണിച്ചർ, സ്റ്റാഫ് മുറി, പാർട്ടീഷൻ ചുമർ, മൂത്രപ്പുര എന്നിവ വേണം.

16. ഗവ:സെൻട്രൽ യു.പി.സ്കൂളിന് ആവശ്യത്തിന് മുറികളും ഫർണിച്ചറും പാചകമുറിയും ഏർപ്പെടുത്തണം മൂത്രപ്പുരയും കക്കൂസും വേണം.

17. എടനാട് യു.പി.യിൽ ആവശ്യത്തിന് ഫർണിച്ചർ, മൂത്രപ്പുര, പാചകമുറി, പാർട്ടീഷൻ ചുമരുകൾ എന്നിവ വേണം.

18. ഗോപാൽ യു.പി.യിൽ കുടിവെള്ളപ്രശ്നം പരിഹരിക്കണം. ആവശ്യത്തിന് ഫർണിച്ചർ വേണം. കെട്ടിടം കാലോചിതമായി പരിഷ്ക്കരിക്കണം. സ്റ്റേജ് നിർമ്മിക്കണം.

19. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ കെട്ടിടവും സ്ഥലവും അക്വിസിഷൻ നടത്തി ആവശ്യത്തിന് കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തണം.

20. എല്ലാ വിദ്യാലയങ്ങൾക്കും ആവശ്യത്തിന് പഠനോപകരണങ്ങളും ദൃശ്യശ്രാവ്യ ഉപകരണങ്ങളും നൽകണം.

21. ടി.വി.യുടെ അമിത സ്വാധീനത്തിൽ നിന്ന് മോചനം നേടാൻ കുട്ടികളെയും രക്ഷാകർത്താക്കളെയും ബോധവൽക്കരിക്കണം. യു.ജി.സി. പ്രോഗ്രാം പോലെ തിരുവനന്തപുരം ദൂരദർശനിലൂടെ വിദ്യാർത്ഥികൾക്കുള്ള മലയാളം പരിപാടി വേണം.

22. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

23. മുഴുവൻ അംഗൻവാടികൾക്കും കെട്ടിടം, ഫർണിച്ചർ, കളിക്കോപ്പുകൾ, കളിസ്ഥലം എന്നിവ ലഭ്യമാക്കണം.

24. വായനശാല, ഗ്രന്ഥാലയം, കലാസമിതി എന്നിവയുടെ പ്രവർത്തനം വിപുലമാക്കുകയും മെച്ചപ്പെടുത്തുകയും വേണം.

25. മുഴുവൻ ഗ്രന്ഥാലയങ്ങളിലും കുട്ടികളുടെ ലൈബ്രറി തുടങ്ങണം.

26. സാംസ്കാരിക സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം.

27. താമരംകുളങ്ങര, വണ്ണാച്ചാൽ, അങ്ങാടി, എടാട്ട് എന്നിവിടങ്ങളിൽ വായനശാലകൾ സ്ഥാപിക്കണം.

28. സ്കൂളുകളിൽ മേളകൾ നടത്താൻ ആവശ്യമായ ഫണ്ട് അനുവദിക്കണം. മേളകളിൽ കുട്ടികളുടെ മാത്രം കഴിവ് പരിശോധിക്കുന്ന ഇനങ്ങൾക്ക് ഊന്നൽ നൽകണം.

29. പ്രാദേശിക തലത്തിൽ അഭ്യസ്തവിദ്യരായ യുവാക്കളെ ഉപയോഗപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ട്യൂഷൻ നൽകണം.

30. നിലവിലുള്ള അംഗൻവാടികൾക്കുപുറമെ ഓരോ എൽ.പി. സ്കൂളിനോടനുബന്ധിച്ചും പ്രീ പ്രൈമറി ഏർപ്പെടുത്തുക.

31. അംഗൻവാടികൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയവ സ്ഥാപിക്കുക.

32. എല്ലാ സ്കൂളുകളിലും കളിസ്ഥലമുണ്ടെന്ന് ഉറപ്പു വരുത്തുക.

33. എല്ലാ സ്കൂളുകൾക്കും ചുറ്റുമതിൽ നിർമ്മിക്കണം.

34. സബ്ജക്ട് ഇൻസ്പെക്ടർമാരെ നിയമിച്ച് സ്കൂൾ പരിശോധന കാര്യക്ഷമമാക്കുക.

35. എടാട്ട് ഭാഗത്ത് ഹൈസ്കൂൾ വേണം.

ഭൗതിക സാഹചര്യങ്ങൾ - ഇനി ആവശ്യമുള്ളവ

പട്ടിക 3

സ്കൂളിന്റെ പേര്	ക്ലാസ് മുറികളുടെ എണ്ണം	മൂത്രപ്പുരകളുടെ എണ്ണം	കക്കൂസ്	കുടിവെള്ള സൗകര്യം	പാചകമുറി	സ്റ്റാഫ് മുറി	ഡെസ്ക്	ബെഞ്ച്	മേശ	കസേര	ബ്ലാക്ക് ബോർഡ്	റാക്ക്	അലമാര
എടനാട് വെസ്റ്റ് LPS	–	2	വേണം	–	വേണം	വേണം	20	20	4	12	–	2	1
എടനാട് ഈസ്റ്റ് LPS	–	1	വേണം	–	വേണം	വേണം	25	25	4	4	–	–	2
GLPS	–	2	–	–	–	വേണം	12	12	–	5	1	–	–
GMLPS	–	–	–	–	–	–	8	20	6	8	2	–	–
എടനാട് UP	–	1	–	–	വേണം	–	8	6	2	4	–	–	–
GCUP	4	1	വേണം	–	വേണം	–	10	20	4	6	3	2	1
ഗോപാൽ UP	–	–	–	വേണം	–	–	–	–	2	5	–	–	–
GHS	14	2	വേണം	–	–	–	120	120	32	32	12	5	2
PES	–	–	–	–	–	–	–	–	–	–	–	–	–
AMIMUP	3	–	–	–	–	വേണം	28	28	4	4	–	3	2

പൊതുജനാരോഗ്യം-കുടിവെള്ളം

ആതുരശുശ്രൂഷാരംഗത്ത് കഴിവു തെളിയിച്ച അനേകം നിസ്വാർത്ഥമതികളാൽ അനുഗ്രഹീതമായ ഗ്രാമമാണ് കുഞ്ഞിമംഗലം. ഇവരിൽ എടുത്തു പറയാവുന്ന വ്യക്തിത്തമുള്ളവരാണ്, ആയുർവേദം, മനോരോഗം ചികിത്സ, ഒറ്റമൂലി പ്രയോഗങ്ങൾ എന്നിവയിൽ വിദഗ്ദനായിരുന്ന ശ്രീ തമ്പാൻ വൈദ്യരും, ശ്രീ വി. ആർ. നായനാരും, വിഷവൈദ്യൻ കുന്നിന് കിഴക്ക് കുഞ്ഞിരാമൻ വൈദ്യരും പാരമ്പര്യ വൈദ്യനായ പറമ്പത്തെ ചാമുണ്ഡിഗോവിന്ദൻ വൈദ്യരും, ആയുർവേദ വൈദ്യൻമാരായ പാലക്കീൽ ചിരുകണ്ഠൻ വൈദ്യരും, ആലവളപ്പിൽ കുഞ്ഞിരാമൻ വൈദ്യരും, ചേമ്പള്ളി വലിയവീട്ടിൽ കൃഷ്ണൻ നമ്പ്യാരും. അതുപോലെ പ്രശസ്തരാണ് ബാലചികിത്സാരംഗത്ത് ശ്രദ്ധേയനായ ശ്രീ കണ്ണപ്പെരുവണ്ണാനും ഹോമിയോ ചികിത്സാരംഗത്ത് ശ്രദ്ധേയനായ ശ്രീ കെ.സി. കുഞ്ഞിരാമനും.

രണ്ടാം ലോകമഹായുദ്ധം അസുരതാണ്ഡവമാടിയ 1942-44 കാലഘട്ടത്തിൽ നാട് ദാരിദ്ര്യത്തിന്റെയും കോളറയുടെയും പിടിയിലമർന്നപ്പോൾ ആതുരശുശ്രൂഷാരംഗത്തും സാമൂഹ്യപ്രവർത്തനമേഖലയിലും തന്റേതായ നിസ്തുല സേവനം കാഴ്ചവെച്ച മഹത് വ്യക്തിയായിരുന്നു ശ്രീ വി.ആർ. നായനാർ. മരണം ചടുല നൃത്തമാടിയ ഉൾനാടൻ ഗ്രാമവീഥിയിലൂടെ, നാട്ടുവഴിയിലൂടെ ആശ്വാസത്തിന്റെ കൈത്തിരിയുമായി ഓടിനടന്ന നായനാർ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും മരണപ്പെട്ടവരെ മറവു ചെയ്യുന്നതിനും നേതൃത്വം നൽകുകയും യുദ്ധക്കെടുതിയിലും വെള്ളപ്പൊക്കെടുതിയിലും പെട്ടവരെ സഹായിക്കാൻ കഞ്ഞിപ്പാർച്ചാ കേന്ദ്രങ്ങളും അഭയകേന്ദ്രങ്ങളും സ്ഥാപിക്കുകയും ചെയ്തു.

ആയുർവേദ, പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങൾ ഒരളവോളം ആശ്വാസകരമായിരുന്നു എങ്കിലും ആധുനിക ചികിത്സ പൂർണ്ണമായും അയൽപ്രദേശമായ പയ്യന്നൂരിനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന കുഞ്ഞിമംഗലത്തെ ജനങ്ങൾക്ക് അൽപ്പം ആശ്വാസമേകുന്ന രീതിയിൽ ഒരു ഗവ: റൂറൽ ഡിസ്പെൻസറി നിലവിൽ വന്നിട്ട് 23 വർഷങ്ങളെ ആയുള്ളു. 1973ൽ കണ്ടംകുളങ്ങര വി.ആർ. നായനാർ സ്മാരക വായനശാലാ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ഈ റൂറൽ ഡിസ്പെൻസറിക്ക് സ്വന്തമായ ഒരു കെട്ടിടമുണ്ടായത് 1975ൽ ആണ്. 1988ൽ ഇത് P.H.C. ആയി ഉയർത്തപ്പെട്ടു ഇന്ന് ഈ P.H.C.ക്ക് കീഴിൽ 2 ആരോഗ്യകുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതു കൂടാതെ സ്വകാര്യവ്യക്തികൾ നടത്തുന്ന ഒരു ഫിസിയോതെറാപ്പി ക്ലീനിക്കും, ഒരു ഹോമിയോ ക്ലിനിക്കും, ഒരു അലോപ്പതി ക്ലിനിക്കും പ്രവർത്തിച്ചുവരുന്നു. ഇവയുടെ സേവനം ജനങ്ങൾക്ക് ഒരു പരിധിവരെ ആശ്വാസം നൽകുന്നുണ്ടെങ്കിലും ജനസംഖ്യയിലുണ്ടായ വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ തീരെ അപര്യാപ്തമാണെന്ന് ബോധ്യപ്പെടുന്നു. പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു കെട്ടിടം പണിതു എങ്കിലും ആവശ്യമായ മറ്റു ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കാത്തതിനാൽ പയ്യന്നൂരിലെ വിവിധ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് ഇന്നും കുഞ്ഞിമംഗലത്തെ ജനങ്ങൾ.

1996 ഒക്ടോബറിൽ നടത്തിയ സാമൂഹ്യ സർവ്വേ പ്രകാരം കുഞ്ഞിമംഗലത്തെ ജനസംഖ്യ 18866 ആണ്. ഇതിൽ 9212 പുരുഷൻമാരും 9654 സ്ത്രീകളുമാണ്. 15.44 ച. കി.മി. വിസ്തീർണ്ണമുള്ള കുഞ്ഞിമംഗലം പഞ്ചായത്തിൽ ഒരു ച.കി.മി. പ്രദേശത്ത് 1221 ആളുകൾ അധിവസിക്കുന്നു. ഇത് സംസ്ഥാന ശരാശരിയായ 749നെക്കാൾ എത്രയോ മുന്നിൽ നിൽക്കുന്നു.

പഞ്ചായത്തിലെ ജനനനിരക്ക് 9 ആകുന്നു. ഇത് കേരളത്തിന്റെ ജനനനിരക്കായ 18ന്റെ പകുതിയോളമേ വരുന്നുള്ളു. പൊതു മരണനിരക്കായ 4.4 ആകട്ടെ കേരളത്തിന്റെ പൊതുമരണനിരക്കായ 5.9നെക്കാൾ കുറഞ്ഞു നിൽക്കുന്നു. ഈ കണക്കുകൾ ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിൽ പഞ്ചായത്ത് മെച്ചപ്പെട്ടു നിൽക്കുന്നു എന്ന് വ്യക്തമാക്കുന്നു. പൊതുജനാരോഗ്യത്തിന്റെ ഏറ്റവും നല്ല അളവുകോലായ ശിശു മരണ നിരക്കിന്റെ കാര്യം പരിശോധിച്ചാൽ പഞ്ചായത്തിലെ ശിശു മരണ നിരക്കായ 12.4 സംസ്ഥാന ശിശു മരണ നിരക്കായ 16നെക്കാൾ കുറവാണെന്നത് ഒരു നല്ല പ്രവണതയായി കണക്കാക്കാം. ഇതിന്റെ പ്രധാന കാരണം ഉയർന്ന സാക്ഷരത തന്നെ. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ, പ്രസവസമയത്തുള്ള മാതൃക്കളുടെ മരണങ്ങൾ പഞ്ചായത്തിൽ നടന്നിട്ടില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

പഞ്ചായത്തിൽ അസാധാരണമായ ആരോഗ്യപ്രശ്നങ്ങൾ ഒന്നും കണ്ടുവരാറില്ലെങ്കിലും വർഷകാലത്തും വേനൽകാലത്തും വയറിളക്കം, ത്വക്ക് രോഗങ്ങൾ, ചിക്കൻപോക്സ്, നേത്രരോഗങ്ങൾ എന്നിവ കണ്ടുവരാറുണ്ട്.

പഞ്ചായത്തിലെ അംഗനവാടികളിൽ നിന്നുള്ള കണക്കുകളിലൂടെ കണ്ണോടിച്ചാൽ 364 കുട്ടികൾക്കും 33 ഗർഭിണികൾക്കും അത്രതന്നെ മുലയൂട്ടുന്ന അമ്മമാർക്കും അനുപൂരക പോഷകാഹാരം പ്രയോജനപ്പെടുന്നുണ്ട്. P.H.C. യുടെ ആരോഗ്യ പോഷണ നിലവാര റിപ്പോർട്ട്, (1995-96) ഗുരുതരമായ പോഷണകുറവ് ഉള്ള കുട്ടികളുടെ എണ്ണം ഇല്ല എന്ന് വ്യക്തമാക്കുന്നു. പഞ്ചായത്തിലെ എല്ലാ പ്രൈമറിസ്കൂളുകളിലൂടേയും ഉച്ചക്കഞ്ഞി വിതരണവും നടത്തിവരുന്നുണ്ട്.

1995-96 ലെ P.H.C. കണക്ക് പ്രകാരം 1 വയസ്സിനു താഴെയുള്ള 276 കുട്ടികൾക്ക് B.C.G. കുത്തിവെപ്പും, പോളിയോ നിർമാർജന തീവ്രയത്ന പരിപാടിയുടെ ഭാഗമായി 445 കുട്ടികൾക്ക് തുള്ളി മരുന്നു കൊടുക്കുകയും ഉണ്ടായി. 241 ഗർഭിണികൾക്ക് ഇരുമ്പ്/ഫോളിക്ക് ആസിഡ് അടങ്ങിയ ഗുളികകളും വിതരണം ചെയ്തിട്ടുണ്ട്. പൊതുജനാരോഗ്യത്തിനായി കഴിഞ്ഞവർഷം പഞ്ചായത്തിലൂടെ ചെലവഴിക്കപ്പെട്ട തുക 9038 രൂപയാണ്. ഇത് മൊത്തം ചെലവിന്റെ 0.35% മാത്രം. അതായത് ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾക്കായി കുഞ്ഞിമംഗലം പഞ്ചായത്തിൽ ആളോഹരി ചെലവാക്കുന്നത് വെറും 48 പൈസമാത്രം.

പഞ്ചായത്തിലെ മൊത്തം 3236 വീടുകളിൽ 2768 വീടുകളിൽ കക്കൂസുണ്ട്. 468 വീട്ടുകാർ കക്കൂസില്ലാത്തവരാണ്. ഇത് മൊത്തം കുടുംബങ്ങളുടെ 14% ത്തോളം വരുന്നു. പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യം ജനജീവിതത്തിന് ഭീഷണിയാവുന്നുണ്ട്.

പ്രശ്നങ്ങൾ

P.H.C. യുടെ പ്രവർത്തനം തൃപ്തികരമല്ല. ഡോക്ടറുടെ സേവനം സ്ഥിരമായി ലഭിക്കാറില്ല. ആരോഗ്യരക്ഷാ ക്ലാസ് നടത്താറില്ല. കുടുംബക്ഷേമകേന്ദ്രത്തിൽ നിന്നുമുള്ള ജീവനക്കാരുടെ ഗൃഹസന്ദർശനം നാമമാത്രമാണ്. അത്യാവശ്യമരുന്നുകൾപോലും പലപ്പോഴും ലഭിക്കാറില്ല.

രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയിലേയ്ക്ക് ജനങ്ങൾക്ക് 5 കി.മീ. യാത്രചെയ്യേണ്ടി വരുന്നു. P.H.C. ക്ക് കിടത്തി ചികിത്സിക്കുവാനുള്ള കെട്ടിടം പണിതിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിൽ എല്ലായിടത്തും കൊതുകുശല്യം ഗുരുതരമാണ്. അലഞ്ഞുതിരിയുന്ന പട്ടികളും ജനജീവിതത്തിന് ഭീഷണിയാവുന്നു.

13ം വാർഡിലെ മോട്ടോർ വർക്ക്ഷോപ്പുകളിൽ നിന്നുള്ള മാലിന്യങ്ങൾ സമീപപ്രദേശങ്ങളിൽ പ്രശ്നം സൃഷ്ടിക്കുന്നു.

മത്സ്യമാർക്കറ്റിന് സമീപം മലിനജലം കെട്ടികിടക്കുന്നത് ആ പരിസരങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

റെയിൽവേസ്റ്റേഷൻ മുതൽ തെക്കുമ്പാട് അമ്പലം വരെയുള്ള ഇടവഴിയിൽ മലിനജലം കെട്ടികിടക്കുന്നത് സ്കൂളിൽ പോകുന്ന പിഞ്ചുകുട്ടികൾ അടക്കമുള്ള യാത്രക്കാർക്ക് ദുരിതമുണ്ടാക്കുന്നു.

പഞ്ചായത്തിലെ ചില ഹോട്ടലുകളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ പൊതു വഴിയിൽ വലിച്ചെറിയുന്നത് ഗുരുതരമായ മലിനീകരണപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

9ാം വാർഡിലെ നാട്ടുകാർ നിർമ്മിച്ച പൊതു ശ്മശാനത്തിൽ സൗകര്യങ്ങൾ കുറവാണ്.

നിർദ്ദേശങ്ങൾ

1. 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകുന്ന രീതിയിൽ P.H.C. യുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.
2. മാസത്തിലൊരിക്കലെങ്കിലും സ്പെഷലിസ്റ്റ് ഡോക്ടറുടെ സേവനം ലഭ്യമാക്കണം.
3. P.H.C.യിൽ ഉണ്ടായിരിക്കേണ്ട അവശ്യമരുന്നുകളുടെ പട്ടിക തയ്യാറാക്കി അവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
4. P.H.C.യോട് അനുബന്ധിച്ച് ഒരു മെഡിക്കൽ സ്റ്റോർ പ്രവർത്തിപ്പിക്കുക.
5. P.H.C.യുടെ പുതിയ കെട്ടിടത്തിൽ ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കി, ജീവനക്കാരെ നിയമിച്ച് ഉടൻ പ്രവർത്തനം ആരംഭിക്കണം.
6. പഞ്ചായത്തിൽ ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കണം.
7. ഓരോ വാർഡിലും ഓരോ കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കണം.
8. 6 മാസത്തിലൊരിക്കലെങ്കിലും പഞ്ചായത്തിനകത്തെ സ്കൂളുകളിൽ കുട്ടികൾക്കായുള്ള വൈദ്യപരിശോധന സംവിധാനങ്ങൾ P.H.C.യുടെ നേതൃത്വത്തിൽ ഏർപ്പെടുത്തുക.
9. കുഷ്ഠം, ക്ഷയം, കാൻസർ, എയ്ഡ്സ് തുടങ്ങിയ പ്രത്യേക രോഗനിവാരണ പരിപാടികൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കുകയും, മന്ദതാ നിവാരണം, പോളിയോ നിർമ്മാർജ്ജനം തുടങ്ങിയവ ഊർജ്ജിതപ്പെടുത്തുകയും ചെയ്യണം.
10. ശുചീകരണത്തിനാവശ്യമായ ജീവനക്കാരെ നിയമിച്ച് ഗൃഹസന്ദർശനത്തിലൂടെ വീടുകളിലെ കക്കൂസുകളുടേയും, കിണറുകളുടേയും ശുചിത്വം പരിശോധിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യണം.
11. പരിസര ശുചിത്വത്തെകുറിച്ചും, ആരോഗ്യരക്ഷയെ കുറിച്ചും ഉള്ള ബോധവൽകരണ പ്രവർത്തനങ്ങൾ പഞ്ചായ

ത്തിന്റെ നേതൃത്വത്തിൽ സന്നദ്ധസംഘടനകളെ ഉപയോഗ പ്പെടുത്തി വാർഡു തോറും സംഘടിപ്പിക്കണം.

12. വാണിജ്യ പരസ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള മരുന്നു വില്പന നിയന്ത്രിക്കണം.

13. പഞ്ചായത്തിലെ വളർത്തു പട്ടികൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും പ്രതിരോധകുത്തിവയ്പ്പ് നടത്തുന്നു ണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം.


14. കൊതുകു നിവാരണം, അലഞ്ഞുതിരിയുന്ന പട്ടി കളെ കൊല്ലൽ എന്നിവ കാര്യക്ഷമമാക്കണം.

15. തെക്കുമ്പാടുള്ള നാട്ടുകാർ നിർമിച്ച പൊതു ശ്മശാ നത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപെടുത്തുന്നതോ ടൊപ്പം ഗതാഗതസൗകര്യവും ഏർപ്പെടുത്തണം.

16. ആധുനിക ചികിത്സാ സംമ്പ്രദായങ്ങൾ എല്ലാ വർക്കും ഉപയോഗിക്കുവാൻ കഴിയുംവിധം ലഭ്യമാക്കുന്നതി നും ഇന്നത്തെ ചികിത്സാചെലവിനുള്ള വമ്പിച്ച വർദ്ധനവ് ഇല്ലാതാക്കുന്നതിനും സഹായകമായ വിധത്തിൽ സമഗ്രമായ ഒരു ആരോഗ്യ നയം രൂപപ്പെടുത്തുക.

കുടിവെള്ളം

കുടിവെള്ളത്തിന് പഞ്ചായത്തിലെ ജനങ്ങൾ മുഖ്യ മായും ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിൽ മൊത്തം 13 പൊതുകിണറുകളും 2 പൊതു കുഴൽകിണറുക ളും ഉണ്ടെങ്കിലും ഇവയിൽ ചിലത് ഉപയോഗശൂന്യമാണ്.



ഇവകൂടാതെ വള്ളുവകോളനിയിൽ ജലഅതോറിറ്റിയുടെ ഒരു പൈപ്പ് ലൈനും സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പൊതു കുളങ്ങൾ ഒന്നും തന്നെ കുടിവെള്ള സ്രോതസ്സായി ഉപയോ ഗിക്കുന്നില്ല.

മൊത്തം കുടുംബങ്ങളിൽ 2639 എണ്ണത്തിന് സ്വന്ത മായി കിണറുണ്ട്. 50 കുടുംബങ്ങൾ കുടിവെള്ളത്തിനായി പൊതു പൈപ്പിനെ ആശ്രയിക്കുമ്പോൾ 479 കുടുംബങ്ങൾക്ക് അയൽവീടുകളെ ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിലെ ശുദ്ധജല ലഭ്യതയുടെ ചിത്രം പരിശോധിച്ചാൽ മൊത്തം വിസ്തീർണ്ണത്തിന്റെ 45% പ്രദേശങ്ങളിൽ മാത്രമാണ് ശുദ്ധ ജലം സുലഭമായി ലഭിക്കുന്നത്. 20% പ്രദേശങ്ങളിൽ ശുദ്ധ ജലം ഇന്നും ഒരു മരീചികയാണ്.

പഞ്ചായത്തിൽ 10ം വാർഡിലെ എടാട്ട്, തുരുത്തി പ്രദേശങ്ങളിലും, ശാന്തി ടാക്കീസിനു സമീപവും, നൊടു ച്ചേരി ഭാഗത്തും 20ം വാർഡ്, 30ം വാർഡുകളിലെ ഭൂരിഭാഗം പ്രദേശങ്ങളിലും, 40ം വാർഡിലെ അമ്മൻ തോടിനു തെക്കു കിഴക്കു ഭാഗത്തും 90ം വാർഡിലെ പുതിയപുഴക്കര, അറക്കു ളത്തു വയൽ, ഹരിജൻകോളനി, ഗോപാൽ യുപി സ്കൂൾ പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെ ടുന്നു. കൂടാതെ മറ്റു ഭാഗങ്ങളിലും വേനൽകാലവരൾച്ചയും അനുഭവപ്പെടുന്നു. ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന ചില സ്ഥലങ്ങളിൽ വെള്ളത്തിന് നിറവ്യത്യാസവും രുചിഭേദവും അനുഭവപ്പെടുന്നു. ഇതിനു കാരണം വ്യാപകമായ മലന ഞ്ചും ഉപ്പു നഞ്ചുമാണെന്ന് അവിടുത്തുകാർ പറയുന്നു.

പഞ്ചായത്ത് പുഴയ്ക്ക് ക്രോസ്ബാറുകൾ നിർമ്മി ച്ചതു മൂലം സമീപ പ്രദേശങ്ങളിലേയ്ക്ക് ഓരു കയറ്റം ഉണ്ടാ കുന്നു. ഇത് വ്യാപകമായ കൃഷിനാശത്തിനും ശുദ്ധജല ക്ഷാമത്തിനും ഇടയാക്കുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ 20% ത്തോളം പ്രദേശങ്ങളിൽ രൂക്ഷ മായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

തീരപ്രദേശങ്ങളിൽ മലനഞ്ചിന്റെ ഭീഷണി വ്യാപക മായി അനുഭവപ്പെടുന്നു.

പൊതുകിണറുകൾ പലതും ഉപയോഗയോഗ്യമല്ല.

കുഴൽ കിണറുകളിലെ വെള്ളത്തിന് രുചിഭേദം അനു ഭവപ്പെടുന്നു.

30ം വാർഡിലെ അമ്മൻതോട്, മുണ്ടത്തോട് ബണ്ടു കൾ മലിനജല പ്രശ്നം സൃഷ്ടിക്കുന്നു.

കുടിവെള്ള രൂക്ഷത അനുഭവപ്പെടുന്ന പ്രദേശങ്ങ ളിൽ നിന്നും കുടിവെള്ളത്തിനായി ശരാശരി 2 കി.മീ. നട ക്കേണ്ടി വരുന്നു.

നിർദ്ദേശങ്ങൾ

നിലവിലുള്ള പൊതു കിണറുകൾ ഉപയോഗയോഗ്യ

മാക്കുക.

ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും അതിനെ ശുദ്ധീകരിക്കുന്നതിനാവശ്യമായ നീർദ്ദേശങ്ങൾ നൽകുന്നതിനും കഴിവുള്ള വിദഗ്ദരുടെ ഒരു സെൽ പഞ്ചായത്തു തലത്തിലോ ബ്ലോക്കു തലത്തിലോ രൂപീകരിക്കുക. മണ്ണു പരിശോധനാ സൗകര്യവും ഏർപ്പെടുത്തുക.


തീരപ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് അടിയന്തിര പ്രാധാന്യം നൽകി പൈപ്പ് ലൈൻ വഴി ശുദ്ധജല വിതരണം നടത്തുക.

മലനഞ്ചിന്റെ ആക്രമണം ഇല്ലായ്മ ചെയ്യാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണം.

ജലസംരക്ഷണത്തെകുറിച്ചുള്ള ബോധവൽകരണം നടത്തുന്നതോടൊപ്പം ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകകൂടി ചെയ്യുക.

പൊതു കുളങ്ങൾ ശുദ്ധജല സ്രോതസ്സുകളാക്കുക.

തുരുത്തിയിൽ കുഴൽകിണർസ്ഥാപിക്കുന്നതിനാവശ്യമായ 2 സെന്റ് സ്ഥലം സംഭവനചെയ്യാൻ ചില വ്യക്തികൾ മുന്നോട്ടു വന്ന സാഹചര്യത്തിൽ അതുപയോഗപ്പെടുത്തി ആ പ്രദേശത്തുകാർക്ക് ശുദ്ധജല വിതരണം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.



ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

ഏകദേശം 3½ കി.മി. നീളത്തിൽ നാഷണൽ ഹൈവേയും 2 കി.മി. നീളത്തിൽ റെയിൽവേ ലൈനും കൊണ്ട് ഗതാഗത ഭൂപടത്തിൽ നമ്മുടെ പഞ്ചായത്ത് ശ്രദ്ധേയമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളെ കൂട്ടിയിണക്കികൊണ്ട് ഏകദേശം 35½ കി.മി. നീളമുള്ള റോഡ് ഒരു പരിധിവരെ നമ്മുടെ ഗതാഗത സൗകര്യം തൃപ്തികരമാക്കുന്നു. 20ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നത് ഇന്നത്തെ നാഷണൽ ഹൈവേയുടെ സ്ഥാനത്തുണ്ടായിരുന്ന താറിടാത്ത ഒരു റോഡായിരുന്നു. 60 കളുടെ ആദ്യഘട്ടത്തിൽ അത് താറിട്ടു. 1958 ൽ ആണ് പയ്യന്നൂരുമായി ബന്ധപ്പെടുത്തുന്ന പെരുമ്പപാലം നിർമ്മിക്കപ്പെട്ടത്. നമ്മുടെ പഞ്ചായത്തിൽ ഒരു റെയിൽവേസ്റ്റേഷനും സ്ഥിതി ചെയ്യുന്നു 'ഏഴിമല' റെയിൽവേസ്റ്റേഷൻ എന്ന അതിന്റെ പേര് വിദേശടൂറിസ്റ്റുകൾ ഉൾപെടെയുള്ള ദൂരദേശ യാത്രക്കാർക്ക് ആശയകുഴപ്പമുണ്ടാക്കുന്നുണ്ട്. പാസഞ്ചർ വണ്ടികൾ മാത്രമാണ് അവിടെ നിർത്തുന്നത്. അയൽപ്രദേശങ്ങളുമായി ബന്ധപ്പെടാവുന്ന മറ്റു മാർഗങ്ങൾ കാൽനടയും, കടവു തോണിയും 'ചങ്കൂരിചാൽ' റെയിൽ പാലവും 'ചെമ്പല്ലിക്കുണ്ട്' റെയിൽപാലവുമാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നമ്മുടെ പഞ്ചായത്തിൽ ജലഗതാഗതത്തിന് വളരെയധികം പ്രാധാന്യമുണ്ടായിരുന്നു. പെരുമ്പയിൽ നിന്നും പഴയങ്ങാടിയിൽ നിന്നും കച്ചവടസാധനങ്ങൾ കൊണ്ടുവരുവാൻ കച്ചവടക്കാർ പ്രധാനമായും ആശ്രയിച്ചിരുന്നത് 'ചീന' ആണ്. അന്ന് ബോട്ടുഗതാഗതവും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഇന്നും അപൂർവ്വമായെങ്കിലും ചരക്കു കൊണ്ടുവരുവാൻ ജലഗതാഗതം ഉപയോഗിക്കുന്നവരുണ്ട്. ഏതാണ്ട് ഇതേകാലത്തു തന്നെയാണ് ഏഴിലോട്-ഏഴിമല റെയിൽവേസ്റ്റേഷൻ റോഡും എടാട്ട്-കണ്ടംകുളങ്ങര-ആണ്ടാംകോവിൽ റോഡും നിർമ്മിക്കപ്പെട്ടത്. ആണ്ടാംകൊവ്വൽ-കൊവ്വപ്പുറം റോഡ് നിർമ്മിക്കപ്പെട്ടത് 1970 കാലത്താണ്.

അടുത്ത കാലത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നാട്ടുകാർ മുൻകയ്യെടുത്ത് നിർമ്മിച്ച ധാരാളം റോഡുകൾ പഞ്ചായത്ത് സംരക്ഷിച്ചുവരുന്നു.

ഇപ്പോൾ പഞ്ചായത്തിലുള്ള റോഡുകളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

നാഷനൽ ഹൈവെ വഴിയും ഹനുമാരമ്പലം വഴിയുമുള്ള ദീർഘദൂര ബസ്സ് റൂട്ടുകൾ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ഏഴിമല റെയിൽവെ സ്റ്റേഷൻ പരിസരത്തുനിന്നും പുതിയപുഴക്കര നിന്നും പുറപ്പെട്ട് പയ്യന്നൂർ, രാമന്തളി ഭാഗങ്ങളിലേക്ക് പോകുന്ന ഹ്രസ്വദൂര സർവ്വീസുകളും നിലവിലുണ്ട്.

പഞ്ചായത്തിൽ മൂന്ന് സ്ഥലങ്ങളിൽ റോഡ് തീവണ്ടിപ്പാത മുറിച്ചു കടക്കുന്നുണ്ടെങ്കിലും റെയിൽവേ സ്റ്റേഷനടുത്തുള്ള ഒരു ലെവൽ ക്രോസിംഗ് മാത്രമാണ് നിലവിലുള്ളത്. കൊവ്വപ്പുറത്തും ഓട്ടുവാർപ്പു സൊസൈറ്റിക്കടുത്തും ലെവൽക്രോസിംഗില്ലാത്തത് ഒരു പ്രശ്നമാണ്.

അടുത്ത കാലത്ത് തീവണ്ടി യാത്രാ സൗകര്യം കുറയുകയാണ് ചെയ്തിട്ടുള്ളത്. ഒരു വർഷം മുൻപു വരെ തെക്കോട്ടും വടക്കോട്ടും പോകുന്ന മൂന്ന് വീതം പാസഞ്ചർ വണ്ടികൾ ഏഴിമല സ്റ്റേഷനിൽ നിർത്തിയിരുന്നു. എന്നാൽ ഉച്ച സമയത്തുണ്ടായിരുന്ന മംഗലാപുരം-കണ്ണൂർ പാസഞ്ചർ വണ്ടി കൊയമ്പത്തൂർ ഫാസ്റ്റ് പാസഞ്ചറാക്കി ഓടുന്നുണ്ടെങ്കിലും ഏഴിമല റെയിൽവെ സ്റ്റേഷനിൽ നിർത്താൻ അധികൃതർ ഇതുവരെ തയ്യാറായിട്ടില്ല. രാവിലെയും വൈകുന്നേരവും തെക്കോട്ടും വടക്കോട്ടുമുള്ള ഒരോ പാസഞ്ചർ വണ്ടി മാത്രമാണ് ഇവിടെ ഇപ്പോൾ നിർത്തുന്നത്. വർഷങ്ങളായി 'എക്സ്പ്രസ്സ്' വണ്ടികൂടി നിർത്തിക്കിട്ടുന്നതിന് വേണ്ടി ജനപ്രതിനിധികളും നാട്ടുകാരും ശ്രമിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ഈ അവഗണന എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. മാത്രമല്ല, ഈ റെയിൽവെ സ്റ്റേഷൻ തന്നെ എടുത്തു കളയുവാനുള്ള നീക്കം അധികൃതരുടെ ഭാഗത്ത് നിന്നുള്ളതായി സംശയിക്കേണ്ടിയിരിക്കുന്നു. പാസഞ്ചർ ബുക്കിംഗ് സമ്പ്രദായം എടുത്തു കളഞ്ഞതും ജീവനക്കാരെ പിൻവലി

ഇനം	താറിട്ടത്	താറിടാത്തത്	ആകെ
നാഷണൽ ഹൈവെ	3.500	—	3.500
P.W.D റോഡ്	7.500	—	7.500
പഞ്ചായത്ത് റോഡ്	6.750	17.750	24.500
ആകെ	17.750	17.750	35.500

ച്ചുകൊണ്ടിരിക്കുന്നതും ഇതിന്റെ സൂചനയായി നാട്ടുകാർ ഭയപ്പെടുന്നു. നിലവിൽ ഒരുജീവനക്കാരൻമാത്രമാണുള്ളത്.

റെയിൽവെ സ്റ്റേഷന്റെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. ജോലി സംബന്ധമായും ചികിത്സാ സംബന്ധമായും ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടിവരുന്ന ധാരാളം ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പ്രത്യേകിച്ച് ചികിത്സാർത്ഥം മണിപ്പാലും മംഗലാപുരത്തും, കോഴിക്കോടും, തിരുവനന്തപുരത്തും പോകുന്നവരാണ് ഏറെ കഷ്ടപ്പെടുന്നത്. പയ്യന്നൂരോ പഴയങ്ങാടിയോ പോയി വണ്ടികയറേണ്ടി വരുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറ് അതിർത്തി പുഴയാണ്. പുഴയോടു ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ കയ്യാടും കണ്ടൽക്കാടുകളുമായതിനാൽ ജനവാസം കുറവാണ്. അത്കൊണ്ടു തന്നെയായിരിക്കാം ജലഗതാഗതത്തെക്കുറിച്ച് ചിന്തിക്കാത്തത്. ബോട്ട് സർവ്വീസ് നിലവിൽ വന്നാൽ പുഴയോരങ്ങൾ കരയിടിച്ചിലിന്റെ ഭാഗമായി നശിക്കുമെന്ന ധാരണയും നിലനില്ക്കുന്നുണ്ട്.

തൊട്ടടുത്തുള്ള രാമന്തളി പഞ്ചായത്തിലെ കുന്നരുവുമായി ബന്ധപ്പെടുവാൻ പയ്യന്നൂർ, രാമന്തളി വഴി ചുറ്റിത്തിരിയേണ്ടിവരുന്നു. അല്ലെങ്കിൽ നാടൻ തോണിയെ ആശ്രയിക്കണം. പയ്യന്നൂർ മുൻസിപ്പാലിറ്റിയിലുള്ള കണ്ടങ്കാളി, മാവിച്ചേരി, കാനായി, ഭാഗങ്ങളുമായി ബന്ധപ്പെടുവാനും നാടൻ തോണിയെ ആശ്രയിക്കുന്നു.

മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നതിന്റെ ഫലമായി കാൽനട യാത്രപോലും ദുഷ്കരമായ ചില പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. റെയിൽവേ സ്റ്റേഷന്റെ തെക്കു പടിഞ്ഞാറു ഭാഗത്ത് കൂടി കടന്നു പോകുന്ന നടവഴിയും സ്റ്റേഷൻ പരിസരത്തു നിന്നും വീരചാമുണ്ഡേശ്വരി ക്ഷേത്രത്തിനടുത്തേക്കു പോകുന്ന ഇടവഴിയും ഇത്തരത്തിലുള്ളതാണ്. പാണച്ചിറ ഭാഗത്ത് നിന്ന് അങ്ങാടി ഭാഗത്തേക്കും മഴക്കാലത്ത് യാത്ര വിഷമമാണ്.

നിർദ്ദേശങ്ങൾ

പ്രശ്ന പരിഹാരത്തിനായി താഴെക്കൊടുത്ത 10 ഇനങ്ങളിലായി നിർദ്ദേശങ്ങൾ കൊടുക്കുന്നു.

A പുതിയ ബസ്സ് റൂട്ടുകൾ

1. പുതിയപുഴക്കര-തലായി-ഹനുമാരമ്പലം-കണ്ണൂർ
2. പുതിയപുഴക്കര-മൂശാരിക്കൊവ്വൽ-പയ്യന്നൂർ-കാഞ്ഞങ്ങാട്.
3. പയ്യന്നൂർ-മല്ലിയോട്-പാണച്ചിറ-കണ്ണൂർ.
4. പയ്യന്നൂർ-മൂശാരിക്കൊവ്വൽ-ഏഴിമലറെയിൽവേസ്റ്റേഷൻ-തലായി-ഹനുമാരമ്പലം-കണ്ണൂർ

B വെയിറ്റിംഗ് ഷെൽട്ടർ

പയ്യന്നൂർ കോളേജിന്റെ വടക്കുഭാഗത്തു കൂടി ഒരു ബസ് ഷെൽട്ടർ നിർമ്മിക്കണം.

കുഞ്ഞിമംഗലം ഹൈസ്കൂൾ പരിസരത്തും ഒരു ഷെൽട്ടർ നിർമ്മിക്കണം.

C ഓവുചാൽ

പഞ്ചായത്തിലെ എല്ലാ റോഡുകൾക്കും ഓവുചാലും ആവശ്യമുള്ളേടത്ത് കൾവർട്ട് നിർമ്മിക്കുകയും വേണം. പ്രത്യേകിച്ച് ഹൈസ്കൂൾ പറമ്പത്ത് റോഡ്, തീരദേശ റോഡ്.

D നിലവിലുള്ള എല്ലാ പഞ്ചായത്തു റോഡുകളും അറ്റകുറ്റപ്പണി നടത്തി താറിട്ട് ഗതാഗത യോഗ്യമാക്കുക. ഈ ഇനത്തിൽ താഴെ പറയുന്ന റോഡുകൾ ഉൾപ്പെടുന്നു.

1. പറമ്പത്ത് കോളനി-മഞ്ഞക്കാം കുളം റോഡ്
2. തമ്പാൻ വൈദ്യർ സ്മാരക വായനശാല-കൊവ്വപ്പുറം റെയിൽവേ ഗേറ്റ് റോഡ്
3. കടവത്തുവയൽ റോഡ്
4. തലായിമുക്ക്-മൂശാരിക്കൊവ്വൽഹരിജൻകോളനിറോഡ്.
5. തലായിവായനശാല-ശിശുമന്ദിരം റോഡ്.
6. സർവ്വീസ് സഹകരണബേങ്ക്-മൂശാരിക്കൊവ്വൽ റോഡ്.
7. ചെറാട്ട്-കുന്നിനുകിഴക്ക് റോഡ്.
8. കോളേജ്ഗേറ്റ്-നൊടിച്ചേരി റോഡ്.
9. എടാട്ട് കണ്ണൻ നായർ റോഡ്.
10. കൊളങ്ങര-ചെറാട്ട് റോഡ്.
11. എടനാട്ഈസ്റ്റ്-പറമ്പത്ത്-താമരംകുളങ്ങര റോഡ്.
12. പറമ്പത്ത്-കണ്ടംകുളങ്ങര റോഡ്.
13. കണ്ടംകുളങ്ങര-ഹൈസ്കൂൾ റോഡ്.
14. പറമ്പത്ത്-കിഴക്കാനി റോഡ്.
15. പറമ്പത്ത്-ഏഴിലോട് റോഡ്.

E പണിപൂർത്തിയാക്കേണ്ട റോഡുകൾ

1. മാർക്കറ്റ് റോഡ്.
2. താമരംകുളങ്ങര-മൂശാരിക്കൊവ്വൽ തീരദേശ റോഡ്.
3. മടത്തുംപടി അമ്പലം-പടിഞ്ഞാറെവയൽ (തീരദേശറോഡിന് മുട്ടുന്നത്)

F പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. തെക്കേവയൽ-ഹരിജൻകോളനി റോഡ്.
2. പുതിയപുഴക്കര-പൊതുശ്മശാനം റോഡ്.
3. വീരചാമുണ്ഡേശ്വരി ക്ഷേത്രം-എകെജി സെൻറ്റർ-അണിക്കരപാല റോഡ്.
4. മല്ലിയോട്-കക്കോണി റോഡ്.
5. അങ്ങാടിപള്ളി-മിനിസ്റ്റേഡിയം.
6. അങ്ങാടിപള്ളി-വടക്കെതെരു.
7. കുറത്തിക്കുണ്ട്-മല്ലിയോട്അമ്പലം.
8. പാണച്ചിറ-അങ്ങാടി.
9. തലായി-കൊവ്വപ്പുറം റെയിൽവേ ഗേറ്റ്.
10. കോക്കാട്-പാണച്ചിറ.
11. പാണച്ചിറ-കൊയപ്പാറ.
12. റെയിൽവേസ്റ്റേഷൻ-മനയിലമ്പലം-നാഗംറോഡ്.
13. റെയിൽവേസ്റ്റേഷൻ-വീരചാമുണ്ഡേശ്വരി ക്ഷേത്രം.
14. എടാട്ട്കണങ്കാട്-കുന്നിനുകിഴക്ക് കുഴൽ കിണർ റോഡ്.

G റെയിൽവേയുമായി ബന്ധപ്പെട്ടവ

1. ഏഴിമല റെയിൽവേസ്റ്റേഷനിൽ എക്സ്പ്രസ്സ് വണ്ടികൾ നിർത്തുക.
2. കൊവ്വപ്പുറത്തും ഓട്ടുവാർപ്പ് സൊസൈറ്റിക്കടുത്തും ലെവൽ ക്രോസിംഗും അനുവദിക്കുക.

H പുതിയപുഴക്ക് പാലം നിർമ്മിക്കുക. ഏഴിമല നാവിക അക്കാദമിക്കു കൂടി ഇതു പ്രയോജനമായിരിക്കും.

I റോഡിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും മാറ്റി സ്ഥാപിക്കുക.

J റോഡ് സംരക്ഷണത്തിന് ജനകീയ സമിതികൾ രൂപീകരിക്കുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക.

ഊർജ്ജം

വ്യവസായത്തിന്റെയും വെളിച്ചത്തിന്റെയും കൃഷിയുടെയും അടിസ്ഥാന ഘടകമാണ് വൈദ്യുതി. വൈദ്യുതിയെ സംബന്ധിച്ചിടത്തോളം നാമിന്ന് ഒരു പ്രതിസന്ധിയിൽ എത്തിപ്പെട്ടിരിക്കുകയാണ്. വ്യവസായത്തിന്റെ വളർച്ചയെയും കൃഷിയെയും ഇത് സാരമായി ബാധിച്ചു. ഉപഭോക്താക്കൾ വെളിച്ചമില്ലാതെ വളരെയേറെ പ്രയാസത്തിലുമാണ്.

കണ്ണൂരിൽ നിന്നും കാസർകോട്ടേക്ക് പോകുന്ന 11കെ.വി. ലൈൻ 1959ൽ കുഞ്ഞിമംഗലത്തുകൂടി കടന്നു പോയി. നമ്മുടെ ഗ്രാമത്തിന്റെ വൈദ്യുതീകരണം 1960ൽ ഭാഗികമായി നടന്നു. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന വൈദ്യുതി കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 110കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ്. ഇതേ ലൈനിൽ കൂടിയാണ് കോറോം, പയ്യന്നൂർ, രാമന്തളി എന്നീ വില്ലേജുകളിലും വൈദ്യുതി എത്തിക്കുന്നത്. സബ്സ്റ്റേഷനിൽ നിന്ന് കുഞ്ഞിമംഗലത്തേക്ക് മാത്രം ലൈൻ വഴി 15കി.മി. ദൂരമുണ്ട്. എല്ലാം കൂടി 35 കി.മി. ദൂരമുള്ള ഫീഡറിൽ കൂടിയാണ് മേൽപ്പറഞ്ഞ സ്ഥലങ്ങളിലെല്ലാം വൈദ്യുതി നൽകുന്നത്. അതിനാൽ വലിയ പ്രസരണ നഷ്ടം സംഭവിക്കുന്നു. പീക്ക് ലോഡ് സമയമായാൽ (വൈകുന്നേരം 6മണി മുതൽ രാത്രി 10മണിവരെ) ഈ ഫീഡറിൽ കൂടി ഓവർലോഡ് വരുന്നതുകൊണ്ട് ലൈൻട്രിപ്പ് ആകുകയോ അല്ലെങ്കിൽ ഓഫ് ചെയ്യുകയോ വേണം. ലോഡുഷെഡ്ഡിങ്ങിനു പുറമെ ഇതു കൂടി ഉപഭോക്താക്കൾ അനുഭവിക്കേണ്ടിവരുന്നു. നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യാൻ 16 ട്രാൻഫോമറുകളാണ് ഇന്ന് നിലവിലുള്ളത്. ഇവയുടെ മൊത്തം കപ്പാസിറ്റി 1399 കെ.വി.എ ആണ്.

പയ്യന്നൂർ ഫീഡറിന്റെ ലോഡു കൂടിയതു കൊണ്ട് ഒരു കൊല്ലം മുമ്പേ തന്നെ കുഞ്ഞിമംഗലത്തേക്കുവരുന്ന 11 കെ.വി. ലൈൻ ഗവ. സെൻട്രൽ യു.പി. സ്കൂളിനടുത്തുള്ള എ.ബി. സിച്ച് വരെ മാത്രമാണ് വരുന്നത്. ബാക്കിഭാഗം അതായത് കുഞ്ഞിമംഗലത്തുള്ള 9 ട്രാൻഫോമറുകൾ മാതമംഗലം ഫീഡറിന്റെ ടെയിൽ എന്റിലായി പാണച്ചിറയിൽ വെച്ച് കണക്ട് ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ആണ്ടാംകൊവ്വൽ, തെരു, മല്ലിയോട്, പാണച്ചിറ, കൊയപ്പാറ, അങ്ങാടി, കുതിരുമ്മൽ, തലായി, കൊവ്വപ്പുറം, തെക്കുമ്പാട്, പുതിയപുഴക്കര മുതലായ പ്രദേശങ്ങളിൽ സന്ധ്യാസമയമായാൽ 5വോൾട്ടിൽ കൂടുതൽ ഉണ്ടോ എന്ന് സംശയമാണ്. കാരണം വോൾട്ട് മീറ്റർ ഉപയോഗിച്ച് നോക്കിയാൽ ഇത് മനസിലാവുകയില്ല. രാമന്തളിയിൽ പെട്ട കുന്നരുവിലേക്കും ഇതേ ലൈനിൽ കൂടിയാണ് വൈദ്യുതി പ്രവഹിക്കുന്നത്. സബ്സ്റ്റേഷനിൽ നിന്ന് കുന്നരുവിലേക്ക് ലൈൻ വഴിയുള്ള ദൂരം 20കി.മി. ആണ്. അതുകൊണ്ട് പ്രസരണ നഷ്ടവും ഫീഡറിന്റെ ഓവർ ലോഡും പയ്യന്നൂർ ഫീഡറിനെ അപേക്ഷിച്ച് കൂടുതലാണെന്ന് പറയേണ്ടതില്ലല്ലോ?

പകൽ സമയത്തും വോൾട്ടേജിന്റെ കാര്യം പരിതാപകരമാണ്. ട്രാൻഫോമർ പോയന്റിൽ സിങ്കിൾ ഫേസിൽ 150 മുതൽ 200 വോൾട്ട് വരെയുണ്ടാകും. അതേ ട്രാൻഫോമറിൽ നിന്ന് പോകുന്ന സിങ്കിൾ ഫേസ് ലൈനിന്റെ ടയിൽ എന്റിൽ 100 മുതൽ 150 വോൾട്ട് വരെയുണ്ടാകും. സന്ധ്യാസമയമായാൽ ഇത് യഥാക്രമം 90മുതൽ 100വരെയും 5 മുതൽ 20 വരെയായും കുറയുന്നു. ഇതിനെ മറികടക്കാൻ 30%ത്തോളം ഉപഭോക്താക്കൾ സ്റ്റെപ്പ്അപ്പ് ഉപയോഗിക്കുന്നു. ഇതും ലോഡ് വർദ്ധിക്കാൻ കാരണമാകുന്നു. നമ്മുടെ സ്റ്റാൻഡേർഡ് വോൾട്ടേജ് 230 ആണ്. ത്രീ ഫേസ് മോട്ടോർ പ്രവർത്തിക്കാൻ 440 വോൾട്ടേജ് ആവശ്യമാണ്. പകൽ സമയത്ത് ഇവിടെ 280 മുതൽ 350 വരെ മാത്രമേ കിട്ടുന്നുള്ളൂ. ഇത് വ്യവസായത്തെയും കൃഷിയെയും സാരമായി ബാധിക്കുന്നു. പഞ്ചായത്തിൽ മൊത്തം 15കി.മി 11കെ.വി. ലൈനും 45കി.മി. L.T. ത്രീ ഫേസ് ലൈനും 40കി.മി. സിങ്കിൾ ഫേസ് ലൈനുമുണ്ട്. ഇതിൽ വ്യത്യസ്ത മേഖലകളിലായി മൊത്തം 15കി.മി. സിങ്കിൾ ഫേസ് ലൈൻ ഓവർ ലോഡാണ്. അതായത് 20 മുതൽ 25 വരെ അല്ലെങ്കിൽ അതിലധികവും ഉപഭോക്താക്കൾ വരുന്ന ലൈൻ. മൊത്തം 3129 ഉപഭോക്താക്കളുണ്ട്. അതിൽ 2570 ഗാർഹികം, 230 വ്യാപാര സ്ഥാപനങ്ങൾ, 260 കാർഷിക കണക്ഷൻ, 52 വ്യവസായം, 15 ദേവാലയങ്ങൾ 10 ലൈബ്രറികൾ 6 സ്കൂളുകൾ ഒരു കോളേജ്, 65 കുടിർജ്യോതി കണക്ഷനുകളുമുണ്ട്. നമ്മുടെ പഞ്ചായത്തിൽ 214 തെരുവു വിളക്കുകൾ ഉണ്ട് അതിന് കറണ്ട് ചാർജ് 2418രൂപ പ്രതിമാസം KSEBയിലേക്ക് അടച്ചു വരുന്നു. പകുതിയോളം ലൈറ്റുകൾ കത്താത്തവയാണ്. കൃത്യ സമയത്തു കത്തിക്കാൻ വേണ്ട നടപടി KSEBയുടെ ഭാഗത്തു നിന്ന് ഉണ്ടാവണം. അതിനായി പഞ്ചായത്തും KSEBയും ജോയന്റ് ഇൻസ്പെക്ഷൻ 3മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും നടത്തണം. 31. 3. 1996 വരെ വൈദ്യുതിക്ക് വേണ്ടി അപേക്ഷ നൽകിയവർ 147. പണമടച്ച് കാത്തിരിക്കുന്നവർ 65

പോസ്റ്റുവേണ്ടുന്ന സാധാരണ കണക്ഷൻ	35എണ്ണം
പോസ്റ്റു വേണ്ടാത്ത സാധാരണ കണക്ഷൻ	14എണ്ണം
പോസ്റ്റുവേണ്ടുന്ന കാർഷിക കണക്ഷൻ	8എണ്ണം.
പോസ്റ്റുവേണ്ടുന്ന OTP	3എണ്ണം
പോസ്റ്റുവേണ്ടുന്ന OYEC	5എണ്ണം

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതുവരെയുള്ള കണക്കു നോക്കിയാൽ 200ഓളം കണക്ഷനുകൾ വിവിധ കാറ്റഗറിയിൽ കൊടുക്കുവാനുണ്ടാകും.

മേൽപ്പറഞ്ഞ 2570 ഗാർഹിക ഉപഭോക്താക്കളിൽ 15% ഉപഭോക്താക്കളും ഗാർഹിക ആവശ്യത്തിൽ നിന്നു തന്നെ കൃഷിക്കും വൈദ്യുതി ഉപയോഗിക്കുന്നവരാണ്. ഭക്ഷണം പാകം ചെയ്യാൻ വൈദ്യുതി ഉപയോഗിക്കുന്നവർ വളരെക്കുറവാണ്. വാഷിങ്മെഷിൻ, ഇലക്ട്രിക്ക് ഇസ്തിരിപ്പെട്ടി, അരവുമെഷിൻ, മിക്സി, ഫ്രിഡ്ജ് മുതലായവ 5% വീടുകളിലെങ്കിലും ഉണ്ട്.

ഗാർഹിക ആവശ്യത്തിന് പ്രത്യേകിച്ച് പാചകത്തിന് ഇന്ന് നാം ആശ്രയിക്കുന്നത് വിറകിനെയാണ്. പഴയകാല ഘട്ടത്തെ അപേക്ഷിച്ച് ഇന്ന് ആവശ്യത്തിന് ഇത് ലഭിക്കുന്നില്ല. വിറക്, ഇല, ചപ്പ്, ചവറ്, ചാണകം(വരടി), ഓല, മട്ടൽ തുടങ്ങിയവയും നാം ഈ ആവശ്യത്തിന് ഉപയോഗിച്ചു വരുന്നു. എന്നാൽ ഇവയുടെ ലഭ്യത ഇന്ന് പരിമിതമാണെന്ന് കാണാം. ആവശ്യക്കാർ കൂടുതലും, ഉൽപ്പാദനം കുറവും ആയിത്തീരുമ്പോൾ ഉണ്ടാകുന്ന പ്രയാസം ഇവിടെയും നിലനിൽക്കുന്നു. അതിനാൽ പാചകത്തിന് മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തണം. എന്നാൽ പാചകവാതകം ഗ്രാമത്തിൽ ലഭ്യമല്ല. അതിനാൽ അതിനെ ആശ്രയിക്കാനും ഇപ്പോൾ സാധ്യമല്ല. മണ്ണെണ്ണ ചുരുക്കം കുടുംബങ്ങൾ പാചകത്തിനായി ഉപയോഗിക്കുന്നു. വിറകിന്റെ ദൗർലഭ്യം, വിലക്കയറ്റം, ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കായ്ക എന്നീ കാരണങ്ങൾ കൊണ്ടും, വിറക് കത്തിച്ചാൽ ഉണ്ടാകുന്ന ഊർജ്ജനഷ്ടവും കണക്കിലെടുത്ത് ചിലവു കുറഞ്ഞതും പുകയില്ലാത്തതുമായ അടുപ്പ് പ്രചാരത്തിൽ വരുത്തേണ്ടതുണ്ട്. പ്രഷർകുക്കർ വ്യാപകമാക്കേണ്ടതുണ്ട്.

അതുപോലെ ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിന് നമ്മുടെ ക്ഷീരകർഷകകുടുംബങ്ങൾ വിചാരിച്ചാൽ സാധിക്കുന്നതാണ്. അത്തരം ഒന്നോ രണ്ടോ കുടുംബങ്ങൾ ശ്രമിച്ച് അത് ഉണ്ടാക്കാവുന്നതാണ്. വോൾട്ടേജ് ക്ഷാമം കാരണം വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളും അല്ലാത്തവരും ഇന്ന് വെളിച്ചത്തിന് മണ്ണെണ്ണ വിളക്കിനെ ആണ് ആശ്രയിക്കുന്നത്.

1995-96 വർഷത്തെ കണക്കനുസരിച്ച് വിതരണം ചെയ്ത മണ്ണെണ്ണയുടെ കണക്ക് താഴെ ചേർക്കുന്നു

296 പെർമിറ്റ് വഴി വിതരണം ചെയ്തത്	30800ലി.
റേഷൻ കാർഡുവഴി വിതരണം ചെയ്തത്	83484ലി.
ആകെ	114284ലി.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. നിർദ്ദിഷ്ട കുഞ്ഞിമംഗലം ഫീഡർ(കാങ്കോൽ സബ്സ്റ്റേഷനിൽ നിന്ന് കുഞ്ഞിമംഗലത്തേക്കുള്ള 11കെ.വി. ലൈൻ) യുദ്ധകാല അടിസ്ഥാനത്തിൽ പണി പൂർത്തീകരിക്കുക.
2. പുതുതായി ഡിസ്ട്രിബ്യൂഷൻ ട്രാൻഫോർമറുകൾ സ്ഥാപിക്കണം.
   - (i) മടത്തുംപടി ക്ഷേത്രത്തിന് സമീപം
   - (ii) പൊങ്ങിലാട്ടെ മുണ്ട്യയ്ക്ക് സമീപം
   - (iii) കൊവ്വപ്പുറം
   - (iv) തെക്കുമ്പാട് ഗോപാലന്റെ പീടികയ്ക്ക് സമീപം
   - (v) കണ്ടംകുളങ്ങര പള്ളിക്ക് സമീപം
   - (vi) മല്ലിയോട് പാണച്ചിറ റോഡിൽ
   - (vii) എടാട്ട് ഭണ്ഡാരത്തിന് സമീപം
   - (viii) കൊയപ്പാറ
   - (ix) തലായി
   - (x) എടനാട് ഈസ്റ്റ് എൽ.പി. സ്കൂളിന് സമീപം
3. ഓവർലോഡായി കിടക്കുന്ന 15കി.മി. സിങ്കിൾ ഫേസ് ലൈൻ ത്രീഫേസാക്കണം.
4. ബാക്കിയുള്ള എല്ലാ കാർഷിക കണക്ഷനും മറ്റു കണക്ഷനും അടിയന്തിരമായി കൊടുത്തു തീർക്കണം.
5. കത്താത്ത തെരുവുവിളക്കുകൾ ഉടനടി കത്തിക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കണം.
6. കത്താത്ത ബൾബുകൾക്ക് കറണ്ട് ചാർജ്ജിൽ ഇളവ് അനനുവദിക്കണം.
7. നിലവിലുള്ള റോഡുകളിലും പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന റോഡുകളിലും തടസമുണ്ടാക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി റോഡ് റിക്കിലേക്ക് സ്ഥാപിക്കണം. ശ്രമദാനമായി നാട്ടുകാർ പ്രസ്തുത ജോലിചെയ്യാൻ തയ്യാറായാൻ അനുമതി KSEB നൽകേണ്ടതാണ്. ഇതിനാവശ്യമായ നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തണം.
8. പ്രസരണ നഷ്ടം കുറക്കാൻ ലൈനിൽ മുട്ടി നിൽക്കുന്ന വൃക്ഷക്കൊമ്പുകളും ഓല മുതലായവയും മുറിച്ച് മാറ്റുന്ന ജോലി അതാത് സമയത്ത് ചെയ്യേണ്ടതാണ്.
9. പഞ്ചായത്തിൽ ഒരു പാചക ഗ്യാസ് ഏജൻസി അനുവദിക്കണം.
10. ബയോഗ്യാസ് ഉണ്ടാക്കുന്നതിനും പുകയില്ലാത്ത അടുപ്പ് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.
11. വോൾട്ടത കുറഞ്ഞ വിളക്കുകൾ (CFL), സൂര്യറാന്തൽ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കണം.
12. ഒന്നോ രണ്ടോ പഞ്ചായത്തുകൾ ചേർന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കണം.
13. കേടായിക്കിടക്കുന്ന മീറ്ററുകൾ അതാത് സമയത്ത് പരിശോധിച്ച് മാറ്റേണ്ടതാണ്.
14. NPG സമ്പ്രദായത്തിന്റെ ഗുണം അനുഭവിക്കുന്ന ഗുണഭോക്താക്കളുടെ അർഹത കാലാകാലങ്ങളിൽ പരിശോധിച്ച് അനർഹരെ അതിൽ നിന്നും ഒഴിവാക്കണം.
15. ഇപ്പോൾ നിലവിലുള്ള പയ്യന്നൂർ മേജർ സെക്ഷൻ വിഭജിച്ച് കുഞ്ഞിമംഗലം പഞ്ചായത്തിന് ഒരു സെക്ഷൻ ആഫീസ് അനുവദിക്കണം.
16. വൈദ്യുതി ബില്ല് അടക്കുന്നതിന് പല സ്ഥലത്തും നടപ്പിലാക്കിയിട്ടുള്ള സ്പോട്ട് ബില്ലിങ്ങ് സമ്പ്രദായം ഇവിടെയും നടപ്പിലാക്കണം.


മാർക്കറ്റ്

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ ഇന്ന് നിലവിലുള്ളത് ഒരു മത്സ്യമാർക്കറ്റ് മാത്രമാണ്. തലച്ചുമടായി കൊണ്ടുവരുന്ന മത്സ്യം ഒന്നോ രണ്ടോ മണിക്കൂർ സമയം കൊണ്ട് വിൽപ്പന നടത്താനുള്ള ഒരേർപ്പാടായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. പൊതുവെ കൊള്ള കൊടുക്കൽ ഇവിടെ നടക്കുന്നില്ല. അത്തരമൊരു മാർക്കറ്റ് കുഞ്ഞിമംഗലത്ത് അത്യാവശ്യമാണ്. പഞ്ചായത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാൻ പൊതു വിപണിയില്ലാത്തതുകൊണ്ട് പയ്യന്നൂർ പട്ടണത്തിലെ സ്വകാര്യ

കച്ചവടക്കാരെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ടുതന്നെ ഉൽപ്പാദനചെലവിന് പുറമെ യാത്രച്ചെലവ്, ചരക്ക് കൊണ്ടു പോകാനുള്ളചെലവ് അധികമായിവരുന്നു. യാത്രാപ്രശ്നം കാരണം നഷ്ടം സഹിച്ച് സാധനങ്ങൾ ഇവിടെ തന്നെ സ്വകാര്യ ഏജൻസികൾക്ക് വിൽക്കേണ്ടിവരുന്ന അവസ്ഥയുമുണ്ട്. അതുകൊണ്ട് ചുരുങ്ങിയത് നമ്മുടെ പഞ്ചായത്തിൽ 4 മാർക്കറ്റെങ്കിലും വേണം.

1. ഏഴിമല റെയിൽവെ സ്റ്റേഷൻ പരിസരം
2. കുഞ്ഞിമംഗലം തെരു
3. കണ്ടംകുളങ്ങര
4. എടനാട്-പയ്യന്നൂർ കോളേജ് ബസ് സ്റ്റോപ്പിൽ.

ഇവിടങ്ങളിൽ തന്നെ പച്ചക്കറി ചന്തയും ഉണ്ടാവണം.



പാർപ്പിടവും സാമൂഹ്യക്ഷേമവും

ഭവന നിർമ്മാണം

ജനങ്ങളുടെ മുഖ്യ ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. അന്തിയുറങ്ങാൻ കിടപ്പാടങ്ങൾക്കു വേണ്ടി ക്ലേശിക്കുന്ന ജനങ്ങൾ നമ്മുടെ സമൂഹത്തിൽ ഏറെയാണ്. എന്നാൽ കുഞ്ഞിമംഗലം ഗ്രാമത്തെ സംബന്ധിച്ചിടത്തോളം വലിയൊരളവോളം സ്വന്തമായി വീടുള്ളവരാണ്. പഴയ കാല വാസ്തു ശില്പ മാതൃകയിൽ നിന്നും വ്യത്യസ്തമായി, ആധുനിക സൗകര്യങ്ങളോടുകൂടിയ വീടുവെക്കുന്നതിൽ മത്സരിക്കുന്നവരും ഈ പഞ്ചായത്തിലുണ്ട്.

ഗൾഫ് മേഖലയുടെ സ്വാധീനം വളരെ പ്രകടമായിക്കാണുന്ന ഒരു രംഗമാണ് ഭവന നിർമ്മാണം. അത്യാധുനിക രീതിയിൽ പണികഴിപ്പിക്കുന്ന നിരവധി വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മൊസൈക്ക്, മാർബിൾ, ഗ്ലൈഡിംഗ് ടൈൽസ്, കടപ്പക്കല്ല് തുടങ്ങിയ വസ്തുക്കൾ വീടിന്റെ അലങ്കാരത്തിനായി ഉപയോഗിക്കുന്നു. കലാപരമായും ശിൽപ്പപരമായും വളരെ ഏറെ ഭംഗിയുള്ള നിരവധി ഭവനങ്ങളും നമ്മുടെ പഞ്ചായത്തിൽ കാണാം. കൂടാതെ ചെലവ് കുറഞ്ഞരീതിയിൽ പണികഴിപ്പിച്ച വീടുകളും നമ്മുടെ പ്രദേശത്ത് ഉണ്ട്. ചെലവു കുറഞ്ഞ വീടുകളുടെ പ്രചരണം നാം ഏറ്റെടുത്തേ മതിയാകൂ.

നമ്മുടെ പഞ്ചായത്തിൽ 1991ലെ സെൻസസ് പ്രകാരം 2875 ഭവനങ്ങളാണുള്ളത്. ഇതൽ 2869 വീടുകളിൽ ആൾതാമസമുണ്ട്. എന്നാൽ 1996 ഒക്ടോബർ മാസം നടത്തിയ കുഞ്ഞിമംഗലം പഞ്ചായത്ത് ഗ്രാമവികസന സർവ്വെ പ്രകാരം 3277 വീടുകളാണുള്ളത്. സർവ്വെയുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

I.R.D.P. സർവ്വെ പ്രകാരം വിവിധ പദ്ധതികളിലായി 75 വീടുകളനുവദിച്ചിട്ടുണ്ട്. ഇതിൽ 70 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ളതിൽ 5 വീടുകൾ ഇനിയും പൂർത്തീകരിക്കാനുണ്ട്.

പട്ടിക 1

വാർഡ്	വീടുകളുടെ എണ്ണം	മേൽക്കൂരയുടെ സ്വഭാവം				തറയും ചുമരും സ്വഭാവം			പട്ടികജാതി പട്ടിക വർഗ്ഗ വീടുകൾ	വീടുവയ്ക്കാൻ സഹായം ലഭിച്ചവർ	സ്വന്തമായി വീടില്ലാത്തവരുടെ എണ്ണം
		കോൺ.	ഓട്	ഓല	കുടിൽ	കല്ല്	കല്ലും ഇഷ്ടികയും	മൺകട്ട			
1	418	186	226	2	4	376	11	31	57	24	8
2	365	133	230		2	310	20	35	12	15	9
3	462	131	327	2	2	346	47	69	42	39	3
4	400	123	275		2	319	18	63	8	5	13
5	392	129	258	2	3	302	21	69	17	14	11
6	245	70	174		1	205	8	32		1	16
7	363	120	240	2	1	276	4	83	36	10	27
8	317	95	220	1	1	236	7	74	26		15
9	315	95	216		4	248	28	39	30	4	9
ആകെ	3277	1082	2166	9	20	2618	164	483	228	112	111

കുഞ്ഞിമംഗലം പഞ്ചായത്തിൽ കെട്ടിടങ്ങളുടെ എണ്ണവും വളരെ വേഗതയിൽ വർദ്ധിച്ചുകൊണ്ടിരിക്കയാണ്. താഴെ പറയുന്ന പട്ടിക ഇത് വ്യക്തമാക്കുന്നു.

പട്ടിക 2

വർഷം	കെട്ടിടങ്ങളുടെ എണ്ണം
1990-91	3807
1991-92	4110
1992-93	4842
1993-94	4972
1994-95	5077
1995-96	5227

കെട്ടിട നികുതിയിനത്തിൽ 1995-96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ 164672.50 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

J.R.Y. ഫണ്ടുപയോഗിച്ച് പട്ടികജാതി പട്ടിക വർഗത്തിനായി വീടു വെക്കുന്നതിന് വിവിധ വർഷങ്ങളിലായി പണം ചെലവഴിച്ചിട്ടുണ്ട്. താഴെപറയുന്ന പട്ടിക ഇത് വ്യക്തമാക്കുന്നു.

പട്ടിക 3

വർഷം	പ്രവർത്തിയെ കുറിച്ചുള്ളത്	നീക്കിവെച്ച തുക രൂ.	ചെലവായ തുക രൂ.
1989-90	വീടൊന്നിന് 9000 രൂ. പ്രകാരം 8 പേർക്ക്	72000	70398
1990-91	വീടൊന്നിന് 9400 രൂ. പ്രകാരം 9 പേർക്ക്	84600	74398
1991-92	വീടൊന്നിന് 11200 രൂ. പ്രകാരം 5 പേർക്ക്	56000	50200
1992-93	വീടൊന്നിന് 11200 രൂ. പ്രകാരം 4 പേർക്ക്	44800	
1993-94	വീടൊന്നിന് 11200 രൂ. പ്രകാരം 10 പേർക്ക്	112000	84800
1994-95			
1995-96	വീടൊന്നിന് 13550 രൂ. പ്രകാരം 5 പേർക്ക്	67750	33200
1996-97			
	ആകെ	437150	312996

പഞ്ചായത്തിലെ നിർദ്ധനരായ പാവപ്പെട്ടകുടുംബങ്ങൾക്ക് തങ്ങളുടെ പുരകെട്ടി മേയുന്നതിന് ഓരോ വർഷവും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഇതിന്റെ വിശദ വിവരം താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നു മനസ്സിലാക്കാം.

പട്ടിക 4

വർഷം	അനുവദിച്ച തുക രൂ.
1990-91	6150
1991-92	7650
1992-93	6550
1993-94	7100
1994-95	4000
1995-96	4100

സർക്കാറിന്റെ ലക്ഷം വീട് പദ്ധതി പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 3 ലക്ഷം വീടു കോളനികൾ ഉണ്ട്. ഈ കോളനികളിലായി സർക്കാർ ധാരാളം വീടുകൾ പണിതിട്ടുണ്ട്. പറമ്പത്ത്, എടനാട് കോളനികളിൽ വിതരണം ചെയ്യാൻ ബാക്കിയുള്ള സ്ഥലം വീടു നിർമ്മിക്കുന്നതിന് 4 സെന്റ് വീതം സ്വന്തമായി സ്ഥലമില്ലാത്തവർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ലക്ഷംവീടു പദ്ധതി ആരംഭിച്ചിട്ട് നിരവധി വർഷങ്ങൾ കഴിഞ്ഞെങ്കിലും പട്ടയ വിതരണം പൂർണ്ണമായിട്ടില്ല. അതാത് പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന പോസ്റ്റാഫീസുകളിൽ "ഇന്ദിരാ വികാസ് പത്ര"യിൽ നിക്ഷേപിക്കപ്പെടുന്ന സംഖ്യയുടെ 25% അതാതു പഞ്ചായത്തുകൾക്ക് ഗ്രാന്റായി അനുവദിച്ചിരുന്നു.. ഈ ഗ്രാന്റ് നമ്മുടെ പഞ്ചായത്തിലും ലക്ഷം വീടുകളുടെ അറ്റകുറ്റ പണികൾക്ക് വേണ്ടി ഉപയോഗിച്ചു വരുന്നു.

നമ്മുടെ പ്രദേശത്ത് ഹൗസിങ്ങ് സൊസൈറ്റികൾ ഇല്ലെങ്കിലും Payyannur Block Co-Operative Building ciety Ltd. ഭവന നിർമ്മാണ വായ്പാ ഇനത്തിൽ 27 പേർക്കു 5,66,515 രൂപ നൽകിയിട്ടുണ്ട്. കൂടാതെ പയ്യന്നൂർ കോളേജ് ജീവനക്കാർക്കു വേണ്ടി സ്ഥാപിച്ചിട്ടുള്ള ഹൗസിങ്ങ് സൊസൈറ്റി ഏതാനും ഭവനങ്ങൾ രണ്ടാം വാർഡിൽ ദേശീയ പാതയ്ക്ക് സമീപം നിർമ്മിച്ചിട്ടുണ്ട്. ഇതിനു പുറമേ കൂടുതൽ ആളുകളും ആശ്രയിക്കുന്നത് ബാങ്കിൽ നിന്നും എൽ.ഐ.സി. ഇൽ നിന്നും ഉള്ള വായ്പയാണ്. സംസ്ഥാന നിർമ്മാണ ബോർഡ് ഭവനനിർമ്മാണ വായ്പ നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ വായ്പകളും നിലവിലുണ്ട്.

വീടുകൾ പണിയുന്നതിനുള്ള സാമഗ്രികൾ നമ്മുടെ പഞ്ചായത്തിൽ വളരെ വിരളമായി മാത്രമേ കാണുന്നുള്ളൂ. ഒന്നാം വാർഡിലെ പുഴയോരത്തുനിന്നും ഭവനനിർമ്മാണത്തിനുള്ള മണൽ ശേഖരിക്കാറുണ്ട്. 1,2 വാർഡുകളിൽ നിന്നും കല്ലു കൊത്തിയെടുക്കാറുണ്ട്. എങ്കിലും ഇവയൊക്കെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ തോതിലില്ല.

നിർമ്മാണ തൊഴിലാളികൾ, പുരുഷൻമാർ ശരാശരി 115 രൂപയും സ്ത്രീകൾ ശരാശരി 55 രൂപയും പ്രതിദിനം വേതനമായി കൈപറ്റുന്നു.

റോഡുകളുടെ സമീപത്തായി പാടങ്ങൾ നികത്തി പറമ്പുകളുണ്ടാക്കി വീടുകൾ പണിയുന്ന ഒരു പ്രവണതയും

ഉണ്ട്. റോഡുകളില്ലാത്ത ചില വയലുകളിലും ഈ പ്രവണത നേരിയ തോതിലുണ്ട്.

ഭവനനിർമ്മാണ രംഗത്ത് കരാർ വ്യവസ്ഥ ഇന്ന് കൂടുതലായി കണ്ടുവരുന്നു. കരാർ വ്യവസ്ഥ വീട്ടുടമയുടെ അധ്വാന ഭാരം ലഘൂകരിക്കുന്നു. തൊഴിലാളികളെ അന്വേഷിച്ചു നടക്കാൻ ഇന്ന് പലർക്കും സമയമില്ല ഒന്നിച്ച് പണം ഏൽപിച്ചാൽ മതി, ഇങ്ങനെ പലകാരണങ്ങളും കരാർ വ്യവസ്ഥയിലേയ്ക്ക് നീങ്ങാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. കരാർ വ്യവസ്ഥയാണ് വീടുനിർമ്മാണ രംഗത്ത് കൂടുതൽ അഭികാമ്യം എന്ന് പുതുതായി വീട് നിർമ്മിക്കുന്ന ആളുകൾ കണ്ടെത്തിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. കുഞ്ഞിമംഗലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആവശ്യകാർക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള വായ്പ ലഭിക്കാൻ പര്യാപ്തമായ ഹൗസിംഗ് സൊസൈറ്റി ഇല്ല. അതു കൊണ്ട് ജനങ്ങൾക്ക് മറ്റുപല വായ്പകളേയും ആശ്രയിക്കേണ്ടിവരുന്നു.
2. പാടങ്ങൾ നികത്തി പറമ്പുകളുണ്ടാക്കുകയും ഭവനങ്ങളും കെട്ടിടങ്ങളും നിർമ്മിക്കുന്നു എന്നതുമാണ് മറ്റൊരു പ്രശ്നം. കുഞ്ഞിമംഗലത്ത് മൊത്തത്തിൽ ഈ പ്രവണത കണ്ടുവരുന്നുണ്ടെങ്കിലും ഇതു കൂടുതലായി കണ്ടുവരുന്നത് റോഡിനു സമീപമുള്ള സ്ഥലത്താണ്. ഇതു മൂലം കൃഷി സ്ഥലം കുറയുന്നു.
3. നിർമ്മാണ തൊഴിലാളികളുടെ അഭാവം ഈ രംഗത്ത് മറ്റൊരു പ്രശ്നമാണ്. ഇന്നത്തെ ചെറുപ്പക്കാരായിട്ടുള്ള ആളുകൾ ഈ രംഗത്ത് പുതുതായി കടന്നുവരാൻ മടിക്കുന്നു. അതിനാൽ നിർമ്മാണ തൊഴിലാളികളെ മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടു വരേണ്ട അവസ്ഥ നിലവിലുണ്ട്.
4. ഭവന നിർമ്മാണ രംഗത്തെ മറ്റൊരു പ്രശ്നമാണ് ദുർവ്യയ ഭവനങ്ങൾ കൂടി വരുന്നു എന്നത്. അനാവശ്യചെലവുകൾ ഈ രംഗത്ത് കൂടുന്നു. വലിയ ഭവനങ്ങൾ ധാരാളം നിർമ്മിക്കപ്പെടുന്നു. ഈ രംഗത്ത് കൂടുതലായി ചെലവഴിക്കുന്ന പണം മറ്റുരംഗത്തേയ്ക്ക് തിരിച്ചു വിട്ടാൽ അത് വളരെയേറെ പ്രയോജനം ചെയ്യും.
5. ഭൂമിയുടേയും, കെട്ടിടനിർമ്മാണ സാമഗ്രികളുടേയും ക്രമാതീതമായ വിലക്കയറ്റം.
6. പരിശീലനം ലഭിച്ച വിദഗ്ധരായ തൊഴിലാളികളുടെ കുറവ് ഈ രംഗത്ത് മറ്റൊരു പ്രശ്നമാണ്. ഇത് നിർമ്മാണ ചെലവ് കൂട്ടാൻ സഹായിക്കുന്നു. കൂടാതെ പണിത ഭവനങ്ങൾക്ക് വേഗത്തിൽ തന്നെ കേടുപാടുകൾ സംഭവിക്കുന്നു.
7. ആവശ്യത്തിനനുസരിച്ചുള്ള ഭൂമിയുടെ ദൗർലഭ്യം.
8. ഭവന നിർമ്മാണത്തിനുള്ള ദുർബല വിഭാഗത്തിനുള്ള പദ്ധതികൾ ആവശ്യക്കാർക്ക് ലഭിക്കുന്നില്ല.
9. വായ്പകൾക്ക് പരിശോധനാ ഫീസ് ഈടാക്കുന്നത് ഗുണകരമല്ല.
10 ചെലവുകുറഞ്ഞ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള ഭവനനിർമ്മാണത്തിന് വേണ്ടത്ര പ്രചാരം ലഭിക്കുന്നില്ല.
11. ലക്ഷംവീട് കോളനികളിലും മറ്റു കോളനികളിലും വീടുകൾ പുതുക്കി പണിയുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നു.
12. മതിലുകൾ ദിവസം കഴിയുന്തോറും കൂടി വരുന്നു.
13. നിർമ്മാണ തൊഴിലാളികളുടെ കൂലി നിരക്കിൽ ഏകീകരണമില്ല.
14. ഭവനമിർമ്മാണ സാമഗ്രികൾക്ക് വേണ്ടി മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.
15. ഭവന നിർമ്മാണ സാമഗ്രികളുടെ വിലയിൽ തീരെ ഏകീകരണമില്ല.

സാധ്യതകൾ

1. ആവശ്യക്കാർക്ക് ഉപകരിക്കുന്ന രീതിയിൽ വായ്പ ലഭ്യമാക്കാൻ ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കാവുന്നതാണ്.
2. സർവ്വീസ് സഹകരണ ബാങ്കിൽനിന്നും ഭവന നിർമ്മാണത്തിനുള്ള വായ്പ ലഭ്യമാക്കുക.
3. പാടങ്ങൾ നികത്തി പറമ്പുകളുണ്ടാക്കുന്നതിനെ നിരുൽസാഹപ്പെടുത്തുക.
4. നിർമ്മാണ തൊഴിലാളി സഹകരണ സംഘം സ്ഥാപിക്കുക.
5. നിർമ്മാണ തെഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനള്ള പരിപാടി തയ്യാറാക്കുക.
6. ചെലവു കുറഞ്ഞരീതിയിലുള്ള ഭവന നിർമ്മാണം പ്രചരിപ്പിക്കുക. ഇത്തരം ഭവനങ്ങളെ പ്രോത്സാഹിപ്പിക്കുക.
7. ദുർവ്യയഭവനങ്ങളുടെ വ്യാപനത്തെ നിരുൽസാഹപ്പെടുത്താൻ പ്രചരണം നടത്തുക.
8. ലക്ഷം വീട് കോളനിയിലേയും മറ്റു കോളനിയിലേയും ഭവനങ്ങൾ പുതുക്കി പണിയുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.
9. ഒന്നാം വാർഡിൽ ശാന്തി ടാക്കീസിന് സമീപമുള്ള സ്ഥലം പതിച്ചു നൽകി വീടു വെക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
10. വീടു വെക്കാൻ സ്ഥലം പതിച്ചു നൽകുന്നത് ഭൂരഹിതർക്കും തികച്ചും പാവപ്പെട്ടവർക്കും ആയിരിക്കണം.
11. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കുറയ്ക്കാനുള്ള പരിപാടി ആസൂത്രണം ചെയ്യണം.
12. ഭൂരഹിതർക്കും പാവപ്പെട്ടവർക്കുമുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നൽകുക.
13. പരമ്പരാഗത വാസ്തുശിൽപ മാതൃകകളുടെ സംരക്ഷണം.
14. ജൈവവേലി പ്രചരിപ്പിക്കൽ.
15. നിർമ്മാണ തൊഴിലാലികളുടെ കൂലി നിരക്ക് ഏകീകരിക്കുക.
16. നിർമ്മാണ സാമഗ്രികളുടെ വിലയിൽ ഏകീകരണം ഏർപ്പെടുത്തുക.
17. ഭവന നിർമ്മാണ സാമഗ്രികൾ വിൽകുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

സാമൂഹ്യക്ഷേമം

വളരെ പുരാതന കാലം മുതൽക്കുള്ള സാമൂഹ്യ ക്ഷേമ രംഗത്തെക്കുറിച്ച് പരിശോധിച്ചാൽ വളരെയേറെ പരിവർത്തനങ്ങൾ നടന്നതായി കാണാം. കേരളത്തിലെ ജന്മിമാരും അവരുടെ കീഴിൽ പണിചെയ്തിരുന്ന കുടിയാൻമാരും വലിയ സാമൂഹ്യ മാറ്റത്തിന്റെ ഫലമായി അപ്രത്യക്ഷമാവുകയും കുടിയാൻമാർക്ക് ഭൂമി പതിച്ചു കൊടുക്കേണ്ടി വരികയും ചെയ്തു. സമൂഹത്തിലെ ഏറ്റവും അടിത്തട്ടിൽ കഴിഞ്ഞിരുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരും മറ്റു പിന്നോക്ക വിഭാഗക്കാരും സമൂഹത്തിലെ ഉയർന്ന വിഭാഗക്കാരുമായും ഇടപഴകാൻ തുടങ്ങി. തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ തുടങ്ങിയ അനാചാരങ്ങളും കാലക്രമത്തിൽ അപ്രത്യക്ഷമായി.

സാമൂഹ്യ ക്ഷേമ രംഗത്ത് വളരെയേറെ ത്യാഗങ്ങൾ സഹിച്ചിരുന്ന നിരവധി വ്യക്തികൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. ഇവരിൽ പ്രമുഖനായിരുന്നു ശ്രീ വി ആർ നായനാർ. ആതുരശുശ്രൂഷാരംഗത്ത് അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾ സ്മരണീയമാണ്. 1943-44 കാലത്ത് പടർന്നു പിടിച്ച കോളറ നിർമ്മാർജനം ചെയ്യുന്നതിൽ അദ്ദേഹം വലിയ പങ്കു വഹിച്ചിരുന്നു. സാമൂഹ്യക്ഷേമ രംഗത്ത് അദ്ദേഹം ചെയ്ത സേവനങ്ങളുടെ സ്മരണക്കായി അദ്ദേഹത്തിന്റെ നാമധേയത്തിൽ കണ്ടംകുളങ്ങരയിൽ വി.ആർ. നായനാർ സ്മാരക വായനശാല പ്രവർത്തിച്ചു വരുന്നു. ഐത്തോച്ചാടന ഹരിജനോദ്ധാരണ രംഗത്ത് ശ്രീ വിഷ്ണുഭാരതീയനും കേരളീയനും വഹിച്ച പങ്ക് സ്തുത്യർഹമാണ്. സാമൂഹ്യ ക്ഷേമരംഗത്തുള്ള ശ്രീ ടി.സി. നാരായണൻ നമ്പ്യാരുടെ സേവനങ്ങളും പ്രകീർത്തിക്കത്തക്കതാണ്. കൂടാതെ സ്വാതന്ത്ര്യസമര രംഗത്തും മറ്റും പ്രവർത്തിച്ച നിരവധിപേർ നമ്മുടെ പ്രദേശത്തുണ്ട്.

ഇക്കഴിഞ്ഞ I.R.D.P. സർവ്വെ പ്രകാരം 994 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന കുടുംബങ്ങളെ സാമ്പത്തികമായി ഉയർത്തുന്നതിന് വേണ്ടി വിവിധ പരിപാടികൾ സർക്കാർ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ രംഗത്ത് വ്യത്യസ്ഥ രീതിയിലുള്ള പദ്ധതികൾ നിലവിലുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ? പൂർണ്ണമായും കേന്ദ്രസംസ്ഥാന സർക്കാറുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജന പദ്ധതിയും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന പദ്ധതിയും. പട്ടികജാതിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന പട്ടികജാതിവികസന കോർപ്പറേഷനും വനിതകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും ആയി പ്രവർത്തിക്കുന്ന വനിതാ വികസന കോർപ്പറേഷനും നിലവിലുണ്ട്. ഇത്തരം പദ്ധതികളുടെയോ കോർപ്പറേഷനുകളുടെയോ പ്രവർത്തനത്തെക്കുറിച്ച് ദുർബല വിഭാഗത്തിൽപെട്ടവർക്ക് വേണ്ടത്ര പരിജ്ഞാനം ഇല്ല.

I.R.D.P.

I.R.D.P. സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരത്തെസംബന്ധിച്ചുള്ള പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 5

വാർഡ് നമ്പർ	സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയത് എണ്ണം	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ എണ്ണം
1	174	18	30	18	9	165
2	120	3	18	3	11	109
3	106	15	38	15	20	86
4	145	8	29	8	18	127
5	195	18	48	18	25	170
6	136	9	29	9	18	118
7	73	9	20	9	13	60
8	72	14	34	14	21	51
9	136	15	37	15	28	108
ആകെ	**1157**	**109**	**283**	**109**	**163**	**994**

ഈ സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണത്തിൽ 10.6% S.C/S.T. വിഭാഗമാണ്. S.C./S.T. വിഭാഗത്തിന്റെ 100% ത്തിനും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ധനസഹായം ലഭിച്ചതുവഴി 14% കുടുംബങ്ങളെ മാത്രമേ ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിക്കാൻ സാധിച്ചിട്ടുള്ളൂ.

ഈ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിക്കു വേണ്ടി സർക്കാർ ധാരാളം പണം ചെലവഴിച്ചിട്ടുണ്ട്. 1990-91 മുതൽ I.R.D.P. പ്രകാരം ചെലവഴിച്ച തുകയുടെ പട്ടിക ഇതു വ്യക്തമാക്കുന്നു.

പട്ടിക 6

വർഷം	സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം	വായ്പ നൽകിയ തുക രൂ.	സബ്സിഡി നൽകിയ തുക രൂ.
1990-91	23	66754	40248
1991-92	31	153474	70326
1992-93	44	145208	110142
1993-94	30	97092	73288
1994-95	28	254858	107517
1995-96	37	563110	137858

TRYSEM

ട്രൈസം തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി 20 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ 18 പേർ മാത്രമേ ഇതു പ്രകാരം സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളൂ.

ഈ പദ്ധതിക്കായി ചെലവഴിച്ചതുകയെ സംബന്ധിച്ച പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 7

വർഷം	തൊഴിൽപരിശീലനം ലഭിച്ചവരുടെ എണ്ണം	ഈ ഇനത്തിൽ ചെലവഴിച്ചതുക രൂ.
1990-91	13	21571
1991-92	3	11016
1992-93	4	11955

DWCRA

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ പദ്ധതിയാണ് DWCRA. ഈ പദ്ധതി പ്രകാരം കുഞ്ഞിമംഗലം പഞ്ചായത്തിൽ 1991-92 വർഷത്തിൽ ഒരു തൊഴിൽ സംരംഭം ആരംഭിച്ചിട്ടുണ്ട് ... സൊസൈറ്റി പ്രസ്സ്, കുഞ്ഞിമംഗലം. കുഞ്ഞിമംഗലം തെരുവിലാണിത് സ്ഥിതി ചെയ്യുന്നത്. ഈ സ്ഥാപനത്തിൽ തുടക്കത്തിൽ 13 തൊഴിലാളികൾ തൊഴിൽ ചെയ്തിരുന്നുവെങ്കിലും അവരുടെ എണ്ണം ഏഴായി കുറഞ്ഞു. എങ്കിലും മാസം തോറും ബാങ്ക് വായ്പ അടക്കുകയും സ്ഥാപനം നന്നായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ യൂനിറ്റിനു വേണ്ടി ചെലവഴിച്ച തുക താഴെ പറയുന്ന പട്ടികയിൽ നിന്നു മനസ്സിലാക്കാം.

പട്ടിക 8

വർഷം	വായ്പയായിനൽകിയ തുക രൂ.	സബ്സിഡിയായി നൽകിയ തുക രൂ.	ആകെ തുക രൂ.
1991-92	1,00,100	39,000	1,39,100

DWCRA പദ്ധതി പ്രകാരം എടനാട് ഭാഗത്തു 'സിതാരചപ്പൽസ്' എന്നപേരിൽ മറ്റൊരു യൂനിറ്റ് ആരംഭിക്കുന്നതിനു വേണ്ട നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇതിലേക്കായി 10 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്.

RAP

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന RAP പദ്ധതി അനുസരിച്ച് 41 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. I.R.D.P. സർവ്വെ പ്രകാരം പദ്ധതിയിലേയ്ക്ക് അപേക്ഷിച്ച 48 പേരിൽ ഇനിയും 7 പേർക്ക് സഹായം ലഭിക്കേണ്ടയായിട്ടുണ്ട്. സഹായം ലഭിച്ചവർ ആധുനീകോപകരണങ്ങൾകൊണ്ട് തൊഴിൽ ചെയ്യുന്നതിനാൽ അവർക്കു മെച്ചപ്പെട്ട വേതനം ലഭിക്കുന്നുണ്ട്.

ഈ പദ്ധതി പ്രകാരം സർക്കാർ വിവിധ വർഷങ്ങളിലായി ചെലവഴിച്ച തുകയെ സംബന്ധിച്ച് താഴെ കാണുന്ന പട്ടിക വിവരം നൽകുന്നു.

പട്ടിക 9

വർഷം	ധനസഹായം ലഭിച്ചവരുടെ എണ്ണം	ചെലവഴിച്ച തുക രൂ.
1993-94	22	38454
1994-95	13	17896
1995-96	6	22926

നിർമ്മാണം പൂർത്തിയാക്കിയ സാമൂഹ്യ ആസ്തികളെ സംബന്ധിച്ച വിവരം താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

കക്കൂസുകൾ

- I.R.D.P. സർവ്വെപ്രകാരം 1991-92 വർഷം മുതൽ 76 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 58 എണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. എന്നാൽ 1996 നവമ്പറിൽ നടത്തിയ ഗ്രാമ വികസന സർവ്വെ പ്രകാരം 2668 കുടുംബങ്ങൾക്ക് കക്കൂസുണ്ട്. ഇനിയും കക്കൂസ് ആവശ്യമുള്ള 468 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പട്ടിക 10

വാർഡ് നമ്പർ	കൾവർട്ട് എണ്ണം	കുളംഎണ്ണം	പൊതുകിണറുകൾ	റോഡ് കി.മി.			
				ടാർചെയ്തത്	പുതിയ, ടാർചെയ്യാത്ത	ടാർചെയ്യാനുള്ളത്	അറ്റകുറ്റപണികൾ ചെയ്യാനുള്ളത്
1	2		2	1.5		0.9	2.4
2	1	1	1	1.4	1	1.175	3.575
3.	1	1	4	0.225	3.985	1.315	5.525
4.		1			1.403		1.403
5.	3	3	1	2.035	2.925		4.960
6.			2		0.225		0.225
7.	2		1	2.07	0.2		2.27
8.	2	1	1	1.950	1.275		3.225
9.	3		1	1.685	1.48		3.115
ആകെ	**14**	**7**	**13**	**10.865**	**12.443**	**3.90**	**26.698**

JRY

ജവഹർ റോസ്ഗാർ യോജന പദ്ധതി പ്രകാരം പണി പൂർത്തിയാക്കിയതിനെ കുറിച്ചുള്ള വിവരം താഴെകൊടുത്തി രിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പട്ടിക 11

പണിയുടെ പേര്	ജനറൽസെക്ടർ തുക രൂ.	sc/stവിഭാഗം തുക രൂ.	ആകെതുക രൂ
പട്ടികജാതി വിഭാഗത്തിന് കിണർ		8326.00	8326.00
എടാട്ട്-ചെറാട്ട് എടാട്ട് ഈസ്റ്റ് റോഡ്	20214.00		20214.00
പഞ്ചായത്തുറോഡുകളുടെ അറ്റകുറ്റപ്പണി	24800.00		24800.00
എടാട്ട്ഈസ്റ്റ് OLH ഹരിജൻകോളനി റോഡ്	223196.00		223196.00

കൂടാതെ 1996-97 വർഷത്തെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിനായി കിണർനിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തുക യായ 8326 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 8151 രൂപ പദ്ധതിക്കായി നൽകി കഴിഞ്ഞു.

ചെറുകിട പിരമിത കർഷകർക്ക് ജലസേചനം നട ത്തുന്നതിനുള്ള പരിപാടി അനുസരിച്ച് വിവിധ വാർഡുകളി ലായി 8 കിണറുകളും ഒരു കുളവും 2 വാട്ടർ ടാങ്കുകളും 9 പമ്പുസെറ്റുകളും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് 1200 സെന്റ് കൃഷിഭൂമിയിൽ ജലസേ ചനം നടത്തി കർഷകർ വരുമാനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

1995-96 വർഷത്തെ ആരോഗ്യപോഷണ നിലവാരത്തെ സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 12

പ്രായം	നോർമൽ		ലഘുവായ പോഷക കുറവുള്ളവർ		മിതമായ പോഷക കുറവുള്ളവർ		ഗുരുതരമായ പോഷക കുറവുള്ളവർ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	110	124	8	3				
1 മുതൽ 3 വയസ്സുവരെ	302	334	12	16	2	2		
3 വയസ്സുമുതൽ 6 വയസ്സുവരെ	286	297	21	11	2	1		

ഈ പട്ടികയിൽ നിന്നും ഗുരുതരമായ പോഷണകു റവുള്ള കുട്ടികൾ നമ്മുടെ പഞ്ചായത്തിലില്ലെന്നു കാണാം എങ്കിലും നേരിയ പോഷണകുറവുള്ള കുട്ടികൾ ഉണ്ടായത് ആശങ്ക ഉളവാക്കുന്ന സംഗതിയാണ്. ഇത് പരിഹരിക്കുന്ന തിനുള്ള മാർഗ്ഗങ്ങൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

1995-96 വർഷത്തെ ഗർഭിണികളുടേയും കുട്ടികളുടേ യും പ്രതിരോധ കുത്തിവയ്പ്പിനെ കുറിച്ചുള്ള പട്ടിക താഴെ കൊടുത്തിരിക്കുന്നു.

ടെറ്റനസ് ടോക്സോയിഡ് (T.T.)

	1D	2D	3D
ഗർഭിണികൾ	267	309	8

പട്ടിക 13

കുട്ടികൾ പ്രായം	BCG	ഡി.പി.ടി. 1D	ഡി.പി.ടി. 2D	ഡി.പി.ടി. 3D	ഡി.പി.ടി. 4D	പോളിയോ 1D	പോളിയോ 2D	പോളിയോ 3D	പോളിയോ 4D	ഡി.ടി. 1D	ഡി.ടി. 2D	ഡി.ടി. 3D	ഡി.ടി. 4D	മീസിൽസ്
1 നു താഴെ	276	425	445	562		425	425	445						440
1 - 3					429				429					
3 - 6													241	

ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ഉപയോഗിച്ച ഗർഭിണികളുടെ എണ്ണം	241
ഇരുമ്പ്/ഫോളിക്കാസിഡ് ഉപയോഗിച്ച കുട്ടികളുടെ എണ്ണം	495
വിറ്റാമിൻ 'എ' തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം	1625

സാമൂഹ്യക്ഷേമ പെൻഷനുകളും സ്കോളർഷിപ്പുകളും

സാമൂഹ്യക്ഷേമരംഗത്ത് വിവിധ പെൻഷൻ പദ്ധതികളും നിലവിലുണ്ട്. 1995-96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ വിവിധ പെൻഷനുകൾ കൈപറ്റിയവരുടെ എണ്ണം താഴെകാണുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പെൻഷന്റെ പേര്	വാങ്ങുന്നവരുടെ എണ്ണം
വിധവാ പെൻഷൻ	245
വാർദ്ധക്യകാല പെൻഷൻ	93
വികലാംഗ പെൻഷൻ	54
അവശകലാകാരൻമാർക്കുള്ള പെൻഷൻ	1

വാർദ്ധക്യകാല പെൻഷനുവേണ്ടി പുതിതായി 18 പേർ കൂടി അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 11 പേർ അർഹരാണെന്നു കണ്ടെത്തിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾക്കു പുറമെ സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുമുണ്ട്. ഇതിനെകുറിച്ചുള്ള വിവരം താഴെകൊടുക്കുന്നു.

പട്ടിക 15

സ്കോളർഷിപ്പിന്റെ പേര്	വിദ്യാർത്ഥികളുടെ എണ്ണം കോളേജ്	സ്കൂൾ
മെറിറ്റ് സ്കോളർഷിപ്പ്	10	4
വികലാംഗ സ്കോളർഷിപ്പ്	9	
ബീഡിതൊഴിലാളികളുടെ മക്കൾക്കു വേണ്ടിയുള്ള സ്കോളർഷിപ്പ്	10	5
മത്സ്യതൊഴിലാളികളുടെ മക്കൾക്കു വേണ്ടിയുള്ള സ്കോളർഷിപ്പ്	15	9
SC/ST വിഭാഗങ്ങൾക്കുള്ള ലംസംഗ്രാന്റ്	330	300
മുസ്ലീം സ്കോളർഷിപ്പ്	3	38
ജവാൻമാരുടെ മക്കൾക്കു വേണ്ടിയുള്ള സ്കോളർഷിപ്പ്	1	
മറ്റ്	4	6

പൊതുവിതരണ സംവിധാനം

കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു പൊതു വിതരണ സംവിധാനം നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 6 പൊതുവിതരണ കേന്ദ്രങ്ങളാണുള്ളത്. കൂടാതെ നമ്മുടെ പഞ്ചായത്തിൽ ആഴ്ചതോറും എത്തുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മൊബൈൽ സ്റ്റോറും ധാരാളം ആളുകളെ ആകർഷിക്കുന്നു.

കോളനികൾ

നമ്മുടെ പഞ്ചായത്തിൽ 3 ലക്ഷംവീടുകോളനികളാണുള്ളത് അവ താഴെ ചേർക്കുന്നു.

1. 13ം വാർഡിലെ ചെറാട്ട് കുന്നിന് കിഴക്കുള്ള ലക്ഷംവീട് കോളനി
2. 3ം വാർഡിലെ പറമ്പത്ത് ലക്ഷംവീട് കോളനി.
3. 7ം വാർഡിലെ മല്ലിയോട് ലക്ഷം വീട് കോളനി.

സർക്കാരിന്റെ ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിക്കപെട്ട ഈ കോളനികളിൽ ബഹുഭൂരിപക്ഷവും പട്ടിക ജാതിക്കാരുംമറ്റുദുർബലവിഭാഗക്കാരുമാണ് താമസിക്കുന്നത്.

ചെറാട്ടു ലക്ഷംവീട് കോളനിയെ സംബന്ധിച്ചിടത്തോളം കുടിവെള്ളത്തിനായി 2 കിണറുകളും ഒരു കുഴൽ കിണറും സ്ഥിപിച്ചിട്ടുണ്ട്. ഇത്രയും കുടുംബങ്ങൾക്ക്കൂടി വെള്ളത്തിനായുള്ള ഈ സൗകര്യം തീരെ അപര്യാപ്തമാണ്.

കക്കൂസില്ലാത്ത കുടുംബങ്ങളും വൈദ്യുതീകരിക്കാത്ത വീടുകളും ഇവിടെയുണ്ട്. കോളിനിയിലേക്ക് റോഡുണ്ട്.

പറമ്പത്ത് ലക്ഷംവീട് കോളനിയിൽ ശുദ്ധജലത്തിനായുള്ള 2 കിണറുകളും തെക്കേയറ്റത്താണ്. വടക്കുഭാഗത്തുള്ള കോളനി നിവാസികൾക്കു വേണ്ടി കിണർനിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. പുതുതായി നിർമ്മിച്ചവീടുകളിൽ വൈദ്യുതി കണക്ഷൻ ഇതുവരെ ലഭിച്ചിട്ടില്ല. സാമ്പത്തിക പ്രയാസം മൂലം ചില കുടുംബങ്ങൾക്ക് വൈദ്യുത ചാർജ്ജ് അടക്കാൻ സാധിച്ചിട്ടില്ല. ഇതു മൂലം അവരുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിക്കപ്പെട്ടിരിക്കയാണ്.

മല്ലിയോട് ലക്ഷംവീട് കോളനിയിൽ കുടിവെള്ളത്തിനായി കിണറുണ്ട്. ചിലകുടുംബങ്ങൾക്ക് കക്കൂസില്ല. കോളനിയിലേക്ക് റോഡില്ലാത്തത് വലിയ ബുദ്ധിമുട്ടാണ്.

ലക്ഷം വീട് കോളനിയെ കൂടാതെ 5 മറ്റ് കോളനികളും ഉണ്ട്.

1. 10ം വാർഡിലെ വള്ളുവ കോളനി.
2. 5ാം വാർഡിലെ മൂശാരിക്കൊവ്വൽ ഹരിജൻ കോളനി.
3. 8ാംവാർഡിലെ കൊവ്വപ്പുറം തെക്കേവയൽ ഹരിജൻ കോളനി
4. 9ാം വാർഡിലെ തെക്കുമ്പാട് കടവത്തുവയൽ ഹരിജൻ കോളനി.
5. 3ാം വാർഡിലെ പറമ്പത്ത് നാലുസെന്റ് കോളനി.

വള്ളുവ കോളനി നിവാസികൾക്ക് ശുദ്ധജല സൗകര്യം ലഭ്യമാണ്. റോഡ് സൗകര്യം ഇല്ല. കക്കൂസ് ഇല്ലാത്ത 15ഓളം കുടുംബങ്ങളുണ്ട്. കോളനിയിൽ 199091 കാലത്ത് സ്ഥാപിച്ച വായനശാലയിൽ ടെലിവിഷനു നൽകിയിട്ടുണ്ട്.

മൂശാരിക്കൊവ്വൽ ഹരിജൻ കോളനിയിലെ ഏറ്റവും വലിയ പ്രശ്നംശുദ്ധജല സൗകര്യം ഇല്ല എന്നതാണ്. കക്കൂസ് എല്ലാ കുടുംബങ്ങൾക്കും ഇല്ല.

പട്ടിക 17

വർഷം	വരവ് തുക രൂ.പൈ	ചെലവ് തുക രൂ.പൈ.
1986-87	448152.32	265569.32
1987-88	429617.81	257879.27
1988-89	686962.77	795831.17
1989-90	1222469.68	1928650.90
1990-91	1309755.10	1086809.45
1991-92	1342987.20	1564143.55
1992-93	1577669.25	1538954.55
1993-94	2262477.30	2158465.40
1994-95	2973702.84	3165489.00
1995-96	2397907.45	2621625.60
ആകെ	**14653701.72**	**15333418.21**

തെക്കെവയൽ ഹരിജൻ കോളനിയിലും തെക്കുമ്പാട്ട് കടവത്തുവയൽ ഹരിജൻ കോളനിയിലും കക്കൂസ്, കുടിവെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്.

പറമ്പത്തെ 4 സെന്റ് കോളനിയിൽ സ്ഥലമില്ലാത്ത വർക്ക് 4 സെന്റ് വീതം ഭവനനിർമ്മാണത്തിനായി പതിച്ചു നൽകുന്നു. J.R.Y. പദ്ധതി പ്രകാരം വീട് നിർമ്മാണത്തിനാവശ്യമായ സാമ്പത്തികസഹായം സർക്കാർ നൽകിയിട്ടുണ്ട്.

വ്യത്യസ്ത സാമൂഹ്യക്ഷേമ പദ്ധതികൾക്കും പഞ്ചായത്തിന്റെ മറ്റു പ്രവർത്തനങ്ങൾക്കുമായി നമ്മുടെ പഞ്ചായത്ത് ധാരാളം പണം ചെലവഴിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച വരവ്-ചെലവ് കണക്ക് മുകളിൽ കൊടുത്തിരിക്കുന്നു.

പട്ടിക 18

1.	ഒരുവയസ്സിൽ താഴെ പ്രായമുള്ളവരുടെ എണ്ണം	222
2.	1 മുതൽ 2 വയസ്സു വരെ പ്രായമുള്ളവരുടെ എണ്ണം	205
3.	2 മുതൽ 3 വയസ്സുവരെ പ്രായമുള്ളവരുടെ എണ്ണം	251
4.	3 മുതൽ 5 വയസ്സുവരെ പ്രായമുള്ളവരുടെ എണ്ണം	497
5.	ആകെ ഗർഭിണികളുടെ എണ്ണം	91
6.	പരിചരണം ആവശ്യമുള്ള ഗർഭിണികളുടെ എണ്ണം	10
7.	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം(6 മാസം വരെ പ്രായമുള്ളകുട്ടികളുടെ)	95
8.	കഴിഞ്ഞവർഷത്തെ ആകെ ജനനങ്ങൾ	84
9.	ഇതിൽ ചാപിള്ള ജനനങ്ങൾ	1
10.	ഒരുവയസ്സിൽ താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം	2
11.	1 മുതൽ 3 വയസ്സുവരെ പ്രായത്തിൽ മരിച്ചകുട്ടികളുടെ എണ്ണം	2

സാമൂഹ്യക്ഷേമ രംഗത്ത് അംഗൻവാടികളും മഹിളാ സമാജങ്ങളും ഒരു പ്രധാന പങ്കു വഹിക്കുന്നു. കുഞ്ഞിമംഗലം പഞ്ചായത്തിൽ ആകെ 11 അംഗൻവാടികളും 4 മഹിളാസമാജങ്ങളുമുണ്ട്.

അംഗൻവാടികളിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികയിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കാം.

പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ചു ആളുകൾക്കു മാത്രമേ പ്രയോജനം ചെയ്യുന്നുള്ളൂ
2. സാമൂഹ്യക്ഷേമരംഗത്ത് സർക്കാർ അനുവദിക്കുന്ന തുക പൂർണ്ണമായും ഉപഭോക്താവിന് ലഭിക്കുന്നില്ല.
3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിന് ഇന്നുള്ള മാർഗ്ഗങ്ങൾ അപര്യാപ്തമാണ്. അർഹരായവർക്ക് ആനുകൂല്യം ലഭിക്കാത്ത അവസ്ഥയും അനർഹർക്ക് ആനുകൂല്യം ലഭിക്കുന്ന അവസ്ഥയും ഉണ്ട്.
4. സാമൂഹ്യക്ഷേമരംഗത്ത് അഴിമതി മറ്റൊരു പ്രശ്നമാണ്.
5. പല പദ്ധതികളെകുറിച്ചും ജനങ്ങളിൽ അജ്ഞത നിലനിൽക്കുന്നു. ഇത്തരം കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കാൻ ഉദ്യോഗസ്ഥൻമാർ ശുഷ്കാന്തി കാണിക്കുന്നില്ല.
6. എടനാട് വള്ളുവകോളനിയിലേക്ക് ഗതാഗത സൗകര്യം അപര്യാപ്തമാണ്. കോളനിയിൽ കക്കൂസില്ലാതെ വിഷമിക്കുന്ന 15 കുടുംബങ്ങളുണ്ട്.
7. സാമ്പത്തിക വിഷമം മൂലം വൈദ്യുതിചാർജ്ജ് അടക്കാൻ സാധിക്കാത്തതു മൂലം വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട നിരവധി കുടുംബങ്ങൾ കോളനികളിൽ താമസിക്കുന്നു.
8. 5ാം വാർഡിലെ മൂശാരി കൊവ്വൽ ഹരിജൻകോളനിയിലെയും 9ാം വാർഡിലെ തെക്കുമ്പാട് കടവത്തുവയൽ ഹരിജൻകോളനിയിലേയും ജനങ്ങൾ കുടിവെള്ളത്തിനായി വളരെയേറെ വിഷമതകൾ അനുഭവിക്കുന്നു.
9. സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ വലിയ കാലതാമസം നേരിടുന്നതായി പൊതുവെ പരാതി.ഉണ്ട്.
10. അർഹതപ്പെട്ട എല്ലാവർക്കും പെൻഷനുകൾ അനുവദിച്ചുകിട്ടുന്നില്ല. ഇക്കാര്യത്തിൽ അധികൃതർ വേണ്ടത്ര താല്പര്യം കാട്ടുന്നില്ല.
11. അംഗൻവാടികൾക്ക് സ്ഥിരമായ സൗകര്യപ്രദമായ കെട്ടിടങ്ങളില്ല. കളിസ്ഥലം ഇല്ലാത്തതിനാൽ കുട്ടികൾ വലിയ പ്രയാസം നേരിടുന്നു. ആധുനിക രീതിയിലുള്ള കളിപ്പാട്ടങ്ങളും ഫർണിച്ചറുകളും പര്യാപ്തമല്ല. പോഷകാഹാരത്തിന്റെ കാര്യവും തീരെ തൃപ്തികരമല്ല.
12. നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും അംഗൻവാടികളില്ല.
13. മഹിളാസമാജത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.
14. സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനും കിണറുകൾ പണിയുന്നതിനുമുള്ള പദ്ധതികൾ കൂടുതൽ ആളുകൾക്ക് പ്രയോജനം ചെയ്യുന്നില്ല. കുറച്ച് ആളുകൾക്ക് മാത്രമേ ഇതിനുള്ള സൗകര്യം ലഭിക്കുന്നുള്ളൂ.
15. പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഇടത്തട്ടുകാരുടെ ഇടപെടൽമൂലം പദ്ധതിക്കുള്ള പണം പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.
16. ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല.
17. ദുർബല വിഭാഗക്കാർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വീടുകൾ പുതുക്കിപണിയുന്നതിന് തക്കസമയത്ത് സാമ്പത്തികാനുകൂല്യം ലഭിക്കുന്നില്ല.
18. പല കോളനികളിലേയ്ക്കും ഗതാഗത സൗകര്യമില്ല.
19. ക്ഷേമനിധിയിൽ അംഗങ്ങളാവാൻ തൊഴിലാളികളെ പ്രേരിപ്പിക്കുന്നില്ല. അതിനുള്ള പ്രചരണം നടത്തുന്നില്ല.
20. 'മൊബൈൽ മാവേലി സ്റ്റോർ' കുഞ്ഞിമംഗലത്തിന്റെ മിക്കഭാഗങ്ങളിലേയ്ക്കും വരുന്നില്ല.
21. പ്രൈമറി ഹെൽത്ത് സെന്ററിൽ ആവശ്യത്തിനുള്ള മരുന്നുകൾ എത്തിക്കുക.
22. വർഷങ്ങൾക്കു മുമ്പു പണിപൂർത്തിയായ പത്തു കിടക്കകളുള്ള ആശുപത്രി ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സാധ്യതകൾ

1. I.R.D.P. ലിസ്റ്റിൽ അർഹരായവരെ കണ്ടെത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും സമഗ്രമായ സർവ്വെ നടത്തുക.
2. സാമൂഹ്യ ക്ഷേമ രംഗത്ത് സർക്കാറനുവദിക്കുന്ന തുക പൂർണ്ണമായും ഉപഭോക്താവിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
3. ഈ രംഗത്തെ അഴിമതി നിർമ്മാർജ്ജനം ചെയ്യുക.
4. വനിതകൾക്കു വേണ്ടി DWCRA യുടെ പുതിയ യൂനിറ്റുകൾ ആരംഭിക്കുക.
5. അർഹതപ്പെട്ട എല്ലാവർക്കും സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ ഉറപ്പു വരുത്തുക.
6. ക്ഷേമനിധിയിൽ അംഗങ്ങളാവാൻ തൊഴിലാളികളെ പ്രേരിപ്പിക്കുക.
7. ട്രൈസം പരിശീലനത്തിന് കൂടുതൽ ആളുകളെ തെരഞ്ഞെടുക്കുക.
8. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം നൽകുന്നതിനും വേണ്ടി പഞ്ചായത്തു തലത്തിൽ ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.
9. അംഗൻവാടികൾക്ക് സ്വന്തമായി സൗകര്യപ്രദമായ കെട്ടിടം പണിയുക. ആവശ്യമായ കളിസ്ഥലം, ആധുനീക രീതിയിലുള്ള കളിപ്പാട്ടങ്ങൾ, ഫർണിച്ചറുകൾ, നല്ലരീതിയിലുള്ള പോഷകാഹാരങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുക.
10. അംഗൻവാടികളില്ലാത്ത വാർഡുകൾ പരിഗണിച്ച് അംഗൻവാടികൾ സ്ഥാപിക്കുക.
11. മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
12. റോഡില്ലാത്ത കോളനികളിലേയ്ക്ക് റോഡ് പണിയുക.
13. മൂശാരികൊവ്വൽ ഹരിജൻകോളനിയിലും തെക്കുമ്പാട് കടവത്തുവയൽ ഹരിജൻകോളനിയിലും അടിയന്തിരമായി കുടിവെള്ളമെത്തിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യുക, വൈദ്യുതി കണക്ഷൻ നൽകുക.

14. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന RAP പദ്ധതി കൂടുതൽ വ്യാപിപ്പിച്ച് ആധുനീകോപകരണങ്ങൾ വിതരണം ചെയ്യുക.

15. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ പോഷകാഹാര സൗകര്യങ്ങളും ആവശ്യത്തിനു വേണ്ട മരുന്നുകളും ലഭ്യമാക്കുക.


16. വർഷങ്ങൾക്കു മമ്പു സ്ഥാപിച്ച പത്തു കിടക്കകളുള്ള ആശുപത്രി തുറന്നു പ്രവർത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

17 പൊതു വിതരണകേന്ദ്രത്തിൽ അളവ്,തൂക്കം തുടങ്ങിയവ കാര്യക്ഷമമാക്കാൻ, പരാതികൾ പരിഹരിക്കാൻ പഞ്ചായത്തുതലത്തിൽ സംവിധാനം ആവശ്യമാണ്.

18. വൃദ്ധമന്ദിരം സ്ഥാപിക്കുക.

19. 'മൊബൈൽ മാവേലി സ്റ്റോർ' കുഞ്ഞിമംഗലത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊക്കെ ക്യാമ്പു ചെയ്യണം.

20. അവശ്യസാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനായി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ഒരു സ്റ്റോർ കുഞ്ഞിമംഗലത്തും സ്ഥാപിക്കുക.



സംസ്കാരം

സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യം കുഞ്ഞിമംഗലത്തിന് അവകാശപ്പെടാനുണ്ട്. പരണരും അഴിശ്ശിയും വർണ്ണിച്ച സമ്പദ്സമൃദ്ധമായ ഏഴിമല രാജ്യത്തിന്റെ ഭാഗമായിരുന്നു ഒരു കാലത്ത് കുഞ്ഞിമംഗലം. കുന്നരു, രാമന്തളി പ്രദേശങ്ങൾ കുഞ്ഞിമംഗലത്തോട് തൊട്ടുകിടക്കുന്ന പ്രദേശങ്ങളായിരുന്നു. രാമഘടമൂഷികന്റെ ആസ്ഥാനമായിരുന്നല്ലോ രാമന്തളി. കുന്നരുവും കുഞ്ഞിമംഗലവും തമ്മിൽ വേർതിരിക്കുന്നത് പുതിയപുഴയാണ്. പേര് സൂചിപ്പിക്കുന്നത് പോലെ അതൊരു പുതിയ പുഴയാണ്. മുമ്പ് അത് വെറുമൊരു കൈത്തോടായിരുന്നു.

ഭൂതാരാധന, നാഗാരാധന, വൃക്ഷാരാധന, ഊർവ്വാരാധന തുടങ്ങിയ പല ആരാധനകളും ഇവിടെ നിലനിൻക്കുന്നു. ഇവിടുത്തെ പുലയനും,മലയനും, വണ്ണാനും, തീയ്യനും കൈകാര്യം ചെയ്യുന്ന പല അനുഷ്ഠാനങ്ങളിലും സിന്ധു നദീതട സംസ്കാരത്തിൽ നിന്ന് സംക്രമിച്ചത് എന്ന് ന്യായമായും വിലയിരുത്താവുന്ന പല ഘടകങ്ങളും ഉൾച്ചേർന്നിട്ടുണ്ട്. വൈദികവും ദ്രാവിഡവുമായ അംശങ്ങൾ ഇവിടുത്തെ സംസ്കാരത്തിൽ ലയിച്ചു ചേർന്നിച്ചുണ്ട്.

തമ്പുരാന്റെ അതിക്രമങ്ങൾക്കെതിരെ തീജ്വാലയായി മാറി തമ്പുരാനെകൊണ്ട് പ്രായശ്ചിത്തം ചെയ്യിച്ച 'കുഞ്ഞിമംഗലത്തമ്മ' യാണ് ഈ നാടിന്റെ പരദേവത. പരശുരാമന്റെ തൃകൈകൊണ്ടു തന്നെ പ്രതിഷ്ഠ നടത്തിയ ക്ഷേത്രമത്രെ തൃപ്പാണിക്കര ശിവക്ഷേത്രം. കുഞ്ഞിമംഗലത്താറാട്ട് ഒരു കാലത്ത് ഇവിടത്തെ പ്രധാന ഉത്സവമായിരുന്നു. 'പള്ളിവയലിലെ ആറാട്ട്' എന്നാണിവിടത്തുകാർ പറയുക. "കുഞ്ഞിമംഗലത്താറാട്ടിന് വരണേകാമാ" എന്ന് മീനമാസത്തിലെ പൂരത്തിന് ഇന്നും ഇവിടത്തെ പെൺകിടാഹ്ങൾ കാമനെ ക്ഷണിക്കാറുണ്ടെങ്കിലും ആറാട്ടിന്നു നടക്കാറില്ല. വൈദിക വിധി അനുസരിച്ച് പൂജ നടത്തുന്ന ആരാധനാലയമാണ് മടത്തുംപടി ഭൂതനാഥ ക്ഷേത്രം, കുറുവാട്ടമ്പലം എന്നിവയും.

ഈ ഗ്രാമത്തിന്റെ വടക്കേയറ്റത്ത് എടാട്ട് നേഷണൽ ഹൈവേയോടു ചേർന്ന് തകർന്ന ഒരു അമ്പലത്തിന്റെ അവശിഷ്ടങ്ങൾ കാണാം. പല തെയ്യങ്ങളുടേയും തോറ്റം പാട്ടിൽ പരാമർശിക്കുന്ന എടാട്ടമ്പലമാണത്. ഇവിടെ കാണുന്ന ചുമടുതാങ്ങി കല്ലുകളും തണ്ണീർപന്തലും മൺമറഞ്ഞ ഒരു പഴയ സംസ്കൃതിയുടെ സ്മരണ ഉണർത്തുന്നു.

പെരും കളിയാട്ടം നടക്കുന്ന സ്ഥലമാണ് എടാട്ട് തിരുവക്കാട്ട് ഭഗവതി ക്ഷേത്രം. എടാട്ട് കണങ്ങാട്ട്, എടാട്ട് നാഗം, നെയ്യമൃത് മഠം, എഴുത്തട് മുതലായവ ഉൾക്കൊള്ളുന്ന ക്ഷേത്രസമുച്ചയം ഈ കാവിനോടനുബന്ധിച്ചിട്ടുണ്ട്. ഒരു കാലത്ത് കോല സ്വരൂപത്തിലും അജട സ്വരൂപത്തിലും പ്രബലരായിരുന്ന മണിയാണി വിഭാഗക്കാരുടേതാണ് ഈ ക്ഷേത്ര സമുച്ചയം. കൃഷിയും കന്നുകാലി വളർത്തലുമാണ് ഇവിടത്തെ മുഖ്യ തൊഴിൽ. കുഞ്ഞിമംഗലത്തെ ആദ്യകാല വിദ്യാദാന കേന്ദ്രങ്ങളിലൊന്നാണ് എടാട്ടെ എഴുത്തൂട്.

ഈ ഗ്രാമത്തിലെ ഓരോ പഴയ തറവാട്ടിലും കണികൊട്ടിലൽ കുടുംബപരദേവതയ്ക്ക് സ്ഥാനം നിശ്ചയിച്ചിരുന്നു. പിന്നീട് തറവാട് വിഭജിക്കുമ്പോൾ വിവിധ തായ്വഴികളിൽ പെട്ടവർ യോജിച്ച് ഒരിടത്തു തന്നെ പള്ളിയറ നിർമ്മിക്കുന്നു. ഇത്തരത്തിലുള്ള ചെറു പള്ളിയറകളും തറവാടുകളും ഇവിടെ ധാരാളമുണ്ട്.

മല്ലിയോട് പാലോട്ട് കാവിലെ വിഷുവിളക്ക് മഹോത്സവം കുഞ്ഞിമംഗലം ഗ്രാമത്തിന്റെ ആകെ ഉത്സവമാണ്. 500 ഓളം വരുന്ന' കുടക്കാർ നിരന്നു നിൽക്കുന്ന നടയിലെഴുന്നള്ളത്ത് ഈ ഉത്സവത്തിന്റെ സവിശേഷതയാണ്. ശ്രീമാനമംഗലം വേട്ടക്കൊരു മകൻ ക്ഷേത്രത്തിലെ കോൽകളി എടുത്തു പറയാവുന്ന ഒരു കലാവിശേഷമാണ്. പെരുംകളിയാട്ടം നടക്കുന്ന പുറത്തെരു മുച്ചിലോട്ടും, വടക്കൻ കൊവ്വലും.

തെയ്യം, കോതാമൂരി, ഗന്ധർവ്വൻ പാട്ട്, കുറത്തിനി പാട്ട്, കളം പാട്ട്, കണ്ണേറ് പാട്ട്, പുള്ളുവൻ പാട്ട് എന്നിങ്ങനെ ഒരു കാലത്ത് ഇവിടെ നിലനിന്നിരുന്ന കലാ രൂപങ്ങളിൽ തെയ്യവും കോതാമൂരിയും ഒഴിച്ചുള്ളവ തീർത്തും നാമാവശേഷമായിരിക്കുകയാണ്.

പഞ്ചലോഹം, ഓട്, ദാരുശില്പങ്ങൾ

ഓടുകൊണ്ടും പഞ്ചലോഹംകൊണ്ടും ശില്പവേല

ഓടുകൊണ്ടും പഞ്ചലോഹംകൊണ്ടും ശില്പവേല ചെയ്യുന്നതിൽ കുഞ്ഞിമംഗലത്തെ ശില്പികൾ പ്രസിദ്ധരാണ്. പ്രാചീന ശൈലിയിൽ വിധിപ്രകാരം പഞ്ചാലോഹ വിഗ്രഹങ്ങളും ഓടുകൊണ്ടുണ്ടാക്കിയ സാധനങ്ങളും കലാ വൈദഗ്ദ്ധ്യത്തോടെ നിർമ്മിക്കുന്നവർ ഇപ്പോഴും ഉണ്ട്. ഒരു കാലത്ത് പഴയ ചിറക്കൽ താലൂക്കിലാകെ അറിയപ്പെട്ടിരുന്ന ദാരുശില്പികളും ഇരുമ്പു പണിക്കാരും ഈ ഗ്രാമത്തിലുണ്ടായിരുന്നു.

ഒരു കാലത്ത് ഉത്തര കേരളത്തിലെ ക്ഷേത്രങ്ങളിലും കാവുകളിലും ദേവീ ദേവ വിഗ്രഹങ്ങൾക്ക് ചായം കൊടുത്ത് ജീവൻ നൽകിയത് കുഞ്ഞിമംഗലത്തെ കൂടാരൻമാരായിരുന്നു. മഴയെയും വേലിനേയും വെല്ലുവിളിച്ചു കൊണ്ട് എത്രയും കാലം തെളിമയോട് നിൽകാൻ ഇവരുടെ പരമ്പരാഗത ചായക്കൂട്ടുകൾക്കു കഴിയുന്നു. അരിപ്പൊടി, കരിപ്പൊടി, മഞ്ഞൾപ്പൊടി, ചുമ്മാമ്പ്, കട്ടനീലം എന്നിവ ഉപയോഗിച്ച് ഒരു കളംപാട്ടിന്നും കെന്ത്രോൻ പാട്ടിനും മനോഹരമായി കളം വരച്ചിരുന്ന കലാകാരൻമാർ ഇന്നില്ല.

അടുത്തിലക്കും പയ്യന്നൂരിനും ഇടയ്ക്കുള്ള വസ്ത്ര നിർമ്മാണകേന്ദ്രമാണ് കുഞ്ഞിമംഗലംതെരു. കുഞ്ഞിമംഗലത്തും പരിസരപ്രദേശങ്ങളിലും ആവശ്യമായ വസ്ത്രങ്ങളിൽ ഭൂരിഭാഗവും ഉൽപ്പാദിപ്പിച്ചിരുന്നത് ഒരു കാലത്ത് ഇവിടെ നിന്നായിരുന്നു.

തെയ്യം

സജീവമായി ഇന്നും ഇവിടെ നിലനിൽക്കുന്ന പ്രാചീന കലാരൂപം തെയ്യമാണ്. തെയ്യം നമുക്ക് കേവലമൊരു നാടൻകലയല്ല. നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. കാരണോൻ, വീരൻ, മാക്കം, തുടങ്ങിയ കേവല മനുഷ്യർ മുതൽ സാക്ഷാൽ ശിവനും വിഷ്ണുവും വരെ നമ്മുടെ മുമ്പിൽ ആവിർഭവിക്കുന്നത് തെയ്യക്കോലങ്ങളായിട്ടാണ്.

കുടുംബശ്രേയസ്സിനുവേണ്ടി, സന്താന സൗഭാഗ്യത്തിനുവേണ്ടി, രോഗ വിമുക്തിക്കു വേണ്ടി, ധനധാന്യ സമൃദ്ധിക്കുവേണ്ടി, വ്യവഹാര ജയത്തിനുവേണ്ടി, കുഞ്ഞുങ്ങൾക്കും കിടാങ്ങൾക്കും കന്നുകാലി പൈതങ്ങൾക്കും"ഏറിയൊരു ഗുണം" വരാൻവേണ്ടി തെയ്യംകെട്ടിയാടിക്കപ്പെടുന്നു. ഇതിലൊന്നും വിശ്വാസമില്ലാത്തവരേയും ആകർഷിക്കാൻ തെയ്യത്തിനു കഴിയുന്നു. മതങ്ങളുടെ അതിർവരമ്പുകൾ തെയ്യങ്ങൾ പലപ്പോഴും ലംഘിക്കുന്നു. മുസ്ലീം കാരണവർമാർക്ക് "മാടായി നഗരേ" എന്ന സംബോധനയോടെ തെയ്യങ്ങൾ കുറികൊടുക്കുകയും 'ഗുണം വരണേ'എന്ന് അനുഗ്രഹിക്കുകയും ചെയ്തിരുന്നു. . മക്കത്തെ വിശേഷങ്ങളും മാപ്പിള വേദവും പടമല നായരുടെ വിശേഷങ്ങളും പണ്ടു തെയ്യം അവരോടു വിസ്തരിച്ചിരുന്നു. തെയ്യം മുസ്ലീമിന് കുറികൊടുക്കുന്നത് തെറ്റാണെന്നോ തെയ്യത്തിൽ നിന്ന് മുസ്ലീം കുറി സ്വീകരിക്കുന്നത് അനിസ്ലാമികമാണെന്നോ പണ്ടാരും പറഞ്ഞിരുന്നല്ല.

മതമൈത്രി

ഒരു കാലത്ത് തെരുവിലെ നെയ്ത്തുകാർക്കും വടക്കൻകൊവ്വലിലെ ഓടുവാർപ്പുകാർക്കും അവരവരുടെ തൊഴിലിനാവശ്യമായ അസംസ്കൃത സാധനങ്ങൾ എത്തിച്ചുകൊടുത്തതും, അവരുടെ ഉൽപ്പന്നങ്ങൾ എത്തിച്ചുകൊടുത്തതും കുഞ്ഞിമംഗലത്തെ മുംസ്ലീംകളായിരുന്നു.

കുഞ്ഞിമംഗലത്തെ മുസ്ലീം പള്ളിക്കു വേണ്ട സ്ഥലം സൗജന്യമായി നൽകിയത് കൊളങ്ങരത്ത് വീട്ടുകാർ എന്ന നായർ തറവാട്ടുകാരായിരുന്നു. ആരൂഢം പണിയാതെയാണ് കുഞ്ഞിമംഗലം മുച്ചിലോട്ടുകാവിൽ ആദ്യ കളിയാട്ടം നടന്നത്. ദേവിയുടെ സാന്നിധ്യം ഉണ്ടെന്നറിഞ്ഞസ്ഥലം ചാണത്തലയൻ തറവാട്ടിലെ (മുസ്ലീം തറവാട് കാരണവർ നൽകിയ പുതുവസ്ത്രം കൊണ്ട് വളച്ചുകെട്ടിയാണ് ആദ്യത്തെ തെരവളച്ച് കല്ല്യാണം ആഘോഷിച്ചത്. മുച്ചിലോട്ടുകാവ് പണികഴിപ്പിച്ചതു പിന്നീടാണ്.

കുഞ്ഞിമംഗലം മുച്ചിലോട്ടുകാവിൽ ഒരു കാരണവരുടെ സ്ഥാനമാണ് ചാണത്തലയൻ തറവാട്ടിലെ കാരണവർക്കുള്ളത്. കളിയാട്ടദിവസങ്ങളിൽ ഒന്നേ മുക്കാലരി വീതം ക്ഷേത്രത്തിൽ നിന്നും ഈ തറവാട്ടുകാർക്കു നൽകേണ്ടതുണ്ട്. പൂരത്തിന് താമ്പൂലവും കളിയാട്ടത്തിന് പഞ്ചാസാര കലവും ഈ തറവാട്ടുകാർ കാവീലെത്തിക്കുന്നു. ഈ ചടങ്ങ് ഇന്നും നർവിഘ്നം നടന്നു വരുന്നു. ഇപ്പോഴത്തെ കുഞ്ഞിമംഗലം ജമാഅത്തിലെ കാരണവരായ ജനഃ സി.മുഹമ്മദ്കുഞ്ഞിക്ക് മുച്ചിലോട്ടെ കാരണവർസ്ഥാനം കൂടിയുണ്ട്.

ഉറി, മുറം, കൂട്ട, കത്തി, ചിരവ തുടങ്ങിയ ഗൃഹോപകരണങ്ങളും, കുങ്കോട്ട്, കൈക്കോട്ട്, കലപ്പ തുടങ്ങിയ കൃഷിപ്പണിയായുധങ്ങലും എല്ലാം ഉണ്ടാക്കിയിരുന്നത് ഇവിടുത്തെ വിവിധ വിഭാഗക്കാരായിരുന്നു. 'മാച്ചിപ്പുറം' എന്ന പേരിലായിരുന്നു ഇന്നത്തെ ആണ്ടാംകൊവ്വൽ അറിയപ്പെട്ടിരുന്നത്. ചൂത്മാച്ചിക്ക് ആവശ്യമായ ചൂത് സമൃദ്ധയായി വിളയുന്ന പ്രദേശമായിരുന്നു ഇത്.

ജാതി, ജന്മി, നാടുവാഴി വ്യവസ്ഥ നിലനിന്നിരുന്ന ഒരു സമൂഹത്തിന്റെ ഒരു വശം മാത്രമാണ് നാം കണ്ടത്. കൊടിയ മർദ്ദനവും ചൂഷണവും അതിന്റെ ഭാഗമായിരുന്നു എന്നു കൂടി നാം കാണണം. അന്ധവിശ്വാസജടിലമായ ഒരു ചുറ്റുപാടിലായിരുന്നു അന്നത്തെ ജീവിതം.

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളോടെ തന്നെ ഈ ജനത ഉണരാൻ തുടങ്ങി. ശ്രീനാരായണ പ്രസ്ഥാനത്തിന്റെയും ചട്ടമ്പി സ്വാമികളുടെയും സംഭാവനകൾ അതിന് വലിയ പങ്കു വഹിച്ചു. ക്രിസ്തീയ മെഷിനറിമാർ ഇവിടത്തെ വിദ്യാഭ്യാസ സ്ഥാപനത്തിന് വഹിച്ച പങ്ക് ചില്ലറയല്ല. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ അയിത്തോച്ചാടനം മദ്യവർജ്ജനം, വിദേശ വസ്ത്ര ബഹിഷ്കരണം എന്നിവ ഈ ഗ്രാമത്തെ

യും ഉണർത്തി.

സ്വാതന്ത്ര്യം യാഥാർത്ഥ്യമാകണമെങ്കിൽ കർഷകനെയും കർഷകത്തൊഴിലാളികളെയും സാധാരണക്കാരനെയും ബോധവൽക്കരിച്ച് സ്വാതന്ത്ര്യ സമരത്തിന്റെ മുൻപന്തിയിൽ എത്തിക്കണമെന്ന തിരിച്ചറിവുമായി കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രസ്ഥാനം രംഗത്തു വന്നു. തുടർന്ന് കർഷകസംഘത്തിന്റെ പ്രക്ഷോഭങ്ങൾ വളക്കൂറുള്ള പഴയമണ്ണിൽ നിന്നും ഊർജ്ജം വലിച്ചെടുത്ത് മനുഷ്യമോചനത്തിനായുള്ള വീര ഗാഥകൾ രചിക്കപ്പെട്ടു. കുഞ്ഞിമംഗലത്ത് തമ്പാൻ വൈദ്യർ രാഷ്ട്രീയ പൂരക്കളിയും, രാഷ്ട്രീയ കോൽക്കളിയും ചിട്ടപ്പെടുത്തി. ജന്മിത്തത്തിന്റെ ക്രൂരതകൾക്കെതിരായും കർഷകത്തൊഴിലാളി സ്ത്രീകൾ വയലിൽ നിന്ന് പാടാൻ തുടങ്ങി.

ബോർഡ് ഹിന്ദു എലിമെന്ററി സ്കൂൾ തുടങ്ങി 7 പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. തുടർന്ന് കുഞ്ഞിമംഗലം ഗവ:ഹൈസ്കൂളും പയ്യന്നൂർ കോളേജും സ്ഥാപിച്ചു.

1952ൽ ചൂരക്കാട് ചവണിയൻ സംഭാവനചെയ്ത രണ്ട് സെന്റ് സ്ഥലത്ത് എടനാട് മഹാത്മാ വായനശാല ജന്മം കൊണ്ടു. സാംസ്കാരിക രംഗത്ത് നാം പുലർത്തിയ 1952ൽ തന്നെ വിആർ നാനാർ സ്മാരക വായനശാല കണ്ടംകുളങ്ങരയിൽ സ്ഥാപിക്കപ്പെട്ടു. 1978ൽ തമ്പാൻ വൈദ്യർസ്മാരക വായനശാല തെക്കുമ്പാട്ട് നിലവിൽ വന്നു. 1989ൽ കൃഷ്ണപ്പിള്ള സ്മാരക വായനശാല തലായിയിൽ സ്ഥാപിക്കപ്പെട്ടു. (മല്ലിയോട് കുമാർ സ്മാരക വായനശാല ഗ്രന്ഥാലയം). ഈ ഗ്രന്ഥാലയങ്ങൾ നാടിന് പുത്തൻ ഉണർവുണ്ടാക്കി. പുസ്തകങ്ങൾ വായിക്കുകയും ചർച്ചചെയ്യുകയും ചെയ്യുക എന്നത് ജീവിതത്തിന്റെ ഭാഗമായി തീർന്നു.

വായനശാലകളെയും ഗ്രന്ഥശാലകളെയും കേന്ദ്രീകരിച്ച് കലാസമിതികളും കായികസമിതികളും രൂപം കൊണ്ടു. എത്രയോ കലാസമിതികൾ ഇവിടെ ജന്മമെടുക്കുകയും അകാലമൃത്യു വരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് നിലവിലുള്ള 27 കലാസമിതികളുടെ പേർവിവരം പട്ടിക ഒന്നിൽ കാണുക. തമ്പാൻ വൈദ്യർ സ്മാരക വായനശാലയുമായി ബന്ധപ്പെട്ട് രൂപം കൊണ്ട യുവചേതന കോഴിക്കോട്, കാസർകോഡ് ജില്ലകളിൽ ഉൾപ്പെടെ വിവിധ സ്റ്റേജുകളിൽ നാടകങ്ങൾ അവതരിപ്പിച്ച സമിതി ആയിരുന്നു. എങ്കിലും ഇന്ന് അതിന്റെ പ്രവർത്തനത്തിന് പഴയ ഊർജ്ജസ്വലതയില്ല. തലായി കൃഷ്ണപ്പിള്ള സ്മാരക വായനശാലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന രചനാ തീയേറ്റർസ് ഇന്നും സജീവത പുലർത്തുന്ന ഒരു കലാസമിതിയാണ്. എല്ലാക്കൊല്ലവും സമിതിയുടെ വാർഷികം കൊണ്ടാടുക മാത്രമല്ല സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളിൽ യഥാവസരം പ്രതികരിക്കുന്ന കലാസമിതി കൂടിയാണ് 'തലായി രചന'

സ്വന്തമായി കെട്ടിട സൗകര്യമുള്ള കലാസമിതിയാണ് ജ്വാലാ കുതിരുമ്മൽ. സാമൂഹ്യ രാഷ്ട്രീയ സാംസ്കീരിക പ്രശ്നങ്ങളോട് സജീവമായി പ്രതികരിക്കുന്ന ഈ സമിതിയുടെ സാന്നിദ്ധ്യംഈ ഗ്രാമത്തിന്റെ സാംസ്കാരിക രംഗത്ത് സജീവമായുണ്ട്. സ്വന്തമായി കെട്ടിടങ്ങളുള്ളതും നാടകസംഘങ്ങളുള്ളതുമായ കലാസമിതിയാണ് എടനാട് നവപ്രഭാ തീയേറ്റർസ്. 1985ൽ രൂപീകരിക്കപ്പെട്ട യുവധാര എടാട്ടും, 1991ൽ രൂപീകരിച്ച യുവശ്കതി എടാട്ടും അതിന്റെ സജീവ സാന്നിദ്ധ്യം വിളിച്ചറിയിച്ചു കൊണ്ട് എടാട്ട് പ്രദേശത്ത് നിറഞ്ഞു നിൽക്കുന്നു.

ശാസ്ത്രസാഹിത്യ പരിക്ഷത്ത്, പുരോഗമന കലാസാഹിത്യ സംഘം, മാതൃഭൂമി സ്റ്റഡിസർക്കിൾ എന്നീ സംഘങ്ങൾ ഈ ഗ്രാമത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

ഗ്രാമത്തിൽ 2575 റേഡിയോവും 975 ടി.വി.യുമാണുള്ളത്. ദിനപ്പത്രങ്ങളുടെ എണ്ണം 1100ആണ്.

കായികരംഗം

കുഞ്ഞിമംഗലത്തെ ഉശിരൻ കായികതാരമായിരുന്ന ശേഖറിന്റെ പേരിൽ രൂപീകരിക്കപ്പെട്ട 'ശേഖർ മെമ്മോറിയൽ സ്പോർട്സ് ക്ലബ്ബ്' ഇവിടുത്തെ കായികരംഗത്തെ എടുത്തു പറയേണ്ട ഒരു കായികസമിതിയാണ്. അതിപ്രഗൽഭരായ കുറേ വോളീബോൾ താരങ്ങൾ ഈ ക്ലബ്ബിലൂടെ വളർന്നു വന്നിട്ടുണ്ട്. മറ്റൊരു കായിക താരമായിരുന്ന കുമാറിന്റെ സ്മരണയ്ക്കായി രൂപം കൊണ്ട സമിതിയാണ് കുമാർ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്. ഫുട്ബോൾരംഗത്ത് എത്രയോട്രോഫികൾ വാരിക്കൂട്ടിയ ക്ലബ്ബാണിത് ഇന്നും നല്ലൊരു ഫുട്ബോൾ ടീം കുമാറിനുണ്ട്. എടുത്തു പറയേണ്ടുന്ന മറ്റൊരു സമിതി റെഡ് സ്റ്റാർ കിഴക്കാനിയാണ്. പുതിയ തലമുറയിൽ പെട്ട ചെറുപ്പക്കാരെ കായികരംഗത്തേക്ക് ആകർഷിക്കാൻ ഒരു പരിധിവരെ ഈ സമിതിക്ക് കഴിയുന്നു.

എത്രയോ ക്ലബ്ബുകൾ ഇവിടെ രൂപം കൊള്ളുകയും നാമാവശേഷമാകുകയും ചെയ്തിട്ടുണ്ട്. ഇന്നും പ്രവർത്തിച്ചുവരുന്ന ക്ലബ്ബുകളുമുണ്ട് ഇവയുടെ വിശദവിവരം പട്ടികയിലുണ്ട്.

പ്രശ്നങ്ങൾ

ഇന്ന് സാംസ്കാരിക രംഗത്ത് ഈ ഗ്രാമം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. ചൂല്, തെരിയ, കൂട്ട, കത്തി, ചിരവ തുടങ്ങിയ ഗൃഹോപകരണങ്ങൾ ഗ്രാമത്തിൽനിന്നുണ്ടാക്കുന്നത് വളരെ വിരളം. പലതും വിലകൊടുത്തഇ വാങ്ങുന്നു.
2. കൈത്തിറി വസ്ത്രങ്ങൾക്ക് വമ്പിച്ച മൂലധനവും പരസ്യവും വഴി കമ്പോളമടക്കിവാഴുന്ന മുൽതുണികളോട് പിടിച്ചു നിൽക്കാൻ ആവുന്നില്ല.
3. ഓട്, പഞ്ചലോഹ ശില്പങ്ങമങൾ, പാത്രങ്ങൾ എന്നീ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അർഹിക്കുന്ന അംഗീകാരം ലഭിക്കുന്നില്ല. സാധനങ്ങൾ വിറന്മഴിക്കപ്പെടുന്നില്ല.
4. പരമ്പരാഗത ചായക്കൂട്ടുകൾക്ക് നിർമ്മാണചെലവും അദ്ധ്വാനവും കൂടും. ഇനാമൽ പെയിന്റ് എളുപ്പം ഈചായ

പട്ടിക 1

ക്രമ നമ്പർ	കലാ സമിതിയുടെ പേർ	സ്ഥാപിത വർഷം	അംഗങ്ങളുടെ എണ്ണം	സംഗീതനാടക അക്കാദമി/സ്പോർട്ട്സ് കൗൺസിൽ അഫിലിയേഷനുണ്ടോ?	സ്വന്തമായി കെട്ടിടമുണ്ടോ?	റേഡിയോ, ടി.വി. തുടങ്ങിയവയുണ്ടോ?	മുഖ്യപ്രവർത്തനങ്ങൾ
1.	നവപ്രഭാ തീയറ്റേർസ്			ഇല്ല	ഉണ്ട്	ഇല്ല	
2.	യുവശക്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	1991		ഇല്ല	ഇല്ല	ഇല്ല	
3.	യുവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	1985		ഇല്ല	ഇല്ല	ഇല്ല	
4.	കേളി ആർട്ട്സ് ക്ലബ്ബ്	1995		ഇല്ല	ഇല്ല	ഇല്ല	
5.	പീപിൾസ് ആർട്ട്സ് ക്ലബ്ബ്						
6.	യുവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, വണ്ണാച്ചാൽ						
7.	ഉദയാ ക്ലബ്ബ്, വണ്ണാച്ചാൽ						
8.	ജ്വാലാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്				ഉണ്ട്		
9.	എ.കെ.ജി. സെന്റർ, കുതിരുമ്മൽ						
10	യംഗ്ഫൈറ്റേർസ്, മൂശാരികൊവ്വൽ						
11.	കുമാർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്						
12.	ഇസ്ലാമിക്ക് കൾച്ചറൽ സെന്റർ						
13.	തർബിയത്തുൽ ഇസ്ലാം സംഘം, കൊയപ്പാറ						
14.	ഫീനിക്സ്, മുള്ളിക്കോട്ട്						
15.	സി.എച്ച്. യുവകേന്ദ്രം പട്ടിക 3						
16.	എസ്.ഐ.ഒ. കൊയപ്പാറ						
17.	കലാനിലയം ആർട്ട്സ് ക്ലബ്ബ്						
18.	യുവചേതന			ഉണ്ട്			
19.	വീവൺ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്,						
20.	തലായി രചന തീയറ്റേർസ്,	1975	68	ഉണ്ട്	ഇല്ല	ഇല്ല	കലാമത്സരങ്ങൾ, തെരുവുനാടകമത്സരം, സാംസ്കാരികപ്രവർത്തനം, ചർച്ചാക്ലാസ്സ്
21.	നവയുഗ സ്പോർട്ട്സ് ക്ലബ്ബ്						
22.	പവർ വോയ്സ്						
23.	ഗ്രാമം						
24.	സംസ്കാര						
25.	ഇസ്കോ						
26.	എ.കെ.ജി. സെന്റർ						
27.	ലെനിൻ സ്മാരക കലാസമിതി						

പട്ടിക 2

ക്രമനമ്പർ	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികങ്ങളുടെ എണ്ണം	മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ
1.	കോളനി വായനശാല, എടാട്ട്	1992		ഇല്ല		ഇല്ല	ടിവി ഉണ്ട്
2.	മഹാത്മാ വായനശാല, എടാട്ട്	1953		1141	200	1	
3.	വി.ആർ.നായനാർ സ്മാരക വായനശാല	1952	D	3200	300	19	അംഗൻവാടി പ്രവർത്തിച്ചു വരുന്നു, ചർച്ചാക്ലാസ്സ്
4.	എ.കെ.ജി. സ്മാരക വായനശാല പറമ്പത്ത്	1979	E	1800	400	14	ബാലവേദി, ചർച്ചാക്ലാസ്സ്
5.	എ.കെ.ജി. സ്മാരക വായനശാല, കിഴക്കാനി	1982		424	100	3	
6.	റെഡ് സ്റ്റാർ വായനശാല, മൂശാരി കൊവ്വൽ	1975		500	100	5	
7.	MYCA വായനശാല, അങ്ങാടി						
8.	കുമാർസ് സ്മാരക വായനശാല മല്ലിയോട്			1000	75	3	
9.	പഞ്ചായത്ത് വായനശാല, പാണച്ചിറ	1996		ഇല്ല	ഇല്ല	1	
10.	ടിസ്ക് വായനശാല, കൊയപ്പാറ						
11.	സി.എച്ച്. യുവകേന്ദ്രം വായനശാല, കൊയപ്പാറ						
12.	തമ്പാൻ വൈദ്യർ സ്മാരക വായനശാല	1978	E	1431	300	17	62 മെമ്പർമാരുള്ള ബാലവിഭാഗം ആസ്വാദനക്ലാസ്സ്, മത്സരങ്ങൾ, ചർച്ചാക്ലാസ്സ്, ടിവിയുണ്ട്
13.	കൃഷ്ണപ്പിള്ള സ്മാരക വായനശാല	1989	F	1698	150	16	ചർച്ചാക്ലാസ്സ്, ആരോഗ്യം അംഗൻവാടി

ക്കൂട്ട് ആർക്കും വേണ്ടെന്നായിരിക്കുന്നു.

5. തെയ്യത്തിന്റെ കിരീടം, ആടയാഭരണങ്ങൾ, മുഖത്തെഴുത്ത്, സാഹിത്യം എന്നീ രംഗങ്ങളിൽ പ്രഗത്ഭരായ പലരും മൺമറഞ്ഞു. പുതിയ തലമുറ ഇതു പഠിക്കുവാൻ മുന്നോട്ടുവരുന്നില്ല.

6. ഒന്നാം വാർഡിലെ ഒരു വായനശാലയിൽ ഒരു ടിവി മാത്രമേ ഉള്ളൂ. രണ്ടാം വാർഡിൽ ഗ്രന്ഥശാലയോ കലാ സമിതികളോ ഇല്ല. നാലാം വാർഡിൽ ഗ്രന്ഥശാലയില്ല.

77. വായനശാലാപ്രവർത്തനങ്ങൾക്ക് ആവശ്യമായ പണമില്ല.

8. ചിത്രകല, സംഗീതം, നൃത്തം തുടങ്ങിയവ അഭ്യസിക്കുവാൻ പഞ്ചായത്തിൽ സ്ഥാപനങ്ങളില്ല.

9. കുട്ടികൾ വായനശാലയിലേക്ക് വരുന്നില്ല.

10. സ്ത്രീകളുടെ വായന പൈങ്കിളികളിലൊതുങ്ങുന്നു. പുരുഷൻമാരിലും വായനാശീലം നന്നേ കുറവ്.

11. ടി.വി. പരിപാടികൾ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സമാവുന്നു. പൈങ്കിളിവാരികളിൽ വന്ന ടി.വി. സീരിയലായി പ്രത്യക്ഷപ്പെടുന്നു.

12. രണ്ടാം ഘട്ട സാക്ഷരത നിർജ്ജീവാവസ്ഥയിലാണ്.

13. കായികരംഗത്ത് പ്രതിഭകളെ ആകർഷിക്കാൻ കഴിയുന്നില്ല. കായിക രംഗത്തേക്ക് വരുന്നവർതന്നെ എളുപ്പം ജോലി കിട്ടാൻ വേണ്ടി മാത്രം ലക്ഷ്യമിട്ടാണ് വരുന്നത്. വിദഗ്ദരുടെ

കോച്ചിങ്ങ് ഈ രംഗത്തു പിടുന്നില്ല.

14. മയക്കുമരുന്നു സേവ, ചീട്ടുകളി, മദ്യപാനം അന്നിവ വ്യാപകമാവുന്നു.

സാധ്യതകൾ

1. കൈത്തൊഴിലിനോടുള്ള ആഭിമുഖ്യം വിദ്യാർത്ഥികളിൽ വളർത്തുവാൻ പ്രവൃത്തിപരിചയത്തിന് വിദ്യാഭ്യാസത്തിൽ ഊന്നൽ കൊടുക്കണം.

കരകൗശലവസ്തുക്കൾ ഗൃഹോപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള മത്സരങ്ങൾ കലാസമിതികൾ ഏറ്റെടുക്കണം.

2. കൈത്തറി വസ്ത്രം ധരിക്കുന്നത് പ്രോത്സാഹിപ്പിക്കണം.

3. പഞ്ചലോഹശില്പങ്ങൾക്ക് വിദേശമാർക്കറ്റ് ഉണ്ടാക്കത്തക്കവിധം ഇലട്രോണിക്ക് മാധ്യമങ്ങൾ വഴിയും അച്ചടി മാധ്യമങ്ങൾ വഴിയും പ്രചരണം നൽകണം. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് വേണ്ടത് ചെയ്യാൻ പഞ്ചായത്ത് പരിശ്രമിക്കണം.

4. ലളിതകലാ അക്കാഡമി പോലുള്ള ഏജൻസികളെകൊണ്ട് ഈ കലാകാരൻമാരെ ദത്തെടുപ്പിക്കുക. കലാഗ്രാമം പോലുള്ള ചില സ്ഥാപനങ്ങളിലും, ചില മഹാക്ഷേത്രങ്ങളിലെ ചുവരുകളിലും ഈ ചായക്കൂട്ടുകൾ പരീക്ഷിക്കുക.

5. പുതിയ തലമുറയിലെ നാടോടി കലാകാരൻമാർക്ക് അവരവരുടെ മേഖലയിൽ പരിശീലനം കൊടുക്കുന്നതിനുള്ളവർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക. വർഗ്ഗഗോത്ര കലകളുടെ സംരക്ഷണത്തിനായി കൊല്ലംതോറും മാനവവിഭവശേഷി വകുപ്പ് മന്ത്രാലയം ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. അത് അർഹിക്കുന്ന കരങ്ങളിലെത്താൻ അത്തരം പ്രൊജക്ടുകൾക്ക് ഗ്രാമ പഞ്ചായത്തിന്റെ മേൻനോട്ടത്തിൽ ധനസഹായം നൽകുക.

6. 1, 2, 4 എന്നീ വാർഡുകളിൽ സന്നദ്ധ സംഘങ്ങളേയും സാമൂഹ്യപ്രവർത്തകരേയും വിളിച്ചു കൂട്ടുക. ഒന്നാം വാർഡിലെ കോളനി വായനശാലയിൽ കുറച്ചു പുസ്തകങ്ങളെങ്കിലും സംഘടിപ്പിക്കുക. രണ്ടാം വാർഡിൽ മുമ്പുണ്ടായിരുന്നതും നിശ്ചലമായതുമായ രാഗമാലിക സമിതിയുടെ പ്രവർത്തകരെയും മറ്റും വിളിച്ചു കൂട്ടി ഒരു കലാസമിതിയും വായനശാലയും തുടങ്ങുക. പഞ്ചായത്തിലെ എല്ലാ ഗ്രന്ഥശാലകൾക്ക്, മൂന്ന് വർത്തമാന പത്രമെങ്കിലും അനുവദിക്കുക. നാലാം വാർഡിൽ ഗ്രന്ഥശാല തുടങ്ങുക.

7. വി.ആർ. നായനാർ വായനശാല പോലുള്ള പ്രവർത്തനം ആരംഗത്തു സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തിൽ നിന്നുള്ള പണത്തിന് കാത്തു നിൽക്കാതെ നാടകാവതരണം വഴിയോ മറ്റോ വായനശാലാ പ്രവർത്തനത്തിനാവശ്യമായ ധനം സ്വരൂപിക്കുക.

8. സംഗീതം, ചിത്രകലാ, നൃത്തം ഇവ പഠിപ്പിക്കുന്ന അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി ആഴ്ചയിൽ ഓരോ വിഷയത്തിനും ചുരുങ്ങിയത് 2 ദിവസമെങ്കിലും ക്ലാസ് സംഘടിപ്പിക്കുക. ഇതിനു വായനശാലാ കെട്ടിടം ഉപയോഗിക്കാൻ സൗകര്യം ചെയ്തു കൊടുക്കണം. വായനശാലാ പ്രവർത്തകരും കലാ സമിതി പ്രവർത്തകരും അതിനു മുൻകൈയ്യെടുക്കണം.

9. ബാലസാഹിത്യ ഗ്രന്ഥങ്ങൾ വായനശാലയിൽ നിർബന്ധമായും വരുത്തണം. തമ്പാൻ വൈദ്യർ സ്മാരക വായനശാലയിലെ പ്രവർത്തനം ഇതിനു മാതൃകയാക്കാവുന്നതാണ്. കുട്ടികൾക്ക് 'ബി' ക്ലാസ് മെമ്പർഷിപ്പ് നൽകുക. അവർ വായിക്കുന്ന പുസ്തകങ്ങളെ അധികരിച്ച് ചർച്ചാക്ലാസ്സ് ആസ്വാദന ക്ലാസ്, കിസ്സ് എന്നിവ സംഘടിപ്പിക്കുക.

10. ആഴ്ചതോറും വീടുകളിൽ പുസ്തകമെത്തിക്കാനുള്ള സൗകര്യം വേണം.

11. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ടി.വി. തടസ്സമാകാതിരിക്കുവാൻ രക്ഷിതാക്കളിലും കുട്ടികളിലും ബോധവൽകരണം നടത്തണം. വിദ്യാഭ്യാസ പരിപാടികൾ ടി.വി. യിൽ കാണിക്കാൻ സമ്മർദ്ദം ചെലുത്തിണം.

12. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കണം. കണ്ണൂർ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ ഗുരുകുലം പദ്ധതി നിയമ പ്രാബല്യത്തോടെ പഞ്ചായത്തിനകത്തു നടപ്പാക്കണം.

13. പയ്യന്നൂർ കോളേജിൽ ഫുട്ബോൾ, ബാസ്കറ്റ്ബോൾ, വോളിബോൾ എന്നിവയ്ക്ക് കോച്ചിംഗ് കൊടുക്കുന്നുണ്ട്. അവിടെ ബന്ധപ്പെട്ടു 1,2,3 മാർഡുകളിലെ കായിക പ്രേമികൾക്ക് കോച്ചിംഗ് കൊടുക്കാനാവും., തീയ്യർവെക്കും ചാൽ മൈതാനം, പഞ്ചായത്തു മൈതാനം, ഏഴിമല റെയിൽവേ സ്റ്റേഷൻ പരിസരം എന്നിവിടങ്ങളിൽ വിവിധ കളികൾക്ക് വെച്ച് കോച്ചിംഗ് നൽകുവാൻ പരിപാടി കയ്യാറാക്കണം. അതിനാവശ്യമായ കോച്ചുകളെ സംഘടിപ്പിക്കുക.

പ്രൈമറി സ്കൂളുകളിൽ പി.ഇ.ടി. പോസ്റ്റ് നിർബന്ധമാക്കുകയും കുട്ടികളെ കായികരംഗത്തു പരിശീലിപ്പിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുകയും വേണം.

14. മദ്യപാനത്തിനും, മയക്കുമരുന്നിനും, ചൂതുകളിക്കുമെതിരെ ശക്തമായ ബോധവൽകരണം പഞ്ചായത്തിന്റെ സന്നദ്ധ സാംസ്കാരിക സംഘങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കണം. സാമൂഹ്യവിരുദ്ധ ശക്തികളെ ഒറ്റപ്പെടുത്തണം. വിദ്യാലയങ്ങൾക്ക് സമീപമുള്ള കടകളിൽ വിൽക്കപ്പെടുന്ന പാൻപരാഗ് പോലുള്ള സാധനങ്ങൾ നിരോധിക്കുക.

15. കുഞ്ഞിമംഗലത്തിന്റെ തനതായ നാടൻപാട്ടുകളും ഇവിടെ നിന്നു മാത്രം ലഭ്യമാകുന്ന ചരിത്ര വസ്തുതകളും തേടിപ്പിടിക്കുക, റിക്കാർഡ് ചെയ്യുക. പഞ്ചായത്തിൽ ഒരു ആർട്ട് ഗാലറി സ്ഥാപിച്ച് ഇവ സൂക്ഷിക്കുക,

സാംസ്കാരിക രംഗത്തെ പല പ്രശ്നങ്ങൾക്കും ഒരു പഞ്ചായത്തു മാത്രം വിചാരിച്ചാൻ പരിഹാരം കണ്ടെത്തുവാൻ കഴിയില്ല. എന്നാൽ സാംസ്കാരിക രംഗം ഉണർന്നാൽ മാത്രമേ ഏതു രംഗത്തും വിജയമുണ്ടാക്കുവാൻ നമുക്കു കഴിയൂ. പൊതുവെ സമൂഹത്തെ ആകെ ബാധിച്ച മൂല്യച്യുതി കുഞ്ഞിമംഗലത്തെയും ബാധിച്ചിട്ടുണ്ട്. ഈ ആപത്തിനെതിരെ ജാഗരൂഗരാകാൻ നമുക്ക് കഴിയും കഴിയണം. സാംസ്കാരിക ജീർണ്ണതയ്ക്കെതിരെ സന്ധിയില്ലാതെ പൊരുതുക മാത്രമേ കരണീയമായുള്ളൂ.

വനിത

ലോകമെമ്പാടുമുള്ള വനിതകൾ വിമോചനത്തിനു വേണ്ടി മുറവിളികൂട്ടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇതിന്റെ അലയൊലികൾ നമ്മുടെ രാജ്യത്തുമുണ്ടെങ്കിലും സ്ഥിതി ഒട്ടും ആശാവഹമല്ല. ഇന്ത്യയിലെ ഭൂരിഭാഗം സ്ത്രീകളും ഇന്നും അടിമകളപ്പോലെ ജീവിക്കുന്ന അവസ്ഥയിലാണ്. 'സതി'സമ്പ്രദായം പോലുള്ള മൃഗീയ അനാചാരങ്ങൾക്കും സ്ത്രീധന സാമൂഹ്യ സാംസ്കാരിക പീഢനങ്ങൾക്കും ഇരയായിക്കൊണ്ടിരിക്കുകയാണ് ഭാരതീയ സ്ത്രീത്വം. സാക്ഷരത, പ്രത്യേകിച്ച് സ്ത്രീ സാക്ഷരത ഉയർന്നതും കേരളത്തിന്റെ സവിശേഷ സാമൂഹ്യ സാംസ്കാരിക പശ്ചാത്തലവും നമ്മുടെ സ്ത്രീകളുടെ നില, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പൊതുവെ മെച്ചപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. എങ്കിലും സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ അർഹിക്കുന്ന അംഗീകാരം നേടിയെടുക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ പരമ്പരാഗതമായ ജീവിതരീതിയും പുരുഷ മേധാവിത്വവും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾ മുന്നിട്ടു പ്രവർത്തിക്കുന്നതിൽ വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. അത് അവരെ സമൂഹത്തിന്റെ അടിത്തട്ടിൽ തന്നെ തളച്ചിടുവാൻ ഇടയാക്കി. ഇതിന്റെ പരിച്ഛേദം തന്നെയാണ് നമ്മുടെ പഞ്ചായത്തും. അവർ ഇന്നും 'വീടാം കൂട്ടിൽ'കുടുങ്ങിയ തത്തമ്മ തന്നെയാണ്.

കേരളത്തിലെന്നതു പോലെ നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകൾ തന്നെയാണ് കൂടുതൽ. ആകെയുള്ള 18622 ജനങ്ങളിൽ 9531 ഉം സ്ത്രീകളാണ്. എങ്കിലും സാമാന്യ വിദ്യാഭ്യാസ സൗകര്യങ്ങളോ സംഘടിത വനിതാ പ്രസ്ഥാനങ്ങളോ ഉണ്ടായിട്ടുപോലും ആനുപാതിക പ്രാധിനിത്യം തൊഴിൽ മേഖലയിൽ നേടിയെടുക്കുവാൻ അവർക്ക് സാധിച്ചിട്ടില്ല. അനഭിലഷണീയമായ പുതിയ തൊഴിൽ സംസ്കാരം കാഷിക മേഖലയിൽ നിന്നും മറ്റു സ്ത്രീകളെ പിന്തിരിപ്പിക്കുന്ന പ്രവണത നിലനില്കുന്നു. സമ്പന്നമായ ഈ മാനവ വിഭവ ശേഷി പരമാവധി പ്രയോജനപ്പെടുത്തുവാൻ പുതിയ സാഹചര്യത്തിലെങ്കിലും നമുക്ക് സാധിക്കേണ്ടതാണ്.

കുഞ്ഞിമംഗലം പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ നാല് മാതൃശിശു സംരക്ഷണകേന്ദ്രങ്ങളും 11ഓളം അങ്കൻ വാടികളും പ്രവർത്തിക്കുന്നുണ്ട്. ഗർഭിണികൾക്കും അമ്മമാർക്കും ഒരു പരിധിവരെ പ്രയോജനപ്പെട്ടുവരുന്നുണ്ട്.

വിദ്യാഭ്യാസം

പഞ്ചായത്തിലെ ആകെയുള്ള 3574 വിദ്യാർത്ഥികളിൽ 1652 പേർ പെൺകുട്ടികളാണ്. ഈ വർഷം കൊഴിഞ്ഞുപോയ 84 കുട്ടികളിൽ കൂടുതലും പെൺകുട്ടികളാണെന്ന് കാണാം. കഴിഞ്ഞ സെൻസസ്സ് പ്രകാരം ഇവിടെ സ്ത്രീ സാക്ഷരതാ നിരക്ക് 84% ആണ്.

തൊഴിൽ മേഖല

തൊഴിൽ മേഖലയിൽ സ്ത്രീ പുരുഷ വ്യത്യാസം താഴെ കൊടുത്ത പട്ടികയിൽ കാണാം.

മേഖല	എണ്ണം			റിമാർക്ക്സ്
	ആൺ	പെൺ	ആകെ	
സർക്കാർ	319	102	421	
അർദ്ധസർക്കാർ	132	45	177	
കർഷകതൊഴിലാളി	606	767	1373	
നിർമ്മാണം	390	162	552	
മറ്റ്	1812	438	2250	

സർക്കാർ അർദ്ധ സർക്കാർ മേഖലകളിൽ ഒഴിച്ച് പല തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന വേതനം തുലോം കുറവാണ്. കാർഷിക, കെട്ടിട നിർമ്മാണ മേഖലകളിൽ സ്ത്രീ പുരുഷൻമാർക്ക് ലഭിക്കുന്ന വേതനങ്ങളിൽ പ്രകടമായ വ്യത്യാസം കാണാം. അവ യഥാക്രമം കാർഷിക മേഖലയിൽ സ്ത്രീക്ക് 30രൂപയും പുരുഷന് 100രൂപയും കെട്ടിട നിർമ്മാണ മേഖലയിൽ അത് 50ഉം 120ഉം ആണ്.

വേതനം ലഭിക്കുന്ന ഇത്തരം തൊഴിലുകൾക്ക് പുറമേ മറ്റ് മറ്റ് സ്ത്രീകളെ പോലെ തന്നെ ഭക്ഷണം തയ്യാറാക്കുക, വസ്ത്രം അലക്കുക, വിറകുശേഖരിക്കുക, ആടുമാടുകളെ സംര

ക്ഷിക്കുക, പുരയിട കൃഷി നടത്തുക, ശിശു പരിപാലനം നടത്തുക തുടങ്ങി അനേകം കാണാപ്പണികളും ഇവർക്ക് നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ഈ കഠിനാദ്ധ്വാനം നമ്മുടെ സ്ത്രീകളുടെ ആരോഗ്യ നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്. P.HC.യിലെ ഔട്ട് പേഷ്യന്റ് രജിസ്റ്ററിലെ കണക്കുകൾ ഇക്കാര്യം വ്യക്തമാക്കുന്നു. എങ്കിലും പ്രസവാനന്തര മരണങ്ങൾ വളരെ അപൂർവ്വമാണ്.


കുടുംബ സംരക്ഷണ ചുമതല പൂർണ്ണമായും സ്ത്രീകളിൽ അർപ്പിക്കപ്പെട്ട കുടുംബങ്ങൾ ഇവിടെ ഏറെയുണ്ട്. പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം അധികഭാരം അടിച്ചേൽപ്പിക്കുന്നതും സ്ത്രീ ജനകളെ തന്നെ.

പ്രശ്നങ്ങൾ

1. സാമൂഹ്യ അവഗണന.
2. അന്ധവിശ്വാസം, അനാചാരം, നിരക്ഷരത.
3. പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ.
4. സ്ത്രീകളിലെ തൊഴിലില്ലായ്മ.
5. തൊഴിൽ മേഖലകളിൽ കുറഞ്ഞ കൂലിനിരക്ക്.
6. അപര്യാപ്തമായ പ്രസവാവധിയും മറ്റ് അവധികളും.
7. തൊഴിൽ നിയമങ്ങളെ കുറിച്ചുള്ള അജ്ഞത.
8. സർക്കാർ സഹായ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ.
9. മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളിലും അംഗൻവാടികളിലും ഉള്ള സൗകര്യമില്ലായ്മ.
10. അനഭിലഷണീയമായ തൊഴിൽ സംസ്കാരം.
11. വില്പന ചരക്കാകുന്ന സ്ത്രീത്വം.
12. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെ കുറഞ്ഞ പങ്കാളിത്തം.
13. വിദ്യാലയങ്ങളിലെ പാഠ്യേതര രംഗങ്ങളിലെ പെൺകുട്ടികളുടെ കുറഞ്ഞ പങ്കാളിത്തം.
14. സ്ത്രീധനം.
15. തൊഴിലുള്ള സ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കാൻ പുരുഷൻമാർ കാട്ടുന്ന അമിത താല്പര്യം.
16. കുടുംബാസൂത്രണരംഗത്ത് സ്ത്രീകൾക്കുള്ള പരിമിതമായ സ്വാതന്ത്ര്യം.
17. അംഗീകാരമില്ലാത്ത കാണാപ്പണികൾ.

സാദ്ധ്യതകൾ

1. പെൺകുട്ടികൾക്ക് സാമാന്യവും സാർവത്രികവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
2. സ്ത്രീ സാക്ഷരതക്ക് പ്രാധാന്യം നല്കിക്കൊണ്ട് തുടർ സാക്ഷരതാ പരിപാടി ഊർജ്ജിതപ്പെടുത്തുക.
3. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.
4. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ വ്യാപകമായ ബോധവൽകരണം നടത്തുക.
5. സ്ത്രീകൾക്ക് നേതൃത്വ പരിശീലനം നൽകുക.
6 പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകമായ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകരടയം ഏർപ്പെടുത്തുക.
7. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾക്കു മാത്രമായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
8. കോഴി വളർത്തു കേന്ദ്രങ്ങൾ, ചകിരി, മറ്റു കേരോൽപ്പന്നങ്ങൾ, വാഴനാര് എന്നിവ ഉപയോഗിച്ചുള്ള വസ്തുക്കൾ നിർമ്മിക്കുന്ന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക.
9. സ്ത്രീകൾക്കിടയിൽ കൂൺകൃഷി, പുഷ്പസസ്യകൃഷി എന്നിവ പ്രോൽസാഹിപ്പിക്കുക.
10. പഞ്ചായത്തിൽ കുറഞ്ഞത് മൂന്നു മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.
11. തുന്നൽ പരിശീലന കേന്ദ്രവും റഡിമെയ്ഡ് വസ്ത്രനിർമ്മാണ കേന്ദ്രവും ആരംഭിക്കുക.
12. തൊഴിലിന്റെ മാന്യതയെക്കുറിച്ച് ബോധവൽകരിക്കുക.
13. തുല്യ ജോലിക്ക് തുല്യവേതനം എല്ലാ മേഖലകളിലും ഉറപ്പാക്കുക.
14. വിവധ പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും കൃത്യ സയത്തു തന്നെ ലഭ്യമാക്കണം.
15. പാഠ്യേതര രംഗങ്ങളിൽ നേട്ടങ്ങളുണ്ടാക്കുന്ന പെൺകുട്ടികൾക്ക് പ്രത്യേകം ഇൻസെന്റീവ് കൊടുക്കുക.
16. അംഗൻവാടികളിലെ സൗകര്യം വർദ്ധിപ്പിക്കുക.
17. പ്രസവാവധി സർക്കാർ മേഖലയുലും സമാന മേഖലയിലും 6 മാസമായി ഉയർത്തുക. ഈ ആനുകൂല്യം ഇല്ലാത്ത മറ്റു മേഖലകളിൽ പ്രസവകാല വേതനം നൽകുക.
18. തൊഴിൽ നിയമങ്ങളെ കുറിച്ചും സർക്കാർ സഹായ പദ്ധതികളെ കുറിച്ചും വ്യാപകമായ ബോധവൽകരണം നടത്തുക.
19. സ്ത്രീധനത്തിനെതിരെ സാമൂഹ്യ ബോധവൽകരണം ഫലപ്രദമായി നടപ്പാക്കുക.
20. സ്ത്രീത്വത്തെ അപമാനിക്കുന്ന സിനിമ, പോസ്റ്റർ, പരസ്യങ്ങൾ എന്നിവ നിയനം മൂലം നിരോധിക്കുക.
21. മദ്യം പൂർണ്ണമായും നിരോധിക്കു. ഗ്രാമം മദ്യമുക്തമാക്കുന്നതിന് ജനകൂയ സമിതികൾ രൂപീകരിക്കുക.
22. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക.
23. കുഞ്ഞിമംഗലത്തും എൽ.പി.ഗ്യാസ് ലഭ്യമാക്കുക.
24. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ സമയം കുറച്ചു കൊടുക്കുക.



സഹകരണം

കുഞ്ഞിമംഗലം സർവ്വീസ് സഹകരണ ബേങ്ക്

1920ൽ 'ഐക്യനാണയ സംഘം' എന്നപേരിൽ രൂപീകരിക്കുകയും പിന്നീട് പ്രാഥമിക സഹകരണസംഘമായും തുടർന്ന് സർവ്വീസ് സഹകരണ ബേങ്കായും മാറി. എംഗങ്ങളിൽ നിന്നും മറ്റും നിക്ഷേപങ്ങൾ സ്വീകരിക്കുകയും ജില്ലാ ബേങ്കിൽ നിന്നും അതാതവസരം ലഭിക്കുന്ന കാഷ് ക്രഡിറ്റും മറ്റും ഉപയോഗിച്ച അംഗങ്ങൾക്ക് കാർഷികവും കാർഷികേതരവുമായ ഹ്രസ്വകാല ദീർഘകാല വായ്പകൾ അനുവഗിച്ചുവരുന്നു. ഓണം, വിഷു മുതലായ വിശേഷാൽ അവസരങ്ങളിൽ ഓണച്ചന്തകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ആരംഭിച്ച് പൊതുജനങ്ങളെ സഹായിക്കുന്നു. എടാട്ട് ഒരു ബ്രാഞ്ച് അടുത്തകാലത്തായി ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. ബേങ്കിന്റെ പ്രവർത്തനം ഏതാനും വർഷമായി ലാഭകരമാണ്.

മാടായി കോഃ ഓപ്പഃ റൂറൽ ബേങ്ക് ബ്രാഞ്ച്

മാടായി കോഃ ഓപ്പഃ റൂറൽ ബേങ്കിന്റെ ഒരു ശാഖ 11. 11. 1972 മുതൽ കുഞ്ഞിമംഗലത്ത് പ്രവർത്തിച്ചുവരുന്നു. നിക്ഷേപങ്ങൾ സമാഹരിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് വായ്പകൾ അനുവദിക്കുന്ന പ്രവർത്തനങ്ങൾ നല്ലനിലയിൽ തന്നെ നിർവഹിക്കുന്ന ഒരു സ്ഥാപനമാണിത്. അംഗങ്ങൾക്ക് ക്ഷേമനിധി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പയ്യന്നൂർ ബെൻ മെറ്റൽ ഇൻഡസ്ട്രിയൽ കോഃ ഓപ്പഃ സൊസൈറ്റി

കുഞ്ഞിമംഗലം, ചെറുതാഴം, പയ്യന്നൂർ, കോറോം വില്ലേജുകളാണ് സൊസൈറ്റിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നത്. ഓട്വാർപ്പ് നിർമ്മാണ രംഗത്ത് പാരമ്പര്യമായി ഏർപ്പെട്ടു വരുനന്ന തൊഴിലാളികളുടെ ഉന്നമനത്തിനായി ലക്ഷ്യമിട്ട് പ്രവർത്തനമാരംഭിച്ചതാണ് ഈ സൊസൈറ്റി കേരളത്തിൽ തന്നെ കരകൗശല നിർമ്മാണ രംഗത്ത് ഒരു കാലത്ത് പ്രശസ്തി ആർജ്ജിച്ച സ്ഥാപനമായിരുന്ന ഈ സംഘം ഇപ്പോൾ ഭീമമായ നഷ്ടത്തിലാണ്. മാനേജുമെന്റിന്റെ കാര്യക്ഷമതയില്ലായ്മയും തൊഴിലാളികളുടെ നിസ്സഹകരണവും സംഘത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ലയിത്ത്, പവർപ്രസ്സ്, ഡ്രില്ലിംഗ് മെഷ്യൻ, കട്ടിംഗം മെഷ്യൻ സർക്കിൾ കട്ടിംഗ് മെഷ്യൻ, ബഫിംഗ് മെഷ്യൻ ഓയിൽ ഫണസ് മുതലായവ വാങ്ങിയെങ്കിലും അവയൊന്നും തന്നെ പ്രവർത്തന ക്ഷമമല്ല. പ്രവർത്തനത്തിന് ആവശ്യമായ ഫണ്ടിന്റെ അഭാവമാണ് സ്ഥാപനത്തിന്റെ പ്രതിസന്ധിക്ക് മറ്റൊരു കാരണം. മാനേജുമെന്റ് കാര്യക്ഷമമായി പ്രവർത്തിക്കുകയും ആവശ്യത്തിന് പ്രവർത്തനമൂലധനം സ്വരൂപിക്കുവാൻ സാധിക്കുകയും ചെയ്താൽ നൂറിൽപ്പരം തൊഴിലാളികൾക്ക് തൊഴിൽ നല്കാനും കരകൗശല നിർമ്മാണ രംഗത്ത് പ്രശസ്തി പിടിച്ചു പറ്റാനും സാധിക്കും. വട്ടളം, ലക്ഷ്മിവിളക്ക്, തൂക്കുവിളക്ക്, റാട്ടവിളക്കുകൾ, കിണ്ണം, കിണ്ടി, സ്തിരിപ്പെട്ടി, സേറ് ഉതലായവയാണ് സംഘത്തിന്റെ പ്രധാന ഉൽപന്നങ്ങൾ.

കൈത്തറി സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ രണ്ട് കൈത്തറി സഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. 1967ൽ സ്ഥാതിതമായ കുഞ്ഞിമംഗലം വില്ലേജ് കോഃ ഓപ്പഃ സൊസൈറ്റിയും 1982ൽ രൂപീകരിക്കപ്പെട്ട കണ്ടം കുളങ്ങര വീവേഴ്സ് ഇൻഡസ്ട്രിയൽ(വർക്ക്ഷോപ്പ്) കോഃഓപ്പഃ സൊസൈറ്റിയും. ഇവയിൽ ജീവനക്കാരുൾപ്പെടെ മൊത്തം 35 പേർ ജോലിചെയ്തുവരുന്നു. സംഘങ്ങൾ തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, നൂലിന്റെ വിലക്കയറ്റം എന്നിവയും റിബേറ്റ് കുടിശ്ശിക ഇനത്തിൽ ഗവൺമെന്റിൽ നിന്നും യഥാസമയം ലഭിക്കേണ്ട സംഖ്യ ലഭിക്കാതിരിക്കുന്നതും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്.

കുഞ്ഞിമംഗലം കയർ വ്യവസായ സഹകരണ സംഘം

1959ൽ പ്രവർത്തനം തുടങ്ങി ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഇത് പല പ്രശ്നങ്ങളേയും അഭിമുഖീക

രിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗത രീതികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നു എന്നതുകൊണ്ട് പുതിയ തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നു വരുന്നില്ല. ഇത് സംഘത്തിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു. സ്വന്തമായി തൊണ്ടയുക്കുന്നതിന് മൂർന്ന എ്രതസ്ഥലവും, പഞ്ചായത്തിന്റെ പ്രധാനപ്പെട്ട സ്ഥലത്ത് ഓഫീസ്, ഗോഡൗൺ, വർക്ക് ഷെഡ് ഉൾപ്പെടെ 40 സെന്റ് സ്ഥലവും ഉണ്ട്. ഒരു ജീവനക്കാരനടക്കം 15തൊഴിലാളികൾ ജോലിചെയ്തുവരുന്നു. തൊണ്ട് തല്ലുന്നതിനും കയർപിരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ തൊഴിലാളികളെ ആകർഷിക്കാനും സംഘം പ്രവർത്തനം മെച്ചപ്പെടുത്തി എടുക്കുവാനും കഴിയും. ആവശ്യമായ മൂലധനം ബന്ധപ്പെട്ട ഡിപ്പാ2ട്ട്മെന്റു വഴി അനുവധിച്ച് കിട്ടേണ്ടതുണ്ട്.

കുഞ്ഞിമംഗലം അവലിടി തൊഴിലാളി സഹകരണസംഘം

കേരളാ ഖാദിഗ്രാമ വ്യവസായ യൂനിറ്റിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന കുഞ്ഞിമംഗലം അവലിടി തൊഴിലാളി സഹകരണ സംഘം 1977ൽ സ്ഥാപിതമായി. എന്നാൽ നെല്ലിന്റെ അപര്യാപ്തത മൂലം സംഘം പ്രവർത്തനം തുടരാൻ കഴിഞ്ഞില്ല. പിന്നീട് സംഘം തന്നെ ഒരു ബേക്കറി യൂനിറ്റായി മാറുകയാണുണ്ടായത്. ഇപ്പോൾ സംഘം ലാഭകേരമായാണ് പ്രവർത്തിക്കുന്നത്. യൂനിറ്റിന്റെ പ്രവർത്തനം നവീകരിക്കുമെങ്കിൽ 10 പേർക്കെങ്കിലും തൊഴിലവസരം ലഭിക്കും.

ദിനേശ് ബീഡി സഹകരണസംഘം

1969ൽ കേരള സംസ്ഥാനത്ത് ബീഡിതൊഴിലാളികൾക്കുവേണ്ടി ഗവ. മിനിമം കൂലി ആവിഷ്കരിച്ച് നടപ്പിലാക്കിയപ്പോൾ, അതുവരെ കേരളത്തിൽ വൻതോതിൽ ബീഡി വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന ഗണേഷ് ബീഡി മുതലാളിമാർ കമ്പനി പൂട്ടി അന്യ സംസ്ഥാനങ്ങളിലേക്ക് കടന്നു. അതോടെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. അത്തരം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കണ്ണൂരിൽ ആസ്ഥാനമായി 1969ൽ ആരംഭിച്ച കേരള ദിനേശ് ബീഡിയുടെ പയ്യന്നൂർ പ്രാഥമിക സഹകരണസംഘത്തിന്റെ കീഴിലുള്ള ഒരു ബ്രഞ്ച് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 55 തൊഴിലാളികൾ ഈ ബ്രാഞ്ചിൽ തൊഴിൽ ചെയ്തുവരുന്നു. മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ മറ്റ് ബീഡി വ്യവസായങ്ങളെ അപേക്ഷിച്ച് ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ചു വരുന്നുണ്ട്. എന്നാൽ പുകവലിക്കെതിരായ ശക്തമായ പ്രചാരണവും കേന്ദ്ര ഗവൺമെന്റിന്റെ നികുതി നയവും ഈ വ്യവസായത്തിന്റെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്.

ഹരിജൻ ക്ഷേമ സഹകരണസംഘം, സെറി കൾച്ചർ സഹകരണസംഘം, ക്ഷീരവ്യവസായ സഹകരണസംഘം എന്നിവ ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

പ്രശ്നങ്ങൾ

സഹകരണപ്രസ്ഥാനത്തിന്റെ പ്രസക്തിയെ കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അപര്യാപ്തത; കമ്പോളത്തിലെ മത്സരം, മാക്കറ്റിങ്ങിന്റെ പ്രയാസങ്ങൾ, മൂലധനത്തിന്റെ അപര്യാപ്തത, ബന്ധപ്പെട്ടവകുപ്പുകളുടെ വേണ്ടവിധത്തിലുള്ള ഇടപെടലുകളുടേയും ആവശ്യമായ ഉപദേശ നിർദ്ദേശങ്ങളുടെയും, പരിശോധലനയുടെയും അഭാവം; സങ്കുചിത രാഷ്ട്രീയം.

സാധ്യതകൾ

സഹകരണപ്രസ്ഥാനം നമ്മുടെ സാമൂഹ്യപുരോഗതിയിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനം നേടിയെടുത്ത സാഹചര്യത്തിൽ നിവിലുള്ളവ മെച്ചപ്പെടുത്തിയെടുത്തുകൊണ്ടും ആവശ്യമായ നവീകരണം വരുത്തിയും പുതിയ സംഘങ്ങൾ ഉണ്ടാക്കുന്നതിന് സാധിക്കുന്നതാണ്.

പഴം പച്ചക്കറി സഹകരണ വില്പന സംഘം

നമ്മുടെ പഞ്ചായത്തിൽ ഒരു പഴം പച്ചക്കറി സഹകരണ സംഘത്തിനുള്ള സാദ്ധ്യത ഏറെയാണ്. ഏരെ സ്വാധിഷ്ഠവും,കുഞ്ഞിമംഗലം മാങ്ങ എന്ന പേരിൽ പ്രചാരത്തിലുള്ളതും സ്വദേശത്തും, വിദേശത്തുമടക്കം മാർക്കറ്റുള്ളതുമായ മാമ്പഴം സംഭരിക്കാനും സംസ്കരിക്കാനും വിപണിയിൽ ഇറക്കാനും കഴിയും. കശുമാമ്പഴത്തിൽ നിന്നും പാനീയങ്ങൾ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനാവശ്യമായ അസംസ്കൃത സാധനങ്ങളും യഥേഷ്ടം ഇവടെ ലഭ്യമാണ്. പഞ്ചായത്തിലെ പച്ചക്കറികൃഷിയിൽ ഏർപ്പെടുന്ന കുടുംബങ്ങൾക്ക് പച്ചക്കറി വിത്തുകളും വളങ്ങളും കീടമാശിനികളും പച്ചക്കറികൃഷിയെക്കുറിച്ചുള്ള ക്ലാസുകളും യഥാവസരം നൽകാനും അവരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കാനും സാധിക്കത്തക്ക വിധത്തിലുള്ള ഒരു സഹകരണസംഘം രൂപീകരിക്കാൽ കഴിയണം.

മത്സ്യകൃഷി

സഹകരണ മേഖലയിൽ മത്സ്യകൃഷിക്ക് നമ്മുടെ പഞ്ചായത്തിൽ നല്ല സൗകര്യമുണ്ട്. ഉപയോഗശൂന്യമായിക്കിടക്കുന്ന പുഴപുറമ്പോക്ക്, റവന്യൂ പുറംമ്പോക്ക്, സ്വകാര്യ വ്യക്തികളുടേതടക്കമുള്ള ഭൂമി ഇവ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. നിവിൽ കൃഷിക്കും മറ്റും ദോഷകരമായി ബാധിക്കാതെ തന്നെ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. പഞ്ചായത്തിൽ ഒരു സഹകരണ സംഘം രൂപീകരിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യക്കൃഷിയിൽ താല്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കാനും, വിവിധ വകുപ്പുകളിൽ നിന്നുമുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായ സഹകരണങ്ങൾ പ്രയോജനപ്പെടുത്തുവാൻ കഴിയണം.

ക്ഷൂര വ്യവസായ സഹകരണ സംഘം

പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്കും പ്രയോജനകരമാം വിധം സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം. ഗുണഭോക്താക്കൾക്ക് മുഴുവൻ ബന്ധപ്പെടാൻ പറ്റുന്ന ആസ്ഥാനം തെരഞ്ഞെടുക്കണം. പാൽ സംഭരിക്കുന്നതിന് പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ കലക്ഷൻ സെന്ററുകൾ സ്ഥാപിക്കുക. ഇവിടെ നിന്നും കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് ഏർപ്പാടുണ്ടാക്കുക. സംഭരിക്കുന്ന പാൽ പരമാവധി പഞ്ചായത്തിൽ തന്നെ വിറ്റഴിക്കാനുള്ള പ്രവർത്തനം സംഘടിപ്പിക്കുകയും മിച്ചം വരുന്ന പാൽ സംസ്കരിക്കുന്നതിനും ഏർപ്പാട് ചെയ്യുകയും ചെയ്യുക. നല്ല കറവ മാടുകളെ വിതരണം ചെയ്യുകയും അവയുടെ ഗുണമേന്മ നിലനിർത്തുന്നതിന് സ്രദ്ധിക്കുകയും ചെയ്യുക.

കൺസ്യൂമർ സ്റ്റോർ.

നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത സ്റ്റോറിന്റെ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേരും രജിസ്റ്റർ നമ്പരും	ക്രെഡിറ്റ്/നോൺക്രെഡിറ്റ്	സ്ഥാപിച്ച വർഷം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	തൊഴിലാളി/ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേണോവർ	ലാഭത്തിൽ/ നഷ്ടത്തിൽ
1.	മാടായി കോ.ഓപ്പ. റൂറൽ ബാങ്ക് ലി. No. F. 1233 കുഞ്ഞിമംഗലം ശാഖ	ക്രെഡിറ്റ്	1956	4500	13	1400600		ലാഭത്തിൽ
2.	കുഞ്ഞിമംഗലം സർവ്വീസ് സഹകരണ ബാങ്ക് ലി. No. C 4682	ക്രെഡിറ്റ്	1920	4356	15	727703		ലാഭത്തിൽ
3.	കണ്ടംകുളങ്ങര വീവേർസ് ഇൻഡസ്ട്രിയൽ കോ.ഓപ്പ്.സൊസൈറ്റി ലി. No. HL IND (C) 40	നോൺക്രെഡിറ്റ്	1982	89	13	140350	582724	നഷ്ടത്തിൽ
4.	കുഞ്ഞിമംഗലം വീവേർസ് കോ.ഓപ്പ്. സൊസൈറ്റി ലി. No.HL IND (C) 9	do	1967	240	21	84262	836533	നഷ്ടത്തിൽ
5.	പയ്യന്നൂർ ബെൽമെറ്റൽ വർക്കേർസ് ഇൻഡസ്ട്രിയൽ കോ.ഓ.സൊസൈറ്റി ലി. No. F 1407	do	1949	228	6	24805		നഷ്ടത്തിൽ
6.	കുഞ്ഞിമംഗലം അവിലിടി തൊഴിലാളി സഹകരണ സംഘം ലി. No. KV IND (C) 9 (സൊസൈറ്റി ബേക്കറി)	do	1977	245	3	5100	186957	ലാഭത്തിൽ
7.	കുഞ്ഞിമംഗലം കയർ വ്യവസായ സഹകരണ സംഘം ലി. No. 250	do	1958	267	12	157105	55445	നഷ്ടത്തിൽ
8.	കേരള ദിനേശ് ബീഡി വർക്കേർസ് കോ.ഓ.സൊസൈറ്റി ലി. No. കുഞ്ഞിമംഗലം ശാഖ	do			51			
9.	കുഞ്ഞിമംഗലം കോ.ഓ.സ്റ്റോർ ലി. No. (C)1049	do	1988	198		28971		

പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക. നിത്യോപയോഗസാധനങ്ങൾ പാക്കറ്റിലാക്കി വില്പനയ്ക്ക് തയ്യാറാക്കുക. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാദ്ധ്യതകൾ പരിശോധിച്ച് വില്പന കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുക. വില്പനയ്ക്ക് ആവശ്യമായ പ്രോത്സാഹന നടപടികൾ സ്വീകരിക്കുക.

ലേബർ കോൺട്രാക്റ്റ് സൊസൈറ്റി.

കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന നൂറുകണക്കിന് തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരെയൊക്കെ അംഗങ്ങളാക്കിക്കൊണ്ട് ഒരു ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് രൂപം കൊടുക്കാവുന്നതാണ്. തൊഴിലുപകരണങ്ങൾ, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ സംഘം വാങ്ങി അവർക്കു നല്കു, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ സംഘം നേരിട്ട് ഏറ്റെടുത്ത് ചെയ്യുക. ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും, ഭവന നിർമ്മാണ മേഖലയിൽ സാധാരണ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് കുറെയൊക്കെ അറുതി വരുത്താനും കഴിയും.

ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി

വളരെ വിസ്തൃതമായ പാടശേഖരം സ്ഥിതി ചെയ്യുന്ന തെക്കേവയൽ പോലുള്ള കൃഷിസ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി രൂപീകരിക്കുക, മുഴുവൻ കർഷകരേയും അംഗങ്ങളാക്കുക, ആധുനിക കൃഷി സമ്പ്രദായങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുക. കുറഞ്ഞ ചെലവിൽ കൂടുതൽ ഉൽപ്പാദനക്ഷമത കൈവരിക്കാനും കാർഷിക രംഗത്തെ ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സാധിക്കും.

ഗൾഫിൽ നിന്ന് തിരിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനായുള്ള സഹകരണ സംഘം

നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക വികസനത്തിൽ, ഗൾഫ് നാടുകളിൽ ജോലിചെയ്തുവരുന്നവരുടെ പങ്ക് ചെറുതല്ല. എന്നാൽ അടുത്തകാലത്തായി അതിനു മങ്ങലേറ്റു കൊണ്ടിരിക്കുകയാണ്. ഗൾഫിൽ നിന്ന് ദിവസേന നിരവധിപ്പേർ നാട്ടിലേക്ക് തിരിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം തൊഴിൽ രഹിതരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കത്തക്കവിധം ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. വമ്പിച്ച മൂലധനം ആവശ്യമായിവരുന്ന ഈ സംരഭത്തിന് വിദേശത്ത് ജോലിചെയ്യുന്നവരുടെ പരമാവധി സഹായം പ്രതീക്ഷിക്കാവുന്നതാണ്.



പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 18866 ആലുകളിൽ 1141 പേർ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്. ഇവർ 295 കുടുംബങ്ങളിലായിട്ടാണ് താമസിക്കുന്നത്. 389 പുരുഷൻമാരും 400 സ്ത്രീകളും 352 കുട്ടികളുമാണ്. ഇത് ആകെ ജനസംഖ്യയുടെ 6%ത്തോളം വരും (5.9%).

എടനാട് പള്ളുവകോളനി, പനമ്പത്ത് ലക്ഷംവീട് കോളനി, പറമ്പത്ത് നാല് സെന്റ് കോളനി, മല്ലിയോട്ടു ലക്ഷംവീട് കോളനി, മൂശാരി കൊവ്വൽ ഹരിജൻ കോളനി എന്നിവിടങ്ങലിലും കൊവ്വപ്പുറം, കൊയപ്പാറ, കടവത്തു വയൽ (9ാം വാർഡിൽ) എന്നിവിടങ്ങളിലും വീടു വെച്ചു താമസിക്കുന്നു.


I.R.D.P. സർവ്വെ പ്രകാരം കണ്ടെത്തിയ ദാരിദ്ര്യ രേകയ്ക്ക് താഴെയുള്ള 1157 കുടുംബങ്ങളിൽ പട്ടികജാതി വിഭാഗത്തിൽ 109 കുടുംബങ്ങളുണ്ട്. മുഴുവൻ കുടുംബങ്ങൾക്കും I.R.D.P. പദ്ധതി പ്രകാരം സഹായം ലഭിച്ചിരുന്നവരിൽ 63 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയതായി കാണാം. മുൻകാലങ്ങലിൽ കടുത്ത ചൂഷണത്തിനും മർദ്ദനത്തിനും വിധേയരായി പിന്നണിയിൽ കിടന്നിരുന്ന ഈ വിഭാഗത്തിൽ ഏതാനും കുടുംബങ്ങൾ ഇന്നും പറയത്തക്ക പുരോഗതി കൈവരിച്ചിട്ടില്ല എന്നു കാണാം. ജാതി പരമായ ഉച്ചനീചത്വം നമ്മുടെ ഗ്രാമത്തിൽ പൊതുവെ ഇല്ലെങ്കിലും പൂർണ്ണമായി മോചനം നേടാൻ കഴിഞ്ഞു എന്നും പറയാൻ പറ്റില്ല. ഹരിജനോധാരമത്തിനും ക്ഷേത്ര പ്രവേശനം ഉൾപ്പെടെയുള്ള പോരാട്ടത്തിനും സ്വാനി ആനന്ദ തീർത്ഥന്റെ നേതൃത്വത്തിൽ നിരവധി സമരങ്ങൾ ഈ പഞ്ചായത്തിൽനടന്നിട്ടുണ്ട്.

ഇപ്പോൾ ജാതി പറഞ്ഞു വിളിക്കുന്ന രീതി നലവിലില്ല. ഇവരുടെ വിവാഹങ്ങൾക്കും മറ്റ് ആഘോഷങ്ങൾക്കും മറ്റു സമുഗായക്കാരും പങ്കുചേരുന്നുണ്ട്.

ഉയർന്ന സാക്ഷരത നിലനിൽക്കുന്ന ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരിലും നിരക്ഷരരുടെ എണ്ണം കുറവാണ്. കുട്ടികളെല്ലാം സ്കൂളിൽ പോകുന്നുണ്ട്. ഇതിനു മറ്റൊരു കാരണം അവരുടെ വിദ്യാഭ്യാസത്തിനു സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളാണ്. എന്നാൽ സ്കൂളിൽ പോകുന്നവരെല്ലാം S.S.L.C. വരെ പഠിക്കാനും തുടർന്നുപരിപഠനത്തിനും എത്തുന്നു എന്നുറപ്പില്ല. പലരും ഇടക്ക് വച്ച് പഠിത്തം നിർത്തുന്നു. പട്ടികജാതി കുടുംബങ്ങളുടെ തുടർ വിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സർക്കാർ സഹായം അനുവദിക്കുന്നുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ പലർക്കും അറിവില്ലാത്തതിനാൽ ആനുകൂല്യങ്ങൾ വേണ്ടവണ്ണം പ്രയോജനപ്പെടുന്നില്ല.

I.R.D.P. സർവ്വെ പ്രകാരം ദാരിദ്രരേഖ്യ്ക്ക് താഴെയുള്ള പട്ടികജാതിക്കാരുടെ വിവരം.





വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയകുടുംബം	സാമ്പത്തിക സഹായം ലഭിച്ചവർ	സഹായം ലഭിച്ചുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ
1	18	18	4
2	3	3	3
3	15	15	5
4	8	8	7
5	18	18	10
6	9	9	6
7	9	9	6
8	14	14	9
9	15	15	13
ആകെ	109	109	63

തൊഴിൽ

ഈ മേഖലയിലെ ഭൂരിഭാഗം ആളുകളും മുൻകാലങ്ങളിൽ കാർഷികരംഗത്ത് തൊഴിൽ ചെയ്യുന്നവരായിരു. ഇതിനു പുറമെ മത്സ്യബന്ധനവും ഉപജീവനമാർഗ്ഗമായി കരുതുന്നു.. പായനെയ്ത്ത്, കൂട്ടനെയ്ത്ത്, എന്നിവ ഉപതൊഴിലായും, ചെയ്തു വന്നിരുന്നു. ഇന്ന് കാർഷിക രംഗത്തുണ്ടായ മുരടിപ്പ് (തകർച്ച) കാർഷിക മേഖലയിലെ താഴ്ന്ന കൂലിയും കാരണം ഇവർ മറ്റു തൊഴിലിൽ ഏർപ്പെട്ടതായി കാണാം.

പാർപ്പിടം

ലക്ഷംവീട് കോളനികളിൽ ആദ്യഘട്ടം നിർമ്മിച്ചു കൊടുത്ത വീടുകൾ 2 കുടുംബങ്ങൾക്ക് ഒന്ന് എന്നരീതിയിൽ ഭാഗിച്ചായിരുന്നു. ഇതു കാരണം വീടു റിപ്പേർ ചെയ്യൽ, സൗകര്യം വർദ്ധിപ്പിക്കാനുള്ള ജോലിയെടുക്കൽ എന്നിവ പലപ്പോഴും പ്രശ്നം ഉണ്ടാക്കുന്നു.

ഹരിജൻ സോസൈറ്റി

പട്ടികജാതി കുടുംബങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിയെ മുന്നിൽ കണ്ടുകൊണ്ട് ചെറുതാഴം, കുഞ്ഞിമംഗലം വില്ലേജുകളുടെ പ്രവർത്തന പരിധിയിൽ ഒരു സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. സർക്കാരിൽ നിന്നു ലഭിച്ച ഗ്രാന്റും വേണ്ട രൂപത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞാൽ ഈ വിഭാഗത്തിനു വേണ്ടുന്ന തൊഴിൽ സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാൻ കഴിയും. ഇന്ന് ഈ സംഘം പ്രവർത്തിക്കുന്നില്ല. ചെറുതാഴം പഞ്ചായത്തിൽ സംഘത്തിനു സ്വന്തമായി ഭൂമിയുണ്ട്..

കോളനികൾ

പഞ്ചായത്തിൽ 7 അംഗീകരിച്ച കോളനികൾ ഉണ്ട്. ഒന്നാം വാർഡിലെ എടനാട് വള്ളുവ കോളനി, 2ലെ ലക്ഷംവീട് കോളനി, 3ം വാർഡിലെ പറമ്പ് ലക്ഷംവീട് കോളനി, 4സെന്റ് കോളനി, 5ം വാർഡിൽ മൂശാരികൊവ്വൽ ഹരിജൻ കോളനി, 7ം വാർഡിൽ മല്ലിയോട് ലക്ഷംവീട് കോളനി, 8ം വാർഡിൽ തെക്കേവയൽ ഹരിജൻ കോളനി എന്നിവയാണ്.

JRY ഫണ്ടുപയോഗിച്ചു പട്ടികജാതി പട്ടികവർഗ്ഗത്തിനായി വീടു വെക്കുന്നതിന് വിവിധവർഷങ്ങളിലായി പണം ചെലവഴിച്ചിട്ടുണ്ട്. താഴെ പറയുന്ന പട്ടിക ഇതു വ്യക്തമാക്കുന്നു.

പ്രശ്നങ്ങൾ

1. കോളനിയിലെ വൈദ്യുതി, കുടിവെള്ളം, കക്കൂസ്, മറ്റടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.

പട്ടിക 3

വർഷം	പ്രവൃത്തിയെകുറിച്ചുള്ള വിവരം	നീക്കിവെച്ച സംഖ്യ	ചിലവായ സംഖ്യ
1989-90	വീടൊന്നിന് 9000 രൂ. പ്രകാരം 8 പേർക്ക്	72000	70398
1990-91	വീടൊന്നിന് 9400 രൂ. പ്രകാരം 9 പേർക്ക്	84600	74398
1991-92	വീടൊന്നിന് 11200 രൂ. പ്രകാരം 5 പേർക്ക്	56000	50200
1992-93	വീടൊന്നിന് 11200 രൂ. പ്രകാരം 4 പേർക്ക്	44800	
1993-94	വീടൊന്നിന് 11200 രൂ. പ്രകാരം 10 പേർക്ക്	112000	84800
1994-95			
1995-96	വീടൊന്നിന് 13550 രൂ. പ്രകാരം 5 പേർക്ക്	67750	33200
	ആകെ	4,37,150	3,12,996

2. വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥ.
3. തൊഴിൽപരമായ അവഗണന, പ്രത്യേകിച്ച് പരമ്പരാഗത വ്യവസായങ്ങളിൽ.
4. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നു..
5. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ കാരണം അർഹതപ്പെട്ട പല ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കാനുള്ള തടസ്സങ്ങളുണ്ട്.
6. സർക്കാർ ആനുകൂല്യങ്ങൾ ഇവരെ ചൂഷണം ചെയ്ത് ഇടത്തട്ടുകാർ കൊണ്ടുപോകുന്ന അവസ്ഥയുണ്ട്.
7. പട്ടിണിയും ദാരിദ്ര്യവും നിലനിൽക്കുന്നു.

നിർദ്ദേശങ്ങൾ

1. കോളനികളിലെ വൈദ്യുതി, കുടിവെള്ള പ്രശ്നം മറ്റടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
2. പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് കൂടുതൽ തൊഴിലവസരം ഉണ്ടാക്കുക.
3. ജനസംഖ്യാനുപാതികമായി പദ്ധതി പ്രവർത്തനത്തിനുള്ള തുക നീക്കി വെക്കുക.
4. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ബോധവൽകരണ പ്രവർത്തനം നടത്തുക.
5. പകർച്ചവ്യാധികൾ തടയുന്നതിന് ആവശ്യമായ കുത്തിവെപ്പുകൾ നടത്തുക.
6. വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുക.
7. ക്ഷേമപ്രവർത്തനത്തിനും ദാരിദ്ര്യനിർമ്മാർജനത്തിനും വേണ്ട പദ്ധതികൾ നടപ്പിലാക്കുക.
8. ആറാം വാർഡിലെ കൊയപ്പാറ, കൊയ്യപ്പുറം പ്രദേശത്തെ ഹരിജൻ കോളനി, 9ാം വാർഡിലെ 12 കുടുംബങ്ങൾ അടങ്ങിയ അംഗീകരിച്ച് നടപ്പാക്കണം.
9. പരമ്പരാഗത തൊഴിലായ പായ നെയ്യുതിന് ആവശ്യമായ മുണ്ടകൈ കിട്ടാൻ പ്രയാസമാണ്. മുമ്പൊക്കെ പുഴയോരത്തും തോട്ടു വരമ്പിലും സർക്കാർ പുറംപോക്കിലും കൈതവെക്കാനുള്ള അവകാശം ഉണ്ടായിരുന്നു. പ്രതിഫലമായി ഒരു പായ ഉടമസ്ഥർക്ക് നൽകുമായിരുന്നു. ഇത് ഒരലിഖിത നിയമമായിരുന്നു. ഇന്ന് മുണ്ടവെക്കുന്നില്ല, സ്ഥലവുമില്ല, പ്രത്യേകസൗകര്യം ഉണ്ടാക്കണം.

വൈവാഹികബന്ധം (വാർഡ്തിരിച്ച്)

വാർഡ്	18നും 25നും മദ്ധ്യേ		25നും 35നും മദ്ധ്യേ		35നും 45നും മദ്ധ്യേ		45നു മേൽ	
	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.
1	22	123	109	152	118	134	172	169
2	01	70	82	154	152	137	179	201
3	03	75	88	184	143	145	216	251
4	21	119	133	170	143	120	210	252
5	12	107	118	182	174	133	209	263
6	37	108	61	111	91	118	94	116
7	24	122	88	171	145	129	168	208
8	04	75	83	135	128	116	158	192
9	02	47	62	137	111	110	166	199
	126	**846**	**824**	**1396**	**1205**	**1142**	**1572**	**1851**

വീട് നിർമ്മാണം

തറയും ചുമരും				മേൽകൂര				
കല്ല്	കല്ല്,ഇഷ്ടിക	മൺകട്ട	ആകെ	കോൺക്രീറ്റ്	ഓട്	ഓലമേയൽ	കുടിൽ	ആകെ
2618	164	495	3277	1082	2166	9	20	3277

അവലംബം ഗ്രാമവികസന സർവെ

DEMOGRAPHIC PARTICULARS - 1996 Kunhimangalam Panchayath

Sl.No.	Grade	Area(Km²)	No.of Wards	No.ofOccupied residential house	No.of households	Total Population			Density Population/km²	Sex Ratio Fem./1000 Male
						Males	Females	Total		
1	First	15.44	9	3277	3286	9212	9654	18866	1221	1049

അവലംബം ഗ്രാമവികസന സർവെ

വിഭവസമാഹരണം

ഏതൊരു ഗ്രാമപഞ്ചായത്തിന്റേയും നിലനിൽപ്പും അവിടത്തെ വികസനവും ആ പഞ്ചായത്തിലെ വിഭവ സമാഹരണത്തെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ അയൽപഞ്ചായത്തുകളെ അപേക്ഷിച്ച് വിഭവസ്രോതസ്സുകൾ പരിമിതമായ ഒരു പഞ്ചായത്താണ് നമ്മുടെ പഞ്ചായത്ത്. ഇവടെ ചൂഷണം ചെയ്യാൻ പറ്റിയ പ്രകൃതി വിഭവങ്ങൾ കുറവാണ്. അരോഗ്യദൃഢഗാത്രരും, വിദ്യാസമ്പന്നരും, ബുദ്ധിശാലികളും അടങ്ങുന്ന ഒരു ജനസമൂഹമാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വിഭവം എന്നു പറയാം. തൊട്ടതെല്ലാം പൊന്നാക്കാൻ കഴിവുള്ള കരുത്തുറ്റ യുവസമൂഹത്തിന്റെ കായിക ശേഷി യഥോചിതം ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ നമുക്ക് അൽഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. അങ്ങനെ ഈ മണ്ണിനെ വിണ്ണാക്കി മാറ്റാനും നമുക്ക് സാധിക്കും. സേതുബന്ധനത്തിൽ ഒരു അണ്ണാറക്കണ്ണനും തന്നാലായതു പോലെ സ്വന്തം സേവനം യഥാസമയം പ്രദാനം ചെയ്തു എന്നാണ് കുഞ്ഞിനെ പോലെ ഈ പ്രദേശത്തെ ഓരോ വ്യക്തിയും യഥാശക്തി നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിക്കുവേണ്ടി സംഭാവന ചെയ്താൽ വികസന രംഗത്ത് കേരളത്തിലെന്നല്ല ഇന്ത്യയിലെ തന്നെ പഞ്ചായത്തുകൾക്ക് ഒരു മാർഗ്ഗദീപമായി വർത്തിക്കാൻ നമുക്കു കഴിയും. തീരങ്ങളെ ശാദ്വലമാക്കിക്കൊണ്ടൊഴുകുന്ന പുഴകളും അവയിലെ അമൂല്യമായ മത്സ്യസമ്പത്തും കനകം വിളയിക്കാൻ കഴിവുള്ള വയലേലകളും നമ്മുടെ പ്രകൃതി വിഭവങ്ങളാണ്. പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകാതെ ജലസമ്പത്ത് വിനിയോഗിക്കാൻ നമുക്കു കഴിയണം. ലോക വിപണിയിൽ ഡോളർ നേടുന്ന ചെമ്മീൻ കൃഷിയും കുടിൽ വ്യവസായമായി ഇപ്പോൾ നടത്തുന്ന കൈത്തറിയും പ്രോത്സാഹിപ്പിച്ചു കയറ്റുമതി രംഗത്ത് സുപ്രധാനമായ സ്ഥാനം കയ്യടക്കാൻ നമുക്കു കഴിയണം. സമ്പത്ത് ഒഴുകിയെത്താൻ സാധ്യതയുള്ള പുതിയ മേച്ചിൽ പുറങ്ങൾ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു.

"നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറങ്ങൾ നന്മകളാൽ സമൃദ്ധം.".....

എന്ന് കവിപാടിയതുപോലെ നമ്മുടെ നാട്ടിൻപുറത്തിന്റെ സൗഭഗം നിലനിർത്തുന്നതിന് നഗരവത്കരണത്തെ നാം നിരുത്സാപപ്പെടുത്തെണ്ടതുണ്ട്. കോൺക്രീറ്റ് സൗധങ്ങൾക്ക് വഴിമാറിക്കൊടുക്കുന്ന വയലേലകളുടെ ഹരിതാഭ നിലനിർത്തുന്നതിനും കാർഷികവിഭവങ്ങളുടെ ഉൽപ്പാദനം കുറയാതിരിക്കാനും കൃഷിസ്ഥലങ്ങൾ കൃഷിസ്ഥലങ്ങളായിത്തന്നെ സംരക്ഷിക്കാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. കുഞ്ഞിമംഗലത്തിന്റെ പരമ്പരാഗത വ്യവസായമായ വെള്ളോട്ടു വ്യവസായം ലോക വിപണി പിടിച്ചു പറ്റാൻ പര്യാപ്തമായ രീതിയിൽ വികസിപ്പിച്ചെടുക്കണം. പഞ്ചായത്തിന്റെ പ്രകൃതി വിഭവങ്ങളും കാർഷിക വിഭവങ്ങളും, വ്യാവസായിക വിഭവങ്ങളും, മറ്റെല്ലാ തരത്തിലുള്ള വിഭവങ്ങളും വർദ്ധിപ്പിക്കുമ്പോൾ പഞ്ചായത്തിന്റെ വിഭവ സ്രോതസ്സു വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ആ നിലയിലുള്ള ഒരു കൂട്ടായ പ്രാവർത്തനത്തിന്റെ കാൽവെപ്പായി ജനകീയാസൂത്രണം ആവും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

പഞ്ചായത്തിന്റെ ഇപ്പോഴത്തെ വരുമാനം

കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. 1995-96 വർഷത്തിൽ പഞ്ചായത്തിന് ആകെ 2397907.45രൂപയാണ് വരുമാനം. വിവിധയിനങ്ങളിൽ പഞ്ചായത്തിനുണ്ടായ വരുമാനം താഴെ ചേർക്കുന്നു.

സംസ്ഥാന സർക്കാറിന്റെ നികുതി വിഹിതമായ വസ്തു കൈമാറ്റ നികുതിയുടെ 75% പഞ്ചായത്തിനു ലഭിക്കുന്നുണ്ട്. 1995-96 വർഷത്തിൽ ഇത് 1,65,022 രൂപയായിരുന്നു. ഇവയ്ക്കുപുറമെ ചന്തവരവ്, ലൈസൻസ് ഫീസ് എന്ന ഇനങ്ങളിലും പഞ്ചായത്തിന് ചെറിയ വരുമാനങ്ങളുണ്ട്. 1995-96 വർഷത്തിൽ ചന്തവരവ് 2510രൂപയും ലൈസൻസ് ഫീസ് 16786രൂ.25പൈസയുമായിരുന്നു.

95-96 വർഷത്തിൽ പഞ്ചായത്തിന് 6,24,003 രൂപ സർക്കാരിൽ നിന്ന് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റുകളുടെ വിവരം താഴെ ചേർക്കുന്നു.

VRM രൂ.	MI രൂ.	VTC രൂ.	അടിസ്ഥാന നികുതി		Spt. Grand	JRY	Untied Fund	ആകെ
			25%	75%				
1	2	3	4	5	6	7	8	9
6885	3100	52921	28873			280184	252040	624003

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്
കെട്ടിടനികുതി	164672.50	164672.50
സർവ്വീസ് ചാർജ്ജ്		
തൊഴിൽ നികുതി	216755.00	216755.00
വാഹന നികുതി		
വിനോദ നികുതി	131224.90	131224.90
അഡി. വിനോദ നികുതി	79288.75	79288.75
പ്രദർശന നികുതി	2842.00	2842.00
പ്രദർശന നികുതിയിൻമേലുള്ള സർചാർജ്ജ്	710.50	710.50
ചന്ത വരവ്	2510.00	2510.00
ലാന്റ് സെസ്		
ലൈസൻസ് ഫീസ്	16786.25	16786.25
കെട്ടിട നികുതി സർചാർജ്ജ്		
വസ്തുകൈമാറ്റ നികുതി 75%	165022.00	165022.00
വസ്തുകൈമാറ്റ നികുതി 25%		
സർക്കാർ ഗ്രാന്റും മറ്റും ഒഴികെയുള്ള വരവുകൾ	1274276.55	1274276.55
സംഭാവന		
ഡെപ്പോസിറ്റ്	200000.00	200000.00
മറ്റുള്ളവ	343819.00	343819.00
ആകെ	2397907.45	2397907.45

സർക്കാരിൽ നിന്നു ലഭിക്കുന്ന ധനസഹായത്തിൽ 1995-96 വർഷത്തിൽ അൺടൈഡ് ഫണ്ട് 2,52,040 രൂപയാണ്. ഇത് സർക്കാരിൽ നിന്നു ലഭിക്കുന്ന ആകെ മൂലധനത്തിന്റെ 41.03% ആണ് 95-96 വർഷത്തിൽ JRY ഇനത്തിൽ ലഭിച്ചത് 280184 രൂപയാണ്: ഇത് ആകെ ധനസഹായത്തിന്റെ 44.88% വരും. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായി പഞ്ചായത്തിൽന് ഒന്നും തന്നെ ലഭിക്കുന്നില്ല.

1986-87 വർഷത്തിൽ പഞ്ചായത്തിന്റെ മൊത്തം വരുമാനം 4,48,152.32 രൂപയായിരുന്നു. 87-88 വർഷത്തിൽ വരുമാനത്തിൽ അൽപം കുറവു വന്നതായി കാണുന്നു. 87-88 വർഷത്തിൽ 4,29,617.81 രൂപയായിരുന്നു വരുമാനം. 88-89 വർഷം മുതൽ 94-95 വർഷം വരെ വരുമാനം വർഷംതോറും വർദ്ധിച്ചതായാണ് കണക്കുകൾ കാണിക്കുന്നത്. എന്നാൽ 1995-96 വർഷത്തിൽ വരുമാനത്തിൻ ഗണ്യമായ കുറവു വന്നതായി കാണാം. 1994-95 വർഷത്തിൽ 2973702.84 രൂപ വരുമാനമുണ്ടായ സ്ഥാനത്ത് 95-96 വർഷത്തിൽ 2397907.45 രൂപമാത്രമാണ് വരുമാനമുണ്ടായത്. വരുമാനത്തിൽ വന്ന ഗണ്യമായ കുറവ് ബണ്ട് ലേലത്തിൽ വന്ന കുറവാണ് എന്നറിയുന്നു.

മൊത്തം വരുമാനത്തിൽ തനതു വരുമാനം വർഷംതോറും കൂടുന്നുണ്ട്. കെട്ടിടങ്ങൾ വർഷംതോറും വർദ്ധിക്കുന്നതുമൂലം കെട്ടിടനികുതിയിനത്തിലും, തൊഴിൽ നികുതിയിനത്തിലും വർദ്ധനവുണ്ടാകുന്നുണ്ട്. എന്നാൽ നികുതി സാധ്യതക്കനുസരിച്ച് വരുമാനം വർദ്ധിച്ചതായി കാണുന്നില്ല. തൊഴിൽ നികുതിയിനത്തിലും, കെട്ടിടനികുതിയിനത്തിലും, നികുതി ചുമത്തിയിട്ടില്ലാത്ത മേഖലകളിൽ കൂടി നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ചെലവ്

1995-96 വർഷത്തിൽ പഞ്ചായത്തിനു മൊത്തം 2621625.60 രൂ. ചെലവു വന്നിട്ടുണ്ട്. ഇതിൽ 500335.15 രൂ. ഭരണചെലവാണ്. ഭരണചെലവ് ഓരോ വർഷവും കൂടിവരുന്നു വർഷംതോറും പഞ്ചായത്തിൽ വികസന പ്രർത്തനങ്ങൾ വദ്ധിക്കുന്നതിനാലും ദേശീയ ജീവിത നിലവാര സൂചിക അനുസരിച്ച് ജീവനക്കാരുടെ ശമ്പള ഇനത്തിൽ വർദ്ധനവ് വരുന്നതു കൊണ്ടുമാണ് ഭരണചെലവ് വർദ്ധിക്കുന്നത് എന്നു ചൂണ്ടികാണിക്കപ്പെടുന്നു.

95-96 വർഷത്തെ ചെലവ് സമ്പന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇനം	തുക
1	2
ഭരണം	500335.15
പൊതു മരാമത്ത്	145573.50
വിദ്യാഭ്യാസം	42129.10
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	9423.00
തെരുവു വിളക്കുകൾ കത്തിക്കുന്നതിന്	31459.00
മറ്റുള്ളവ	1892725.85
ആകെ	**2621625.60**

മൊത്തം ചെലവിൽ പൊതു മരാമത്ത് ചെലവ് വർഷംതോറും വർദ്ധിച്ചു വരുന്നു. സാധനങ്ങൾക്കുണ്ടായ അമിതമായ വിലക്കയറ്റം കൊണ്ടും റോഡു കെട്ടിടങ്ങൾ എന്നിവ വർദ്ധിച്ചു വരുന്നതിനാലും ആണ് ചെലവുകൾ വർദ്ധിക്കുന്നത്.

പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ വിവരവും പൊതു മരാമത്ത് സമ്പന്ധിച്ച വിവരങ്ങളും താഴെ ചേർക്കുന്നു. (പട്ടിക 77 ാം പേജിൽ)

പ്രത്യക്ഷം ഉൽപാദന രംഗത്ത് പഞ്ചായത്ത് സമീപ കാലത്ത് യാതൊരു പ്രവർത്തിയും ഏറ്റെടുത്തു നടത്തിയിട്ടി ല്ല. അതുപോലെ വായ്പ ഉപയോഗിച്ച് പ്രത്യേക ആസ്തിക ളൊന്നും തന്നെ പഞ്ചായത്തുണ്ടാക്കിയിട്ടില്ല. അതുകൊണ്ട് വായ്പ തിരിച്ചടവിനത്തിൽ ഒന്നും തന്നെ ചിലവായിട്ടില്ല.

പുതിയ പഞ്ചായത്ത് ആക്ട് പ്രകാരം മറ്റു വകുപ്പുക ളിൽ നിന്ന് പഞ്ചായത്തിന് ആകെ 3,06756 രൂ. ലഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്ന് ലഭിച്ച തുക താഴെ ചേർക്കു ന്നു. (പട്ടിക 77 ാം പേജിൽ)

കഴിഞ്ഞ പത്തുവർഷങ്ങളായുള്ള കമ്മി 6,79,716.49 രൂ. യാണ്. 1986-87 ൽ 265569.32 രൂ.യായിരുന്നു ചെലവ്. 96-97 വർഷത്തേക്ക് 2621625.60 രൂ. യായി ചെലവു വർദ്ധിച്ചി

സ്ഥാപന വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെപേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗ സ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപര മായ പ്രശ്നങ്ങൾ
1.	പഞ്ചായത്ത് ഓഫീസ്	1	സ്വന്തം	9	1969	
2.	വള്ളുവകോളനി വായനശാല	1	സ്വന്തം		1990-91	
3.	10 കിടക്കകളോടു കൂടിയ ആശുപത്രി	1	സ്വന്തം		1990-91	
4.	എടനാട് മഹാത്മ വായനശാല	1	സ്വന്തം		1994-95	
5.	ശിശു മന്ദിരം	1	സ്വന്തം		1995-96	

വകുപ്പ്	തുക		ആകെ
	പദ്ധതി വിഹിതം	പദ്ധതിയേതരവിഹിതം	
മൃഗസംരക്ഷണം	1400		1400
ആരോഗ്യം	81278 5000		86278
കൃഷി	133630 1000		134630
P.W.D.	4700		4700
ഹരിജനക്ഷേമം	10218		10218
മറ്റുള്ളവ	69540		69540
ആകെ	**306756**		**306756**

ട്ടുണ്ട്. വിഭവ സമാഹരണകാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ വികസനപ്രവർത്തനങ്ങൾ അവതാളത്തിലാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്..

പൊതു മരാമത്തു പണികളിൽ JRY, അൺടൈഡ് ഫണ്ട് എന്നിവ ഒഴിച്ച് മറ്റു പണികളെല്ലാം കോൺട്രാക്ടർ മുഖേനയാണ് നടക്കുന്നത്. JRY, അൺടൈഡ് ഫണ്ട് നോമിനി വർക്കായിട്ടാണ് നടത്തിവരുന്നത്.

പഞ്ചായത്തിന് ഇതുവരെയുണ്ടായിരുന്ന ധനകാര്യ അവകാശങ്ങൾ വളരെ പിരിമിതങ്ങളാണ്. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിന്നും സർക്കാർ നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന മുഴുവൻ സംഖ്യകളും പഞ്ചായത്തിൽ തന്നെ വിനിയോഗിക്കാവുന്ന രീതിയിൽ ധനകാര്യ ചട്ടങ്ങളിലും അവകാശങ്ങളിലും ഭേദഗതി വരുത്തണമെന്നാണ് പഞ്ചായത്ത് ഭരണസമിതിയുടെ അഭിപ്രായം.

ധനകാര്യ സ്ഥാപനങ്ങൾ

കുഞ്ഞിമംഗലം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്
2. മാടായി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്
3. കുഞ്ഞിമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്.

ബാങ്കേതര ധനകാര്യ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

മൂന്നു ബാങ്കുകളും ഈ പ്രദേശത്തുകാർക്ക് നല്ല രീതിയിൽ സേവനം ചെയ്തു വരുന്നുണ്ട്. എല്ലാ ബാങ്കുകളിലും നിക്ഷേപങ്ങളുയർന്നിട്ടുണ്ട്. ഗ്രാമീൺബാങ്കിലെ നിക്ഷേപ വായ്പാ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിക്ഷേപം	83 ലക്ഷം
വായ്പ	73 ലക്ഷം

വിവധയിനം വായ്പകൾ

1. ഒരു വർഷത്തെ കാലാവധിക്ക് 25000 രൂ. വരെയുള്ള കച്ചവട വായ്പ.
2. 36 മാസത്തെ കാലാവധിക്ക് 15000 രൂ. വരെ ഹോട്ടൽ, ചെറുകിട വർക്ക് ഷോപ്പ്, സ്റ്റേഷ്നറികട എന്നിവ നടത്തുന്നതിന്.
3. സ്വയം തൊഴിൽ സംരംഭകർക്ക് I.R.D.P. വായ്പ 15000 രൂ. വരെ 40 മാസത്തെ കാലാവധിക്ക്.
4. വാഹനങ്ങളും മറ്റും വാങ്ങിക്കുന്നതിന് 42 മാസത്തെ കാലാവധിക്ക് 50000 രൂ. മുതൽ 200000 രൂ. വരെ
5. 30 മാസത്തെ കാലാവധിക്ക് 2000 രൂ. വരെ Demand loan
6. അഗ്രികൾച്ചറൽ ജ്വല്ലറി ലോൺ.
7. ജ്വല്ലറി ലോൺ
8. കാർഷിക വായ്പ, കിണർകുഴിക്കാൻ, പമ്പുസെറ്റു വാങ്ങാൻ, തെങ്ങിനു വളം ചേർക്കാൻ, കോഴി വളർത്തൽ, ആടുവളർത്തൽ, പശുസംരക്ഷണം, ചെമ്മീൻ കൃഷി എന്നിവയ്ക്ക്.

95-96 വർഷത്തിൽ മാടായി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ 284.34 ലക്ഷം രൂ. നിക്ഷേപവും 85.92 ലക്ഷം രൂ. വായ്പയും നൽകിയിട്ടുണ്ട്. 95-96ൽ ബാങ്ക് നൽകിയിട്ടുള്ള പ്രധാന വായ്പകൾ താഴെ ചേർക്കുന്നു.

കാർഷിക വായ്പ	2,95,300 രൂ.
STNA	71,51,432 രൂ
Gold Loan	61,90,000 രൂ.
MTNA	125,90,525 രൂ.
GDCS	10,11,525 രൂ.
മറ്റുള്ളവ	12,00,000 രൂ.

ഹയർപർച്ചേസിങ്ങ് ..... 4,36,118 രൂ.

കുഞ്ഞിമംഗലം സർവ്വീസ് ബാങ്കിലെ നിക്ഷേപ വായ്പാ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിക്ഷേപം

സ്ഥിര നിക്ഷേപം	1,41,64,748 രൂ.
ഹ്രസ്വകാലം	45,17,883 രൂ.

നൽകിയിട്ടുള്ള വായ്പകൾ

1. ഹ്രസ്വകാല വായ്പകൾ (തെങ്ങു കൃഷി) 8,98,516 രൂ.
2. മദ്ധ്യകാല വായ്പകൾ (കറവു മാടുകൾ) 11,833 രൂ.
3. ദീർഘകാല വായ്പകൾ (കിണറ്, പമ്പുസെറ്റ്) 5,84,723 രൂ.

മറ്റു വായ്പകൾ

സ്വർണ്ണപണയം	97,78,450 രൂ.
മറ്റ് കാർഷികേതര വായ്പ	8300028 രൂ.
കക്കൂസ് നിർമ്മാണം	79738 രൂ.

പ്രത്യേക വായ്പകൾ

I.R.D.P.	3,38,963 രൂ.

പഞ്ചായത്തിൽ മറ്റു ബാങ്കേതര ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. അതു പോലെ സഹകരണ വായ്പാ സംഘങ്ങളും ഇല്ല.

ഗൾഫിൽ ജോലി ചോയ്യുന്ന ധാരാളം ആളുകൾ കുഞ്ഞിമംഗലത്തുണ്ട്. 70 കളിലാണ് ഗൾഫു കുടിയേറ്റം ആരംഭിച്ചത്. ഗൾഫു കുടിയേറ്റക്കാരിൽ അധികവും കച്ചവടസ്ഥാപനങ്ങൾ, നിർമ്മാണ കമ്പനികൾ എന്നിവയിൽ ജോലി ചെയ്യുന്നവരാണ്. ഗൾഫിൽ ജോലിചെയ്യുന്നവർ ഭൂരിഭാഗവും അവരുടെ സമ്പാദ്യം സ്വന്തം വീടുകൾ മോടി പിടിപ്പിക്കാൻ വേണ്ടിയാണുപയോഗിക്കുന്നത്. അപൂർവ്വം ചിലർ മാത്രമാണ് കാർഷിക മേഖലയിലും വ്യാവസായിക മേഖലിയിലും മറ്റ് ഉൽപ്പാദന മേഖലയിലും മുതൽ മുടക്കിയിട്ടുള്ളത്. നാട്ടിലെ സാമൂഹ്യ സാംസ്കാരിക മേഖലയിലെ പൊതു പ്രവർത്തനങ്ങൾക്ക് മിക്കവരും സംഭാവനചെയ്യാറുണ്ട്.

ഗൾഫിൽ ജോലി ചെയ്യുന്നവരെ സംഘടിപ്പിച്ച് അവരുടെ ഒരു സഹകരണസംഘം രൂപീകരിച്ച് വ്യവസായ യൂനിറ്റുകൾ തുടങ്ങുന്നത് അവർക്കും പഞ്ചായത്തിനും ഗുണകരമായിരിക്കും. അതുപോലെ വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാൻ സന്മനസുള്ളവരാണ് അധികവും.

പഞ്ചായത്തിലെ ഏറ്റവും കരുത്തുറ്റ വിഭവമാണ് കരുത്തുറ്റ യുവ സമൂഹം. ഇവരുടെ കായിക ശേഷി നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താൻ സാധിക്കണം. നിരവധി സന്നദ്ധ സംഘടനകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ രാഷ്ട്രീയ പാർട്ടികളുടെ യുവജന സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. മനുഷ്യാധ്വാനം സംഭാവന ചെയ്യാൻ കഴിവുള്ള ഇവരുടെ സേവനം വികസന പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടായിരിക്കും.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്കയാണ് വിഭവ സമാഹരണത്തിലെ ഒരു പ്രധാന പ്രശ്നം. ഇപ്പോൾ നികുതി ചുമത്തിയിട്ടില്ലാത്ത മേഖലകൾ കണ്ടുപിടിച്ച് നികുതി ചുമത്തി ഈ പ്രശ്നം പരിഹരിക്കാം.
2. കോൺട്രാക്ടർമാരും മറ്റ് ഇടത്തട്ടുകാരും നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് അമിതലാഭം തട്ടിയെടുക്കുന്നത് തടയാൻ പദ്ധതി പ്രവർത്തനങ്ങൾ ഒരു ജനകീയ കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തുന്നത് ഗുണകരമായിരിക്കും.
8. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഇല്ലാതാക്കുന്നതിന് വായ്പാ നടപടികൾ ലഘൂകരിക്കാൻ ധനകാര്യ സ്ഥാപനങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്താൻ നടപടി ഉണ്ടാകണം. സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യകുറവ് ഇല്ലാതാക്കാൻ സന്നദ്ധ സംഘടനകൾക്ക് സാമൂഹ്യസേവനത്തിന് അവാർഡുകളേർപ്പെടുത്തുകയും സർക്കാർ ജോലി ലഭിക്കുന്നതിനുള്ള ഒരു യോഗ്യതയായി സാമൂഹ്യ സേവനം അംഗീകരിക്കുകയും ചെയ്യുക.

സാധ്യതകൾ

പഞ്ചായത്തിൽ കൂടുതൽ വരുമാനം ഉണ്ടായാലേ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ വിഭവ സമാഹരണത്തിൽ താഴെപറയുന്ന സാധ്യതകൾ പരിശോധിക്കുകയും ഉചിതമെന്നു തോന്നുന്നവ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

1. വളരെ ആർഭാടമായ രീതിയിൽ നിർമ്മിച്ച വീടുകൾക്ക് ഇപ്പോൾ ചുമത്തിക്കൊണ്ടിരിക്കുന്ന നികുതി വർദ്ധിപ്പിക്കുക.
2. മലബാർ, പ്രത്യേകിച്ച് കുഞ്ഞിമംഗലം പഞ്ചായത്ത് ഇന്ന് രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കയാണ്. രാത്രിയും പകലും വൈദ്യുതി ക്ഷാമം ഒരു പോലെ അനുഭവപ്പെടുന്നു. ഇതു കാരണം കൃഷിക്കു ജലസേചനം നടത്താൻ പോലും സാധിക്കുന്നില്ല. രൂക്ഷമായ വൈദ്യുതി ക്ഷാമം വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുകയാണ്. കേരള സർക്കാർ പ്രൈവറ്റ് മേഖലയിൽ വൈദ്യുതി ഉല്പാദനം ആരംഭിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതു കൊണ്ട് പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും വൈദ്യുതി എത്തിക്കാൻ പര്യാപ്തമായ രീതിയിൽ ഒരു ചെറുകിട Power Project ആരംഭിച്ച് ലാഭകരമായി നടത്തിയാൽ അത് വിഭവ സമാഹരണത്തിന് ഒരു മുഖ്യ സ്രോതസ്സായിരിക്കും. Plantന് ആവശ്യമായ മൂലധനം വിദേശത്തു ജോലിചെയ്യുന്നവരിൽ നിന്നും കടമായും സംഭാവനയായും സ്വീകരിക്കാൻ സാധിക്കും. ഈ പഞ്ചായത്തിന് ഒറ്റക്ക് ഈ കാര്യം നിർവ്വഹിക്കാൻ പ്രയാസമാണെങ്കിൽ നമ്മുടെ നേതൃത്വത്തിൽ മറ്റു പഞ്ചായത്തുകളെ കൂടി പങ്കെടുപ്പിച്ച് ഒരു Power Project നെ കുറിച്ച് ആലോചിക്കാവുന്നതാണ്. ഇതിലൂടെ കുറച്ചു തൊഴിലവസരങ്ങളും സൃഷ്ടിക്കാം.
3. ദേശീയ സമ്പാദ്യ പദ്ധതികൾക്ക് ലഭിക്കുന്ന കമ്മീഷൻ വർദ്ധിപ്പിക്കാൻ സർക്കാരിനോട് ആവശ്യപ്പെടുക.
4. മദ്യഷാപ്പുകളുടെ ലേലത്തുകയിൽ നിന്നും ഒരു വിഹിതം പഞ്ചായത്തിന് ലഭ്യമാക്കുക.
5. കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ പാചകവാതക ഏജൻസി പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്ത് മറ്റു സമീപ ഏജൻസികളുടെ പരിധിയിലും പെടുത്തിയിട്ടില്ല. പഞ്ചായത്ത് നേരിട്ട് പാചകവാതക ഏജൻസി കരസ്ഥമാക്കി വിതരണം ചെയ്താൽ കുറച്ചു പേർക്ക് തൊഴിൽ നൽകുവാനും പഞ്ചായത്തിന് വരുമാനമുണ്ടാക്കുവാനും സാധിക്കും.
6. പഞ്ചായത്തു വക കടപത്രങ്ങൾ അടിച്ചിറക്കുകയും പണം സ്വരൂപിച്ച് പ്രത്യക്ഷ ഉൽപാദന രംഗത്ത് മുതൽ മുടക്കുകയും അതിലൂടെ ലഭിക്കുന്ന ലാഭം കൊണ്ട് കടം തിരിച്ചടക്കുകയും ചെയ്യുക.
7. വികസന പ്രവർത്തനങ്ങൾക്ക് ഗൾഫിൽ ജോലിചെയ്യുന്നവരിൽ നിന്നും സംഭാവനകൾ സ്വീകരിക്കുക.
8. ഗൾഫിൽ ജോലി ചെയ്യുന്നവരുടെ സഹകരണസംഘം സ്ഥാപിച്ച് വ്യവസായ യൂനിറ്റുകളാരംഭിക്കാം.
9. പഞ്ചായത്തിൽ നിന്നും സർക്കാർ ഖജനാവിലേക്ക് ലഭിക്കുന്ന നികുതി വിഹിതം പഞ്ചായത്തിൽ തന്നെ ചെലവഴിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുക.
10. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഇപ്പോൾ ലഭിക്കുന്ന വിഹിതം വർദ്ധിപ്പിച്ചു കിട്ടാൻ ആവശ്യപ്പെടുക.
11. കച്ചവടക്കാർക്ക് തൊഴിൽ നികുതി ചുമത്തുക.
12. മത്സ്യം പിടുത്തം, പൂഴി വാരൽ എന്നിവയ്ക്ക് നികുതി ഏർപ്പെടുത്തുക.
13. എൽ.ഐ.സി., ഫിനാൻഷ്യൽ എന്റർപ്രൈസസ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ വായ്പാ സഹായം ലഭ്യമാക്കാം.
14. സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് മനുഷ്യാധ്വാനം സമാഹരിക്കാം.
15. വാഹനനികുതിവിഹിതം പഞ്ചായത്തിന് ലഭ്യമാക്കണം.
16. പഞ്ചായത്തിൽ സമൃദ്ധിയായി കൃഷിചെയ്യുന്ന നാളികേരവും അതിന്റെ എല്ലാ ഭാഗങ്ങളും സംസ്കരിച്ചെടുക്കുന്ന

ഒരു വ്യാവസായ യൂനിറ്റ് ആരംഭിച്ചാൽ ലാഭകരമായിരിക്കും.

17. വിവിധ വാർഡുകളിലുള്ള പഞ്ചായത്തു വക പുറമ്പോക്ക് ഭൂമികളിൽ മത്സ്യമാർക്കറ്റ് മറ്റു കച്ചവട സൗകര്യങ്ങൾ എന്നിവയുണ്ടാക്കി ലേലം ചെയ്തു നൽകുന്നതിലൂടെ പണം സ്വരൂപിക്കാം.

18. തങ്ങളുടെ ഉറ്റവരുടേയും ഉടയവരുടേയും മറ്റും സ്മരണ നിലനിർത്തുന്നതിന് കെട്ടിടങ്ങളും മറ്റ് സ്മാരക മന്ദിരങ്ങളും പണികഴിപ്പിക്കാൻ താല്പര്യമുള്ള വ്യക്തികളുമായി ബന്ധപ്പെട്ട് ആശുപത്രി, സ്കൂൾ തുടങ്ങിയ പൊതു സ്ഥാപനങ്ങൾക്ക് വേണ്ടുന്ന കെട്ടിടങ്ങളും പൊതു കിണറുകളും ഉണ്ടാക്കാം.

19. സേവന തത്പരരായ Lions Club, Rotary Club തുടങ്ങിയ അന്താരാഷ്ട്രസംഘടനകളുടെ സഹായം തേടാം.

കഴിഞ്ഞ വർഷക്കാലത്തെ പഞ്ചായത്തിന്റെ വരവ് ചിലവുകൾ താഴെ ചേർക്കുന്നു.

വർഷം	വരവ്	ചെലവ്
1986-87	448152.32	265569.32
1987-88	429617.81	257879.27
1988-89	686962.77	795831.17
1989-90	1222469.68	1928650.90
1990-91	1309755.10	1086809.45
1991-92	1342957.20	1564143.55
1992-93	1577669.25	1538954.55
1993-94	2262477.30	2158465.40
1994-95	2973702.84	3165489.00
1995-96	2397907.45	2621625.60

പൊതു മരാമത്ത് സംബന്ധിച്ച വിവരങ്ങൾ


പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാന്റ്തുക	പഞ്ചായത്ത് ഫണ്ട്	ആകെ
റോഡ്	969000	311546	695902	1005448
തോട്				
കെട്ടിടം	40000		40000	40000
നടപ്പാലം				
മറ്റുള്ളവ	16922	3100	13822	16922
ആകെ	1025922	314646	747724	1062370


ടൂറിസം

കുഞ്ഞിമംഗലം ഗ്രാമത്തിൽ ടൂറിസം വികസനത്തിന് വളരെയധികം സാധ്യതയുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഏട്ടവാൾ, പേരാപ്പുഴ, പുല്ലങ്കോട്, പെരുമ്പപുഴ എന്നീ വിസ്തൃതമായ ജലാശയസൗകര്യങ്ങളുണ്ട്. തുരുത്തി പ്രദേശം പോലുള്ള അനുയോജ്യമായ സ്ഥലങ്ങളും കാണുവാൻ സാധിക്കും. തെങ്ങുകളും, വയലുകളും, പുഴകളും, നമ്മുടെ ഗ്രാമത്തെ വളരെയധികം മനോഹാരിതമാക്കുന്നു.

ജലാശയത്തിന്റെ തീരത്ത് വളരെ വിദഗ്ദമായി രൂപ കല്പന ചെയ്ത് വിശാലമായ ഒരു പാർക്ക് ആധുനീക സൗകര്യങ്ങളോടു കൂടി, അക്വേറിയം, കുട്ടികൾക്കു പ്രത്യേക സൗകര്യങ്ങൾ, ഹോട്ടലുകൾ, ഗതാഗത സൗകര്യം എന്നിവയോടു കൂടി സ്ഥാപിക്കുക. ജലാശയത്തിലേതാനും പെടൽബോട്ടുകൾ ഇറക്കുക, ഇതിലൂടെ കുറച്ചുപേർക്ക് തൊഴിൽ നൽകുവാനും സാധിക്കുന്നു. പെടൽ ബോട്ടുകൾ വാങ്ങുന്നതിന് ഇപ്പോൾ തന്നെ സർക്കാരിന്റെ വിവധ വകുപ്പുകളിൽ നിന്ന് സ്വയം തൊഴിൽ പദ്ധതിപ്രകാരം സാമ്പത്തിക സഹായം ലഭ്യമാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നില്ല എന്ന് എടുത്തു പറയേണ്ടതുണ്ട്.

ഈ പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ടൂറിസം സവികസന പദ്ധതിക്ക് വകയിരുത്തുന്ന ഫണ്ടിൽ നിന്നും ലഭ്യമാകുന്നതാണ്.




കുഞ്ഞിമംഗലം പഞ്ചായത്ത്
വില്ലേജ് - കുഞ്ഞിമംഗലം
N
S
E
W

വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. സന്തോഷ് കുമാർ പി.പി.
2. ടി.പി. സുധാകരൻ
3. പി.വി. സുകുമാരൻ
4. പി,വി. നന്ദനൻ
5. ഫാറൂഖ് ഉസ്മാൻ എം
6. കെ.വി. ഗോപാലൻ
7. കെ. വിനോട് കുമാർ
8. ഇ.പി. ഉണ്ണികൃഷ്ണൻ
9. പി.വി. വിജയൻ
10. കെ.പി. ശശി
11. ടെ.കെ. രാജേഷ്
12. ഇ.പി. ഭാർഗവൻ
13. വൈ.വി. വിജയൻ
14. കെ. പി. സുരേഷ്
15. എം.പി. നാരായണൻ
16. പി.വി. മനോജ് കുമാർ
17. കെ.ടി.പി. ഗോവിന്ദൻ
18. കെ. അബ്ദുൾ ഖാദർ
19. കുഞ്ഞിമംഗലം കൃഷ്ണൻ
20. പി. പവിത്രൻ മാസ്റ്റർ
21. ടി.വി. ഗോപാലൻ
22. പി. അബ്ദുൾ ഖാദർ
23. പി. കേശവൻ നമ്പ്യാർ
24. കെ.വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ
25. കെ. സതീശൻ
26. കെ. രമേശൻ
27. എം.പി. രാമചന്ദ്രൻ മാസ്റ്റർ
28. പി.വി. ഗോപാലൻ
29. സി.കെ. രാമൻ മാസ്റ്റർ
30. എം.വി. ബാബുരാജ്
31. കെ. കുഞ്ഞികൃഷ്ണൻ
32. കെ.വി. ഗോവിന്ദൻ നമ്പ്യാർ